രാമാനുജപാഠാവലി

രണ്ടാം ഭാഗം

ഗദ്യം.

പ്രസാധകൻ:

പി. ശേഖരൻനായർ

മലയാളപണ്ഡിതർ,

ഹൈസ്കൂൾ, തൃശ്ശിവപേരൂർ.

രാമാനുജപാഠാവലി

രണ്ടാം ഭാഗം

ഗദ്യം.

പ്രസാധകൻ:

പി. ശേഖരൻനായർ

മലയാളപണ്ഡിതർ,

മൈസ്സൂർ, തൃശ്ശിവപേരൂർ.

ഒന്നാം പതിപ്പ്—കോപ്പി 500

പ്രകാശകന്മാർ,

രാമാനുജമുദ്രാലയം ക്ലിപ്തം, തൃശ്ശിവപേരൂർ.

Printed at the

Ramanuja Printing House Ltd.,

TRICHUR.

1099.

മുഖവുര

കൊച്ചി വിദ്യാഭ്യാസവകുപ്പിൽനിന്നു പാഠപദ്ധതിയും പാഠനരീതിയും പരിഷ്കരിച്ചതോടുകൂടി അതിന്നനുസരിച്ച് പാഠ്യപുസ്തകങ്ങളില്ലാത്തതുകൊണ്ടു വന്ന ക്ലേശമാണ് എന്നെ ഈ ഉദ്യമത്തിലേക്കു പ്രേരിപ്പിച്ചത്. രാമാജനുപാഠാവലി എന്ന നാമധേയത്തിൽ ഒന്നും രണ്ടും ഭാഗങ്ങളായിട്ടാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നത്. ഇതിലെ ഒന്നാം ഭാഗം പദ്യവും രണ്ടാം ഭാഗം ഗദ്യവുമാണ്. "പ്രാചീനങ്ങളും നവീനങ്ങളുമായ പദ്യങ്ങളുടെ മിക്കവാറും മാതൃക ഇതിൽ ചേർത്തിട്ടുണ്ട്."

ഈ പാഠാവലി ഒന്നാം ഭാഗം (പദ്യം) ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് ഉപയോഗയോഗ്യമായിത്തീരത്തക്കവണ്ണമാണ് വിഷയങ്ങൾ തിരഞ്ഞെടുത്തു ക്രമപ്പെടുത്തീട്ടുള്ളത്. രണ്ടാം ഭാഗമായ ഗദ്യത്തിലും പരിഷ്കൃതപാഠപദ്ധതിയനുസരിച്ചുള്ള വിഷയങ്ങളെ പ്രതിപാദിക്കുന്ന ലേഖനങ്ങൾ തരംതിരിച്ചു ചേർത്തീട്ടുണ്ട്. കൂടാതെ പാഠപദ്ധതിയിലെ നിയമമനുസരിച്ചു പോരാതെ വന്ന വിഷയങ്ങൾക്ക് ഇതരഭാഷകളിലെ ഉപന്യാസങ്ങൾ സംഗ്രഹിച്ചു തർജ്ജമ ചെയ്തു ചേർത്തിട്ടുണ്ട്.

ഈ പാഠാവലിയുടെ പ്രസിദ്ധീകരണത്തിൽ എനിക്കു പലവിധത്തിലും സഹായം ചെയ്തു തന്ന, സെന്തോമാസ്സ് കോളേജ് പ്രിൻസിപ്പാൾ, പി. ശങ്കരൻനമ്പ്യാർ (എം. എ.) അവർകൾക്കു ഞാൻ ഹാർദ്ദമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

ഈ പുസ്തകം തയാറാക്കുന്നതിൽ എന്നെ സർവ്വപ്രകാരേണയും സഹായിച്ച് ഇതിന്നൊരവതാരികയും എ

ഴുതിത്തന്ന എന്റെ മാന്യമിത്രമായ ശ്രീമാൻ പി. യസ്സ്. അനന്തനാരായണശാസ്ത്രി (പണ്ഡിതർ) അവർകൾക്കു ഞാൻ ഏററവും കടപ്പെട്ടിരിക്കുന്നു.

ഈ പുസ്തകങ്ങൾ ഇത്ര വേഗം വളരെ വൃത്തിയായി അച്ചടിച്ചു തന്ന രാമാനുജമുദ്രാലയം ഉടമസ്ഥന്മാരോട് എനിക്കുള്ള കൃതജ്ഞതയെ ഇവിടെ പ്രകാശിപ്പിക്കാതിരിപ്പാൻ ഞാൻ ശക്തനല്ല. ഇതിന്റെ ഈ പതിപ്പു വളരെ വേഗത്തിൽ തയാറാക്കിയതുകൊണ്ടു വിചാരിച്ചവണ്ണം പ്രൂഫ്നോക്കാൻ അവസരം കിട്ടാത്തതിനാൽ ചില ചില്ലറ തെററുകൾ വന്നു പോയിട്ടുള്ളതു വേണ്ടിവന്നാൽ അടുത്ത പതിപ്പിൽ സനിഷ്കൃഷ്ടം പരിശോധിച്ച് എല്ലാം ശരിയാക്കിക്കൊള്ളാം.

എന്റെ ഈ ഉദ്യമം വിദ്യാർത്ഥികൾക്കു പ്രയോജനപ്രദമായിത്തീരുന്നതായാൽ ഞാൻ കൃതാർത്ഥനായി.

എന്ന്

തൃശ്ശിവപേരൂർ 8—3—99 } പി. ശേഖരൻനായർ, മലയാളപണ്ഡിതർ.

അവതാരിക

ലോകഗതിയിൽ പ്രതിനിമിഷം വന്നുകൊണ്ടിരിക്കുന്ന പരിവർത്തനം മാനുഷജീവിതത്തിന്റെ സമസ്തശാഖകളേയും ഒരുപോലെ ബാധിച്ചു കാണുന്നുണ്ട്. കമ്പിവാചകത്തിൽ കാര്യം മാത്രം പറഞ്ഞു കാര്യം നേടുവാൻ കച്ചകെട്ടുന്ന ലോകമാണൊ സാഹിത്യസൌന്ദര്യത്തിൽ കണ്ണുവെപ്പാൻ പോകുന്നത്? അടുത്ത കാലത്തിൽ ലോകത്തെയാസകലം ആവേശിച്ചിരിക്കുന്ന വാണിജ്യസംരംഭം സാഹിത്യത്തിന്റെയും തൽപ്രണയികളുടേയും നേരെ എത്രമാത്രം അനാസ്ഥയെ, പോരാ അവഹേളനത്തെ ഉണ്ടാക്കിത്തീർക്കുന്നുവെന്നു പറവാൻ സാധിക്കുന്നതല്ല. 'പിററ്മാൻസ്' ജർണ്ണലിന്റെ മുക്കിലും മൂലയിലുമെങ്കിലും കാളിദാസരുടെ ചില ശ്ലോകങ്ങൾകൂടി ചേർത്താൽ മാത്രമെ ഇന്നത്തെ യുവലോകം അവയിൽ ദൃഷ്ടിപതിപ്പിക്കയുള്ളുവെന്നുകൂടി എനിക്കു തോന്നാറുണ്ട്.

ലോകത്തെയാകമാനം ബാധിച്ചിട്ടുള്ള ഈ പരിണാമം കേരളത്തേയും വ്യാപിക്കാതിരുന്നിട്ടില്ല. സാഹിത്യനഭോമണ്ഡലത്തിൽനിന്ന് ഈയിടയിൽ അന്തർദ്ധാനം ചെയ്തിട്ടുള്ള ചില അനുപമജ്യോതിസ്സുകളുടെ സ്ഥാനമെല്ലാം എത്ര കാലത്തോളം ഇനിയും ശൂന്യമായിത്തന്നെ കിടക്കേണ്ടിവരുമെന്ന് ഇപ്പോൾ ഗണിപ്പാൻ കഴിയാതെയാണിരിക്കുന്നത്. നമ്മുടെ ഇടയിൽ മറെറാരു കേരളവർമ്മതമ്പുരാനോ രാജരാജവർമ്മതമ്പുരാനോ കുഞ്ഞുക്കുട്ടൻതമ്പുരാനോ അവതരിപ്പാൻ പ്രകൃതിദേവിയുടെ കടാക്ഷം ഇനിയുണ്ടാവുമോ എന്നുതന്നെ സംശയിപ്പിക്കുന്ന നിലയിലാണ് ഇന്നത്തെ സാഹിത്യാദരം വർത്തിക്കുന്നത്. അതുകൊണ്ടു സൌകര്യം

വരുമ്പോഴെല്ലാം ജീവിതമത്സരം ബാധിച്ചു കഴിയാത്ത യുവഹൃദയങ്ങളിൽ നല്ലനല്ല സാഹിത്യമാതൃകകളെ വിതച്ചു വളൎത്തുവാനുള്ള പരിശ്രമം ഏററവും സമയോചിതമാണെന്നു നിസ്സംശയം പറയാം.

പാഠ്യപുസ്തകപ്പട്ടികയെ പരിഷ്കരിച്ചിരിക്കുന്ന ഈ സന്ദൎഭത്തെ പാട്ടുള്ളേടത്തോളം ഭാവിപൌരന്മാരുടെ ഹൃദയസംസ്കാരത്തിന്നനുകൂലമാകുംവിധം വിനിയോഗിക്കുന്നത അദ്ധ്യാപകന്മാരുടെ ചുമതലകളിൽ പ്രധാനമായ ഒന്നാണല്ലൊ. ഈയൊരു വിചാരമാണ് എൻെറ സുഹൃത്തായ ശ്രീമാൻ പി. ശേഖരൻനായരവൎകളെ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിൽ പ്രേരിപ്പിച്ചിട്ടുള്ളതും.

പദ്യം, ഗദ്യം എന്നിങ്ങിനെ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്ന ഈ പാഠാവലിയിലെ മിക്ക കൃതികളും സാഹിത്യരംഗത്തിൽ പ്രവേശിച്ചിട്ടുള്ളവതന്നെയാണ് ഗദ്യഭാഗത്തിലെ ഒന്നു രണ്ടു ലേഖനം മാത്രം ഈയാവശ്യത്തിന്നായി നിൎമ്മിച്ചിട്ടുള്ളവയാകുന്നു.

പദ്യഭാഗത്തിൽ പ്രാചീനന്മാരും നവീനന്മാരുമായ കവികേസരികളുടെ പല ജാതിയിലുള്ള കവിതകളുടേയും മാതൃകകളാണ് ചേൎത്തിട്ടുള്ളത്. നവീനന്മാരായ കവികളുടെ കൃതികളിൽനിന്നു ചിലതു കൂടി സംഗ്രഹിക്കേണ്ടതായിരുന്നുവെന്നൊരു പക്ഷം ഉണ്ടായേക്കാം. എന്നാൽ സ്വീകരിച്ചിട്ടുള്ള കൃതികളെല്ലാം കവിലോകത്തിൽ ഒരു പ്രത്യേകസ്ഥാനത്തെ അൎഹിക്കുന്ന കവിതല്ലജങ്ങളുടെ പ്രതിഭാഫലങ്ങളാണെന്നുള്ളതു നിൎവ്വിവാദംതന്നെ. അവയിൽ ചിലത് അഭിനവകാളിദാസനെന്നു വിഖ്യാതനായ ടാഗോർ മഹാകവിയുടെ ആശയങ്ങൾകൊണ്ടും അനുകരണംകൊണ്ടും പവിത്രിതങ്ങളാണെന്നുള്ള വാസ്തവം കൂടി പ്രസ്താവാൎഹമായിരിക്കുന്നു.

ഒരു കാലത്ത് ഉത്തമരീതിയിൽ നടന്നിരുന്ന വിദ്യാവിനോദിനി, രഞ്ജിനി എന്ന മാസികകൾ വഴിയായി മലയാളഭാഷക്കു കിട്ടിയ മഹാർഘരത്നങ്ങളാണ് ഗദ്യഭാഗത്തിൽ അധികവും. പാഠ്യപുസ്തകത്തിന്റെ ആവശ്യങ്ങളിൽ ദൃഷ്ടിവെക്കുന്നതോടുകൂടി പ്രസാധകൻ സാഹിത്യഗുണത്തെ വിസ്മരിച്ചുകളഞ്ഞിട്ടില്ലെന്നു ഒരു നോട്ടത്തിൽതന്നെ സ്പഷ്ടമാവുന്നുണ്ട്. ഇതിലധികം ഇപ്പുസ്തകത്തിന്റെ ഗുണങ്ങളെപ്പററി ഈയുള്ളവൻ വിസ്തരിക്കുന്നത് ഒരു മാതിരി ആത്മപ്രശംസയായി ഗണിക്കപ്പെട്ടുമെന്നു ഞാൻ ഭയപ്പെടുന്നു. നവീനമലയാളഭാഷയുടെ പിതാവായ ആ പുണ്യപുരുഷന്റെ നാമധേയത്താൽ അനുഗൃഹീതമായ ഈ പാഠപുസ്തകത്തിന്ന് അനേകം സഹോദരന്മാരുണ്ടാവാനും അവയെ എല്ലാം അധികൃതന്മാർ ആദരിപ്പാനും സംഗതിയാകുമെന്നുതന്നെയാണ് എന്റെ ദൃഢമായ വിശ്വാസം.

തൃപ്പൂണിത്തുറ
10—3—99 } പി. എസ്സ്. അനന്തനാരായണശാസ്ത്രി.

വിഷയവിവരം

		ഭാഗം
1.	പ്രയത്നം	1
2.	ധനം	7
3.	മലയാളത്തിലെ പ്രാചീനരാജ്യഭരണസമ്പ്രദായം	12
4.	കാവ്യം	18
5.	കാവ്യോദ്ദേശം	22
6.	പണം	28
7	ആഴിയുടെ അടിത്തട്ട്	34
8.	മൂലധനം	39
9.	വിദ്യുച്ഛക്തി	45
10.	ധനവിനിമയം	51
11.	സംഗീതം	55
12.	വില	66
13.	ധ്രുവദീപ്തി	75
14.	സാഹിത്യവിവേചനം	80
15.	ഭൂകമ്പം	92
16.	നാണയം	97
17.	ഭൂസ്വത്ത്	100
18.	കച്ചവടം	120
19.	ധർമ്മപുത്രർ	127
20.	ചരിത്രാന്വേഷണവും ശിലാലേഖനങ്ങളും	143
21.	ജന്മകവികൾ	148
22.	തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ ...	161
23.	രാജാ കേശവദാസൻ	176
24.	ദിവാൻ ശങ്കുണ്ണിമേനോൻ	191

കേരള സാഹിത്യ അക്കാദമി

രാമാനുജപാഠാവലി

പ്രയത്നം.

മനുഷ്യപ്രയത്നംകൂടാതെ ആവശ്യമുള്ളേടത്തോളം കിട്ടുന്ന സാധനങ്ങൾ ധനമല്ലെന്നും നദീതീരത്തിൽ താമസിക്കുന്നവൎക്ക് വെള്ളം ധനമാണെന്ന് വിചാരിച്ചുകൂടാ എന്നും അതിനെ ദൂരദേശങ്ങളിൽനിന്ന് കൊണ്ടുവരേണ്ടതായ പട്ടണങ്ങളിൽ വെള്ളം ധനമാണെന്നും ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു പ്രയത്നം ധനോല്പാദനത്തിന്നു പ്രത്യേകം ആവശ്യമാണെന്നു സ്പഷ്ടമാകുന്നു. ധനമെന്നു പറയാവുന്ന എല്ലാ ഉപയുക്തസാധനങ്ങളേയും ഉല്പാദിപ്പിക്കുന്നതിന്ന് അനേകജനങ്ങളുടെ പ്രയത്നം കൂടാതെ കഴിയുന്നതല്ലെന്ന് കുറച്ചാലോചിച്ചാൽ നമുക്ക് അറിയാം. അരി പാകംചെയ്ക, നെല്ലുകുത്തുക, കൊയിത്തു, മെതി, മുതലായതു കഴിക്കുക, ഉഴുക, വളമിടുക, വിതയ്ക്കുക, ഉഴുന്നതിന്നും മററുമുള്ള ഉപകരണങ്ങളുണ്ടാക്കുക, കൃഷിസ്ഥലത്തുനിന്ന് നെല്ല് വണ്ടിയിലൊ മററൊ കൊണ്ടുപോകുക, ആ വണ്ടിയും മററും ഉണ്ടാക്കുക— ഇങ്ങിനെ അനേകപ്രവൃത്തികൾ അനേകജനങ്ങൾ ചെയ്യുന്നതിന്റെ ഫലമാകുന്നു നാമുണ്ണുന്ന ചോറ്. ഇതുപോലെതന്നെ മറെറല്ലാ ഉപയുക്തസാധനങ്ങളേയും ഉണ്ടാക്കുന്നതിന്ന് മനുഷ്യപ്രയത്നം ആവശ്യമാണ്.

ഈ പ്രയത്നം സഫലമെന്നും നിഷ്ഫലമെന്നും രണ്ടുപ്രകാരത്തിലുണ്ട്. സഫലപ്രയത്നത്തിന്ന് ധനോൽപാദകമായി പ്രയത്നമെന്നൎത്ഥമാകുന്നു. നിഷ്ഫലപ്രയത്നമെന്നുവെച്ചാൽ അനാവശ്യമോ നിഷ്പ്രയോജനമൊ ആയ പ്രയത്നമെ

ന്ന് ഈ ശാസ്ത്രത്തിൽ അർത്ഥമില്ല. ഒരു പ്രകാരത്തിലും രാജ്യത്തെ ധനത്തിന് അഭിവൃദ്ധിയുണ്ടാകാത്ത പ്രയത്നമെന്നെ അർത്ഥമുള്ളു. കൃഷിക്കാർ, നെയ്ത്തുകാർ, കച്ചവടക്കാർ മുതലായവരുടെ പ്രയത്നം സഫലപ്രയത്നത്തിന്റെ കൂട്ടത്തിലാണ്. യാചകത്തിന് നടക്കുന്നവരുടേയും മററും പ്രയത്നം തീരെ നിഷ്ഫലമാണ്. സംഗീതക്കാർ, ചിത്രമെഴുത്തുകാർ, മുതലായവരുടെ പ്രയത്നം അനാവശ്യമൊ നിഷ്പ്രയോജനമൊ അല്ലെങ്കിലും ധനോല്പാദനത്തെ സംബന്ധിച്ചിടത്തോളം നിഷ്ഫലപ്രയത്നമാണ്. വിദ്യ അഭ്യസിപ്പിക്കുന്നവർ, രാജ്യഭരണം ചെയ്യുന്നവർ, മുതലായവരുടെ പ്രയത്നം ഈ രണ്ടു കൂട്ടത്തിൽനിന്നും ഭേദപ്പെട്ടതാണ്. അവരുടെ പ്രയത്നത്തിന്റെ തല്ക്കാലഫലം ധനോല്പാദനമല്ലെങ്കിലും ഉത്തരകാലഫലമായിട്ട് അതും വരുന്നതാണ്. വിദ്യാഭ്യാസഫലംകൊണ്ടു വേല ചെയ്യുന്നവക്ക് പല ഗുണങ്ങളും സിദ്ധിക്കുന്നതാകയാൽ അവരുടെ പ്രയത്നത്തിന് ധനോൽപാദകശക്തി അധികം ഉണ്ടാകുന്നതാണ്. അതുകൊണ്ട് അദ്ധ്യാപകന്മാരുടെ പ്രയത്നം തല്ക്കാലഫലമുള്ളതല്ലെങ്കിലും നിഷ്ഫലമായിട്ടുള്ളതുമല്ല. ഇങ്ങിനെതന്നെയാണ് ഉദ്യോഗസ്ഥന്മാരുടേയും ഗ്രന്ഥകാരന്മാരുടേയും മററും പ്രയത്നത്തിന്റെ ഫലം.

ഇതുപോലെതന്നെ ധനവ്യയത്തിന്റെ കാൎയ്യത്തിലും ഒരു വിഭേദമുണ്ട്. സഫലപ്രയത്നത്തിൽ ഏൎപ്പെടുന്നവർ അങ്ങിനെ ഏൎപ്പെടുന്ന കാലം ഉപജീവനത്തിന്നായി ചിലവു ചെയ്യുന്നത് സഫലവ്യയവും അവർ മററു കാലങ്ങളിലും മററാവശ്യങ്ങൾക്കും ചെയ്യുന്ന ചിലവും, നിഷ്ഫലപ്രയത്നത്തിൽ ഏൎപ്പെടുകയൊ, ഒരു പ്രയത്നവും കൂടാതെ ഇരിക്കയൊ ചെയ്യുന്നവർ എല്ലാകാലങ്ങളിലും ചെയ്യുന്ന ചിലവും നിഷ്ഫലവ്യയവുമാകുന്നു. ധനോൽപാദനത്തിന് ഒരു വിധത്തിലും ഉപയോഗപ്പെടാത്ത സകല ചിലവും ഈ കൂ

ട്ടത്തിലാണ്. ഈ നിഷ്ഫലവ്യയത്തിന്റെ അവസ്ഥപോലെ ഇരിക്കും ഒരു രാജ്യത്തിലെ ധനപുഷ്ടിയുടേയും അവസ്ഥ. ഇതു വൎദ്ധിക്കുന്തോറും രാജ്യത്തു ക്രമേണ ദാരിദ്ര്യവും വൎദ്ധിക്കും. ഈ ന്യായപ്രകാരം നോക്കുമ്പോൾ ഊട്ടുകളിലും സത്രങ്ങളിലും മററും അസംഖ്യം ജനങ്ങളെ പോററുന്നതും പ്രയത്നം ചെയ്യുവാൻ ശേഷിയുള്ളവൎക്കു മററുപ്രകാരങ്ങളിൽ ഭിക്ഷകൊടുക്കുന്നതും ഭാരതഖണ്ഡത്തിന്റെ ദുഷ്ടാഭ്യുദയത്തിന്നു ഹാനികരമാണെന്നു നിസ്സംശയമായി പറയേണ്ടിയിരിക്കുന്നു. ഈ അസ്ഥാനധൎമ്മമാകുന്നു നമ്മുടെ രാജ്യത്തു ദാരിദ്ര്യം വൎദ്ധിച്ചുവരുന്നതിന്ന് ഒരു പ്രധാനഹേതു എന്നാണ് ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഈ ധൎമ്മം കാരണമായിട്ടു വേല ചെയ്യാതെ കാലം കഴിക്കുന്നവരുടേയും വേല ചെയ്യുന്നവരുടേയും ഉപജീവനത്തിന്നു വേണ്ടുന്ന സാധനങ്ങളെല്ലാം വേല ചെയ്യുന്നവരുടെ പ്രയത്നംകൊണ്ടുതന്നെ ഉണ്ടാകേണ്ടതാണല്ലൊ. ഇപ്പോൾ വേല ചെയ്യാതെ മററുള്ളവരുടെ പ്രയത്നത്തിന്റെ ഫലം അനുഭവിച്ചു കാലം കഴിക്കുന്നവരും അവരുടെ ഉപജീവനത്തിന്നു പ്രയത്നം ചെയ്യേണ്ടിവരുമ്പോൾ രാജ്യത്തു ധനോല്പാദനം ഇപ്പോഴത്തേക്കാളധികമുണ്ടാകുന്നതാണെന്നു സ്പഷ്ടമല്ലേ?

ഭൂമിയുടേതുപോലെതന്നെ പ്രയത്നത്തിന്റേയും ധനോല്പാദകശക്തിയെ വൎദ്ധിപ്പിക്കുന്നതിന്നു പല മാൎഗ്ഗങ്ങളുണ്ട്. യന്ത്രങ്ങൾ മുതലായ ഉപകരണങ്ങളെ ഉപയോഗിക്കുന്നത് ഇതിലൊന്നാകുന്നു. എല്ലാ വേലകൾക്കും ഓരോ മാതിരിയിലുള്ള ആയുധങ്ങൾ കൂടാതെ കഴികയില്ലല്ലൊ. ആ ആയുധങ്ങളുടെ ഗുണംപോലെ വേലകൾക്കു ഗുണവും വേഗവും ഉണ്ടാകുന്നതാണ്. ആവിയന്ത്രങ്ങളെ ഉപയോഗിക്കുന്നതുകൊണ്ട്, പത്താളുകൾക്കു നൂറാളുകളുടെ പണി അതിവേഗത്തോടും പ്രയാസം കൂടാതേയും ചെയ്യാൻ കഴി

യുന്നതിന്നു പുറമേ എത്ര ജനങ്ങൾ കൂടിയാലും അസാദ്ധ്യമായ വേലകൂടി ചെയ്യുന്നതിന്നു സാധിക്കുന്നതാണ്. അനേകജനങ്ങളേയും അനവധി സാമാനങ്ങളേയും ഒന്നായി ഒരു മണിക്കൂറിൽ നാല്പതു .നാഴികവീതം ദൂരദേശങ്ങളിലേക്കു കൊണ്ടുപോകുന്നതിന്ന് ആവിയുടെ സഹായം കൂടാതെ മനുഷ്യപ്രയത്നംകൊണ്ടു മാത്രം അസാദ്ധ്യമാണല്ലൊ.

പ്രയത്നം ചെയ്യുന്നവരുടെ നിപുണതകൊണ്ടും സദ്വൃത്തികൊണ്ടും വിശ്വാസയോഗ്യതകൊണ്ടും പ്രയത്നത്തിന്റെ ധനോല്പാദകശക്തി വൎദ്ധിക്കുന്നതാണ്. സാധാരണയായി എല്ലാ വേലകൾക്കും ചില വേലകൾക്കു പ്രത്യേകിച്ചും നല്ല വാസനയും അഭ്യാസവും പഴക്കവും കൂടാതെ നിപുണത ഉണ്ടാകുന്നതല്ല. അങ്ങിനെ നിപുണനായവന്റെ വേലയ്ക്കു മററുള്ളവരുടെ വേലയേക്കാൾ വേഗവും വിലയും ഉണ്ടാകുന്നതാണെന്ന് അനുഭവമല്ലെ. ഘടികാരത്തിൽ ഉപയോഗിക്കുന്നതും തലമുടിനാരുപോലെ സൂക്ഷ്മവുമായ ഇരുമ്പു തന്തികകൾ ഉണ്ടാക്കുന്നതിന്ന് അസാമാന്യമായ നൈപുണ്യവും കരകൌശലവും ആവശ്യമാണ്. അതുകൊണ്ട് അത്തരം ഒരു റാത്തൽ തന്തിക്കു നാലായിരം റാത്തൽ ഇരുമ്പിന്നും ആറു റാത്തൽ സ്വൎണ്ണത്തിന്നും വില ശരിയാണു്. ഈ ദൃഷ്ടാന്തംകൊണ്ടു വേലക്കാരുടെ നിപുണത ധനോല്പാദനത്തിന്ന് എത്രതന്നെ ആവശ്യമാണെന്നു സ്പഷ്ടമാകുന്നു. ഇതുപോലെതന്നെയാണ് വേലക്കാരുടെ സദ്വൃത്തിയുടേയും വിശ്വാസയോഗ്യതയുടേയും ഫലം. മദ്യപാനം മുതലായ ദുൎവൃത്തികൾകൊണ്ടു പ്രയത്നത്തിന്നു ദോഷവും പ്രയത്നം ചെയ്യുന്നവൎക്കു ശക്തിക്ഷയവും മററും ഉണ്ടാകുന്നതാണല്ലോ. വേലക്കാർ, വിശ്വാസയോഗ്യന്മാരാണെങ്കിൽ അവരെക്കൊണ്ടു ക്രമമായി പണി ചെയ്യിപ്പിക്കുന്നതിന്ന് ആളുകളെ ആക്കുകയൊ അതുകൊണ്ടുണ്ടാകുന്ന വ്യയമോ വേണ്ടിവരുന്നില്ല. ഈവക ഗുണങ്ങളുണ്ടാകു

ന്നതിന്നു വിദ്യാഭ്യാസത്തിന്റെ പ്രചാരം പ്രത്യേകം ആവശ്യമാകുന്നു.

പ്രയത്നത്തിന്റെ ധനോല്പാദകശക്തിയെ വർദ്ധിപ്പിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളിൽ പ്രധാനമായതു പ്രയത്നവിഭജനമാകുന്നു. ഒരു പണി മുഴുവൻ ഒരാൾതന്നെ ചെയ്യുന്നതിന്നു പകരം അതിനെ പല ഭാഗമായിത്തിരിച്ച് ഓരോ ഭാഗം പണി ഓരോരുത്തർ കഴിച്ചാൽ പല ഗുണങ്ങളുണ്ടാകുന്നതാണ്. ഒരു പുര പണിയുന്നതിൽ കല്പണി, മരപ്പണി, കൂലിപ്പണി മുതലായത് ഓരോ വേലക്കാർ ചെയ്യുന്നതുകൊണ്ട് ആ പണികളെല്ലാം എല്ലാവരുംകൂടി ചെയ്യുന്നതിനേക്കാൾ പണിക്ക് അധികം രസികത്വവും വേഗവും ഉണ്ടാകുന്നതാണല്ലോ. പ്രയത്നവിഭജനം നമ്മുടെ ഇടയിൽ ധാരാളമായിട്ടുണ്ടെങ്കിലും അതുകൊണ്ടുള്ള ഗുണങ്ങൾ മുഴുവൻ നമ്മൾ അറിഞ്ഞിട്ടില്ലാത്തതിനാൽ അത് ഇംഗ്ലണ്ടിലും മററുമുള്ളതുപോലെതന്നെ ഇവിടെ നടപ്പില്ല. ഇംഗ്ലണ്ടിൽ ഒരു തുശിയുണ്ടാക്കുന്നത് ഏഴെട്ടാളുകൾ കൂടിയാണ്; ഇരുമ്പുകമ്പി ഉണ്ടാക്കുക, അത് തുശിക്ക് പാകത്തിൽ മുറിക്കുക, തുളയ്ക്കുക, ആ തുളമിനുക്കുക, മൂർച്ചയുണ്ടാക്കുക മുതലായ ഓരോ വേലകൾ ഓരോരുത്തരാണ ചെയ്യുന്നത് അങ്ങിനെ ചെയ്യുന്നതുകൊണ്ട് അതാതുഭാഗം വേലയ്ക്കും അതാതാളുകൾക്ക് അസാമാന്യമായ കൈവേഗവും നിപുണതയും ഉണ്ടാകുന്നു. യന്ത്രംകൊണ്ട് സ്റ്റീൽപേന ഉണ്ടാക്കുന്നിടത്ത് പേന ഓരോന്നായി എടുത്ത് പാത്രങ്ങളിലാക്കുക മാത്രമാകുന്നു ചിലരുടെ പണി. അവർ അത് ചെയ്യുന്നതു കണ്ടാൽ അത്യാശ്ചര്യം തോന്നുമത്രേ. നോക്കിനില്ക്കുന്നവരുടെ കണ്ണിന്നുപോലും അവരുടെ കയ്യുടെ വേഗം അനുകരിപ്പാൻ പ്രയാസമാണുപോൽ. പ്രയത്ന വിഭജനംകൊണ്ടുള്ള ഗുണങ്ങൾക്ക് ഇതുപോലെ അനേക ദൃഷ്ടാന്തങ്ങൾ പറവാനുണ്ട്. എന്നാൽ കുറെ ആലോചിച്ചാൽ വായന

ക്കാക്ക് പല ദൃഷ്ടാന്തങ്ങളും ഓൎമ്മവരുന്നതാകയാൽ ഇത്രേ പറയുന്നുള്ളു.

പ്രയത്നവിഭജനംകൊണ്ട് പ്രധാനമായി നാലുകൂട്ടം ഗുണം ഉണ്ടെന്നാണ് ധനശാസ്ത്രജ്ഞന്മാർ പറഞ്ഞുവരുന്നത്. ഒന്നാമത് വേലക്കാൎക്ക് അവരുടെ പണിക്ക് നിപുണതയും കൈവേഗവും വൎദ്ധിക്കും. രണ്ടാമത് കാലദുൎവ്യയം വളരെ കുറയും. മൂന്നാമത് അവരവരുടെ വാസനയ്ക്കുംഅഭ്യാസത്തിന്നും ചേൎച്ചയായ പണിയിൽ വേലക്കാൎക്ക് പ്രവേശിക്കാം. നാലാമത് പണിക്ക് അദ്ധ്വാനം കുറയ്ക്കുന്നതിന് വേണ്ട യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിന്ന് എളുപ്പമുണ്ടാകും. ഇതിൽ ആദ്യത്തെ മൂന്നുഗുണങ്ങളും മേല്പറഞ്ഞ സംഗതികളെക്കൊണ്ട് സ്പഷ്ടമാകുന്നുണ്ട് നാലാമത്തെ ഗുണത്തിന്ന് പല ദൃഷ്ടാന്തങ്ങളുള്ളതിൽ ഒന്നുമാത്രം ഇവിടെ പറയുന്നു ആവിയന്ത്രം ആദ്യം ഉണ്ടാക്കിയ കാലങ്ങളിൽ ഒരാൾ അതിൽ ആവി പോകുന്നതിനുള്ള ഒരടപ്പ് എപ്പോഴും അടയ്ക്കുകയും തുറക്കുകയും ചെയ്തുകൊണ്ടിരിക്കണംഎന്നുണ്ടായിരുന്നു. അതിന് കുട്ടികളെയാണ് നിയമിച്ചുകൊണ്ടിരുന്നത്. അതിൽ ഒരു കുട്ടി ബുദ്ധിമുട്ടാതെ കൂലിവാങ്ങുവാൻ വല്ല വഴിയുണ്ടാകുമോ എന്ന വളരെക്കാലം ശ്രദ്ധയോടുകൂടി ആലോചിച്ചപ്പോൾ ഒരുദിവസം അവന്ന് ഒരു ഉപായം തോന്നി. മേല്പറഞ്ഞ അടപ്പിൽ നിന്ന് യന്ത്രത്തിന്റെ മറെറാരു ഭാഗത്തേക്ക് ഒരു ചരട് കെട്ടിയാൽ ആ അടപ്പുതന്നെ അടയ്ക്കുകയും തുറക്കുകയും ചെയ്യുമെന്നുകണ്ട് അവൻ അപ്രകാരം ചെയ്തു. അതിൽപിന്നെ ഈ വേലയ്ക്കുള്ള ചിലവുകൂടാതെ കഴിഞ്ഞു. ഒരു പണിയിൽ തന്നെ ആജീവനാന്തം മനസ്സ വെയ്ക്കുമ്പോൾ അത് സുകരമാക്കുന്നതിന്നുള്ള ഉപായം ചിലൎക്ക് തോന്നുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ലല്ലൊ.

ധനം.

ഒരുവൻ വലിയ ധനികനാണെന്നും മറെറാരുവൻ വളരെ ദ്രവ്യം സമ്പാദിച്ചു എന്നും മററും പറയുമ്പോൾ അതിന്റെ അൎത്ഥം സാധാരണയായി എല്ലാവൎക്കും മനസ്സിലാവാറുണ്ട്. എന്നാൽ ധനം എന്നുവെച്ചാൽ സൂക്ഷ്മത്തിൽ എന്താണെന്ന് ആലോചിച്ചിട്ടുള്ളവർ നമ്മുടെ കൂട്ടത്തിൽ വളരെ ഉണ്ടോയെന്ന് സംശയമാണ്. എങ്കിലും അത് ആലോചിച്ചറിയുകയും അതിനെ സംബന്ധിച്ച് വേറെ പല സംഗതികളുള്ളതിനെ മനസ്സിലാക്കുകയും, ചെയ്യുന്നത് രാജ്യകാൎയ്യങ്ങളിൽ പ്രവേശിക്കുന്നവൎക്കും, മററും വളരെ ആവശ്യമായിട്ടുള്ളതാണെന്ന് മഹാന്മാരായ പല ഇംഗ്ലീഷ് പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരുടെ അഭിപ്രായം പ്രായേണ ഇംഗ്ലീഷുകാർ സ്വീകരിച്ചിട്ടുണ്ടെന്നുതന്നെയല്ല ധനശാസ്ത്രത്തിന്റെ പരിജ്ഞാനമില്ലാത്തവർ രാജ്യഭാരം ചെയ്യുന്നതിന് അയോഗ്യരാണെന്നു വെച്ച് അങ്ങിനെയുള്ളവരെ രാജ്യഭരണകൎത്താക്കന്മാരായി നിശ്ചയിക്കാറില്ല. ഈ ശാസ്ത്രത്തിൽ ഉൾപ്പെട്ട സംഗതികൾ എന്തെല്ലാമാണെന്ന് അറിഞ്ഞാൽതന്നെ അതിന്റെ ഉപയോഗവും ഗൌരവവും സ്പഷ്ടമാകുന്നതാണ്. ധനോല്പത്തി, പദാൎത്ഥങ്ങളുടെ വിലയിലുണ്ടാകുന്ന ഭേദഗതികൾ, ക്രയവിക്രയനിയമങ്ങൾ, വേല, കൂലി, പലിശ, പാട്ടം മുതലായവയുടെ സ്വഭാവങ്ങൾ, ജന്മി കുടിയാന്മാർ തമ്മിലുള്ള സംബന്ധങ്ങൾ, നികുതി പിരിക്കുന്നതിന്റേയും ചിലവു ചെയ്യുന്നതിന്റേയും ക്രമങ്ങൾ, കച്ചവടത്തിന്റെ സ്വഭാവവും ഗുണദോഷങ്ങളും, ജനങ്ങൾ വൎദ്ധിക്കുന്നതുകൊണ്ടും ക്ഷയിക്കുന്നതുകൊണ്ടും ഒരു രാജ്യത്തിലേക്കുണ്ടാകുന്ന ഗുണദോഷങ്ങൾ, മുതലായ പല സംഗതികൾ ഈ ശാസ്ത്രത്തിൽ അടങ്ങീട്ടുള്ളവയാകുന്നു. ഈ സംഗതികളെ പ്രത്യേകം വിവരിക്കുന്നതിന് മുമ്പിൽ ധനത്തി

കേരള സാഹിത്യ അക്കാദമി

ന്റെ സൂക്ഷ്മമായ സ്വഭാവം എന്താണെന്ന് ധരിക്കുന്നത് പ്രത്യേകം ആവശ്യമാണ്.

ധനം എന്നുവെച്ചാൽ സ്വർണ്ണം, വെള്ളി, മുതലായ ലോഹങ്ങളൊ അതുകളെക്കൊണ്ടുണ്ടാക്കിയ നാണ്യങ്ങളോ ആണെന്നാകുന്നു സാധാരണ ജനങ്ങൾ മനസ്സിലാക്കീട്ടുള്ളത്. ഒരുവനു ലക്ഷം ഉറുപ്പികയ്ക്കു മുതലുണ്ടെന്നും, മറ്റൊരുവനു മാസം ൧൦൦ ഉറുപ്പിക മുതലെടുപ്പുണ്ടെന്നും മറ്റും നാം പതിവായി പറഞ്ഞുവരുമ്പോൾ ജനങ്ങൾ ഇങ്ങിനെ ധരിക്കുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. എങ്കിലും ഈ മതം അത്ര ശരിയായിട്ടുള്ളതാണെന്നു വിചാരിപ്പാൻ പാടില്ല. സൂക്ഷ്മമായി വിചാരിക്കുമ്പോൾ ഒരു ധനവാനും ദരിദ്രനും തമ്മിൽ അനുഭവത്തിൽ എന്താണ് വ്യത്യാസം. ധനവാനു തന്റെ ഉപയോഗത്തിനും സുഖവൃത്തിക്കും വേണ്ട പദാർത്ഥങ്ങൾ സ്വാധീനമാണ്. ദരിദ്രനു തന്റെ നിത്യവൃത്തിക്കു വേണ്ടതിന്നുകൂടി വളരെ പ്രയാസമാണ്. എന്നിരിക്കുമ്പോൾ ആവക പദാർത്ഥങ്ങളെയല്ലെ ധനമെന്നു പറയേണ്ടത്? ഭക്ഷിപ്പാനുള്ള സാധനങ്ങൾ, ഇരിപ്പാനുള്ള ഭവനം, ഉടുപ്പാനുള്ള വസ്ത്രങ്ങൾ മുതലായതുകളെ അല്ലെ യഥാർത്ഥത്തിൽ ധനമെന്നു പറയേണ്ടത്? നാണ്യം, ആഭരണം മുതലായവയെ ഉണ്ടാക്കുന്നതിനുള്ള സ്വർണ്ണാദിലോഹങ്ങൾ നമ്മുടെ സുഖവൃത്തിക്ക് ആവശ്യമുള്ളതാകകൊണ്ട് അതുകളേയും ഈ കൂട്ടത്തിൽ ഗണിക്കാക്കാമെന്നല്ലാതെ അതുതന്നെയാണ് ധനം, എന്ന് വ്യവഹരിക്കുന്നത് അബദ്ധമായിരിക്കില്ലേ? ഒരു രാജ്യത്തിൽ നാണ്യങ്ങളോ, അതുകൾ ഉണ്ടാക്കുന്ന ലോഹങ്ങൾതന്നെയോ ഇല്ലെന്നു വരികിലും അവിടെയുള്ള ജനങ്ങൾക്ക് ഒരു മാതിരിയിൽ കഴിഞ്ഞുകൂടാമെന്നു നമുക്കു വിചാരിക്കാം. എന്നാൽ ഭക്ഷണസാധനം, വാസസ്ഥലം, മുതലായതില്ലെങ്കിൽ അവക്ക് ഒരുപ്രകാരത്തിലും കഴിഞ്ഞുകൂടുവാൻ പാടുള്ളതല്ലല്ലൊ.

പവൻ, ഉറുപ്പിക മുതലായ നാണ്യങ്ങൾ കയ്യിലുള്ളവന്ന തന്റെ ഉപയോഗത്തിന്ന വേണ്ട സകലതും സ്വാധീനമാണെന്ന് എല്ലാവൎക്കും അനുഭവമായിരിക്കെ, ആ നാണ്യങ്ങളെ ധനമെന്ന പറയുവാൻ പാടില്ലെന്ന വ്യവഹരിക്കുന്നത് ശരിയല്ലെന്ന ചിലർ ആക്ഷേപിച്ചേക്കാം. ഇതിന്ന സമാധാനം എന്തെന്നാൽ ഉറുപ്പിക മുതലായ നാണ്യങ്ങൾ ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകൎയ്യത്തിന്നവേണ്ടി മാത്രം നമ്മൾതന്നെ സാങ്കേതികമായ വിലയോടുകൂടി ഒരു ഉപകരണമായി നിൎമ്മിച്ചിട്ടുള്ളതാകകൊണ്ട് ധനം സ്വാധീനമാക്കുന്നതിനുള്ള ശക്തി അതിന്ന സിദ്ധിച്ചിട്ടുണ്ടെന്നല്ലാതെ അതുതന്നെയാണ് ധനമെന്ന പറയുന്നത് സാധുവാകുന്നതല്ല. ഗ്രന്ഥങ്ങൾ അറിവു സമ്പാദിക്കുന്നതിനുള്ള ഒരു ഉപകരണമാണെന്നുവെച്ച് ആ ഗ്രന്ഥങ്ങൾതന്നെയാണ് അറിവെന്ന പറയുന്നത് ശരിയായിട്ടുള്ളതാണോ? നാണ്യങ്ങളാണ് ധനമെന്ന പറയുന്നത് ഇതുപോലെ ആകുന്നു. അതുകൊണ്ട് ഈ ശാസ്ത്രത്തിൽ ഉപയുക്തസാധനങ്ങളെ മാത്രമേ ധനമെന്ന പറയുള്ളു, ലോകനിൎമ്മിതമായ ഈ ഉപകരണത്തിന്ന പണമെന്നാകുന്നു പേർ.

മേല്പറഞ്ഞ സംഗതികളെക്കൊണ്ട് ഉപയുക്തപദാൎത്ഥങ്ങളെല്ലാം ധനമെന്നാണ് സാധിക്കുന്നത്. അങ്ങിനെയാണെങ്കിൽ മനുഷ്യന് ഉപയോഗമുള്ളതാണെന്നുതന്നെയല്ല ജീവധാരണം ചെയ്വാൻപോലും അവശ്യം വേണ്ടതായ ജലം, വായു, അഗ്നി മുതലായവയേയും ധനമെന്ന പറയേണ്ടതല്ലേ? ഇതെല്ലാം ധനമാണെങ്കിൽ ഇതിനെ സംബന്ധിച്ചേടത്തോളം ധനികനും ദരിദ്രനും തമ്മിൽ എന്താണ് ഭേദം? ആണ്ടിൽ രണ്ടായിരപ്പറനെല്ല് പാട്ടമുള്ളവൻ ആയിരപ്പറ നെല്ല് പാട്ടമുള്ളവനേക്കാൾ ഇരട്ടി ധനമുള്ളവനാണെന്ന നമ്മൾ പറയാറുണ്ട്. അങ്ങിനെ പറയുന്നതു ശ

രിയാട്ടുള്ളതുമാണ്. എന്നാൽ രണ്ടുടുപ്പിൽ പൂട്ടുവാൻ തീയുള്ളവൻ ഒരുടുപ്പിൽ പൂട്ടുവാൻ തീയുള്ളവനേക്കാൾ ധനവാനാണെന്നു ബുദ്ധിഭ്രമം ഇല്ലാത്തവരാരും പറകയില്ല. അതുകൊണ്ട് ഉപയോഗിതമാത്രമല്ല, ധനത്തിന്റെ ലക്ഷണം! മനുഷ്യപ്രയത്നമോ, ധനവ്യയമൊ കൂടാതെ ആവശ്യമുള്ളേടത്തോളം കിട്ടുന്ന സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും ധനമാണെന്നു പറവാൻ പാടില്ല. എന്നാൽ ശുദ്ധജലം കുറവായും, ജനങ്ങളുടെ ആവശ്യത്തിനു വേണ്ടതു ദൂരദേശങ്ങളിൽനിന്നു കൊണ്ടുവരേണ്ടതായും ഉള്ള മദ്രാസു മുതലായ പട്ടണങ്ങളിൽ വെള്ളത്തിനു വില കൊടുക്കേണ്ടതായിവരുന്നു. അങ്ങിനെയുള്ള ദിക്കുകളിൽ വെള്ളത്തേയും ധനത്തിന്റെ കൂട്ടത്തിൽ ഗണിക്കേണ്ടതാണെന്നു സ്പഷ്ടമാണല്ലൊ. അതുപോലെതന്നെ സാധാരണ കാലങ്ങളിൽ വളരെ കന്നുകാലികളുള്ളവൻ ധനികനാണ്. എന്നാൽ കൃഷിപ്പണി അസാദ്ധ്യമായ ക്ഷാമകാലങ്ങളിൽ കന്നുകാലികളെ ആൎക്കും ആവശ്യമില്ലാത്തതിനാൽ അങ്ങിനെയുള്ള കാലങ്ങളിൽ എത്ര കന്നുകാലികളുള്ളവനേയും ധനികനെന്നു പറവാൻ പാടില്ല.

അതുകൊണ്ട് എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും കൊടുത്താൽ വിലകിട്ടാത്ത സാധനങ്ങൾ ധനമല്ലെന്നുവരുന്നു. ഇപ്പോൾ ധനമെന്നുവച്ചാൽ എന്തെന്നുള്ളതു സ്പഷ്ടമായല്ലൊ. മനുഷ്യന് ഉപയോഗമുള്ളതും ക്രയവിക്രയയോഗ്യവുമായ പദാൎത്ഥങ്ങളാകുന്നു ധനം. ധനശാസ്ത്രസംബന്ധമായ വാദങ്ങൾ മുഴുവൻ നല്ലവണ്ണം മനസ്സിലാകുന്നതിന്ന് ഇത് എല്ലാവരും ഓൎമ്മവെയ്ക്കേണ്ടതാണ്.

ധനത്തിന്റെ സ്വഭാവം ഇതാണെന്നു സൂക്ഷ്മമായി ധരിക്കുന്നതുകൊണ്ട് എന്താണ പ്രയോജനം? ഇതുകൊണ്ട് ദ്രവ്യം സമ്പാദിക്കുന്നതിന്നോ സമ്പാദിച്ചാൽ അതു രക്ഷിക്കുന്നതിന്നോ വിശേഷിച്ചു വല്ല സൌകൎയ്യവും ഉണ്ടാ

കുന്നതാണോ? ഈ രണ്ടു കാൎയ്യമല്ലെ മനുഷ്യന മുഖ്യമായി ആലോചിപ്പാനുള്ളത് എന്നു ചിലൎക്കു തോന്നുമായിരിക്കാം. എല്ലാവരും അവരവരുടെ കാൎയ്യം മാത്രമേ ആലോചിക്കേണ്ടുവെങ്കിൽ ഈ ആക്ഷേപത്തിന്നു സമാധാനം ഒന്നും പറയുവാനില്ല. ഒരുത്തന്റെ കയ്യിൽ ആയിരം ഉറുപ്പിക ഉണ്ടായാലും മുവ്വായിരപ്പറ നെല്ലുണ്ടായാലും അവന്റെ കാൎയ്യം മാത്രം സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഒരു രാജ്യത്തിന്നു ധനസമൃദ്ധി വരുത്തുവാൻ എല്ലാവരും യത്നിക്കേണ്ടതാണെങ്കിൽ ധനത്തിന്റെ സൂക്ഷ്മമായ സ്വഭാവം അറിയുന്നതു വളരെ ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക് അതിൽ ഉറുപ്പിക മുതലായ നാണ്യങ്ങളെ അല്ല ഉപയുക്തസാധനങ്ങളെയാണ് വൎദ്ധിപ്പിക്കുവാൻ നാം ഉത്സാഹിക്കേണ്ടത്. ഭൂമിയിൽ ഇപ്പോൾ ഉള്ള നാണ്യങ്ങളിൽ പകുതിയെ ഉണ്ടായിരുന്നുള്ളു എങ്കിൽ അതുകൊണ്ടു ജനങ്ങൾക്ക് ഒരു വലിയ ബുദ്ധിമുട്ടുണ്ടാകുന്നതല്ല. എന്നാൽ ഭൂമിയിൽ ഇപ്പോൾ ഉണ്ടാകുന്ന ഭക്ഷണസാധനങ്ങൾ ഒന്നു പകുതിപ്പെട്ടു എങ്കിൽ അനേകലക്ഷം ജനങ്ങൾ പട്ടിണിയാകുമെന്നു നിശ്ചയമാണല്ലൊ. മഴയില്ലാതെ ഭക്ഷണസാധനങ്ങൾ കുറവാകുമ്പോഴാണ് ക്ഷാമം ഉണ്ടാകുന്നത്. പണത്തിന്റെ വലിവുകൊണ്ടു മാത്രം ജനങ്ങൾ പട്ടിണിയാകുന്നതല്ല. അതുകൊണ്ടു അവരവരുടെ നാട്ടുകളിൽ നാണ്യങ്ങളെ വൎദ്ധിപ്പാനല്ല ജനങ്ങൾ ഉത്സാഹിക്കേണ്ടത്. കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികളിൽ ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുകയും ഇപ്പോൾ നടന്നുവരുന്ന കൃഷികളിൽ വിളവു വൎദ്ധിക്കാൻവേണ്ട പരിഷ്കാരങ്ങൾ ചെയ്കയും വസ്ത്രം മുതലായ മററ് ഉപയുക്തസാധനളെ ഉണ്ടാക്കുന്നതിന്നു വേണ്ടുന്ന യന്ത്രങ്ങൾ സ്ഥാപിക്കുകയും മററും ചെയ്യുന്നതിനാണ് എല്ലാ പേരും യത്നിക്കേണ്ടത്.

മലയാളത്തിലെ

പ്രാചീന രാജ്യഭരണസമ്പ്രദായം.

൯൪൧-ാമാണ്ടു ഹൈദരാലി ആദ്യം കേരളത്തെ ആക്രമിച്ചപ്പോൾ ആ രാജ്യം പല ചില്ലറ രാജാക്കന്മാർ ഭരിച്ചിരുന്നുവെന്നും അവരിൽ സാമൂതിരിപ്പാടു പ്രബലനായിരുന്നുവെന്നുംപ്രായേണ എല്ലാവൎക്കും അറിയാമല്ലൊ. ബ്രഹ്മസ്വം ദേവസ്വം ഈവക വസ്തുക്കൾ ഒഴികെ മറ്റെല്ലാ ഭൂമിയും യുദ്ധനിബന്ധനയിൽപ്പെട്ട ആളുകളുടേതായിരുന്നതുകൊണ്ടു ജനങ്ങൾ മിക്കവാറും യോദ്ധാക്കൾ ആയിരുന്നു. രാജ്യം (ഇത്ര ആയിരം ആളുകളുള്ള) ദേശങ്ങളായിട്ടാണു വിഭജിയ്ക്കപ്പെട്ടിരുന്നതു്. ഓരോ ദേശത്തിനു ഓരോ പടനായകനും ഉണ്ടായിരുന്നു. സാമൂതിരിപ്പാടിനു ൪൦,൦൦൦ പടയാളികൾ ഉണ്ടായിരുന്നതിനാൽ ഒരു വലിയ ഭാഗം സ്ഥിരസൈന്യംതന്നെയായിരുന്നു.

കേരള സാഹിത്യ അക്കാദമി

സാമൂതിരിപ്പാടിന്റെ എന്നു മാത്രമല്ല മറ്റുള്ള രാജാക്കന്മാരുടേയും മുതലെടുപ്പു പ്രധാനമായി താഴെ പറയുന്നവകളിൽനിന്നായിരുന്നു.

൧. പാട്ടം.

൨. ചുങ്കം.

൩. അന്യംനിന്ന മുതലുകൾ. (ഹിന്ദുക്കളുടെ)

൪. ദത്തവകാശം (സാധാരണയായി സ്വത്തിൽ മൂന്നിൽ ഒന്ന്)

൫. മരിച്ച മാപ്പിളമാരുടെ സ്വത്തിൽനിന്നു ൨൦-ൽ ഒന്നു മുതൽ അഞ്ചിൽ ഒന്നുവരെ എടുക്കുന്ന ആദായം.

൬. കാരണവസ്ഥാനം.

൭. പൊലീസ്സ്, അദാലത്ത്.

൬. ചില പ്രത്യേകചുഴി, പാട്ട മുതലായ ചിഹ്നങ്ങൾ ഉള്ള കന്നുകാലികൾ.

ഇവയ്ക്കു പുറമേ വിളവിൽ അഞ്ചിൽ ഒന്നു വീതം ഒരു നിലനികുതി ബ്രഹ്മസ്വം ദേവസ്വം ഈ വസ്തുക്കൾ ഒഴികെ മററുള്ള എല്ലാ വസ്തുക്കളിലും ചുമത്തിയിരുന്നുവെന്നും കാണുന്നുണ്ട്.

ഒരു ദേശത്തിന്റെ നാഥൻ ദേശവാഴിയായിരുന്നു. ദേശവാഴിയുടെ അധികാരങ്ങൾ:—

൧. ദേശത്തിലുള്ള ക്ഷേത്രത്തിലെ ഊരായ്മ, ക്ഷേത്രം വക വസ്തുക്കളുടേയും കഴകക്കാർ മുതലായവരുടേയും മേൽവിചാരം.

൨. കെട്ടുകല്യാണം മുതലായ അടിയന്തരങ്ങളിൽ ആശായ്മ.

൩. ദേശത്തിലെ സകല പ്രധാന കാൎയ്യങ്ങളുടേയും മേലന്വേഷണം.

ഈ അധികാരങ്ങൾ എല്ലാം കൈമാററം ചെയ്യാവുന്നവയും ഒരേ സമയത്തു രണ്ടു പേൎക്കു നൽകാവുന്നവയും ആയിരുന്നു. എന്നാൽ അദാലത്തും മതസംബന്ധമായും യുദ്ധസംബന്ധമായും ഉള്ള സംഗതികളുടെ മേലന്വേഷണവും എല്ലായ്പോഴും ഒരാൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. ക്ഷേത്രം ഇല്ലാത്ത ദിക്കിൽ ദേശവാഴിയില്ല. പകരം ജന്മിയായിരുന്നു. ഈ അധികാരങ്ങളെല്ലാം ആദ്യത്തിൽ നമ്പൂരിമാരുടെയായിരുന്നു. അവരാൽ നായന്മാൎക്കു ദത്തമാണു. ദേശവാഴി ഒരു കാലത്തു ദേശത്തിന്റെ ഉടമസ്ഥനായിരുന്നു. നാട്ടുവഴിയുടേയോ അല്ലെങ്കിൽ രാജാവിന്റേയോ പ്രത്യേകാധീനത്തിൽ ഇരിക്കുന്ന ദേശത്തിൽ ദേശവാഴി ഉണ്ടാവാറില്ല; പകരം പാൎവ്വത്യക്കാരനാണ്.

സൎക്കാരിലേക്ക് ഒരു ദേശത്തിൽനിന്നു പിരിയേണ്ട ആദായങ്ങളെ പിരിച്ചെടുപ്പാൻ ദേശവാഴി ബാദ്ധ്യസ്ഥനാ

കേരള സാഹിത്യ അക്കാദമി

യിരുന്നു എന്നു മാത്രമല്ല ദേശത്തിലെ പടയാളികളുടെ നായകത്വവും പൊല്ലീസ്സ, ബില്ലറ അദാലത്ത് ഇവയെ തീരുമാനപ്പെടുത്തുവാനുള്ള അധികാരവും അയാൾക്കുണ്ടായിരുന്നു. പൊല്ലീസ്സ കാൎയ്യങ്ങളിലും അദാലത്തു കാൎയ്യങ്ങളിലും സ്ഥലത്തെ മൎയ്യാദക്കാരായ രണ്ടോ മൂന്നോ ആളുകൾ ദേശവാഴിയെ സഹായിച്ചിരുന്നു. അവൎക്കു പ്രമാണികൾ എന്നു പേർ. പ്രമാണിസ്ഥാനത്തെ ഒരു ശരിയായ ഉദ്യോഗമെന്നോ പരമ്പരാവകാശമെന്നോ വിചാരിച്ചുകൂടാ. സാധാരണയായി പ്രമാണികൾ നായന്മാരിൽ ഉയൎന്നജാതിക്കാരായിരിയ്ക്കും. ആദ്യ്യഅന്യായം പ്രമാണിയുടെ അടുക്കലാണ് പതിവ്. ഒരു അന്യായം വന്നാൽ പ്രമാണി മററു പ്രമാണികളേയും വിളിച്ചുകൂട്ടും. വാദിപ്രതികളുടെ മദ്ധ്യസ്ഥന്മാർ ഇവർ തന്നെയായിരുന്നു.

അന്യായമൊ, കല്പിതയൊ, തീൎപ്പോ എഴുതുക പതിവില്ലായിരുന്നു. തീൎപ്പനുസരിച്ച് ഒരു കരാറ് ഇരുകക്ഷികളും ചെയ്യണമെന്നാണു നിബന്ധന. പ്രതി ഹാജരാവാത്തപക്ഷം അയാളെ ദേശവാഴി ആളെ അയച്ചു പിടിപ്പിച്ചു ഹാജരാക്കുകയും കേസ്സ് ദേശവാഴിയുടെ മുമ്പാകെ പ്രമാണക്കാരുടെ പഞ്ചായത്തിൽ വിധിക്കപ്പെടുകയും ചെയ്തിരുന്നു. പ്രതി വിധിപ്രകാരം നടക്കാതിരുന്നാൽ നാടുവാഴിയുടെ അടുക്കൽ ബോധിപ്പിയ്ക്കുകയും അയാൾ ദേശവാഴിയുടേയും പ്രമാണക്കാരുടേയും സഹായത്തോടുകൂടി കാൎയ്യം തീരുമാനപ്പെടുത്തുകയും ചെയ്യും.

കളവുകേസ്സുകളിൽ ദേശവാഴിയും പ്രമാണക്കാരുംകൂടി യോജിച്ച് അന്വേഷണം നടത്തി നാടുവാഴിയ്ക്കു റിപ്പോൎട്ടു ചെയ്യുന്നതിന്നു പുറമെ കുററക്കാരനെ പിടികിട്ടിയാൽ നാട്ടുവാഴിയുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. പ്രഥമകുററത്തിന്നു പ്രായശ്ചിത്തവും കളവുമുതൽ

ഉടമസ്ഥനു മടക്കിക്കൊടുക്കുകയും ആയിരുന്നു ശിക്ഷ. മൂന്നാമത്തേതിനു കൊല്ലുകയോ മററു വല്ല കഠിനശിക്ഷ ഏല്പിയ്ക്കുകയോ പതിവായിരുന്നു. കള്ളൻ ചാടിപ്പോയാൽ അവനെ നാടുകടത്തിയവനെപ്പോലെ വിചാരിച്ചിരുന്നു.

തങ്ങൾ തീർച്ചപ്പെടുത്തുന്ന എല്ലാകേസ്സുകൾക്കും ഒരു പീസ്സ് ദേശവാഴിയും പ്രമാണക്കാരും പററിവന്നിരുന്നു. ഈ പീസ്സ് ഇരുകക്ഷികളും പകുതിവീതം കൊടുക്കണം. ദേശവാഴിയ്ക്കു മൂന്നരപ്പണവും (ഒരു ഉറുപ്പിക) പ്രമാണക്കാരന് അതിൽ പകുതിയും ആണ് പതിവ്. എന്നാൽ ഈ പീസ്സ് വിധിസംഖ്യയിൽ പത്തിൽ ഒന്നിനെ അധികരിക്കാറില്ല. കക്ഷികൾ സാധുക്കളായിരുന്നാൽ സാധാരണനിരക്കിൽ നാലിൽ ഒന്നോ അഞ്ചിൽ ഒന്നോ മാത്രമേ വസൂൽചെയ്തിരുന്നുള്ളു- ദേശത്തെ കുടിയാന്മാരിൽനിന്നു ദേശവാഴിയ്ക്കു ചില അവകാശങ്ങൾ കൊല്ലത്താൽ പതിവുണ്ട്. ആയവ, ഒരുകുലക്കായ, പത്തു നാളികേരം- ഒരു ചക്ക- ഒരു കുല അടയ്ക്ക- ഒരു പണം മുതൽ ഒന്നരപ്പണം വരെ വിലയ്ക്ക് നെയ്യോ ശർക്കരയോ- ആശാരി, കരുവാൻ, വെളുത്തേടൻ ഇവരിൽനിന്നു ആൾ ഒന്നുക്ക് ഒന്നേകാൽ പണംവീതം ഒരു കാഴ്ച ഇവകൾ ആയിരുന്നു.

നികുതിപ്പണം പിരിയുവാൻ ആ കാലത്തു ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ദേശവാഴി പറയുന്നതിനെ ധിക്കരിച്ചു യാതൊരാളും നടക്കുകയും ചെയ്യില്ല. ദേശത്തെ നാഥനായിരുന്നതുകൊണ്ടു മറെറാരാളും അനുമതികൂടാതെ അയാളുടെ മുമ്പിൽ ഇരിക്കുകയും ചെയ്യുകയില്ല.

ദേശവാഴിയുടെ മേല്ക്കോയ്മയായ നാടുവാഴി, പണ്ടുയ്ക്കുപണ്ടേതന്നെ നമ്പൂരിമാരിൽനിന്നു സിദ്ധിച്ചതായ അധികാരങ്ങളോടുകൂടിയവനും രാജാവിനോളംതന്നെ പഴക്കമുള്ള ഒരു അധികാരിയും ആയിരുന്നു. രാജാവിന്റെ സകല ആദായത്തിലും ഒരു ഓഹരി ഇയ്യാൾക്കുണ്ടായിരുന്നു

ചില ചില്ലറചുങ്കങ്ങൾ, പ്രായശ്ചിത്തങ്ങൾ, ചില ലഘുവായ അന്യംനില്പ്, ഇവകൾ എല്ലാം നാട്ടുവാഴിയുടെ അവകാശങ്ങൾ ആയിരുന്നു. പോലീസ്സ്, അദാലത്ത് ഇവകളുടെ മേലന്വേഷണം ഉണ്ടായിരുന്നതുകൊണ്ട് ഈ വകകളിൽ നിന്നുണ്ടാവുന്ന ആദായങ്ങളുടേയും ഒരു പങ്ക് അയാൾ പററിവന്നിരുന്നു. നികുതിക്കാൎയ്യങ്ങളിൽ രാജാവിനോട് ഉത്തരവാദം പറയേണ്ടത് നാട്ടുവാഴിയായിരുന്നു. പണപ്പിരിവിനു മേനോന്മാരും ഉണ്ടായിരുന്നു. ഈ മേനോന്മാൎക്കു മാസപ്പടിക്കുപുറമെ അവർ എഴുതുന്ന ആധാരങ്ങളിന്മേലും മററും ഒരു എഴുത്തവകാശവും പേരൊന്നിനു കരമൊഴിവായി ൪൦ മുതൽ ൮൦ വരെ പറയ്ക്കു നിലവും കൊടുത്തിരുന്നു.

നാട്ടുവഴി അയാളുടെ നാട്ടിലെ സേനാപതിയും ആയിരുന്നു. തന്റെ നാട്ടുകത്തെ നായന്മാരെ, സമാധാനകാലത്തു രണ്ടും മൂന്നും കൊല്ലങ്ങളിൽ ഒരിക്കൽ, ശേഖരപ്പെടുത്തി അവരേയും, അപ്രകാരംതന്നെ വിളിച്ചു കൂട്ടപ്പെട്ടവരായ മററൊരു നാട്ടുകത്തെ നായന്മാരേയും രാജാവിന്റെ മുമ്പാകെവെച്ച് ആട്ടക്കളം, തല്ലു മുതലായ ബലപരിക്ഷകൾക്ക് ഉത്സാഹിപ്പിയ്ക്കുവാനും നാട്ടുവാഴി ബാദ്ധ്യസ്ഥനായിരുന്നു. ഈവക തല്ലുകളിൽ ചിലർ ചാവുകയും ചിലർ മുറിപ്പെട്ടുകയും പതിവായിരുന്നു. ചത്ത നായന്മാരുടെ ശേഷക്രിയയ്ക്കു ൩൦ മുതൽ ൱൦ വരെ പണവും മുറിപ്പെട്ട നായന്മാരുടെ ചികിത്സയ്ക്കു ൱൦ മുതൽ (ചിലപ്പോൾ) ആയിരംവരെ പണവും നാട്ടുവാഴി കൊടുത്തിരുന്നു. നാട്ടുവാഴി, രാജാവിനോട് എതിൎത്താൽ അയാളെ സ്ഥാനഭ്രഷ്ടനാക്കുന്നതല്ലാതെ അയാളുടെ സ്വത്തുകളിന്മേൽ രാജാവ് ഏററം ചെയ്യാറില്ല.

ദേശവാഴിയുടേയും നാട്ടുവാഴിയുടേയും തീൎപ്പുകളിന്മേൽ ഉള്ള അപ്പീൽ രാജാവിന്റേയോ, രാജാവ് ഇല്ലാത്തപ

ക്ഷം മന്ത്രിയുടേയോ മുഖാന്തരംവെച്ചു പഞ്ചായത്തുകൂടി തീർച്ചപ്പെടുത്തിയിരുന്നു. ആ കാലത്തു മന്ത്രിസ്ഥാനം വഹിച്ചിരുന്നതു് നാടുവാഴികളിൽ പ്രധാനിയായിരുന്നു. അഥവാ വല്ല സംഗതിവശാൽ മന്ത്രിസ്ഥാനം വഹിയ്ക്കുന്ന നാടുവാഴിയുടെ കൃത്യങ്ങൾക്കു വല്ല പ്രതിബന്ധവും സംഭവിച്ചാൽ അയാളെ ആ സ്ഥാനത്തിൽനിന്നു നീക്കാതെ വേറെ വല്ലവരേയും താല്ക്കാലികമായിവെച്ചു രാജാവു പണി നടത്തിയ്ക്കുകയും ചെയ്തിരുന്നു.

ഇപ്രകാരമായിരുന്നു ൧൭൬൬-ൽ ഹൈദരാലി ആക്രമിച്ചപ്പോൾ മലയാളത്തിൻെറ സ്ഥിതി. ഇപ്രകാരം ഭരിയ്ക്കപ്പെട്ടിരുന്ന മലയാളത്തെ തീരെ കീഴടക്കാൻ ഹൈദരാലി അശക്തനായതുകൊണ്ടു ഭരണസമ്പ്രദായത്തെ ഭേദപ്പെടുത്താൻവേണ്ടി അതിനെ ഇല്ലായ്മ ചെയ്തു. പുതിയ രീതി അപ്പോഴത്തെ ദേശാവസ്ഥയ്ക്കു് അനുരൂപമായിട്ടുള്ളതും അതു ഹൈദരിൻെറ മററു ചില രാജ്യങ്ങളിൽ ശ്രമം കൂടാതെ നടത്തിട്ടുള്ളതും ആയിരുന്നു എങ്കിലും മലയാളത്തിൽ ഗതിപിടിച്ചില്ല. മററു ചില ദിക്കുകളിൽ ഉണ്ടായ യുദ്ധത്തിൽ ഹൈദരിനു മലയാളത്തിലെ കാൎയ്യങ്ങൾ തദ്ദേശീയരായ ചില രാജാക്കന്മാരെ ഏല്പിച്ചുപോകേണ്ടിവന്നുവെങ്കിലും അധികതാമസം കൂടാതെതന്നെ അയാളുടെ മകൻ ടിപ്പുസുൽത്താൻ വന്നു അച്ഛൻ പകുതി ആക്കിവച്ചിട്ടുള്ള കാൎയ്യങ്ങളെ മുഴുവനാക്കി. അയാൾ ദേശവാഴിമുതൽപേരെ നാടുകടത്തി. നാടുവാഴി കാടുവാഴിയായി. യുദ്ധനിബന്ധനകളെ നിൎത്തൽ ചെയ്തു. നിലം പറമ്പു മുതലായവയെ കണ്ടെഴുതി കരംപതിപ്പിച്ചു. ശ്രീരംഗപട്ടണത്തിൽനിന്നു സുബേദാരന്മാരേയും ഫൌസദാരന്മാരേയും അയച്ചു രാജ്യഭരണം തുടങ്ങി. മൈസൂരിൽനിന്നു് ഒരു വലിയ പട്ടാളത്തേയും അയച്ചു. ഈ കാലത്തു പല ചില്ലറ യുദ്ധങ്ങളും ഉണ്ടായിട്ടുണ്ടു്. അവയിൽ മിക്ക നാടുവാഴി

കളും പോക്കളത്തിൽവെച്ചു മരിച്ചുപോയി. ശേഷിച്ചവരിൽ ചിലരെ ടിപ്പുവിൻെറ കല്പനപ്രകാരം കൊല്ലുകയും ചെയ്തു. മററുള്ളവർ കുമ്പിനിസ്സർക്കാർ രാജ്യം കൈവശപ്പെടുത്തുന്നതുവരെ ഒളിച്ചു നടക്കുകയും ചെയ്തിരുന്നു.

കാവ്യം

കാവ്യം എന്നുവെച്ചാൽ എന്താണ്? കൃത്യാകൃത്യങ്ങളെ നമുക്കു അനുഭവമാക്കി നമ്മുടെ മനസ്സിന്നു ഗുണമുണ്ടാക്കുകയാകുന്നു കാവ്യത്തിൻെറ പ്രധാനമായ ഉദ്ദേശമെന്നു ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതിന്നു ഒരു കാവ്യത്തിന്നു പ്രധാനമായി എന്തു ഗുണമാണ് ഉണ്ടായിരിക്കേണ്ടതു്? എന്നാൽ ആ ഗുണം തന്നെയാണ് കാവ്യത്തിൻെറ പ്രധാനമായ ലക്ഷണവും. രാവണനെപ്പോലെയല്ലാ രാമനെപ്പോലെയാണ് നാം പ്രവൎത്തിക്കേണ്ടതു് എന്നു പറഞ്ഞതുകൊണ്ടുമാത്രം നമുക്കു് അനുഭവം തോന്നുന്നതല്ല. അനുഭവം തോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും അനുകൂലമായും, രാവണൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും വിരോധമായും ഉള്ള മനോവികാരങ്ങളുണ്ടാകണം. അങ്ങിനെയുള്ള മനോവികാരങ്ങളുണ്ടാകണമെങ്കിൽ കവിതയിൽ അതാതു പ്രകൃതത്തിന്നു അനുരൂപമായ സ്തോഭം നല്ലവണ്ണം പുറപ്പെടണം. സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്നു പറയുന്നതു് ഇങ്ങിനെ സ്തോഭം പുറപ്പെടുന്നതിനാകുന്നു. അതുകൊണ്ടു കാവ്യോദ്ദേശസിദ്ധിയ്ക്കു് പ്രധാനമായി വേണ്ടതു രസമാണെന്നു സ്പഷ്ടമാകുന്നു.

"വാക്യം രസാത്മകം കാവ്യം" കാവ്യത്തിൻെറ ജീവനായതു രസമാണ്. ഒരു വാക്യത്തിന് എന്തു ഗുണമു

ണ്ടെങ്കിലും രസശൂന്യമായാൽ അതിന്നു കാവ്യത്വമില്ലെന്നു തന്നെ പറയാം. അതുപോലെതന്നെ മറെറന്തുഗുണം കുറവായാലും രസം സമൃദ്ധിയായിട്ടുണ്ടെങ്കിൽ അതിനെ ഉത്തമകാവ്യമെന്നു പറയാവുന്നതാണ്. അലങ്കാരം, ഗുണം, രീതി മുതലായതു കവിതയ്ക്കു വളരെ ആവശ്യമാണെങ്കിലും അപരിത്യാജ്യമല്ല. ഇതെല്ലാം രസത്തിന്ന് ഉൽക്കർഷമുണ്ടാക്കുന്നതിന്നായിട്ടുള്ളതാണ്. കവിതയ്ക്ക് കൂടിയേകഴിയൂ എന്നു പറയത്തക്കതായിട്ടു രസം മാത്രമേയുള്ളു. സാധാരണയായി ഭാഷാകവിത വായിക്കുന്നവരിൽ മിക്കവരും ശബ്ദാൎത്ഥങ്ങളുടെ ഉൽക്കർഷത്തിന്നുമാത്രം കാരണഭൂതങ്ങളായ അലങ്കാരാദികളെയാണ് കാവ്യത്തിൻെറ പ്രധാനലക്ഷണങ്ങളായി ഗണിക്കുന്നതു്. ഈ അഭിപ്രായം തെററായിട്ടുള്ളതാണെന്നു കാണിക്കുന്നതിന്ന് അവയിൽ ഓരോന്നിൻെറ സ്വഭാവത്തെപ്പററി ഇവിടെ കുറച്ചു പ്രസ്താവിക്കുന്നതു ആവശ്യമാകുന്നു.

കാവ്യം രസാത്മകമായ വാക്യമാണെന്നു പറഞ്ഞതുകൊണ്ടുതന്നെ അതു പദ്യരൂപമാകണമെന്നു നിർബ്ബന്ധമില്ലെന്നു സാധിക്കുന്നു. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നു പറയാം. ബാണകവിയാൽ ഉണ്ടാക്കപ്പെട്ട കാദംബരി എന്ന ഗ്രന്ഥം ഗദ്യരൂപമാണെങ്കിലും അതിനെ ഉത്തമകാവ്യങ്ങളുടെ കൂട്ടത്തിലാണ് സഹൃദയന്മാർ ഗണിക്കുന്നതു്. അതുകൊണ്ടു പദ്യരൂപമായിട്ടുള്ളതെല്ലാം കാവ്യമാണെന്നും, അതിൻെറ കൎത്താക്കന്മാരെല്ലാം കവികളാണെന്നും, ഗദ്യരൂപമായിട്ടുള്ളതൊന്നും കാവ്യമല്ലെന്നും സാധാരണയിൽ പലരും വിചാരിച്ചുവരുന്നതു് അബദ്ധമാണെന്നും പറയേണ്ടതില്ലല്ലൊ. രസശൂന്യമായ പദ്യവും കാവ്യമാണെങ്കിൽ അമരകോശം, അഷ്ടാംഗഹൃദയം മുതലായ ഗ്രന്ഥങ്ങളും ശാകുന്തളം നൈഷധം മുതലായ ഗ്രന്ഥങ്ങളും തമ്മിൽ എന്താ

ണ്ടു് വ്യത്യാസം? പദ്യവും കാവ്യവും തമ്മിലുള്ള ഭേദം മനസ്സിലായിട്ടുള്ളവൎക്ക് ഇപ്പോൾ കവികൾ വളരെ ചുരുക്കമാണെന്നും, കവിതക്കാരെന്നു പറയുന്നവരായി വളരെ ജനങ്ങളുള്ളവരെ പദ്യകൃത്തുക്കളെന്നേ പറവാൻ പാടുള്ളു എന്നും ബോധംവരും. എന്നാൽ പദ്യം ഗദ്യത്തെക്കാളധികം കൎണ്ണസുഖപ്രദമായിട്ടുള്ളതുകൊണ്ടും, മററു കാരണങ്ങളെക്കൊണ്ടും കാവ്യത്തിന്നു് അധികം യോഗ്യമായിട്ടുള്ളതും അധികമായി ഉപയോഗിക്കപ്പെട്ടുവരുന്നതുമാകുന്നു. അതുകൊണ്ടു ഇതു ഉൽക്കൎഷഹേതുക്കളിൽ ഒന്നാണെന്നു വിചാരിക്കേണ്ടതാണ്.

രസോൽക്കൎഷഹേതുക്കളിൽ പ്രധാനമായിട്ടുള്ളതു് അലങ്കാരമാകുന്നു. ഇതു കാവ്യത്തിന്നു വളരെ ആവശ്യമായിട്ടുള്ളതാണെന്നുതന്നെയല്ല ചിലരുടെ അഭിപ്രായത്തിൽ കവിതയ്ക്കു അലങ്കാരം കൂടിയേ കഴിയൂ എന്നു നിൎബ്ബന്ധംതന്നെയുണ്ടു്. എന്നാൽ ഈ അഭിപ്രായം അത്ര സ്വീകാരയോഗ്യമാണെന്നു തോന്നുന്നില്ല.

പൂമെത്തേലെഴുന്നേററിരുന്നുദയിതേ
പോകുന്നു ഞാനെന്നുകേ-
ട്ടാമൽക്കണ്ണിണനീരണിഞ്ഞവദന-
പ്പൂവോടുഗാഢംതദാ
പൂമേനിത്തളിരോടുചേൎത്തഹമിനി-
ക്കാണുന്നതെന്നെന്നക-
പ്പൂമാലോടളിവേണിചൊന്നമധുര-
ച്ചൊല്ലിന്നുകൊല്ലുന്നുമാം

(പൂന്തോട്ടത്തു നമ്പൂരി)

ഈ ശ്ലോകത്തിൽ സ്ഫുടമായ അലങ്കാരമൊന്നുമില്ലെങ്കിലും ഇതിന്നു് ഉത്തമകാവ്യലക്ഷണമില്ലെന്നു സഹൃദയന്മാർ പറയുന്നതല്ല. സൂക്ഷ്മത്തിൽ കവിതയ്ക്കു് അലങ്കാ

 രം സ്ത്രീകൾക്കു ആഭരണാദികളെപ്പോലെയാണ്. കടകകുണ്ഡലാദികൾ സ്ത്രീകളുടെ സൌന്ദര്യത്തിന്നു എങ്ങിനേയൊ അങ്ങിനെതന്നെ കവിതാരസത്തിന്ന് ഉപമാദ്യലങ്കാരങ്ങൾ ഉൽക്കൎഷത്തെ ഉണ്ടാക്കുന്നതാകുന്നു. രസഹീനങ്ങളായ ശ്ലോകങ്ങളിൽ അലങ്കാരം പ്രയോഗിക്കുന്നതു് അശേഷം സൌന്ദൎയ്യമില്ലാത്ത സ്ത്രീകൾ ആഭരണങ്ങളണിയുന്നപോലെ ആയിരിക്കും. ഇപ്പോൾ നടപ്പുള്ള കവിതകളിൽ ചിലതു് അലങ്കാരപ്രധാനവും ചിലതു രസപ്രധാനവുമാണ്. അനുഭവത്തിൽ ഇതുരണ്ടും തമ്മിലുള്ള വ്യത്യാസമെന്തെന്നുവെച്ചാൽ, അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ,കവിയേയും രസപ്രധാനമായിട്ടുള്ളതു വായിക്കുമ്പോൾ കവിതാവിഷയത്തേയുമാണ് നമുക്കു ഓൎമ്മയുണ്ടാകുന്നതു്. പൂന്തത്തിൽ നമ്പൂരിയുടെ കവിത അലങ്കാരപ്രധാനവും കുഞ്ചൻനമ്പ്യാരുടെ കൃതികൾ രസപ്രധാനവുമാകുന്നു. "കൃഷ്ണഗാഥ" വായിക്കുമ്പോൾ കവി മഹാകേമൻതന്നെ എന്നുള്ള വിഭാവനയാണു നമുക്കുണ്ടാകുന്നതു്. 'നളചരിതം' ഒട്ടൻതുള്ളൽ വായിക്കുമ്പോൾ നളൻേറയും ദമയന്തിയുടേയും മററും ഗുണങ്ങളെക്കുറിച്ചും മററുമാണു നമുക്കു മനസ്സിൽ തോന്നുന്നതു. ഇതിൽ കാവ്യത്തിൻെറ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഏതിനാണു പ്രബലത അധികമുള്ളതെന്നു പറയേണ്ടതില്ലല്ലൊ.

ഗുണങ്ങളും രീതികളും കാവ്യത്തിൻെറ ഉൽക്കൎഷഹേതുക്കളിൽ കൂടിയവയാണെന്നു പറഞ്ഞുവല്ലൊ. കാവ്യത്തിന്നു മധുരാദിഗുണങ്ങൾ മനുഷ്യന്നു ധൈൎയ്യാദിഗുണങ്ങളെപ്പോലെയും രീതികൾ അവയവസംസ്ഥാനവിശേഷങ്ങളെപ്പോലെയുമാകുന്നു. ഇപ്പോഴുള്ള ഭാഷാകവികളിൽ പലരും മറെറല്ലാത്തിലും അധികമായി രീതിയുടെ കാൎയ്യത്തിലാണു നിഷ്കൎഷചെയ്യുന്നതു്. കാവ്യത്തിൻെറ ആത്മാവു

ഷ്ടത്തിനിടയാകയും ചെയ്യുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ മലയാളത്തിൽനിന്നും വരുന്ന മുളകിന്നു കൊച്ചിസൎക്കാരിൽനിന്നു പറയ്ക്കു് ഒരുറുപ്പികവീതം ചുങ്കം നിശ്ചയിച്ചാൽ ഇവിടത്തെ മുളകുകൃഷിക്കാൎക്കു് ഒരു രക്ഷയായല്ലൊ. ഇങ്ങിനെ അതാതു രാജ്യത്തുള്ള വ്യവസായികളെ സഹായിക്കുന്നതിന്നു സൎക്കാരിൽനിന്നും ചുങ്കം പിരിച്ചുവരുന്ന കച്ചവടത്തിന്നു രക്ഷിതവാണിജ്യമെന്നും മറ്റതിന്നു് അരക്ഷിതവാണിജ്യമെന്നും പേരാകുന്നു.

രക്ഷിതവാണിജ്യം ഉപയുക്തസാധനങ്ങളുടെ ഉൽപാദകന്മാൎക്കു ഗുണകരമാണെങ്കിലും ജനസമുദായത്തിന്നു ദോഷകരമായിട്ടുള്ളതാണു്. കുരുമുളകിന്നു കൊച്ചിരാജ്യത്തു ചുങ്കം നിശ്ചയിക്കുന്നതുകൊണ്ടു് അവിടെയുള്ള കുരുമുളകുകൃഷിക്കാൎക്കു ഗുണമുണ്ടാകുമെന്നു നിശ്ചയംതന്നെ. എന്നാൽ അവിടെ കുരുമുളകിന്നു് ആവശ്യമുള്ളവൎക്കെല്ലാം കുറച്ചുജനങ്ങളുടെ ആദായത്തിന്നുവേണ്ടി പറയ്ക്കു് ഒരുറുപ്പികവീതം വെറുതെ അധികച്ചിലവു ചെയ്യേണ്ടതാണല്ലൊ. അതുപോലെതന്നെ അന്യരാജ്യത്തുനിന്നു വരുന്ന എല്ലാ സാമാനങ്ങൾക്കും ചുങ്കം നിശ്ചയിച്ചാൽ സാധാരണജനങ്ങൾക്കു ദിവസവൃത്തിക്കു ചിലവുകൂടിവരുന്നതാണു്. എന്നാൽ ഉല്പാദകന്മാൎക്കുള്ള ദോഷം താൽക്കാലികവും സ്ഥായിയായിനില്ക്കാത്തതുമാകുന്നു. കുരുമുളകുകൃഷിക്കാർ അവരുടെ പരിശ്രമം ആദായമില്ലാത്തതാണെന്നു കാണുമ്പോൾ അതിൽനിന്നു പിൻവാങ്ങി ആദായമുള്ള പരിശ്രമത്തിൽ പ്രവേശിക്കുമെന്നു് നിശ്ചയമല്ലേ? ഒരു പരിശ്രമം സപതെ ആദായമുള്ളതാകണമെങ്കിൽ അതിന്നു് ആ ദിക്കിൽ പ്രത്യേകസൌകൎയ്യമുണ്ടായിരിക്കണം. അങ്ങിനെയാകുമ്പോൾ ഓരോരാജ്യത്തുള്ള ജനങ്ങൾ അതാതുരാജ്യത്തെ ഉല്പാദനത്തിന് എല്ലാംകൊണ്ടും സൌകൎയ്യമുള്ള പദാൎത്ഥങ്ങളെ മാത്രമുണ്ടാക്കും. അപ്പോൾ എല്ലാരാജ്യങ്ങളിലുമുള്ള ജനങ്ങൾക്കു് ഒരുപോലെ ഗുണം സിദ്ധിക്കുന്നതാണു്. പ്രവൃത്തിവിഭജനം ധനോല്പാദനത്തിന്നു് ഒരു പ്രധാനകാരണമാ

നാൽ ഏകദേശം സംഗീതജ്ഞാനമുണ്ടെന്നുള്ള അഭിമാനം മാത്രമുള്ളവർ അകാലത്തിൽ താളംപിടിക്കുകയും തലകുലുക്കുകയും ചെയ്യുന്നതുപോലെ ആയിക്കാണുമ്പോൾ അവർ എത്രത്തോളം സൂക്ഷ്മം അറിയുന്നുണ്ടെന്ന് ഏകദേശം തീർച്ചയാക്കാം. എന്നാൽ ഇതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. സാധാരണ മലയാളികൾക്ക് കാവ്യങ്ങളുടെ ഗുണാഗുണങ്ങളെ അറിയുന്നതിന് ബ്രഹ്മാവുകൊടുത്ത ബുദ്ധിയല്ലാതെ വേറെ ഒരു സഹായവും ഇല്ല. സംസ്കൃതത്തിൽ കാവ്യപ്രകാശം, സാഹിത്യദർപ്പണം, മുതലായ അനേക ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ ഈ വിഷയത്തെപ്പററി അസംഖ്യം പുസ്തകങ്ങളും ഉള്ളതുകൊണ്ട് ആ ഭാഷകളിൽ പാണ്ഡിത്യമുള്ളവർക്ക് കാവ്യങ്ങളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിയുന്നതിനു വേണ്ട സഹായങ്ങളുണ്ട്. മലയാളത്തിൽ ഈ വക ഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടും, ഇപ്പോൾ അച്ചടിച്ചു കാണുന്ന കവിതകളിൽ അധികവും, കാവ്യലക്ഷണം കുറഞ്ഞവയാകകൊണ്ടും, ഈ വക കവിതകളിൽ മാത്രം പരിചയിക്കുകയും, ഇതരഭാഷകൾ പഠിക്കാതിരിക്കയും ചെയ്തിട്ടുള്ള മലയാളികളുടെ രസികത്വത്തിനു കൌടില്യമുണ്ടാകുന്നതു സ്വാഭാവികമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ജനങ്ങൾക്ക് നേരായ വഴി കാണിച്ചുകൊടുക്കുന്നതിന്ന് സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള ഗ്രന്ഥങ്ങളുടെ രീതിയെ അനുസരിച്ചു സാഹിത്യത്തെക്കുറിച്ച് ഇവിടെ കുറെ പ്രസ്താവിക്കുന്നതിന്ന് ഞങ്ങൾ തുനിയുന്നു.

കാവ്യം എന്നു വച്ചാൽ സൂക്ഷ്മത്തിൽ എന്താകുന്നു എന്നാണ് നാം ആദ്യമായി അറിയേണ്ടതു്. എന്നാൽ എന്തിന്റെ എങ്കിലും സ്വഭാവത്തെയോ ഗുണദോഷങ്ങളേയോ കുറിച്ചു ആലോചിക്കുന്നതിന്നു മുമ്പിൽ അതിന്റെ ഉദ്ദേശമെന്താണെന്ന് ആലോചിക്കുന്നതു പ്രത്യേകം ആവശ്യമാണ്. ആ ഉദ്ദേശം എല്ലായ്പോഴും വിശദമായി നമ്മു

ടെ മനസ്സിൽ ഇല്ലെങ്കിൽ നാം പറയുന്നതു ചിലപ്പോൾ കുറെ അപ്രസ്തുതമായി വന്നേയ്ക്കാം. ഒരു രാജ്യത്തെ രാജ്യഭരണത്തിൽ എന്തെല്ലാം ഗുണദോഷങ്ങളുണ്ടെന്നോ, ഏതു രീതിയിലുള്ള രാജ്യഭരണമാണു് എല്ലാത്തിലും നല്ലതെന്നോ നിരൂപിക്കുന്നതിന്നു മുമ്പിൽ രാജ്യഭരണത്തിന്റെ ഉദ്ദേശം എന്താണെന്നു് അറിയുന്നതു് ആവശ്യമല്ലേ? അതുപോലെതന്നെ കാവ്യമെന്നു വച്ചാൽ എന്താണെന്നും അതിന്നു എന്തെല്ലാം ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നും തീർച്ചയാക്കുവാൻ പുറപ്പെടുന്നതിന്നു മുമ്പിൽ കാവ്യത്തിന്റെ ഉദ്ദേശം എന്താണെന്നും അതു മനുഷ്യർക്കു് ഏതുവിധത്തിൽ ഉപകരിക്കുന്നതാണെന്നും നാം മനസ്സിലാക്കേണ്ടതാണു്.

വേദം, ശാസ്ത്രം, കാവ്യം ഇതുകളാകുന്നു നമ്മുടെ അദ്ധ്യയനത്തിന്റെ പ്രധാനവിഷയങ്ങൾ. ഇതിൽ ഓരോന്നിന്റെ മുഖ്യമായ ഉദ്ദേശം ഓരോന്നാണെങ്കിലും എല്ലാത്തിന്നും സാധാരണമായ ഉദ്ദേശം ഇന്നതു ചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നുമുള്ള കൃത്യാകൃത്യോപദേശമാകുന്നു. എന്നാൽ ഇതിൽ ഓരോന്നു് ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതു ഓരോ പ്രകാരത്തിലാണു്. വേദം കൃത്യാകൃത്യങ്ങൾ ഇന്നതാണെന്നും, അതുകളെ ലംഘിച്ചാൽ ഇന്നിന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നും രാജശാസനപോലെ കല്പിക്കയാണു് ചെയ്യുന്നതു്. ശാസ്ത്രം യുക്തിയുക്തമായി അതാതിന്റെ കാരണങ്ങളെ പ്രതിപാദിച്ചു് ഒരു സുഹൃത്തിനെപ്പോലെ നമ്മളെ പറഞ്ഞു സമ്മതിപ്പിച്ചു് നമുക്കു് കൃത്യാകൃത്യബോധമുണ്ടാക്കുന്നു. കാവ്യം ഒരു ഇഷ്ടഭാര്യയെപ്പോലെ സരസവാക്കുകളെക്കൊണ്ടു കർത്തവ്യകർമ്മങ്ങളിൽ നമുക്കു് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ജനിപ്പിക്കുന്നു.

കാവ്യശാസ്ത്രങ്ങൾക്കു് ഉഭയസാധാരണമായ ഉദ്ദേശം മേല്പറഞ്ഞതാണെങ്കിലും അതുകൾ പഠിക്കുന്നതുകൊണ്ടു്

നമ്മുടെ ബുദ്ധിക്കുണ്ടാകുന്ന പ്രഭാവം രണ്ടുപ്രകാരത്തിലാണ്. ശാസ്ത്രാദ്ധ്യയനം കൊണ്ടു് ബുദ്ധിക്കു് തീഷ്ണതയും ശക്തിയും കാവ്യാദ്ധ്യയനംകൊണ്ടു് ബുദ്ധിക്കു് ഗുണവുമാണ് ഉണ്ടാകുന്നതു്. ശാസ്ത്രം മനുഷ്യരെ ബുദ്ധിമാന്മാരും കാവ്യം ഗുണവാന്മാരുമാക്കിത്തീൎക്കുന്നു. ശാസ്ത്രത്തിനു് ഈ ഗുണമുണ്ടെന്നു പലൎക്കും സമ്മതമാണെങ്കിലും കാവ്യത്തിന്നു മേല്പറഞ്ഞ ഗുണമുണ്ടെന്നു് ധരിച്ചിട്ടുള്ളവർ വളരെ ഉണ്ടോ എന്നു് സംശയമാണു്. ഇതിന്നു കാരണമെന്തെന്നാൽ, കാവ്യം മനോഗുണത്തിന്നു് ആസ്പദമായ കൃത്യാകൃത്യബോധത്തെ ഉണ്ടാക്കുന്നതു് ഇന്നതു ചെയ്യണമെന്നും, ഇന്നതു് ചെയ്യരുതെന്നും സ്പഷ്ടമായി പറയുന്നതുകൊണ്ടല്ല; കൃത്യാകൃത്യങ്ങളെ നമുക്കു് അനുഭവസിദ്ധങ്ങളാക്കിത്തീൎക്കുന്നതുകൊണ്ടാണു്. സാധാരണയായി ഉൽകൃഷ്ടങ്ങളായ കാവ്യങ്ങളിൽ ഇന്നതു് കൃത്യമെന്നും ഇന്നതു അകൃത്യമെന്നും, പ്രത്യേകം വിചാരിക്കുന്നില്ലെങ്കിലും അതുകളെ വായിക്കുമ്പോൾ കൃത്യാകൃത്യവിചാരമാണു് നമുക്കു മുഖ്യമായുണ്ടാകുന്നു. കാവ്യാദ്ധ്യയനം കൊണ്ടു രാവണദുൎയ്യോധനാദികളെപ്പോലെയല്ല രാമയുധിഷ്ഠിരാദികളെപ്പോലെയാണു് നാം പ്രവൎത്തിക്കേണ്ടതു് എന്നു് നമുക്കു് അനുഭവമാകയും, അതുനിമിത്തമായി ശുഭകൎമ്മങ്ങളിലും സൽഗുണങ്ങളിലും അഭിരുചിയും അശുഭകൎമ്മങ്ങളിലും ദുൎഗ്ഗുണങ്ങളിലും വിമുഖതയും ഉണ്ടാകയും ചെയ്യുന്നതാണു്. പലപ്പോഴും പല സൽക്കവിതകളിൽ പരിചയിച്ചു ഒരം അനുഭവമുണ്ടാകുമ്പോൾ ഒരം അഭിരുചിയും വിമുഖതയും സ്ഥായിയായിവരികയും അതിനാൽ ബുദ്ധിക്കു് ഗുണോൽകൎഷമുണ്ടാകയും ചെയ്യുന്നു. ഏതെങ്കിലും ഒരു മനോവികാരം കൂടക്കൂടെ ഉണ്ടാകുമ്പോൾ ആ വിചാരം ക്രമേണ സ്ഥായിയാകുമെന്നുള്ളതിലേക്കു് സജ്ജനസംസൎഗ്ഗംകൊണ്ടു് മനുഷ്യർ ശിഷ്ടന്മാരാകുന്നതും ദുൎജ്ജനസംസൎഗ്ഗംകൊണ്ടു ദുഷ്ടന്മാരാകുന്നതും ദൃഷ്ടാന്തമാണു.

രാജ്യവും വസ്തുക്കളും ദേഹവും ഭാൎയ്യയെയും
പൂജ്യരാം ഭ്രാതൃസുതന്മാരെയുമെന്നല്ലഹോ
ഇക്ഷിതിതന്നിലിനിക്കുള്ളതൊക്കെയും ധൎമ്മ
രക്ഷാൎത്ഥമുപേക്ഷിപ്പാനദ്ധ്യക്ഷനാകുന്നു ഞാൻ.

എന്ന് ധൎമ്മപുത്രൻ പറയുന്നതും,

"പട്ടാഭിഷേകത്തിനായ്‌വിളിച്ചപ്പോഴും
കാട്ടിലേക്കങ്ങുപറഞ്ഞയച്ചപ്പോഴും
ദൃഷ്ടമായില്ലഹോ ഞങ്ങളാലാരാലു-
മൊട്ടുമേ ഭാവഭേദം രാമഭദ്രനിൽ"

എന്ന് ശ്രീരാമനെക്കുറിച്ചുപറയുന്നതും, അതാതുപ്രകൃതത്തിൽ വായിക്കുമ്പോൾ തൽക്കാലമെങ്കിലും, കുറെ ധൎമ്മബുദ്ധിയും, ഗാംഭീൎയ്യവും ആൎക്കാണ് ഉണ്ടാകാത്തതു്. ഇങ്ങിനെ പലപ്പോഴും ഉണ്ടാകുമ്പോൾ ബുദ്ധിക്കു ഗുണവും, ഗാംഭീൎയ്യവും, കുറെ എങ്കിലും സ്ഥായിയാകാതിരിക്കയില്ല.

വേദശാസ്ത്രങ്ങളിൽ കൃത്യാകൃത്യങ്ങളെക്കുറിച്ച് ധാരാളമായി പറഞ്ഞിട്ടുള്ളപ്പോൾ കാവ്യത്തിൽനിന്ന് പ്രത്യേകമായി എന്തൊരു ഫലമാണ് നമുക്ക് സിദ്ധിക്കുന്നതെന്ന് ആരെങ്കിലും ആക്ഷേപിച്ചേക്കാം. എന്നാൽ മേല്പറഞ്ഞ ഉദ്ദേശത്തെ മാത്രം സംബന്ധിച്ചിടത്തോളം കാവ്യത്തിന്ന് വേദശാസ്ത്രങ്ങളെക്കാൾ അധികം പ്രാബല്യമുണ്ടു. കാവ്യങ്ങളുടെ ചമല്ക്കാരംകൊണ്ടും, സാരസ്യംകൊണ്ടും അതുകൾ വായിക്കുന്നതിന് വേദശാസ്ത്രങ്ങളെക്കാൾ വളരെ രസമുള്ളതും കൃത്യാകൃത്യനിരൂപണത്തിന്റെ സമ്പ്രദായഭേദംകൊണ്ടു് അതുകളെക്കുറിച്ച് അനുഭവം അധികം വരുത്തുന്നതും ആകയാൽ കാവ്യങ്ങൾക്ക് നമ്മുടെ ബുദ്ധിയെ നയിക്കുന്നതിനുള്ള ശക്തി വേദശാസ്ത്രങ്ങളെക്കാൾ അധികമുണ്ടു്. വേദശാസ്ത്രങ്ങൾ പഠിക്കുന്നതു് സന്മാൎഗ്ഗോപദേശം കേൾക്കുന്നതുപോലെയും കാവ്യങ്ങൾ വായിക്കുന്നതു് സത്തുക്കളായിട്ടു്

സംസർഗ്ഗം ചെയ്യുന്നതുപോലെയും ആകുന്നു. മനുഷ്യരെ സദ്വൃത്തന്മാരാക്കുന്നതിന് ഇതിലേതിന്നാണ് പ്രാബല്യമധികമുള്ളതെന്നതിനെപ്പററി അഭിപ്രായഭേദമുണ്ടാവാൻ വഴിയില്ലല്ലോ.

കാവ്യങ്ങളുടെ സൂക്ഷ്മമായ ഉദ്ദേശം കൃത്യാകൃത്യോപദേശമാണെങ്കിലും അതുകളുടെ തൽക്കാലഫലം മനസ്സുഖമാകുന്നു. സഹൃദയന്മാൎക്കും ഉൽകൃഷ്ടകാവ്യങ്ങൾ വായിക്കുമ്പോൾ മനസ്സിന്ന് അവാച്യമായ ഒരു ആനന്ദമുണ്ടാകുന്നതാണ്. മിക്കവരും അവരുടെ വിഭാവനകൂടാതെ ഉത്തരകാലഫലം അനുഭവിക്കുന്നുണ്ടെങ്കിലും ഈ തൽക്കാലഫലത്തിന്ന് മാത്രമാണ് സാധാരണയായി കവിതകൾ വായിക്കുന്നത്. എന്നാൽ ഒരു തൽക്കാലഫലം തന്നെ ഉത്തരകാലഫലാപേക്ഷകൂടാതെയും മനസ്സിന്ന് ഗുണപ്രദമാകുന്നു. സദ്വിഷയങ്ങളിൽ പലപ്പോഴും മനസ്സിന്ന് സുഖലയമുണ്ടാകുന്നതുതന്നെ അതിന്ന് ശുദ്ധിയും ശാന്തതയും ഉണ്ടാകുന്നതിന്ന് ഒരു വഴിയാണെന്ന് പലമഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സംഗീതം മുതലായ ചിലകലാവിദ്യകളുടേയും ഫലം ഇതുതന്നേയാകുന്നു.

ഇതുകൂടാതെ വേറെ ഫലങ്ങളേയും കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. യശസ്സ്, ധനലാഭം, വ്യവഹാരജ്ഞാനം മുതലായതുകളേയും കാവ്യഫലങ്ങളുടെ കൂട്ടത്തിലാണ് ഗണിക്കുന്നത്. എന്നാൽ യശസ്സു ധനലാഭം മുതലായതു വേറെ പലതുകൊണ്ടും ഉണ്ടാകാവുന്നതാകയാൽ അതുകൾ വാസ്തവത്തിൽ കാവ്യത്തിന്റെ സഹജഫലങ്ങളല്ല. ഔപാധികഫലങ്ങളുടെ കൂട്ടത്തിലെ വിചാരിപ്പാൻ പാടുള്ളു. അതുകൊണ്ട് അതുകളെക്കുറിച്ചു ഇവിടെ പ്രസ്താവിക്കേണമെന്നില്ല. പ്രതാപരുദ്രീയത്തിൽ ഈ വിഷയത്തെപ്പററി വളരെ സാരമായ ഒരു ശ്ലോകമുള്ളതിനെ താഴെ ചേൎക്കുന്നു.

യദ്വേദാൽപ്രഭുസമ്മിതാദധിഗതം
ശബ്ദപ്രധാനാച്ചിരം
യച്ചാർത്ഥപ്രവണാൽപുരാണവചനാ-
ദാപ്തംസുഹൃത്സമ്മിതാൽ
കാന്താസമ്മിതയായയാസരസതാ
മാപാദ്യകാവ്യശ്രിയാ
കർത്തവ്യേകുതുകീബുധോവിരചിത
സ്തസ്യൈസ്പൃഹാംകുർമ്മഹേ.

പണം

ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകര്യത്തിനുവേണ്ടി സാങ്കേതികമായ വിലയോടുകൂടെ നാം തന്നെ നിർമ്മിച്ച ഒരു ഉപകരണമാകുന്നു പണമെന്ന് ഇതിനു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഒരു രാജ്യത്തിൽ ഈ ഉപകരണം ഇല്ലെങ്കിൽ ജനങ്ങൾ സാമാനങ്ങൾ കൈമാററം ചെയ്യുന്നത് എങ്ങിനെയാണെന്നു നമുക്ക് ആലോചിക്കാം. ഒരാശാരി കുറെ മുണ്ടിനാവശ്യമായിട്ട് ഒരു പെട്ടിയുണ്ടാക്കി അതുകൊണ്ട് ഒരു ചാലിയന്റെ വീട്ടിൽ ചെന്നു എന്നിരിക്കട്ടെ. ചാലിയന് ഇപ്പോൾ പെട്ടിക്ക് ആവശ്യമില്ല. കുറെ എണ്ണ കിട്ടിയാൽ കൊള്ളാമെന്നുണ്ട്. ആശാരി പെട്ടിയുംകൊണ്ട് ഒരു ചക്കാന്റെ അടുക്കൽ ചെല്ലുന്നു. അവനു പെട്ടിക്കല്ല കുറെ നെല്ലിനാണാവശ്യം. പിന്നെ ഒരു കൃഷിക്കാരന്റെ അടുക്കൽ പോകുമ്പോൾ അവൻ പെട്ടിവാങ്ങി കുറെ നെല്ലു കൊടുത്ത് എന്നിരിക്കട്ടെ. ആശാരി നെല്ലു കൊടുത്ത് ചക്കാനോട് എണ്ണയും എണ്ണ കൊടുത്തു പകരം ചാലിയനോടു മുണ്ടും വാങ്ങുന്നു. പണമില്ലാത്ത രാജ്യത്തിൽ ക്രയവിക്ര-

യം അസാദ്ധ്യമല്ലെങ്കിലും അതു വളരെ ദുർഘ്ഘടവും ബുദ്ധിമുട്ടും, കാലദുർവ്വ്യയവുംകൊണ്ടു വേണ്ടിവരുന്നതുമാണെന്ന് ഈ ഉദാഹരണംകൊണ്ട് സ്പഷ്ടമാകുന്നുണ്ടല്ലൊ. പണമെന്നൊരു വസ്തു ഉള്ളതുകൊണ്ട് ഇപ്പോൾ ആശാരിക്കു മുണ്ടിനാവശ്യമുണ്ടെങ്കിൽ അവനുണ്ടാക്കിയ പെട്ടി കൊടുത്തു പണവും പണം കൊടുത്തു മുണ്ടും വാങ്ങുന്നു. അങ്ങിനെയാകുമ്പോൾ ക്രയവിക്രയം വളരെ സുകരമായി കച്ചവടത്തിലും മററും പ്രത്യേകമായി പലതും ഏർപ്പെട്ടിട്ടുള്ളതുകൊണ്ട് അതിന് ഇതിലധികം സൌകൎയ്യം വന്നിട്ടുണ്ടെങ്കിലും അതെല്ലാം ഈ രീതിയെത്തന്നെ അനുസരിച്ചിരിക്കുന്നതാണ്.

ഇതു കൂടാതെ പണംകൊണ്ടു വേറെ ഒരു പ്രയോജനംകൂടിയുണ്ട്. എല്ലാ പദാൎത്ഥങ്ങളുടേയും വിലയുടെ താരതമ്യത്തെ കുറിക്കുന്നതിന് ഇതു വളരെ ആവശ്യമാണ്. പണമെന്നൊരു വസ്തു ഇല്ലാതിരുന്നാൽ ഒരു പെട്ടിയുടെ വില പത്തു പറ നെല്ലെന്നോ ഒരു ചോതന എണ്ണയെന്നോ ഒരു പശുക്കുട്ടിയെന്നോ അരപ്പലം വെള്ളിയെന്നോ അതാതു സമയത്തെ ആവശ്യംപോലെ പറയേണ്ടിവരും. അങ്ങിനെ ചെയ്യേണ്ടിവരുന്നതു വളരെ ദുർഘ്ഘടമാണെന്നു പറയേണ്ടതില്ലല്ലൊ. പണമെന്നൊരു സാധനം ഉണ്ടാക്കീട്ടുള്ളതുകൊണ്ട് ഓരോ പദാൎത്ഥങ്ങളുടെ വില ഇന്നതെന്നു പറയുമ്പോൾ അതും മററു പദാൎത്ഥങ്ങളുടെ വിലയോടുള്ള വ്യത്യാസവും വളരെ വിശദമായും എളുപ്പമായും ധരിക്കാവുന്നതാണ്.

ഈ ഉപകരണം സ്വൎണ്ണംകൊണ്ടോ, വെള്ളികൊണ്ടോ ഉണ്ടാക്കുന്നതാണ് ഉത്തമമെങ്കിലും ഇതിന്നു ജനങ്ങളെല്ലാപ്പേരുംകൂടി നിശ്ചയിക്കുന്നതല്ലാതെ വേറെ ഒരു വിലയും ഇല്ലാത്തതുകൊണ്ടു മറെറന്തു പദാൎത്ഥംകൊണ്ടെങ്കിലും ഉണ്ടാക്കാവുന്നതാണെന്നുതന്നെയല്ല ചില രാജ്യങ്ങളിൽ അങ്ങിനെ ചെയ്തുവരുന്നതായും കാണുന്നുണ്ട്. പണ്ടു ഗ്രീ

സ് എന്ന രാജ്യത്തിൽ കന്നുകാലികളേയും ഇരുമ്പുകൊണ്ടുണ്ടാക്കിയ നാണ്യങ്ങളേയും ഇതിന്ന് ഉപയോഗിച്ചിരുന്നു. ചീനാരാജ്യത്തു തേയിലകൊണ്ടു ചുക്കണിയുടെ മാതിരിയിൽ ഉണ്ടാക്കി അതിനെയും ചില രാജ്യങ്ങളിൽ കവടി, മുത്തുശിപ്പി മുതലായതിനേയും, മററു ചില രാജ്യങ്ങളിൽ മരംകൊണ്ടും, തോലുകൊണ്ടും മററും ഉണ്ടാക്കിയ നാണ്യങ്ങളേയും ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ പല കാരണങ്ങളെക്കൊണ്ടും ഇതിന്നു സ്വൎണ്ണവും വെള്ളിയും മറെറല്ലാത്തിനേക്കാൾ ഗുണമുള്ളതാണെന്ന് അനുഭവസിദ്ധമാണ്. നാണ്യമായി ഉപയോഗിക്കുന്ന പദാൎത്ഥത്തിന് ഏഴു ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നാണ് ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ആ ഗുണങ്ങളെല്ലാംകൂടി വെള്ളിയേയും സ്വൎണ്ണത്തേയും ഒഴിച്ചു മറെറാരു പദാൎത്ഥത്തേയും ആശ്രയിച്ചിരിക്കുന്നില്ല. സഹജസാരത, സുവാഹ്യത, അനശ്വരത, സമാനജാതീയത, വിഭാജ്യത, സ്ഥിരമൂല്യത, സുജ്ഞേയത, ഇതുകളാകുന്നു ഏഴു ഗുണങ്ങൾ.

൧. സഹജസാരത:— നാണ്യമായി ഉപയോഗിക്കുന്ന വസ്തു സ്വതേതന്നെ വിലപിടിച്ചതായിരിക്കണം. മരം, തോലു മുതലായതിന്നു നാണ്യമാക്കിക്കല്പിക്കുമ്പോളുണ്ടാകുന്ന വിലയല്ലാതെ സ്വതേയുള്ള വില വളരെ ലഘുവാണ്. അങ്ങിനെയുള്ള നാണ്യങ്ങളിൽ ജനങ്ങൾക്കു വിശ്വാസവും അതുകൾക്ക് അന്യരാജ്യങ്ങളിൽ പ്രചാരവും കുറവായിരിക്കും. പവൻമാററുള്ള ഒരു പവൻതൂക്കം സ്വൎണ്ണത്തിന്നും ഒരു പവനും വില ഏകദേശം തുല്യമാകകൊണ്ട് അതിനെ എല്ലാ രാജ്യക്കാരും സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഒരുറുപ്പികത്തൂക്കം വെള്ളിക്കു മുക്കാൽ ഉറുപ്പികയിലധികം വിലയില്ലാത്തതിനാൽ ഉറുപ്പികയ്ക്കു് അന്യരാജ്യങ്ങളിൽ പ്രചാരം വളരെ കുറവാകുന്നു. ഒരു ഉറുപ്പികയ്ക്കുള്ള ചക്രത്തിന്റെ വെള്ളിക്കു മുക്കാലുറുപ്പികയിലധികവും, പ

ത്തന്റെ വെള്ളിക്ക് അര ഉറുപ്പികയിൽ താഴെയും വിലയാകകൊണ്ടാകുന്നു കൊച്ചിയിൽ ചക്രത്തിന്റെ പ്രചാരമുള്ളതുപോലെ തിരുവിതാംകൂറിൽ പുത്തന്റെ പ്രചാരമില്ലാത്തത്. എന്നിരിക്കുമ്പോൾ ഇരുമ്പ, മരം മുതലായവയൊ നാണ്യങ്ങളാക്കുവാൻ അശേഷം യോഗ്യതയുള്ളവയല്ലെന്നു സ്പഷ്ടമാകുന്നു. സ്വർണ്ണവും വെള്ളിയും അതുകളുടെ ശോഭകൊണ്ടും അനശ്വരതകൊണ്ടും മററും എല്ലാ ദിക്കിലും എല്ലാ കാലത്തും ബഹുമതങ്ങളും മൂല്യവത്തുകളുമാകുന്നു. വൈരം, പത്മരാഗം മുതലായ രത്നങ്ങൾ ഈ ഗുണങ്ങളോടുകൂടിയവയാണെങ്കിലും മററു ചില ഗുണങ്ങൾ ഇല്ലാത്തതിനാൽ പണമായി ഉപയോഗിക്കാവുന്നതല്ല.

൫. സുവാഹ്യത:— പണം എളുപ്പത്തിൽ കയ്യിൽ കൊണ്ടുപോകാവുന്നതായിരിക്കണം. ഒരുവൻ ഒരു സഞ്ചിയിലാക്കി ദൂരദേശങ്ങളിലേക്കു കൊണ്ടുപോകുന്നതിന്ന് അശേഷം പ്രയാസമില്ല. എന്നാൽ അത്ര വിലയ്ക്കുള്ള ഇരുമ്പുനാണ്യം അങ്ങിനെ കൊണ്ടുപോകുന്നതിന്നു വളരെ അസൌകര്യം ഉള്ളതാണെന്നു പറയേണ്ടതില്ലല്ലൊ. ഈ ഗുണം വെള്ളിക്കു സ്വർണ്ണത്തോളമില്ലെങ്കിലും മറെറല്ലാലോഹങ്ങളെക്കാൾ അധികമുണ്ട്. രത്നങ്ങൾക്ക് ഈ ഗുണം സ്വർണ്ണത്തേക്കാളുമുണ്ട്. എന്നാൽ ഒരു തുളസിയുടെ മൊട്ടിനോളം പോന്ന നല്ല വൈരക്കല്ലിന്നു ൫൦ ഉറുപ്പികയോളം വിലയുള്ളതുകൊണ്ട് അതു പൊരുമാറുന്നതിന്നുള്ള പ്രയാസംകൊണ്ടും, കൈമോശം വന്നുപോകുവാനുള്ള എളുപ്പംകൊണ്ടും, ചില്ലറ കാര്യങ്ങൾക്ക് ഉപയോഗിപ്പാൻ വയ്യാത്തതുകൊണ്ടും മററുകാരണങ്ങളാലും അതുകളെ നാണ്യമായി ഉപയോഗിക്കാവുന്നതല്ല.

൬. അനാശ്വരത:— അത്ഥനാശം എല്ലാവക്കും അഹിതമായിട്ടുള്ളതാകയാൽ ഈ ഗുണംകൊണ്ടുള്ള ആവശ്യം എല്ലാവക്കും വളരെ സ്പഷ്ടമായിരിക്കും. സ്വർണ്ണ

കേരള സാഹിത്യ അക്കാദമി

വും വെള്ളിയും അഗ്നിബാധമുതലായതുകൊണ്ടു നശിച്ചു പോകയോ തുരുമ്പു പിടിച്ചു ക്ഷയിക്കുകയോ ചെയ്യാത്തതുകൊണ്ട് അതുകൾക്ക് ഈ ഗുണം അസാമാന്യമായി ഉള്ളതാകുന്നു.

൪. സമാനജാതീയത:— എന്നുവച്ചാൽ നാണ്യമായി ഉപയോഗിക്കുന്ന വസ്തു മുഴുവനും ഒരുപോലെയിരിക്കണം. പവനെല്ലാം ഒരേ മാററായിരുന്നില്ലെങ്കിൽ എല്ലാററിനും ഒരേ വിലയായിരിക്കയില്ല. രത്നങ്ങളെ നാണ്യമായി ഉപയോഗിക്കുന്നതിന്ന് ഇതാകുന്നു ഒരു പ്രധാനവിരോധം. ഒന്നുപോലെയുള്ള രത്നങ്ങൾ വളരെ ദുർല്ലഭമാണ്. സ്വർണ്ണവും വെള്ളിയുംമററു ലോഹങ്ങളുടെ സങ്കലനംകൊണ്ട് മാററു കുറയ്ക്കുകയും സ്ഫുടംചെയ്താൽ മാററു കൂട്ടുകയും ചെയ്യാവുന്നതാകകൊണ്ട് അതുകളെക്കൊണ്ടുണ്ടാക്കുന്ന നാണ്യങ്ങൾക്കു തുല്യരൂപതയും തുല്യമൂല്യതയും വരുത്താവുന്നതാണെന്ന് അനുഭവസിദ്ധമാണല്ലൊ.

൫. വിഭാജ്യത:— നാണ്യമാകുന്നതിന്നുള്ള വസ്തു വിലയ്ക്കു ദോഷം വരാതെ വിഭാഗിക്കാവുന്നതായിരിക്കണം. സ്വർണ്ണവും വെള്ളിയും എത്രതന്നെ ഭാഗിച്ചാലും അതുകളുടെ വിലയ്ക്കു ന്യൂനതവരുന്നതല്ലല്ലോ. രത്നങ്ങൾക്ക് ഈ ഗുണം അശേഷം ഇല്ലതന്നെ. ആയിരം ഉറുപ്പിക വിലയുള്ള ഒരു വൈരക്കല്ലു രണ്ടായി ഭാഗിച്ചാൽ ഓരോ ഭാഗത്തിനു ൫൦൦ ഉറുപ്പികയിലധികവും നാലായി ഭാഗിച്ചാൽ ൨൫൦ ഉറുപ്പികയിലധികവും വിലയുണ്ടായിരിക്കയില്ല.

൬. സ്ഥിരമൂല്യത:— എല്ലാ പദാർത്ഥങ്ങളേയും ക്രയവിക്രയം ചെയ്യുന്നതിൽ മദ്ധ്യമതയെ വഹിച്ചിരിക്കുന്ന പദാർത്ഥം വിലയിൽ കൂടെക്കൂടെ ഏററക്കുറച്ചിൽ വരാത്തതായിരിക്കേണ്ടതു പ്രത്യേകം ആവശ്യമാണ്. ആറു മാസത്തെ അവധിയായി കുറെ നെല്ലു കടം വാങ്ങിയാൽ അതു തിരിയെ കൊടുക്കേണ്ടുകാലം വരുമ്പോഴേക്കു നെല്ലു വില

വളരെ കൂടിയെന്നോ കുറഞ്ഞുവെന്നോ വന്നേക്കാം. അപ്പോൾ കടം കൊടുത്തവനോ വാങ്ങിയവനോ അധികമായ നഷ്ടം സംഭവിക്കുന്നതാണ്. വിലയ്ക്കു സ്ഥിരതയില്ലാത്ത പദാർത്ഥങ്ങളെ പണമായി ഉപയോഗിച്ചാൽ ഇങ്ങിനെയുള്ള ദുർഘടങ്ങളും വ്യാപാരങ്ങൾക്ക് അവ്യവസ്ഥയും ഉണ്ടാകുന്നതാണ്. എന്നാൽ വിലയിൽ ഏറ്റക്കുറച്ചിൽ വരാത്ത പദാർത്ഥം എന്തെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. ഈ ദോഷം സ്വർണ്ണത്തിനും വെള്ളിക്കും മറ്റെല്ലാ പദാർത്ഥങ്ങളേക്കാൾ കുറവാണെന്നല്ലാതെ അശേഷമില്ലെന്നു പറഞ്ഞുകൂടാ. അതുകളുടെ വിലയിൽ ഭേദഗതികൾ വരുന്നതു വളരെ സാവധാനത്തിലും അപ്പഴപ്പോൾ നാം അറിയാത്ത വിധത്തിലുമാകുന്നു.

൭. സുജ്ഞേയത:—നാണ്യം കൃത്രിമമാണോ എന്ന് അറിയത്തക്കതായിരിക്കണം. അതിന്നായി ഉപയോഗിക്കുന്ന പദാർത്ഥം ഉറുപ്പികയും പവനും ഒരു പലകയിന്മേലോ ഉറച്ച നിലത്തോ എറിയുമ്പോളുണ്ടാകുന്ന ശബ്ദംകൊണ്ടു് അതു കള്ളനാണ്യമോ അല്ലയോ എന്ന് എളുപ്പത്തിൽ അറിയാം. രത്നങ്ങളുടേയും മററും ഗുണദോഷം ഇങ്ങനെ എളുപ്പത്തിൽ അറിയുവാൻ ഒരു വഴിയുമില്ല.

എല്ലാരാജ്യങ്ങളിലും സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉള്ള നാണ്യങ്ങൾ നടപ്പുണ്ടെങ്കിലും ഇതിൽ ഏതെങ്കിലും ഒരു ലോഹംകൊണ്ടുള്ളതുമാത്രമേ നിയമസമ്മതമായിട്ടുള്ളു. ആ ലോഹം ഇന്ത്യാരാജ്യത്തിൽ വെള്ളിയും ഇംഗ്ലണ്ടിൽ സ്വർണ്ണവുമാണ്. ഈ രാജ്യത്തിൽ കുറെ ഉറുപ്പിക കടം വാങ്ങിയവൻ തിരിയെ സ്വർണ്ണനാണ്യം കൊടുത്താൽ കടംകൊടുത്തവൻ നിയമപ്രകാരം അതു വാങ്ങേണമെന്നില്ല. ചെമ്പുനാണ്യങ്ങൾ കാണുന്നതു ചില്ലറ വ്യാപാരങ്ങൾക്കുള്ള ആവശ്യത്തിന്നായിട്ടുണ്ടാക്കീട്ടുള്ളതെന്നല്ലാതെ വലിയ വ്യാപാ

രങ്ങൾക്ക് നിയമപ്രകാരം സമ്മതിച്ച് നാണ്യമായി ഒരു രാജ്യക്കാരും സ്വീകരിച്ചിട്ടില്ല.

ആഴിയുടെ അടിത്തട്ട്.

സമുദ്രത്തിന്റെ അടിവാരം അറിവിൽപെട്ടേടത്തോളം കരയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ വളരെ വ്യത്യാസങ്ങൾ ഉണ്ടെന്നുള്ള സൂക്ഷ്മം ഇക്കാലത്തെ ശാസ്ത്രീയപരീക്ഷകൾകൊണ്ട് അറിഞ്ഞിരിക്കുന്നു. വായു, മഴ, മഞ്ഞു ഇവയെക്കൊണ്ടും, നദി, പുഴ ഇവ മൂലമായിട്ടും എപ്പോഴും ഏറ്റക്കുറച്ചിലുണ്ടാവാനിടയുള്ള ശീതോഷ്ണസ്വഭാവംകൊണ്ടും കടലോരത്തു തിരവന്നടിയ്ക്കുന്നതുകൊണ്ടും ഭൂമിയുടെ കരപ്രദേശങ്ങൾ വിവിധമാക്കിച്ചെയ്യപ്പെട്ടിരിരിക്കുന്നു. എന്നാൽ കടലിന്റെ അടിവാരത്ത് ഇപ്രകാരമുള്ള കൃത്യങ്ങൾ യാതൊന്നും നടന്നുവരുന്നില്ല, അതിനാൽ ആ പ്രദേശങ്ങൾ പ്രായേണ ഭേദഗതിയുള്ളതായും കാണുന്നില്ല. സമുദ്രത്തിന്റെ അടിത്തട്ട് വിസ്തീർണ്ണമായ സമഭൂമിയായും താഴ്വരകളായും അങ്ങുമിങ്ങും കൂടക്കൂടെ ഉയൎന്നുവരുന്ന ശിഖരങ്ങളുള്ള പൎവ്വതനിരകളോടുകൂടിയുമാണ് നൂലിട്ടുനോക്കിയപ്പോൾ കണ്ടിരിക്കുന്നത്. അടുത്തകാലത്ത് ഈ വിഷയത്തെപ്പററി ഏററവും സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തുവാനായി ഏൎപ്പെടുത്തപ്പെട്ടവർ ബങ്കാൾ ഉൾക്കടൽ പരിശോധിച്ചു നോക്കിയപ്പോൾ അതിന്റെ അധോഭാഗങ്ങൾ ഏകദേശം ആയിരം നാഴിക വിസ്താരമുള്ള സമനിലമായും, ആൻറമാൻ ദ്വീപെന്ന സ്ഥലത്തുമാത്രം മേല്പോട്ടു പൊങ്ങിവരുന്ന പൎവ്വതനിരകളോടുകൂടിയതായും കണ്ടറിഞ്ഞിരിക്കുന്നു. അവിടം അപരിമിതമായും ഏകരൂപമായും ഏകാന്തമായുമാണ് കിടക്കുന്നതു്. വിവിധമാ

ക്കിത്തീക്കാവുന്ന ശക്തികളോ, ശീതോഷ്ണവ്യത്യാസമോ, വായുസഞ്ചാരമോ, ഒഴുക്കോ യാതൊന്നും ആ പ്രദേശങ്ങളിൽ തീരെ ഇല്ല. ഇതിന്നുംപുറമേ കടൽസസ്യങ്ങളെന്നുവേണ്ടാ സസ്യങ്ങൾ വളരുവാൻ അത്യാവശ്യമായ സൂര്യപ്രകാശമെങ്കിലും അവിടേയ്ക്കു സ്ഫുരിക്കുന്നതുമില്ല.

അഗാധമായ സമുദ്രങ്ങളുടെ അടിത്തട്ട് ഇപ്രകാരം സൂര്യകിരണങ്ങൾ തട്ടാത്തവിധത്തിൽ ജലസമൂഹത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു. വായുമണ്ഡലത്തിൽ ഘനംകറുത്ത കാർമേഘങ്ങൾ വന്നുനിറയുമ്പോൾകൂടി ലോകമാസകലം മൂടൽപിടിച്ചു സൂര്യകിരണങ്ങൾ മങ്ങി, ഉഷ്ണാധിക്യം ശമിച്ചുവരുന്നതു നമുക്കു പ്രത്യക്ഷമാണല്ലൊ. ഈ ഫലം സമുദ്രത്തിന്റെ അന്തർഭാഗത്ത് ഏറ്റവും അധികരിച്ചാണു കാണുന്നത്. എങ്ങിനെയെന്നാൽ, ഒന്നോ രണ്ടോ ദിവസം മാത്രം നില്ക്കുന്ന വായുപ്രായമായ മേഘത്തിനുപകരം വളരെ നാഴിക ആഴമുള്ളതും ചിരകാലം കിടക്കുന്നതുമായ ജലരാശികൊണ്ടാകുന്നു അടിചാരങ്ങൾ മറയ്ക്കപ്പെട്ടിരിക്കുന്നതു. ഏകദേശം തൊണ്ണൂറടിയോളം ആഴത്തിൽ ചെല്ലുമ്പോൾ തന്നെ പ്രകാശം മങ്ങി മൂടൽ പിടിച്ചു നിലാവുപോലെ ഇരിക്കുന്നു. എന്നുമാത്രമല്ല 930 അടിയിലധികം കീഴ്പ്പോട്ടു സൂര്യരശ്മി പ്രവേശിക്കതന്നെയില്ലെന്നു പരീക്ഷിച്ചു നിർണ്ണയിച്ചിരിക്കുന്നു. പുറംകടലുകളിലും, പ്രകാശം ഘോരമായുള്ള അയനപ്രദേശങ്ങളിലും (Tropics) ഏകദേശം 1200 അടിയ്ക്കപ്പുറം കിരണങ്ങൾ ചെല്ലുന്നില്ല. ഇതിന്നും കീഴ് അന്ധകാരംതന്നെ.

ഇതേപ്രകാരംതന്നെ സൂര്യരശ്മി എന്നുവേണ്ടാ സൂര്യന്റെ ഉഷ്ണവും ഈ പ്രദേശത്തെ ബാധിക്കുന്നില്ല. ബങ്കാൾ ഉൾക്കടലിൽ അടിയിലേക്കു ചെല്ലുന്തോറും 60 അടിയ്ക്കു ഒരു ഡിഗ്രി (I degree Fahr) വീതം ഉഷ്ണം കുറഞ്ഞു വരുന്നു. 1200 അടിയോളം ആഴത്തിൽ എല്ലാസമയത്തും

ഏതൊരുകാലത്തും 55 ഡിഗ്രി (Fahr) യിൽ ഒട്ടും അധികം ഉഷ്ണമുണ്ടായിക്കാണുന്നില്ല. 12000 അടി കീഴ്പ്പോട്ടു ചെന്നാൽ വെള്ളം കട്ടിപിടിക്കുന്ന പ്രായമായി (55. deg Fr) ആശ്ചൎയ്യമായ ഒരു സംഗതി എന്തെന്നാൽ വായുമണ്ഡലത്തിൽ ഉയരുംതോറും ഇപ്രകാരം ശൈത്യം കണ്ടുവരാറുണ്ട്. അതുകൊണ്ടു ആകാശമാൎഗ്ഗത്തിൽ പൊങ്ങുമ്പോഴും സമുദ്രത്തിൽ കീഴ്പ്പോട്ടു ഇറങ്ങുമ്പോഴും തണുപ്പു ക്രമേണ വൎദ്ധിച്ചുവരുന്നു. ഖനികളിൽ ഇതിന്നു വിപരീതമായിട്ടു അടിയിലേയ്ക്കു പോകുംതോറും ഉഷ്ണം ക്രമേണ വൎദ്ധിക്കുകയാണു ചെയ്യുന്നതു്.

കരയിൽ സമൃദ്ധിയായി കണ്ടുവരുന്ന സസ്യവൎഗ്ഗം സമുദ്രത്തിന്റെ അടിത്തട്ടിൽ തീരെ ഇല്ല എന്നാണു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ സസ്യങ്ങൾ വളരുന്നതിന്നു സൂൎയ്യരശ്മി അത്യാവശ്യമാണു്. അതുകൊണ്ടു് അപാരമായി അന്ധകാരം സ്വരൂപിച്ചു നിശ്ശബ്ദമായികിടക്കുന്ന ഈ താഴ്വരകളും സമഭൂമികളും സസ്യാദികളെ സംബന്ധിച്ചേടത്തോളം കേവലം നിൎജ്ജീവപ്രദേശങ്ങളെന്നുതന്നെ വിചാരിക്കണം. ഭയങ്കരമായ ഈ ശൂന്യസ്ഥലങ്ങളിൽ യാതൊരുപ്രകാരേണയുള്ള ജീവജാലങ്ങൾ വസിയ്ക്കുമെന്നു വിചാരിക്കക്കൂടി പ്രയാസം. എന്നാൽ ഈ പ്രദേശത്തെ സമ്പ്രദായങ്ങളെപ്പററി ഇരുപതുകൊല്ലത്തോളം പരിശോധന നടത്തി നോക്കിയതിൽ മൃഗബാഹുല്യം പെരുത്തു കോടാനുകോടി ജീവികളുടെ ആവാസസ്ഥലമായിട്ടാണു കണ്ടതു്. കടലിന്നു പരിസ്ഥിതമായിരിയ്ക്കുന്ന വായുവിന്റെ ഭാരം മാത്രമെ വെള്ളത്തിൻ മേൽഭാഗത്തുള്ളു. ഇതു ഒരു ഇഞ്ച് സമചതുരത്തിൽ പതിനഞ്ചു റാത്തലോളം പോരും. എന്നാൽ വെള്ളത്തിന്നു വായുവിനേക്കാൾ തുലോം ഘനം കൂടുമല്ലോ. മുപ്പത്തിമൂന്നു അടിയോളം പൊക്കമുള്ള ഒരു ജലരാശി നാല്പത്തഞ്ചു നാഴികയോളം മേല്പോട്ടുയൎന്നു കിടക്കു

ന്ന വായുവിനോടു സമമായ ഭാരത്തെ പ്രയോഗിക്കുന്നുണ്ടു. അതുകൊണ്ടു് ഏകദേശം 12,000 അടിയോളം ആഴത്തിലുള്ള ജലാശയം ഒരു ഇഞ്ചു സമചതുരത്തിലുള്ള സ്ഥലത്തു രണ്ടര ടൺ (1 ടൺ=2240 റാത്തൽ) ഭാരം പ്രയോഗിയ്ക്കുന്നുണ്ടെന്നു കണക്കുകൊണ്ടറിയാമല്ലൊ. ഈ ഭാരവും പതിനഞ്ചുറാത്തൽ ഘനവും താരതമ്യപ്പെടുത്തി നോക്കാവുന്നതാണു്.

ഇങ്ങിനെ സ്ഥലാവസ്ഥ അനുസരിച്ചു മാത്രമെ കടലിന്റെ അടിയിൽ ജന്തുക്കൾക്കു ജീവിപ്പാൻപാടുള്ളു. ഈ ജലജീവികളുടെ മേൽഭാഗത്തു വെള്ളം അവയുടെ മേൽ അതികഠിനമായ ഭാരം ഏല്പിയ്ക്കുന്നുണ്ടു്. വെള്ളം കട്ടിപിടിയ്ക്കുന്ന പ്രായത്തിലുള്ള ശൈത്യപ്രദേശത്താണു് ഇവയുടെ ആവാസം. ഇവിടെ അവയ്ക്കു പോഷണദ്രവ്യമായി സസ്യാദികൾ തീരെ വളരുന്നില്ലാത്തതിനാൽ അവയെ കേവലം മാംസഭോജികളായി അപഹരണസ്വഭാവികളായിത്തന്നെ വിചാരിയ്ക്കണം. ടാറിഡോഫ്ഡിയം (Tauredo Phidium) എന്നു പദാർത്ഥവിജ്ഞാനികൾ പറയുന്ന മത്സ്യത്തെ ദൃഷ്ടാന്തത്തിന്നായി എടുത്തു നോക്കുമ്പോൾ മേൽപറഞ്ഞ സംഗതികൾ പ്രത്യേകിച്ചും വെളിപ്പെട്ടു കാണാം. ഈ മത്സ്യത്തിന്നു കാഴ്ചയില്ല. തൊലിയുടെ അകത്തായി കണ്ണുകളെ സൂചിപ്പിക്കുന്ന ചില പാടുകൾ മാത്രമേയുള്ളു. വേറെ ഞണ്ടുവൎഗ്ഗങ്ങളിൽപെട്ട ചില ജീവികളെ നോക്കുമ്പോൾ അവയ്ക്കും തീരെ കാഴ്ചയില്ലാതെയാണു കണ്ടുവരുന്നതു്. കണ്ണുകളെ വഹിയ്ക്കുന്ന ചില മാംസശകലങ്ങൾ ഉണ്ടെങ്കിലും ഇവയുടെ അഗ്രഭാഗത്തു കാഴ്ചക്കുള്ള അവയവങ്ങൾ തീരെയില്ലാത്തതുകൊണ്ടു് ഇവയ്ക്കും വാസ്തവത്തിൽ കണ്ണുകൊണ്ടുപകാരമില്ലെന്നു ധരിയ്ക്കാം.

എന്നാൽ വേറെ ചില ജീവികൾ അവയ്ക്കു വേണ്ടു

ന്ന വെളിച്ചം തങ്ങൾതന്നെ നിൎമ്മിക്കുന്നുണ്ടത്രെ. മിന്നാമിനുങ്ങുകളുടെതുപോലെ ശരീരഭാഗങ്ങളിൽനിന്നു സദാ സ്രവിച്ചുകൊണ്ടിരിക്കുന്ന നാക്ടീലൂസിൻ (Noctilucine) എന്ന വസ്തുവിന്നു പ്രകാശം കൊടുപ്പാനുള്ള ശക്തിയുണ്ട്. ഈ തരം ജന്തുക്കളുടെ കണ്ണുകൾ സൂക്ഷ്മമുള്ളവയായും, അസാധാരണ വലിപ്പമുള്ളവയായും, രക്തക്കുഴലുകളാലും, നാഡികളാലും നല്ലവണ്ണം ഉപേക്ഷിക്കപ്പെട്ടവയായും ഇരിക്കുന്നു.

കരയിൽ ജന്തുക്കൾ ശ്വാസിക്കുന്ന വായു, അവക്കു സസ്യങ്ങളിൽനിന്നാകുന്നു കിട്ടുന്നതെന്നും, പകരമായിട്ട് ആ ജന്തുക്കൾ അംഗാരാമ്ലം എന്ന വായു സസ്യങ്ങൾക്കു കൊടുക്കുന്നുണ്ടെന്നും നമുക്ക് അറിയാമല്ലൊ. സകല ജന്തുക്കളും നേരിട്ടൊ, സഹായവഴിയ്ക്കൊ ഭക്ഷണദ്രവ്യം സമ്പാദിക്കുന്നതു സസ്യങ്ങളിൽനിന്നാകുന്നു.

മാംസഭോജികൾ സസ്യഭുക്കുകളെ തിന്നാണ് ഉപജീവിക്കുന്നത്. സമുദ്രത്തിൽ അഗാധമായിക്കിടക്കുന്ന പ്രദേശങ്ങളിൽ സസ്യാദികൾ ഇല്ലാതിരിക്കുന്ന സ്ഥിതിക്കു് ഈ ജലജന്തുക്കൾക്കു ഭക്ഷണവും പ്രാണവായുവും എവിടെ നിന്നാണ് കിട്ടുന്നത്? ഈ നിയമവിരോധം വളരെ ഊഹങ്ങൾക്കിടയാകയും ഇതിനെ സ്പഷ്ടമാക്കുവാൻ ഇപ്രകാരം ഒരു കാരണം പറയുകയുംചെയ്യുന്നു. സമുദ്രത്തിന്റെ മേൽഭാഗത്തു വലിയ ജന്തുക്കളും, കടൽസസ്യങ്ങളും ഉള്ളതിന്നും പുറമെ സൂക്ഷ്മവിഗ്രഹികളായ മററും അസംഖ്യം ജീവികൾ വസിക്കുന്നുണ്ട്. എന്നു മാത്രമല്ല. ഇവ സദാ കീഴ്പോട്ടു വീഴുന്നതുകൊണ്ടു കടലിന്റെ അടിവാരത്തേക്കു മഴ ചൊരിയുന്നപോലെ ഭക്ഷണപദാൎത്ഥങ്ങൾ പൊഴിയുന്നുണ്ട്. നദികളും അവ സമുദ്രത്തിൽ ചെന്നുചേരുന്നതോടുകൂടി അസംഖ്യം സസ്യവൎഗ്ഗങ്ങളെ വഹിച്ചെടുത്തു സമുദ്രാഴങ്ങളിലേക്കു തള്ളുന്നുണ്ട്. ഇങ്ങിനെ സമുദ്രത്തിന്റെ അധോഭാഗത്തു

സംഭരിച്ചിരിക്കുന്ന പദാൎത്ഥങ്ങളിൽ നിന്നാണ് ഈ കീടങ്ങൾക്ക അവയുടെ ഭക്ഷണം കിട്ടുന്നത്. മുതിൎന്ന പ്രബലന്മാരായ വലിയ ജന്തുക്കൾ ഈ കീടങ്ങളെ തിന്നും കാലം കഴിച്ചുവരുന്നു. ചില ജാതി മത്സ്യങ്ങൾ നീചസ്വഭാവികളാണ്. അവയ്ക്കു വലിയപല്ലുകൾ ഉണ്ട്. അവയുടെ വായ് അസാധാരണ വലിപ്പത്തിൽ തുറക്കുവാനും കഴിയും. പ്രായേണ ഈ ജന്തുക്കൾ അവയുടെ വാസസ്ഥലത്തിന്നനുരൂപമായി ഏകപ്രകാരേണ ശ്യാമവൎണ്ണമുള്ളവയായും ഇരിക്കുന്നു. ഇരുണ്ട നിറം സാധാരണയാണ്. എന്നാൽ ചിലപ്പോൾ ധൂമവൎണ്ണമുള്ളതായും അപൂൎവ്വമായി രക്തവൎണ്ണമുള്ളതായും കാണാം.

ഇവിടെ നാം ഏറക്കുറെ ദൃഷ്ടിഗോചരങ്ങളായ ജലജന്തുക്കളെപ്പറ്റി മാത്രമേ പറഞ്ഞുള്ളു. എന്നാൽ സമുദ്രത്തിൽ സ്ഥിരവാസംചെയ്തു മരണശേഷം അടിയിലുള്ള ചളിയിലേയ്ക്കു താണുപോകുന്നവയായി അത്യാശ്ചൎയ്യങ്ങളായ അനവധി മറ്റുജന്തുക്കളേയും ഭൂതക്കണ്ണാടിമൂലം കണ്ടുപിടിച്ചിരിയ്ക്കുന്നു. ഈ ജീവികൾ ചത്തുവീഴുന്നതുകൊണ്ടു ഇവയുടെ കക്കകൾ സ്വരൂപിച്ചു സമുദ്രത്തിന്റെ അടിയിൽ ഒരു മാതിരി പാറനിലം (Sedmentary rock) ഉണ്ടാകുന്നു. ഇതു കാലക്രമേണ സമുദ്രാഴങ്ങളിൽനിന്ന് ഉയൎന്നു ഭാവിയിലെ കരപ്രദേശമായിത്തീരുമെന്നു ഭൂതത്വജ്ഞന്മാർ പറയുന്നു.

മൂലധനം

മൂലധനമെന്നുവച്ചാൽ ധനോല്പാദനത്തിന്നുവേണ്ടി പ്രയത്നംചെയ്യുന്നകാലത്തെ ചിലവിന്നായി സമ്പാദിച്ചുവച്ചിട്ടുള്ളതും അങ്ങിനെ ഉപയോഗപ്പെടുത്തുന്നതുമായ ധന

മാകുന്നു. സകല വേലകളും തുടങ്ങീട്ട് കുറെക്കാലം കഴിഞ്ഞതിന്റെ ശേഷമെ അതുകളുടെ ഫലമനുഭവിപ്പാൻ കഴിയു. വേലക്കാൎക്ക് ആ കാലത്തെ ചിലവിന്ന് ആ പ്രയത്നംകൊണ്ടുണ്ടാകുന്ന ഫലം അനുഭവിപ്പാൻ പാടില്ലെന്ന് സ്പഷ്ടമാണല്ലൊ. മുൻപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള ഉപയുക്തസാധനങ്ങളിൽ നിന്ന് തങ്ങളുടെ ആവശ്യത്തിന്ന് വേണ്ടതെല്ലാം എടുത്തതിന്റെ ശേഷമുള്ളത് സമ്പാദിച്ചുവച്ച്, അതിനെയാകുന്നു പ്രയത്നം ചെയ്യുന്ന കാലത്തെ ചിലവിന്നായി ഉപയോഗപ്പെടുത്തുന്നത്. അങ്ങിനെ ഉപയോഗപ്പെടുത്തുന്നതും ഓരോ വേലകൾക്കു വേണ്ട ഉപകരണങ്ങളുണ്ടാക്കുന്നതിന്നുവേണ്ടി ചിലവുചെയ്യുന്നതുമായ ധനമാകുന്നു മൂലധനം.

ഈ മൂലധനം കൂടാതെ ധനോൽപാദനം അസാദ്ധ്യമാണെന്നു കുറെ ആലോചിച്ചുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്. കൃഷിപ്പണി തുടങ്ങി വിളവെടുക്കുവാൻ ഏകദേശം മൂന്നുമാസത്തോളം വേണ്ടിവരുമല്ലൊ. ഈ മൂന്നുമാസം പ്രയത്നംചെയ്യുന്നവരുടെ ചിലവിന്ന് ആ വിളവ് ഉപയോഗപ്പെടുന്നതല്ലെന്നും അവരുടെയൊ മററുവല്ലവരുടെയൊ മുൻപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള ധനം ആവശ്യമാണെന്നും സ്പഷ്ടമാണല്ലൊ. ഇതിന്നു പുറമെ കൃഷിപ്പണിക്കുവേണ്ട കന്നുകാലികളെയും മററ് ഉപകരണങ്ങളെയും വാങ്ങുന്നതിന്നും കയ്യാലമുതലായത് പണിയിക്കുന്നതിന്നും മററും കൂടി മുൻപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള ധനം ആവശ്യമാണ്. ഇതുപോലെതന്നെ മറെറല്ലാ വേലകൾക്കും പൂൎവ്വാൎജ്ജിതമായ ധനം കൂടിയെ കഴിയൂ എന്ന് ആലോചിച്ചാൽ അറിയാവുന്നതാണ്. ഈ ധനത്തെയാകുന്നു ധനശാസ്ത്രജ്ഞന്മാർ മൂലധനമെന്ന് പറയുന്നത് ഈ മൂലധനം സൂക്ഷ്മത്തിൽ വെറും നാണ്യങ്ങളല്ലെന്നും ഉപയുക്തസാധനങ്ങളാണെന്നും ധനവും പണവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച്

കേരള സാഹിത്യ അക്കാദമി

ഇതിന്നു മുമ്പിൽ പ്രസ്താവിട്ടുള്ളതുകൊണ്ട് സ്പഷ്ടമാകുന്നതാണല്ലൊ.

പ്രയത്നത്തിന്നും അതുകൊണ്ടുണ്ടാകുന്ന ധനോല്പാദനത്തിന്നും മൂലധനം ഇത്ര ആവശ്യമാകകൊണ്ട് അതിന്റെ സമൃദ്ധിപോലെയും അത് ചിലവു ചെയ്യുന്നതിന്റെ സമ്പ്രദായം പോലെയും ഇരിക്കും ഒരു നാട്ടിലെ ഐശ്വൎയ്യവും. നമ്മുടെ നാട്ടിൽ മൂലധനത്തിന്റെ ബാഹുല്യമില്ലെന്നുതന്നെയല്ല ഉള്ളതു ക്രമേണ കുറഞ്ഞുപോകുന്നതിന്നുള്ള വഴിയും കൂടിയുണ്ട്. കല്യാണം, ൧൬-ാംമാസം മുതലായ അടിയന്തിരങ്ങൾക്കും ഒരു വേലയും കൂടാതെ കാലക്ഷേപം ചെയ്യുന്ന അസംഖ്യം ജനങ്ങളെ പോററുന്നതിന്നും മററു പല പ്രകാരത്തിലും നമ്മുടെ ആളുകൾ നിഷ്ഫലവ്യയം ചെയ്യുന്നതിനാൽ അതാതുകൊല്ലത്തിലുണ്ടാകുന്ന ധനത്തിൽനിന്ന് അതാതു കൊല്ലത്തെ ചിലവു കഴിച്ച് മേലാൽ ധനോൽപാദനത്തിന്നായി ഉപയോഗപ്പെടുത്താവുന്നതായ ബാക്കി ധനം ആണ്ടുതോറും കുറഞ്ഞുവരികയാണു ചെയ്യുന്നത്. ധനവാന്മാരായിട്ടുള്ളവർ ധനം ഏതുവിധത്തിൽ ഉപയോഗപ്പെടുത്തിയാലാണ് നാട്ടിൽ അധികമായി ധനസമൃദ്ധിയുണ്ടാകുന്നതെന്ന് അറിയുകയൊ അറിഞ്ഞിട്ടുള്ളവർ ധൈൎയ്യപ്പെട്ടു അപ്രകാരം പ്രവൃത്തിക്കയൊ ചെയ്യുന്നില്ല. സാധാരണയായി ഉപയുക്തസാധനങ്ങളെയെല്ലാം ഉൽപാദിപ്പിക്കുന്നതിന്ന് പല രാജ്യക്കാരും അനവധി ദ്രവ്യം ഇറക്കി ആവിയന്ത്രങ്ങളെ ഉപയോഗിക്കുന്ന ഈ കാലത്തിൽ നമ്മുടെ വൎത്തകന്മാർ ഇതിന്നു വേണ്ട ധനവ്യയവും യത്നങ്ങളും ചെയ്യാഞ്ഞാൽ മററു രാജ്യക്കാരുമായിട്ടുള്ള വ്യവസായസങ്കൎഷണത്തിൽ നമ്മുടെ നാട്ടിൽ കാലക്രമംകൊണ്ട് ഇനിയും ദാരിദ്ര്യം വൎദ്ധിച്ച് വരുന്നതാണെന്ന് പറയേണ്ടതില്ലല്ലൊ.

അങ്ങിനെ ചെയ്യാതെ നമ്മുടെ ധനികന്മാർ ഇപ്പോൾ അവരുടെ സമ്പാദ്യം മുഴുവൻ ഓരോ ആഡംബരങ്ങൾക്ക

വേണ്ടി ചിലവുചെയ്കയൊ അല്ലെങ്കിൽ വെറുതെ കെട്ടിവയ്ക്കുകയോ ആണ് ചെയ്യുന്നത്.

ധനം വെറുതെ കെട്ടിവയ്ക്കുന്നത് ഭോഷത്വമാണെന്ന് എല്ലാവൎക്കും സമ്മതമാണെങ്കിലും ഓരോ ആഡംബരങ്ങൾക്കും സുഖോപഭോഗങ്ങൾക്കുംവേണ്ടി ചിലവുചെയ്യുന്നതിനെ പററി അഭിപ്രായഭേദമുണ്ടായിരിക്കാം. ഒരുവന്റെ ആദായത്തിൽനിന്ന് തനിക്കാവശ്യമുള്ളത് കഴിച്ച് ബാക്കിയുള്ള ധനം ഏതുവിധത്തിൽ ചിലവുചെയ്താലും അത് വല്ലവരുടേയും ഉപജീവനത്തിന്നായി ഉപയോഗപ്പെടുന്നതാണല്ലൊ. അതുകൊണ്ട് അയാൾ ആ ധനം വല്ല ചെപ്പടിവിദ്യക്കാൎക്കൊ സ്തുതിപാഠകന്മാൎക്കൊ കൊടുക്കുകയൊ വല്ല വ്യവസായത്തിൽ ഇറക്കുകയൊ ചെയ്യുന്നതിൽ സാധുക്കളുടെ ഉപജീവനത്തെ സംബന്ധിച്ചിടത്തോളം എന്താണ് വ്യത്യാസമെന്ന് ചിലൎക്ക് അഭിപ്രായമുണ്ടായിരിക്കാം. ഈ അഭിപ്രായം എത്രത്തോളം സ്വീകാരയോഗ്യമാണെന്ന് കാണിക്കുന്നതിന്ന് ഒരു ദൃഷ്ടാന്തംപറയാം. ഒരു വൎത്തകനായ നാടുവാഴി മരിക്കുമ്പോൾ തന്റെ സ്വന്തസമ്പാദ്യമായി അഞ്ചുലക്ഷം ഉറുപ്പിക കെട്ടിവച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ ആ ധനം സാധുക്കൾക്ക് ഉപകാരമാകുംവിധത്തിൽ ചിലവു ചെയ്യണമെന്നുവച്ച് പലരോടും അഭിപ്രായം ചോദിച്ചതിൽ സേവകന്മാരിൽ ചിലർ ഒരു നാടകശാല കെട്ടിച്ച് ദിവസംതോറും ഓരോ നേരമ്പോക്കിന്റെ വട്ടംകൂട്ടിയാൽ പലരുടേയും ഉപജീവനത്തിന്നും വിനോദത്തിന്നുമുള്ള ഒരു മാൎഗ്ഗമാകുമെന്നും മററു ചിലർ ആ ദ്രവ്യം വിശേഷമായ ഉടുപ്പുകളും ആഭരണങ്ങളും രത്നങ്ങളും വാങ്ങുന്നതിന്നായി ചിലവുചെയ്താൽ വളരെ വേലക്കാൎക്ക് ഉപകാരമാകുമെന്നും വേറെ ചിലർ അത് ഊട്ടുപുരകളുണ്ടാക്കി ബ്രാഹ്മണൎക്ക് ഭക്ഷണംകൊടുക്കാനായി ഉപയോഗിച്ചാൽ വളരെ മഹാബ്രാഹ്മണൎക്ക് ഉപജീവന

ത്തിനും നാട്ടുവാഴിയുടെ ഇഹപരലോകങ്ങളിലെ ശ്രേയ സ്സിനും വഴിയാകുമെന്നും പറഞ്ഞു. അപ്പോൾ അതി വൃ ദ്ധനും വിദ്വാനുമായ ഒരാൾ ഇങ്ങിനെ പറഞ്ഞു "അങ്ങ യുടെ ഭൂമിയിൽ വെള്ളക്കുറവുകൊണ്ട് കൃഷിപ്പണിക്ക് ദോ ഷമുള്ളതായ ചില പ്രദേശങ്ങളുണ്ട്. ഈ ധനം അവിട ങ്ങളിൽ തോട്ടുകളും കുളങ്ങളും ഉണ്ടാക്കുന്നതിന്നായി ഉപ യോഗിച്ചാൽ ദരിദ്രന്മാരായ അനവധി വേലക്കാരുടെ ഉപ ജീവനത്തിന് വഴിയാകുന്നതിന് പുറമെ ഭൂമിയിൽ നിന്നു ണ്ടാകുന്ന ധനവും അങ്ങയുടെ ആദായവും നാട്ടിലെ സ്വത്തും വൎദ്ധിക്കുന്നതാണ്. ഊട്ടുപുരയുണ്ടാക്കി ഒരു വേലയും കൂടാ തെ കാലക്ഷേപം ചെയ്യുന്നവരെ പോററുന്നതായാൽ നാ ട്ടിൽ ദാരിദ്ര്യവും മടിയന്മാരും വൎദ്ധിക്കുകയേ ഉള്ളു. നാട കശാലകളും ആഭരണങ്ങളും ഉണ്ടാക്കുന്നതാണ് ഇതിൽ ന ല്ലത്. അതിനാൽ എന്തെങ്കിലും ഓരോ വേലകൾ ചെയ്യു ന്നവൎക്കാണ് ഗുണം സിദ്ധിക്കുന്നത്. എങ്കിലും ഈ ധന വ്യയംകൊണ്ട് പൊതുവെ ജനങ്ങൾക്ക് ഉപകാരമോ മേലാൽ ധനത്തിന്റെ വൃദ്ധിക്കുള്ള വഴിയൊ ഉണ്ടാകു ന്നതല്ല." ഈ പറഞ്ഞത് ശരിയാണെന്ന് ധരിച്ച ആ നാ ട്ടുവാഴി അപ്രകാരം ചെയ്യുകയും അതിനാൽ അദ്ദേഹത്തി ന്റെ ആദായത്തിന്ന് വൃദ്ധിയും വളരെ കുടിയാന്മാൎക്ക് സമൃദ്ധിയും അനവധി വേലക്കാൎക്ക് ഉപജീവനത്തിന്ന് വഴിയും ഉണ്ടായി. ഈ ദൃഷ്ടാന്തംകൊണ്ട് മൂലധനം ചില വുചെയ്യേണ്ടത് എങ്ങിനെ എന്ന് സ്പഷ്ടമാകുന്നുവല്ലൊ.

ചിലവുചെയ്യാതെ കെട്ടിവെയ്ക്കുകയൊ വല്ല നേര മ്പോക്കിന്നു വേണ്ടി ചിലവുചെയ്കയൊ ചെയ്യുന്ന ധനം മൂ ലധനമല്ല. ധനത്തെ മൂലധനമെന്ന് പറയണമെങ്കിൽ അ ത് പിന്നെയും ധനം ഉല്പാദിപ്പിക്കുന്നതിന്നുവേണ്ടി ചിലവു ചെയ്യുന്നതായിരിക്കണം. അങ്ങിനെ ചിലവുചെയ്യുന്നത് ര ണ്ടുപ്രകാരത്തിലാണ്. മൂലധനത്തിൽ ഒരു ഭാഗം ധനോൽ

പാദനത്തിന്ന് ഒരിക്കലേ ഉപയോഗപ്പെടുകയുള്ളൂ. മറെറ ഭാഗം പലപ്രാവശ്യത്തേക്കും ഉപയോഗപ്പെടുന്നതാണ്. കൃഷിപ്പണിക്കുവേണ്ട വിത്തിനും വള്ളിക്കും ആവിയന്ത്രങ്ങൾ കൊണ്ടും മററും സാമാനങ്ങളുണ്ടാകുന്നതിന്ന വേണ്ട വിറകിനും വേലക്കാരുടെ കൂലിക്കുമായി ചിലവുചെയ്യുന്ന ധനം ഒരിക്കലേയ്ക്കു ഉപയോഗപ്പെട്ടു. എന്നാൽകന്നുകാലി, കരി, കയ്യാല, ആവിയന്ത്രം, അതു വയ്ക്കാനുള്ള കെട്ടിടം, മുതലായതിനുവേണ്ടി ഒരിക്കൽ ചിലവുചെയ്യുന്നതുകൊണ്ട് പലകുറിയും ധനോൽപാദത്തിന്ന് ഉപയോഗപ്പെടുന്നതാണ്. ഒരിക്കൽ മാത്രം ഉപയോഗപ്പെടുന്ന ധനത്തെ വ്യാവൎത്തകമൂലധനമെന്നും പലപ്രാവശ്യത്തേക്കുപയോഗപ്പെടുന്നതിനെ സ്ഥിരമൂലധനമെന്നുമാണ് ധനശാസ്ത്രജ്ഞന്മാർ പറയുന്നത്. ഒരുവൻ ചിലവുചെയ്യുന്ന വ്യാവൎത്തകമൂലധനം അതാതുകൊല്ലത്തിലും സ്ഥിരമൂലധനം വളരെക്കാലംകൊണ്ടും തിരിയെ കിട്ടുന്നതാണ്. വിത്ത്, വള്ളി, മുതലായതിന്ന് ചിലവുചെയ്യുന്നത് അതാതുകൊല്ലത്തെ വിളവിൽനിന്നും, കന്നുകാലി, കയ്യാല മുതലായതിന്ന് ചിലവുചെയ്യുന്നത് അതുകൾ എത്രകാലത്തേക്ക് ഉപയോഗപ്പെടുന്നുവൊ അത്രകാലത്തെ വിളവിൽനിന്നും ഉണ്ടാകണമെന്നാണല്ലൊ ധനത്തിന്റെ ഉടമസ്ഥന്മാർ ഇച്ഛിക്കുന്നത്.

ജനങ്ങൾ അവരവരുടെ ആദായത്തിൽനിന്ന് ചിലവിനുള്ളത് കഴിച്ച് ശേഷമുള്ളത് സമ്പാദിച്ച് വെക്കുന്നതിനാലാണല്ലൊ മൂലധനമുണ്ടാകുന്നത്. മിതവ്യയശീലവും, ദീൎഘാലോചനയും ഉള്ളവരാണ് ഇങ്ങിനെ സമ്പാദിച്ചുവയ്ക്കുന്നത്. ഈ ഗുണങ്ങൾ സാധാരണയിലുള്ള ജനങ്ങൾക്ക് സിദ്ധിക്കുവാൻ വിദ്യാഭ്യാസത്തിന്റെ പ്രചാരം വളരെ ആവശ്യമാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനുവേണ്ടി യത്നം ചെയ്യുന്നത് നാട്ടിൽ ധനസമൃദ്ധിയും മററുമുണ്ടാകണമെന്ന് ഇച്ഛിക്കുന്ന രാജാക്കന്മാരുടെ കൎത്ത

വ്യാകമ്മങ്ങളിൽ മുഖ്യമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നു. ഇതുതന്നെയുമല്ല രാജ്യഭരണത്തിന്ന് വ്യവസ്ഥയും നീതിന്യായങ്ങളും ഉണ്ടാകുന്നതും മൂലധനവൃദ്ധിക്ക് വളരെ ആവശ്യമായിട്ടുള്ളതാണ്. പൂർവ്വകാലങ്ങളിൽ നമ്മുടെ രാജാക്കന്മാർ ധനവന്മാരുടെ കയ്യിൽനിന്നും ദ്രവ്യം ബലാൽക്കാരേണ അപഹരിക്കുന്നത് പതിവായിരുന്നു. അങ്ങിനെയാകുമ്പോൾ ധനം സമ്പാദിച്ചുവയ്ക്കുന്നതിന്ന് ജനങ്ങൾക്ക് മനസ്സുവരാത്തതും ദുർല്ലഭമായി ചിലർ അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അവർ അങ്ങിനെ വർദ്ധിപ്പിക്കുന്നതിന്നുവേണ്ടി വല്ല വ്യാപാരങ്ങളിൽ മുടക്കാതെ വെറുതെ കെട്ടിവയ്ക്കുന്നതും സ്വാഭാവികമാണ്. എന്നാൽ ഇപ്പോൾ ആ വക ദോഷങ്ങളൊന്നുമില്ലെങ്കിലും നാട്ടിൽ ധനപുഷ്ടിയുണ്ടാകേണ്ടതിന്ന് ധനവ്യയം എങ്ങിനെയാണ് ചെയ്യേണ്ടത് എന്ന് ധരിച്ചിട്ടുള്ളവർ നമ്മുടെ കൂട്ടത്തിൽ വളരെ ചുരുക്കമാണ്. ഇംഗ്ലണ്ടിലും മറ്റും കച്ചവടത്തിന്നും മറ്റുമായി വളരെ ആളുകൾ കൂടിച്ചേർന്ന് ചെറിയ ഓഹരികളായി പണമെടുത്ത് കൂട്ടുമുതൽ കമ്പനികൾ സ്ഥാപിക്കുന്നസമ്പ്രദായം ഇവിടേയും നടപ്പായാൽ അത് ജനങ്ങൾക്ക് ധനാർജ്ജനത്തിന്നും, രാജ്യത്തുള്ള മൂലധനത്തിൻെറ വൃദ്ധിക്കും ഒരു ബലവത്തായ കാരണമാകുമായിരുന്നു.

വിദ്യുച്ഛക്തി.

(അതുകൊണ്ടുള്ള അത്ഭുതമായ പ്രയോഗങ്ങൾ)

ശാസ്ത്രസൂക്ഷ്മാന്വേഷികളായ ആധുനികപണ്ഡിതന്മാർ വിദ്യുച്ഛക്തിയുടെ സൂക്ഷ്മതത്വഗ്രഹണത്തിന്നുവേണ്ടി വളരെ പ്രയത്നപ്പെട്ടിട്ടുണ്ടെങ്കിലും ഈ രഹസ്യമായ ശക്തിയുടെ പരമാത്ഥജ്ഞാനം ഇതേവരെ നമുക്കറിയത്തക്ക

സ്ഥിതിയിലായിട്ടില്ല. ഇതിനെപ്പററി നമുക്ക കിട്ടിയേടത്തോളം അറിവ് അതിൻെറ ബഹുവിധമായ വ്യാപാരങ്ങളെകുറിച്ചു മാത്രമാണ്. ഈ അറിവിനാൽ അതു മുഖ്യമായി ഉപയോഗപ്പെടുത്താവുന്നതും, എളുപ്പത്തിൽ ഒരിക്കാവുന്നതും,ഒരു ശക്തിയാണെന്ന കണ്ടിരിയ്ക്കുന്നതുകൊണ്ട് ഈ ശക്തി. നാനാവിധപരിശ്രമങ്ങൾക്കും ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നു.

അടുത്തകാലത്ത് ഈ ശക്തി സ്വല്പമായ അദ്ധ്വാനംകൊണ്ടു സുലഭമായി നിമ്മിയ്ക്കാറാവുമെന്നും, തന്നിമിത്തം ലോകത്തിൽ പലവിധമായ അഭ്യുദയങ്ങൾക്കിടയാകാമെന്നും, ഉള്ള സംഗതികൾ വിശ്വാസയോഗ്യമാണ്. കമ്പിത്തപാൽ, ടെലിഫോൺ, മുതലായ യന്ത്രങ്ങൾ ആദ്യകാലത്തു നമ്മുടെ രാജ്യങ്ങളിൽ നടപ്പാക്കിയപ്പോൾ അവ നമുക്ക് എത്രത്തോളം അത്ഭുതകരമായി തോന്നിയോ അത്രത്തോളംതന്നെ അത്ഭുതം തോന്നത്തക്കതായ അസംഖ്യം യന്ത്രങ്ങൾ മേലിലും കണ്ടുപിടിച്ചു നടപ്പാക്കുവാനിടയുള്ളതാണ്. വൈദ്യുതയന്ത്രങ്ങൾ ധാരാളമായി ഉപയോഗിയ്ക്കുവാനുള്ള ജ്ഞാനം യൌവ്വനാവസ്ഥയെ പ്രാപിച്ചിട്ടില്ലെങ്കിലും, മുൻപ്രസ്താവിച്ച കമ്പിത്തപാൽ,ടെലിഫോൺ മുതലായ പ്രധാനകാൎയ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിവരുന്നതിനും പുറമെ ഈ ശക്തി ചില്ലറയായ മററനേകാവശ്യങ്ങൾക്കും ഉപകരിയ്ക്കുന്നുണ്ട്. തീവണ്ടിയുടെ യന്ത്രം, പാക്കാട്ടുന്നയന്ത്രം, ജലസൂത്രം,ന്നുലപിരിയ്ക്കുന്ന യന്ത്രം, അച്ചടിയന്ത്രം, ഇങ്ങിനെയുള്ള അസംഖ്യം യന്ത്രങ്ങൾക്കു നാനാവിധ ചലനശക്തിയെ കൊടുക്കുന്നതിന്ന വിദ്യുച്ഛക്തി ആവിയുടെ സ്ഥാനത്തെ ധാരാളമായി വഹിയ്ക്കുന്നുണ്ട്. വിദ്യുച്ഛക്തിയുടെ നിമ്മാണത്തിങ്കൽ ആവി അത്യം ആവശ്യമായി വരുന്നുണ്ടെങ്കിലും യന്ത്രസമുദായങ്ങളുടെ ഉദ്ദിഷ്ടകാൎയ്യസാദ്ധ്യങ്ങൾ ഈ ശക്തികൊണ്ടു നിൎവ്വഹിച്ചുവരുന്നുണ്ട്.

വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തിവരുന്നതും, ഉപയോഗിപ്പാൻ വിരോധമില്ലെന്നു പരീക്ഷാമൂലം കണ്ടറിഞ്ഞിട്ടുണ്ടെങ്കിലും വാസ്തവത്തിൽ ഉപയോഗിച്ചു തുടങ്ങീട്ടില്ലാത്തതും, ആയ അനേകകാൎയ്യങ്ങളെപ്പററി ഇവിടെവിസ്താരമായി പ്രസ്താവിപ്പാൻ സാദ്ധ്യമല്ലെന്നു വരികിലും രസപ്രദങ്ങളായ ചില കാൎയ്യങ്ങളെ മാത്രം താഴെ ചേൎക്കുന്നു.

ഗൃഹകാൎയ്യങ്ങൾക്ക് ഈ ശക്തി ഉപയോഗിക്കാവുന്നതാണെന്നു കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും വെളിച്ചത്തിനുമാത്രം ഉപയോഗിയ്ക്കുന്നതല്ലാതെ ഇപ്പോൾ മററാവശ്യങ്ങൾക്ക് അതിനെ ഉപയോഗിച്ചുതുടങ്ങീട്ടില്ല. ഈ ശക്തിയുടെ ചൂട് ഗൃഹങ്ങളിൽ ധാരാളം ഉപയോഗപ്പെടുത്താറാകുമ്പോൾ എന്തെല്ലാം അത്ഭുതകരങ്ങളായ ഭേദഗതികൾ തൽക്ഷണം ഉണ്ടാവാമെന്ന് അനുഭവസിദ്ധമല്ലെങ്കിലും, പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. തീയിനുപകരം ഈ ശക്തി ഉപയോഗിക്കാമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. വിദ്യുച്ഛക്തിയെ അതിനു തക്കതായ ഒരു അടുപ്പിൽകൂടി പ്രയോഗിച്ചാൽ തീ ചെയ്യുന്നതായ സകലകാൎയ്യങ്ങളേയും അതു ചെയ്യുമെന്നുതന്നെയല്ല തീ കത്തിയ്ക്കുമ്പോളുണ്ടാകുന്ന പുക, പൊടി, മുതലായ ഉപദ്രവങ്ങൾ ഉണ്ടാവുകയും ഇല്ല. പദാൎത്ഥങ്ങൾ പാകംചെയ്വാൻ എളുപ്പമായ പല സൂത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും, അവ പൊതുജനങ്ങൾക്കു സുലഭമായി ഉപയോഗിക്കത്തക്കവണ്ണം ആയിട്ടില്ലാത്തതുകൊണ്ടാണ് അവയ്ക്കു പ്രചാരം വരാത്തത്. ആ മാൎഗ്ഗങ്ങളിൽ ഒന്ന് ഇപ്രകാരമാകുന്നു. പാകപാത്രങ്ങളോടുകൂടി വിദ്യുച്ഛക്തിയെ പ്രവേശിപ്പിക്കുന്നതായ ഓരോ കമ്പിച്ചുരുളുകൾ ഘടിപ്പിച്ചാൽ അടുപ്പുകളുടെ ആവശ്യം അവ നിൎവ്വഹിക്കുന്നതാണ്. എങ്ങിനെയെന്നാൽ, ഈ പാത്രങ്ങളെല്ലാം നിരത്തി തൊട്ടുവിച്ചുവെച്ച് വിദ്യുച്ഛക്തി

കേരള സാഹിത്യ അക്കാദമി

ജനകമായ യന്ത്രത്തോടു (Battery) ഘടിപ്പിച്ചാൽ ആവശ്യമുള്ള പദാൎത്ഥങ്ങളെ എളുപ്പത്തിൽ ഇഷ്ടംപോലെ പാകം ചെയ്യാവുന്നതാണ്. എന്നാൽ ഈ ഉപായമാൎഗ്ഗം പ്രചാരമായാൽ മടിയന്മാൎക്കു കുശാൽതന്നെ. എന്തെന്നാൽ ഈ കൂട്ടക്കാർ പിറേറദിവസത്തേയ്ക്കുള്ള ഭക്ഷ്യപേയങ്ങളേ തയ്യാറാക്കുന്നതിന്നു തലേദിവസംതന്നെ സാധനങ്ങൾ ശേഖരിച്ചു അതാതുപാത്രങ്ങളിൽ ആക്കുകയും രാവിലെ കിടന്നകിടപ്പിൽതന്നെ വൈദ്യുതയന്ത്രത്തെ തിരിയ്ക്കുകയും ചെയ്യുന്നതിനാൽ സാധനങ്ങൾക്കു വേണ്ടുന്നപാകം അനായാസേന ക്ഷണത്തിൽ വരുത്താവുന്നതാണ്. ന്യൂയാൎക്ക് പട്ടണത്തിൽ ഒരു സ്ത്രീ ഇപ്രകാരം ചെയ്തുവന്നതായി കേട്ടിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി

അത്യുഷ്ണത്തെ ഉണ്ടാക്കുന്നതായ ഈ വിദ്യുച്ഛക്തി ഇരുമ്പു വളയ്ക്കുന്നതിന്നും, കാച്ചുന്നതിന്നും മററും വളരെ ഉപയോഗമായി വരുന്നുണ്ട്. ഉടുപ്പുകൾ ഇസ്ത്രിയ്ക്കു് ഇടുന്നതിന്നു വണ്ണാന്മാൎക്കു ഈ ശക്തി വളരെ സഹായമായി തീരുന്നു. വേലയ്ക്കാവശ്യമുള്ള ചൂടു വളരെ നേരത്തേയ്ക്കു ഒരുപോലെ നില്ക്കുന്നതുകൊണ്ടു സമയവും, പണച്ചിലവും, ചുരുക്കുവാൻ അവൎക്കു സാധിയ്ക്കുന്നു.

ഇടത്തരം ചെറിയ യന്ത്രങ്ങൾകൊണ്ട് ആഭരണാദി അലങ്കാരങ്ങൾക്കു മനോഹരമായ കാന്തിയെ കൊടുപ്പാൻ വിദ്യുച്ഛക്തിയെ ഉപയോഗിയ്ക്കുന്നുണ്ട്.

വിദ്യുച്ഛക്തി വൈദ്യശാസ്ത്രത്തിന്നു പലവിധത്തിലും ഉപകാരമുള്ളതാകുന്നു. ശസ്ത്രപ്രയോഗങ്ങൾക്കുള്ള അനേകം ആയുധങ്ങൾ ഈ ശക്തികൊണ്ടു ചൂടുപിടിപ്പിക്കുന്നുണ്ട്. വൈദ്യുതപ്രകാശത്തെ ഉണ്ടാക്കുന്നതായ ഒരു മാതിരി ചെറിയതരം യന്ത്രങ്ങൾകൊണ്ടു മനുഷ്യരുടെ അന്തൎഭാഗങ്ങളുടെ സൂക്ഷ്മസ്ഥിതി ഇന്നപ്രകാരമെന്നു്, അന്യപ്രകാരേണ അറിയുന്നതിലധികം, അറിഞ്ഞുവരുന്നുണ്ട്. മൈ

മൈക്രോഫോൺ (Microphone) എന്ന യന്ത്രംകൊണ്ടു ശരീരത്തിന്റെ അകത്തുള്ള ഹൃദയം മുതലായ കോഷ്ഠങ്ങളുടെ അതിസൂക്ഷ്മമായ ശബ്ദങ്ങളെ അറിയുന്നു. ഈ വക ശബ്ദങ്ങൾ മുൻ ഉപയോഗിച്ചുവന്നിട്ടുള്ള യാതൊരു യന്ത്രങ്ങൾക്കും ഗോചരമല്ല. 'റഷ്യ'രാജ്യത്തു തിരെ മരിച്ചുപോയി എന്നുകരുതി ബന്ധുക്കൾ സംസ്കാരം ചെയ്യാൻ ഒരുക്കീട്ടുള്ള ഒരു സ്ത്രീയുടെ ശരീരം ഈ യന്ത്രംവെച്ചു ഒരു വൈദ്യൻ പരിശോധിച്ചപ്പോൾ ഹൃദയത്തിന്നു അന്യയന്ത്രങ്ങളാൽ ഒരിക്കലും കണ്ടുപിടിപ്പാൻ സാദ്ധ്യമല്ലാത്തതായ ഒരു അതിലഘുവായ അടിയുണ്ടെന്നു കണ്ടു സംസ്കാരം നിൎത്തിവയ്പിച്ചു ചികിത്സിച്ചതിൽ ആ സ്ത്രീ രക്ഷപ്പെട്ടതായി കേട്ടിട്ടുണ്ടു്. കാന്തശക്തി വൈദ്യത്തിന്നുപയുക്തമായി വിശ്വസിച്ചുവന്നിരുന്നതു് അസംബന്ധമാണെന്നു പണ്ഡിതന്മാരുടെ സൂക്ഷ്മദൎശനംകൊണ്ടു കണ്ടിരിക്കുന്നു എങ്കിലും,വിദ്യുച്ഛക്തിയുടെ ഫലം പലപ്രകാരത്തിലും രോഗഹരമായി കണ്ടിരിയ്ക്കുന്നു. വൈദ്യവിഷയത്തിൽ ഈ ശക്തികൊണ്ടുള്ള മറെറാരു പ്രയോജനം രോഗിയെ മോഹാലസ്യപ്പെടുത്തുന്നതിന്നുള്ള തൽപ്രയോഗമാകുന്നു. എന്നുമാത്രമല്ല, ശസ്ത്രക്രിയകൾ ഇതിന്റെ സഹായംകൊണ്ടു രോഗിയ്ക്കു യാതൊരു വേദനയും കൂടാതെ, നടത്തുന്നതിനാൽ അത്യാസന്നമായ ദീനങ്ങളിൽനിന്നു മോചനത്തിന്നും അതു കാരണമായിത്തീരുന്നു.

പാരിസ്സ് പട്ടണത്തിലെ ചാർക്കോട്ടു (Dr. Charcot) എന്ന ഒരു ഡാക്ടർ, പക്ഷവാതരോഗികൾക്കു് വിദ്യുച്ഛക്തികൊണ്ടു് അതിവേഗത്തിൽ ചലനംകൊടുക്കുന്നതായ ഒരു തരം കട്ടിൽ ഉണ്ടാക്കി അവരെ അതിൽ കിടത്തിയാൽ ആ രോഗികൾക്കു തോന്നാവുന്നതായ അസഹ്യത ദീനക്കാൎക്കു് ഉണ്ടാകയില്ലെന്നു തന്നെയുമല്ല അതു് അവൎക്കു വളരെ ആശ്വാസത്തെത്തന്നെ കൊടുക്കുന്നതാണു്, എന്നു പറഞ്ഞിട്ടു

ണ്ട്. ഇപ്രകാരം ഒരു യന്ത്രം കണ്ടുപിടിപ്പാൻ അദ്ദേഹത്തിന്നു തോന്നിയതു്, ഒരു പക്ഷവാതരോഗി ഒരു തീവണ്ടിയാത്രയിൽ സുഖമുണ്ടെന്നു പ്രസ്താവിക്കയാലാണത്രെ.

വിദ്യുച്ഛക്തികൊണ്ടു ചെടികളുടെ വളൎച്ചയ്ക്കും മററും ഉണ്ടാകാവുന്ന അത്ഭുതകരമായ ഗുണങ്ങളെപ്പററി ഇനി കുറഞ്ഞൊന്നു പ്രസ്താവിയ്ക്കാം:—

കമ്പികൾകൊണ്ടു ബന്ധിച്ചിട്ടുള്ളതും; വിദ്യുച്ഛക്തിയെ പ്രവേശിപ്പിച്ചിട്ടുള്ളതും ആയ തൂണുകൾകൊണ്ടു ഒരു പ്രത്യേകമാതിരി വളച്ചുകെട്ടീട്ടുള്ള സ്ഥലത്തു ധാന്യം വിളയിച്ചാൽ ഇരട്ടിവിളവ് ഉണ്ടാവുമെന്നു മാത്രമല്ല നാലിരട്ടിച്ച വയ്ക്കോലിന്നു ഘനവും ഉണ്ടാവുന്നതാണെന്നു കീവ് (Kiev) പട്ടണത്തിലെ പ്രോഫസർ സ്പെക്ക്നെഫ് (Prof. Spechnefl) എന്ന മഹാൻ കണ്ടുപിടിച്ചിരിക്കുന്നു. സൂൎയ്യപ്രകാശം വൃക്ഷാദികളുടെ വളൎച്ചയ്ക്കു് എത്രയോ ആവശ്യമായിട്ടുള്ളതാണെന്നുള്ളതും, ഈ വളൎച്ച മുഖ്യമായി പകൽ സമയത്താണെന്നുള്ളതും, പറയേണ്ടതില്ലല്ലൊ. സൂൎയ്യപ്രകാശത്തിന്നു പകരം രാത്രിയിൽ സസ്യാദികൾക്കു വൈദ്യുതപ്രകാശം കൊടുക്കുന്നതുകൊണ്ടു അവയുടെ വളൎച്ച എല്ലാസമയത്തും ഒരുപോലെ ആയിരിക്കുന്നതും, തന്മൂലം ഫലങ്ങൾക്കു വൎദ്ധന ഉണ്ടാവുന്നതും, ആണ്. വിത്തുകൾ പാവുന്നതിന്നുമുമ്പു രണ്ടുമിനിട്ടുനേരം അവയിൽ വിദ്യുച്ഛക്തിയെ പ്രവേശിച്ചാൽ അവയുടെ വളൎച്ച ഇരട്ടിക്കുന്നതാണെന്നും പാവുന്ന ഭൂമിയിൽ ഈ ശക്തി വ്യാപിച്ചാൽ കിഴങ്ങുകൾക്കു നാലിരട്ടി വളൎച്ചയും ഇലകൾക്കു രണ്ടുമൂന്നിരട്ടി വലിപ്പവും, ഉണ്ടാവുന്നതാണെന്നും ആ മഹാൻതന്നെ പ്രസ്താവിക്കുന്നു.

രാത്രിസമയം വഞ്ചിയിൽക്കൂടി യാത്രചെയ്തിട്ടുള്ളവൎക്കു വഞ്ചിയിലുള്ള വെളിച്ചംകൊണ്ടു് മത്സ്യങ്ങൾ അതിന്നകത്തു ചാടിവീഴുന്നതു കണ്ടറിവാൻ സംഗതിയായിട്ടുണ്ടായി

രിയ്ക്കാം. ഈ സൂത്രം യൂറോപ്പുരാജ്യത്തെ മുക്കുവന്മാർ അറിയുന്നതുകൊണ്ടു സാധാരണ വെളിച്ചത്തിന്നു പകരം അവർ വൈദ്യുതപ്രകാശം ഉപയോഗിക്കുകയും, പ്രകാശം കൊണ്ടു അസംഖ്യം മത്സ്യങ്ങൾ ആ സ്ഥലത്തു ഒന്നിച്ചുകൂടുകയാൽ അവയെ എല്ലാം വലവീശി എളുപ്പത്തിൽ പിടിക്കുകയും ചെയ്തുവരുന്നു.

കൊത്തുവേല, ചായപ്പണി, ലോഹങ്ങളെ ശുദ്ധിചെയ്യുക, ഈ തൊഴിലുകൾക്കു വിദ്യുച്ഛക്തിയെ വളരെ ഉപയോഗിക്കുന്നു. അലൂമിനിയം(Aluminium)എന്ന ലോഹം ഇത്ര സഹായത്തിൽ കിട്ടാറായതു് ഈ ശക്തിയുടെ സഹായം കൊണ്ടാണ്.

ചെമ്പേഷ് ജർണൽ.

ധനവിനിമയം

കൃഷിക്കാൎക്കു അവരുടെ പ്രയത്നംകൊണ്ടു ധാന്യങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളു. ഉല്പന്നമായി ചിലൎക്കു പാലും കറിസ്സാമാനങ്ങളും കൂടെ ഉണ്ടാകും. ഇതുകളൊഴിച്ചു് അവൎക്കു ആവശ്യമുള്ള മറ്റെല്ലാ സാധനങ്ങളും മററു ചിലരുടെ പ്രയത്നംകൊണ്ടുണ്ടാകേണ്ടതാണെന്നു സ്പഷ്ടമാണല്ലൊ. അവരുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന നെല്ലിൽ നിന്നു് അവൎക്കു് ആവശ്യമുള്ളതെടുത്തുവച്ചു ശേഷമുള്ളതു് ഓരോരുത്തൎക്കു കൊടുത്തു പകരം തങ്ങൾക്കു് ആവശ്യമുള്ളതായ സാധനങ്ങളെ വാങ്ങുന്നു. ഇതുപോലെതന്നെയാകുന്നു മറ്റെല്ലാവരുടേയും അവസ്ഥ. അവരവരുടെ ഉപജീവനത്തിന്നു് എല്ലാ മനുഷ്യൎക്കും അന്യോന്യാശ്രയം ആവശ്യമാണ്. ഇങ്ങിനെ മനുഷ്യർ ധനം കൈമാററം ചെയ്യുന്നതിനെയാകുന്നു ധനവിനിമയമെന്നു പറയുന്നതു്.

അവരവരുടെ സ്വന്ത സ്വത്തിന്മേലുള്ള അവകാശം അവരവൎക്കുതന്നെ ആയിരുന്നാലെ ധനവിനിമയമുണ്ടാകയുള്ളു. നാട്ടുകോട്ടച്ചെട്ടികളുടെ ഇടയിൽ നടക്കുന്നതുപോലെ ഒരു നാട്ടിലുള്ള എല്ലാ മുതലിന്റെയും അവകാശം എല്ലാവൎക്കും കൂടീട്ടാണെങ്കിൽ ആ നാട്ടുകാർ തമ്മിൽ ധനം കൈമാററം ചെയ്യാനുള്ള ആവശ്യമില്ലല്ലൊ. നാട്ടുകോട്ടച്ചെട്ടികൾ പല കുടുംബക്കാരായിട്ടുണ്ടെങ്കിലും അവരുടെ മുതൽ എല്ലാവരുടേയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാവൎക്കും ഒരുപോലെ അവകാശമുള്ളതുമാണ്. അവരിൽ ആൎക്കെങ്കിലും തന്റെ വ്യാപാരംകൊണ്ടു ലാഭമോ നാശമോ ഉണ്ടായാൽ ആ ലാഭവും നാശവും എല്ലാവൎക്കും സംബന്ധിക്കുന്നതാണ്. സ്വകാൎയ്യമായി ധനം സമ്പാദിച്ച് കയ്യിൽ വയ്ക്കാൻ ആൎക്കും അൎഹതയില്ല. അങ്ങിനെയാകുമ്പോൾ അവർ തമ്മിൽ ക്രയവിക്രയങ്ങളുണ്ടാവാൻ പാടില്ലല്ലൊ. അതുകൊണ്ടു ധനവിനിമയത്തിന്നു സ്വകാൎയ്യസ്വത്തുണ്ടായിരിക്കണമെന്നു സ്പഷ്ടമാണ്.

ഈ ലോകത്തിൽ ചിലർ ക്ലേശിച്ചു ചിലവു കഴിക്കുന്നവരും മററു ചിലർ ക്ലേശിക്കാതെ ചിലവു കഴിക്കുന്ന ധനികന്മാരും, ചിലർ അശേഷം ചിലവിന്നു മതിയാകാതെ ദാരിദ്ര്യസമുദ്രത്തിൽ കിടന്നു മുങ്ങുന്നവരും, മററു ചിലർ സുഭിക്ഷമായി ചിലവിന്നു വേണ്ടതിലധികം മുതലുള്ളവരുമാണല്ലൊ. പ്രപഞ്ചത്തിലെ ഇപ്പോഴത്തെ ഈ അവസ്ഥ വളരെ ശോചനീയമായിട്ടുള്ളതെന്നു കണ്ടു അതിന്റെ നിവാരണത്തിന്നുവേണ്ടി ഓരോരുത്തർ ഓരോ ഉപായങ്ങളെ ഉദ്ഘോഷിക്കുന്നുണ്ട്. യൂറോപ്പിലുള്ള രാജ്യങ്ങളിൽ വളരെ ലഹളകൂട്ടുന്നതായ ഒരുവകക്കാരുടെ അഭിപ്രായത്തെക്കുറിച്ചു മാത്രം ഇവിടെ കുറെ പ്രസ്താവിക്കാം. അവരുടെ അഭിപ്രായത്തിൽ സ്വകാൎയ്യമായി ആൎക്കുംതന്നെ മുതൽ സമ്പാദിച്ചുവച്ചുകൂടാ. ഒരു നാട്ടിലുള്ള എല്ലാ മുതലും ആ നാട്ടി

കേരള സാഹിത്യ അക്കാദമി

ലുള്ള എല്ലാ പേരുടേയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാ പേൎക്കും ഒരുപോലെ അവകാശമുള്ളതും ആയിരിക്കണം. എല്ലാപേരെക്കൊണ്ടും അവരവരുടെ ശക്തിപോലെ പ്രയത്നം ചെയ്യിപ്പിച്ചു സൎക്കാരിൽനിന്ന് അവൎക്കാവശ്യമുള്ളതു കൊടുക്കണം. ഇങ്ങിനെയായാൽ നാട്ടിലുണ്ടാകുന്ന ധനത്തിന്റെ അവസ്ഥപോലെ എല്ലാപേൎക്കും ഒരേ മാതിരിയിൽ ഉപജീവനം കഴിക്കാവുന്നതാണ്. ഈ വാദത്തിന്നു സമുദായസ്വത്വവാദമെന്നാകുന്നു പറയുന്നതു്. ഇംഗ്ലീഷിൽ ഇതിന്നു 'സൊഷ്യാലിസം' എന്നും 'കോമ്യൂണിസം' എന്നും പറയുന്നു.

സമുദായസ്വത്വവാദികളായിട്ടു യൂറോപ്പിലും അമേരിക്കായിലും പലരുമുണ്ടെങ്കിലും ധനശാസ്ത്രജ്ഞന്മാരിൽ മിക്കവരും ഈ വാദത്തെ സ്വീകരിച്ചിട്ടില്ല. അതിന്നു ബാധകങ്ങളായി പല സംഗതികളുമുണ്ടെന്നാകുന്നു അവരുടെ അഭിപ്രായം. അവയിൽ ഒന്നുരണ്ടു സംഗതികളെ മാത്രം ഇവിടെ പറയാം. ഒന്നാമതു ജനങ്ങൾക്കു പ്രയത്നം ചെയ്യുന്നതിന്ന് ഉത്സാഹമില്ലാതെയായിത്തീരും. ഇപ്പോൾ ഈ ഉത്സാഹത്തിന്നു മുഖ്യ കാരണമായതു മനുഷ്യൎക്കു സഹജമായ സ്വാൎത്ഥപരത്വമാണല്ലൊ. തനിക്കും തന്റെ ആളുകൾക്കും ഉപജീവനത്തിന്നുവേണ്ട വഴിയുണ്ടാക്കുന്നതിന്നും, പല യോഗ്യതകളും ഇപ്പോൾധനം കൊണ്ടുണ്ടാകുന്നതാകയാൽ ആ യോഗ്യതകളെ സമ്പാദിക്കുന്നതിന്നുമാകുന്നു ജനങ്ങൾ സാധാരണയായി അതിപ്രയത്നം ചെയ്യുന്നത്. എന്നാൽ എങ്ങിനെയായാലും തനിക്കു വേണ്ടതു കിട്ടുമെന്നും വേണ്ടതിലധികം കിട്ടുകില്ലെന്നും വരുമ്പോൾ ആൎക്കെങ്കിലും അതിപ്രയത്നം ചെയ്യുന്നതിന്നു മനസ്സുവരുന്നതാണോ? തന്റെ പ്രയത്നത്തിന്റെ ഫലം മുഴുവൻ തനിക്കുതന്നെ അനുഭവിക്കാമെന്നിരിക്കുമ്പോൾ ഒരുവൻ പ്രയത്നം ചെയ്യുന്നതുപോലെതന്നെ ആ ഫലം എല്ലാവരുംകൂ

ടി അനുഭവിക്കണമെന്നു വരുമ്പോഴും ചെയ്യുമെന്നു വിചാരിക്കുന്നതു സ്വഭാവവിരുദ്ധമല്ലേ? രണ്ടാമത്തു തുമ്പില്ലാതെ ധനവ്യയവും മററും ചെയ്യുന്നതിന്ന് ഇപ്പോഴുള്ള പ്രതിബന്ധങ്ങളൊന്നുമില്ലാതെയാകും. തങ്ങൾക്കും തങ്ങളുടെ സന്താനങ്ങൾക്കും ഒരിക്കലും പട്ടിണിവരരുതെന്നുള്ള വിചാരംകൊണ്ടും മററുമാണ് ഇപ്പോൾ സാധാരണ ജനങ്ങൾ സമ്പാദിപ്പാൻ ശക്തിയുള്ള കാലങ്ങളിൽ മിതവ്യയികളായും മററും ഇരുന്നു മേലിലേക്കു കരുതിവയ്ക്കുന്നതിനുള്ള ആലോചന അവൎക്കുണ്ടാകുന്നത്. എന്നാൽ എങ്ങിനെയായാലും ചിലവിന്നു മുട്ടുവരികയില്ലെന്നുവരുമ്പോൾ ഈവക ദീൎഘാലോചനകളുണ്ടാവാൻ സംഗതിയില്ലല്ലോ. ജനങ്ങളെല്ലാവരും അവരവരെപ്പോലെതന്നെ മറെറല്ലാവരേയും വിചാരിക്കുന്നതായ (എന്നുവച്ചാൽ ഒരിക്കലും വരുമെന്നു വിചാരിപ്പാൻ പാടില്ലാത്തതായ) കാലത്തിലെ ഇതു സാദ്ധ്യമാകയുള്ളു. അതുകൊണ്ടു സമുദായസ്വത്വവാദം ഫലിക്കുന്നതായാൽ നാട്ടിലെ ധനം ക്ഷയിക്കുന്നതിന്ന് ഒരു മാൎഗ്ഗമാണെന്നു സ്പഷ്ടമാണല്ലോ.

എങ്കിലും എല്ലാ രാജ്യങ്ങളിലും അതിധനികത്വത്തേയും അതിനിൎദ്ധനത്വത്തേയും അടുത്തടുത്തു കാണുമ്പോൾ സമജീവികളിൽ സ്നേഹമുള്ള സജ്ജനങ്ങൾ സമുദായസ്വത്വവാദികളാകുന്നത് അതിശയമല്ല. അതുകൊണ്ടു ജനങ്ങളിൽ ധനത്തെ സംബന്ധിച്ചിടത്തോളം ഉള്ള ഈ അസാമ്യം കഴിയുന്നതും കുറയ്ക്കുന്നതിന്നു മേല്പറഞ്ഞ ന്യൂനതകളൊന്നുമില്ലാത്ത ഒരു ഉപായം കണ്ടുപിടിക്കുന്നതിന്നു മഹാന്മാരായിട്ടുള്ളവർ ഉത്സാഹിക്കേണ്ടതാണ്.

സംഗീതം.

സരിഗമപധനികൾമീട്ടി സ്സരസംവീണാശ്രുതികൾശരിക്കൂട്ടി
സരസിജഭവകൃതിപാടും സരസ്വതീദേവിമമതുണയ്ക്കട്ടെ.
'സംഗീതമപിസാഹിത്യം സരസ്വത്യാഃസ്തനദ്വയം'

എന്നിങ്ങിനെ മാന്യസഹൃദയന്മാർ വാഴ്ത്തിവരുന്നതിൽ ഒന്നാമത്തേതായിട്ടുള്ള സംഗീതത്തെക്കുറിച്ചു സഹൃദയന്മാരെ രസിപ്പിക്കുന്നവിധത്തിൽ ഒരു പ്രസംഗം ചെയ്യുന്നതിന്നു ഭാരമേററു പുറപ്പെടുന്നതിൽ "പാട്ടെന്നുള്ളതായിഗുണദോഷജ്ഞാനമില്ലാതൊരാൾക്കുള്ളത്തിൽ പെട്ടമിജ്ജനം സദിരു കേൾക്കുമ്പോളുറക്കംവരും" എന്നിങ്ങനെ സ്വാനുഭവത്തെ ഒരു വിഷയത്തിൽ ഉൽഘോഷിച്ചിട്ടുള്ള നീരസികൻ തയ്യാറാവുന്നതും, ജന്മംമുതൽക്കേ കണ്ണുകാണാത്ത ഒരു മനുഷ്യൻ കറുപ്പ്, വെളുപ്പ്, ചുവപ്പു മുതലായ നിറഭേദങ്ങളെപ്പററി പറവാനൊരുമ്പെടുന്നതും തമ്മിൽ അധികം ഭേദമില്ലെന്നുള്ളതു ഞാൻ ഒട്ടും ഓർക്കായ്കയില്ലാ. എന്നാൽ എന്നിൽ ഈ ഭരമേല്പിച്ചാൽ നന്നായിരിക്കുമെന്നു നിശ്ചയിച്ച മഹാന്മാരുടെ അഭിപ്രായത്തെ എങ്ങിനെ എങ്കിലും സഫലമാക്കുന്നതിനുള്ള അത്യാഗ്രഹമാണ് എന്നെ ഇങ്ങിനെ ഉൾമയക്കുന്നതിലേക്കുദ്യമിപ്പിച്ചതു് എന്നുള്ളതു മുൻകൂട്ടി തന്നെ അറിയിച്ചുകൊള്ളുന്നു.

അക്ഷരാത്മികയായ സരസ്വതീദേവിയുടെ സ്തനങ്ങളിൽ ഒന്നായിട്ടുള്ള ഗാന്ധർവ്വവേദം (അല്ലെങ്കിൽ സംഗീതശാസ്ത്രം) സാമവേദത്തിന്റെ ഒരു ഉപവേദമാണെന്നു് പറയുന്നതുകൊണ്ടുതന്നെ അതിന്റെ മാഹാത്മ്യം അനിർവ്വചനീയമാണെന്നു സിദ്ധിക്കുന്നു.

അങ്ങിനെയുള്ള സംഗീതത്തിന്റെ മൂലം സപ്തസ്വരങ്ങളാകയാൽ അവയുടെ സ്വഭാവത്തെയാണ് ആദ്യമേ ആലോചിക്കേണ്ടതു്. വാണീദേവിയുടെ മറെറ കുചമെന്നതു

ന്നെ പറഞ്ഞുവരുന്ന സാഹിത്യത്തിന്നു സപ്തവിഭക്തികൾ എങ്ങിനേയോ അതുപോലെയാണിവിടെ സപ്തസ്വരങ്ങൾ എന്നും, സ്വരങ്ങൾപോലെയാണിവിടെ വിഭക്തികൾ എന്നും പരസ്പരം ഇതുകളെ മാത്രമേ ദൃഷ്ടാന്തങ്ങളാക്കി പറയുന്നതിനു കാണുന്നുള്ളു.

സംഗീതത്തിന്റെയും, സാഹിത്യത്തിന്റെയും മൂലം അറിഞ്ഞുകൂടാത്ത മൂഢമനുഷ്യനെ 'സാ' എന്നും, 'സ്യ' എന്നും അറിഞ്ഞുകൂടാത്ത പശു എന്ന് ഇന്നും പറഞ്ഞുവരുന്നതിന്റെ സാരം ആലോചിച്ചാൽ സാധാരണ ജനങ്ങൾക്കും ഇതുകളുടെ മാഹാത്മ്യം അറിയാവുന്നതാണല്ലൊ.

ഇനി ഈ ഏഴു സ്വരങ്ങളുടേയും പേരു പറയുന്നതിനു മുമ്പിൽ ഈ പേരുകളുടെ ആദ്യാക്ഷരച്ഛായകളെ ആണ് സ, രി, ഗ, മ, പ, ധ, നി എന്നിങ്ങിനെ സംഗീതാരംഭത്തിൽ ഉപദേശിച്ചുവരുന്നതെന്നും ഓൎമ്മിച്ചുകൊണ്ട് ഇതുകളുടെ നാമങ്ങളെ പദ്യരൂപേണ ഞാൻതന്നെ ഉണ്ടാക്കീട്ടുള്ളതു വായിച്ചുകൊള്ളുന്നു.

'സാ'യെന്നുള്ളതുഷഡ്ജമാം,ഋഷഭമാം
'രീ'യെന്നുഗാന്ധാരമാം
'ഗാ'യെന്നുള്ളതുമദ്ധ്യമസ്വരമതാം
'മാ' എന്നുപാടുന്നതും
'പാ'യെന്നുള്ളതുപഞ്ചമം,പരമഹോ
'ധാ' എന്നതോധൈവതം
'നീ'യെന്നുള്ളതുതാൻനിഷാദമിവനൽ
സത്തായസപ്തസ്വരം.

എന്നാൽ ഇങ്ങിനെയുള്ള സപ്തസ്വരങ്ങളുടെ ഉച്ചാരണം മനുഷ്യരുടെ ഇടയിൽ മാത്രമല്ലാ ജന്തുക്കളുംകൂടി ജന്മം മുതൽക്കേ അഭ്യസിച്ചുവരുന്നുണ്ടെന്നുള്ളതു വെളിപ്പെടുത്തുന്നതായും അവയുടെ ഛായയെ കാണിക്കുന്നതായും വേറെ ഒരു ശ്ലോകവുംകൂടി ഇവിടെ ചൊല്ലുന്നു.

ഷഡ്ജത്തിൽക്രുകമല്ലോമയിൽപശ്ശുവൃഷഭ-
ത്തിൽക്കരഞ്ഞിടു,മാടോ,
ഗർജ്ജിക്കുംനല്ലഗാന്ധാരമതിൽ,മുറയിടും
ക്രൌഞ്ചമോമദ്ധ്യമത്തിൽ
മെച്ചത്തിൽപഞ്ചമത്തിൽകുയിൽമധുസമയേ
പാടിടും,ധൈവതത്താ-
ലശ്വംശബ്ദിക്കുമെന്നും,കരിമുരളുവതോ
വന്നിഷാദത്തിലത്രേ.

സാഹിത്യത്തിൽ ഏഴു വിഭക്തികളോടുകൂടി പലപല പദങ്ങളും അവസാനമില്ലാത്തവിധത്തിൽ നടപ്പുള്ളതുപോലെ സംഗീതത്തിൽ ഏഴു സ്വരങ്ങളോടുകൂടി പലവിധത്തിലും അനവധി രാഗങ്ങളെ ഉപയോഗിച്ചുവരാറുണ്ടെന്നുള്ളതു പറയേണ്ടതില്ലല്ലൊ.

കേരളസാഹിത്യ അക്കാദമി

സാഹിത്യത്തിൽ പദങ്ങൾക്കുള്ളതുപോലെ ഇവിടെ രാഗങ്ങൾക്കും ലിംഗഭേദങ്ങൾ ഉണ്ടു്. മാളവപ്രഭൃതികളായ രാഗങ്ങൾ പുരുഷന്മാരും 'കല്യാണി' 'കാമോദരി' മുതലായവ സ്ത്രീരാഗങ്ങളും, 'മോഹനം' തുടങ്ങിയവ നപുംസകങ്ങളുമാണെന്നു മാത്രം ചുരുക്കിപ്പറയുന്നതല്ലാതെ വിസ്തരിക്കുന്നതായാൽ പദങ്ങളുടെ ലിംഗഭേദവ്യവസ്ഥയ്ക്കു നിഘണ്ടുക്കളുള്ളതുപോലെ ഇവിടേയും ഒന്നു വേണ്ടിവരും. ആയതുകൊണ്ടു ഞാൻ ആ വിഷയത്തിൽനിന്നും പിൻവലിച്ചുകൊള്ളുന്നു.

സാഹിത്യത്തിൽ ഏഴു് വിഭക്തികൾക്കും മുമ്മൂന്നു വചനങ്ങൾ പോലെ ഇവിടെ ഏഴു സ്വരങ്ങൾക്കും 'നീചം' 'മദ്ധ്യമം' 'ഉച്ചം' എന്നു മൂന്നു സ്ഥാനങ്ങൾ ഉണ്ടു്. പിന്നെ ഷഡ്ജഗ്രാമം, മദ്ധ്യമഗ്രാമം, ഗാന്ധാരഗ്രാമം എന്നു് മൂന്നു ഗ്രാമങ്ങൾ ഉണ്ടു്. ഈ മൂന്നു ഗ്രാമങ്ങൾക്കും ആരോഹാവരോഹങ്ങളോടും ഏഴേഴു മൂർഛനകളുമുണ്ടു്, എന്നു് മാത്രംപ

റയുന്നതല്ലാതെ അവകളെ വിസ്തരിക്കുന്നതായാൽ ഈ പ്രസംഗം അധികം ദീൎഘമായി പോകുമെന്നു ഭയപ്പെടുന്നു.

സാഹിത്യത്തിന്നു വലിയ സഹായികളായി 'വസന്തതിലകം' 'മാലിനി' മുതലായി പലമാതിരി വൃത്തങ്ങൾ അസംഖ്യമുള്ളതുപോലെ സംഗീതത്തിന്നു 'ഏകതാളം' 'ഝംപ' തുടങ്ങി അനവധി താളങ്ങളും ഉണ്ടു്. ഇവയെ പലമാതിരിയാക്കിത്തീൎക്കുന്നതും മാത്രകളാണു്. സമുദ്രത്തിലെ തിരമാലകളുടെ കണക്കെടുക്കുന്നതിന്നു ഒരു സമയം വല്ല സമൎത്ഥന്മാരും ഉണ്ടായേക്കാം. എന്നാലും ഇവയുടെ സംഖ്യ നിൎണ്ണയപ്പെടുത്തുവാൻ കഴിയുമെന്നു് വിചാരിപ്പാൻപോലും ഒരാളും ഉണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. 'വൃത്തരത്നാകരം' മുതലായ ഛന്ദശ്ശാസ്ത്രഗ്രന്ഥങ്ങളിൽ വൃത്തങ്ങളെ വിസ്തരിച്ചു വൎദ്ധിപ്പിപ്പാനുപദേശിച്ചിട്ടുള്ളതുപോലെ താളങ്ങളും വിസ്തരിച്ചു യഥേഷ്ടം വൎദ്ധിപ്പിക്കുന്നതിന്നു പല സംഗീതശാസ്ത്രഗ്രന്ഥങ്ങളും കൌശലം വിശദീകരിച്ചിട്ടുണ്ടു്. ഭാരതിയുടെ സ്തനങ്ങളായ ഈ സംഗീതസാഹിത്യങ്ങൾക്കു മുൻകാണിച്ച മട്ടിൽ പല സാദൃശ്യങ്ങളുമുണ്ടാകുന്നതത്ഭുതമല്ലല്ലോ.

ഇനി സാഹിത്യത്തിൽ നിന്നും അധികമായി ചില മാഹാത്മ്യങ്ങൾ നമ്മുടെ സംഗീതത്തിന്നുള്ളതിൽ ചിലതെനിക്കോൎമ്മയുള്ളതു കൂടി ഇവിടെ കാണിച്ചുകൊള്ളുന്നു.

ഇതു രണ്ടിനും കണ്ഠത്തിൽ നിന്നാണുത്ഭവമെങ്കിലും സംഗീതം പലമാതിരി യന്ത്രങ്ങളെക്കൊണ്ടും സാധിക്കാവുന്നവിധത്തിൽ പണ്ടുപണ്ടേയുള്ള പണ്ഡിതന്മാർ പരിഷ്കരിച്ചു പരക്കെ നടപ്പാക്കി വെച്ചിട്ടുണ്ടു്. എന്നാൽ കണ്ഠവും, യന്ത്രവും കൂടി യോജിച്ചിട്ടുള്ള സംഗീതം അധികം രസാവഹമായിത്തീരുന്നതാകുന്നു. യന്ത്രങ്ങൾ ഓരോ ദേശങ്ങളിൽ ഓരോ കാലത്തു ഓരോ മാതിരിയിൽ പരിഷ്കരിച്ചു വന്നുകൊണ്ടിരിക്കുന്നതാണു്. അവകളെ ഒക്കെ പറയുന്നതും അസാദ്ധ്യംതന്നെ, എന്നാൽ ചില വിശിഷ്ടയന്ത്രങ്ങളെയെ

ങ്കിലും പറയാതെയിരിക്കുന്നതും ഉചിതമാകുമെന്നു തോന്നുന്നില്ലാ.

വീണ, ഫിഡിൽ, കുഴൽ, ഇടയ്ക്ക, കപാലഹസ്തം, സംഗീതപ്പെട്ടി എന്നുതുടങ്ങി പലയന്ത്രങ്ങളും ഉള്ളതിൽ ഒന്നാമതായി ഗണിക്കാവുന്നതു വീണയാകുന്നു. സരസ്വതി, നാരദൻ, തുംബുരു മുതലായ പല സംഗീതപണ്ഡിതന്മാർ ദിവ്യലോകങ്ങളിലും ഈ യന്ത്രത്തെത്തന്നെയാണല്ലൊ അധികം ആദരിച്ചുവരുന്നതു്. ഈ ലോകത്തിലും ഈ യന്ത്രത്തിൽ പാടവം കാണിച്ചിട്ടുള്ളവർ പലരുമുണ്ടായിരുന്നു. എന്നാൽ ഇയ്യിടെയുള്ളവരിൽ, സരസ്വതിയുടേയും നാരദന്റെയും അംശങ്ങളെക്കൂട്ടി ചേർത്ത ദാരദാരകവത്സലനായ ബ്രഹ്മാവു് സൃഷ്ടിച്ചിട്ടുള്ള മൂർത്തിയാണു് ഇദ്ദേഹമെന്നു് ഒരു മഹാനുഭാവൻ അഭിപ്രായപ്പെട്ടിട്ടുള്ള സാക്ഷാൽ കല്യാണകൃഷ്ണൻ എന്നു പ്രസിദ്ധനായ ഒരു മഹാനായിരുന്നു വീണാവാദനവിദ്യയിൽ പാണ്ഡിത്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച യോഗ്യപുരുഷൻ എന്നുള്ളതു സർവ്വസമ്മതമായ ഒരു കാര്യമാണല്ലൊ. ആ മഹാനുഭാവന്റെ വീണയിലുള്ള വിരുതു കാണുന്നതിലേക്കായി തിരിയെ വരാത്ത വിധത്തിൽ സത്യലോകത്തിലേയ്ക്കു ബ്രഹ്മാവുതന്നെ അദ്ദേഹത്തെ കൊണ്ടുപോയതു നമ്മുടെ ഒക്കെ കർണ്ണങ്ങളുടെ ഭാഗ്യക്ഷയമെന്നു സങ്കടത്തോടുകൂടി പറയാമെന്നല്ലാതെ മറെറാന്നും നമ്മൾ വിചാരിച്ചാൽ കഴിയില്ലല്ലൊ. പിന്നെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതലായി പല വൈണികന്മാർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്.

ഫിഡിൽ എന്നുള്ളതു ഒരു നവീനയന്ത്രമാകയാൽ ഇതിൽ പണ്ടുള്ള പണ്ഡിതന്മാക്കു പരിചയമുണ്ടാകുവാനിടയില്ല. ഇദാനീന്തനന്മാർ പലരും ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരുള്ളതിൽ ഈ ദിക്കുകാരിൽ മഹാദേവനെന്ന മഹാനുഭാവനാണു് പ്രഥമഗണനീയനായിട്ടുള്ളതെന്നു പല

സംഗീതരസജ്ഞന്മാരും പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ സൎവ്വമോഹനമായ സംഗീതമധുവിന്റെ ലഹരികൊണ്ടോ മറേറാ എല്ലായ്പ്പോഴും മത്തനായ ഒരു ദരിദ്രബ്രാഹ്മണൻ തന്റെ ഭിക്ഷാടനത്തിൽ ചില വഴിഅമ്പലങ്ങളിലും ഊട്ടുപുരകളിലുമിരുന്ന് ഈ യന്ത്രത്തിൽ ചില കൈപ്പെരുമാററം ചെയ്തിരുന്നതു കേൾക്കാനിടയാവാത്തവരുടെ പക്ഷത്തിൽ മാത്രമേ മഹാദേവനു ഒന്നാംക്ലാസ്സിൽ സ്ഥലം കിട്ടുകയുള്ളുവെന്നുകൂടി പറവാൻ ഇനിയ്ക്കു സംഗതിവന്നിട്ടുണ്ടു.

കുഴൽ; ഈ യന്ത്രം മേൽകാണിച്ച രണ്ടു യന്ത്രങ്ങളിൽനിന്നും കുറച്ചു ഭേദപ്പെട്ടിട്ടുള്ളതാകുന്നു. ഇതു കണ്ഠത്തിന്റെ സഹായത്തോടുകൂടി സാമൎത്ഥ്യം കാണിക്കുന്നതാണ്. ഇതിനെ നെടുംകുഴൽ(നാഗസ്വരം) എന്നും കുറുംകുഴൽ എന്നും ഓടക്കുഴൽ എന്നും മൂന്നു മാതിരിയിൽ കാണുന്നുണ്ട്. അവയിൽ നാഗസ്വരമാണ് മുഖ്യമായിട്ടുള്ളതു്. ഇതിന്റെ പ്രചാരം ചോളദേശം മുതലായ സ്ഥലങ്ങളിൽ അധികമായി കാണുന്നുണ്ട്. (കൊല്ലംകോട്ടു സുബ്രഹ്മണ്യൻ മുതലായ) ചില മഹാന്മാർ മലയാളത്തിലും ഇതുകൊണ്ടു പേരുകേട്ടവരില്ലെന്നില്ല. നമ്മുടെ ക്ഷേത്രത്തിൽ മൂന്നു സന്ധ്യയ്ക്കും ദൈവങ്ങൾക്കും തൊഴുവാൻ വരുന്ന ജനങ്ങൾക്കും കൎണ്ണശൂലമായിത്തീരുന്നതും, സംസൎഗ്ഗദോഷംകൊണ്ടു കഷ്ടപ്പെട്ടു് അപസ്വരക്കുട്ടികളെ പ്രസവിക്കുന്നതും ഈ നാഗസ്വരംതന്നെയാണെന്നുകൂടി വ്യസനപൂൎവ്വം പറയേണ്ടിവന്നിരിക്കുന്നു. കുഴൽ മേളങ്ങൾക്കിടയിൽ ചെണ്ടകളുടെ കൂട്ടത്തിൽ പ്രയോഗിക്കുന്നതിന്നു പുറമെ കുഴൽപററുകളിലും ഉപയോഗിച്ചുവരുന്നുണ്ട്. എങ്കിലും അപൂൎവ്വമേയുള്ളു. (തിരുവില്വാമല ശങ്കരപ്പണിക്കർ തുടങ്ങി) ചില യോഗ്യന്മാർ ഇതിലും പേരുകേട്ടവർ, ഈ ദിക്കിലുണ്ടു. ഓടക്കുഴൽ ഊതുന്നവരായിട്ടു് നമ്മുടെ ഗൃഹങ്ങൾതോറും പല കുട്ടികളേയും കാണ്മാനിടയുണ്ട്. പക്ഷെ ഇതു വളരെ

പ്രചാരമുണ്ടെങ്കിലും ഈ യന്ത്രത്തിൽ ശ്രുത വിദഗ്ദ്ധന്മാരായ സംഗീതരസികന്മാർ എന്റെ അറിവിലിപ്പോൾ അധികമുണ്ടോ എന്നു സംശയമാണു്.

'ഇടയ്ക്ക' എന്നുള്ളതു മലയാളത്തിൽ എല്ലാ ക്ഷേത്രം തോറും പതിവായി ഉപയോഗിച്ചുവരാറുണ്ടെങ്കിലും ഇതുകൊണ്ടു ഉപയോഗിക്കുന്നവർ ഇതു നിത്യകർമ്മത്തിനുള്ളതല്ലാതെ സംഗീതത്തിനുള്ളതാണെന്നുപോലും ധരിച്ചിട്ടുണ്ടോ എന്നു സംശയമാണെന്നുപറഞ്ഞാലും അവക്കു മുഷിച്ചിലുണ്ടാകേണ്ട കാലം കഴിഞ്ഞുപോയി എന്നുതന്നെയുള്ള നിലയിലായിത്തീർന്നിരിക്കുന്നു.

'കപാലഹസ്തം' എന്നുള്ളതു വളരെ നടപ്പുള്ള യന്ത്രമല്ല. ഇതിൽ പാണ്ഡിത്യമുള്ളവരിൽ പ്രസിദ്ധന്മാരായിട്ടാരേയും എനിക്കു അറിവില്ല. ഒരിക്കൽ ഒരു സരസൻ വായിക്കുന്നതുകേട്ടിട്ടുണ്ടു.

'സംഗീതപ്പെട്ടി'. ഈ യന്ത്രം വളരെ വിശേഷപ്പെട്ടിട്ടുള്ള ഒരെണ്ണമാണു്. സംഗീതത്തിൽ ഒട്ടും ശീലമില്ലാത്തവരായ എന്നെപ്പോലെയുള്ളവർക്കും താക്കോൽ കൊടുക്കാൻ മാത്രം പഠിച്ചാൽ ഇതുകൊണ്ടു സംഗീതം പ്രയോഗിക്കാം.

ഇനി വേറെ ചിലമാതിരി യന്ത്രങ്ങളുണ്ടു്. അവകൾ ശ്രുതി ശരിയാക്കുവാൻ മാത്രം ഉപയോഗിക്കുന്നവയാണു്. കുഴിത്താളം 'തംബുരു' 'തിത്തി' മുതലായി ഇവയും പല വിധത്തിൽ കണ്ടുവരുന്നുണ്ടു്. താളം പിടിക്കുന്നതിനുള്ള അനേകവിധ വാദ്യങ്ങളും ഈ കൂട്ടത്തിൽ ഗണിക്കേണ്ടവയാണു്. പക്ഷെ അവ അസംഖ്യമുള്ളതിനാൽ നേരം അതിക്രമിക്കുമെന്നു വിചാരിച്ചു തല്ക്കാലം വിസ്തരിക്കുന്നില്ല.

ഇനി സംഗീതത്തിനു വേറെ ഒരു ഗുണമുണ്ടു്. ശ്രുതി യോജിപ്പിച്ചു രണ്ടോ മൂന്നോ കണ്ഠങ്ങളാകട്ടെ യന്ത്രങ്ങളാവട്ടെ കൂട്ടിഇണക്കി പാടുന്നതായാൽ ഒററയ്ക്കുള്ളതിനേക്കാൾ അധികം രസംപിടിക്കുന്നാകുന്നു.

ഈ സംഗീതത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നതായ ഒരു ചെറിയ കഥകൂടി ഇപ്പോൾ ഇവിടെ പ്രസംഗിക്കുന്നതു ഒട്ടും രസഭംഗമായി തീരുകയില്ലെന്നുവെച്ച് ഇനി ഞാൻ അതിലേക്കായി തുനിഞ്ഞുകൊള്ളുന്നു.

പണ്ടു അതിയൊഗ്യനായ ഒരു ബ്രാഹ്മണൻ സംഗീതവിദ്യകൊണ്ടു വിഷ്ണുഭഗവാനെ ഭജിച്ചു വളരെക്കാലം ഇഹലോകസുഖം അനുഭവിച്ചും, അനവധി സജ്ജനങ്ങളെ ഈ സുഖം അനുഭവിപ്പിച്ചും ജീവകാലാവസാനത്തിൽ ദിവ്യദേഹത്തോടുകൂടി വൈകുണ്ഠലോകത്തിലെത്തി. അദ്ദേഹത്തിന്റെ അനുയാത്രികന്മാരായി ബ്രഹ്മാദി സകല ദേവകളും, തുംബുരു നാരദൻ ചിത്രരഥൻ മുതലായ സകല ദിവ്യ ഗായകന്മാരുംകൂടി ഉണ്ടായിരുന്നു. ആ മഹാബ്രാഹ്മണന്റെ വൈകുണ്ഠപ്രവേശമഹോത്സവത്തിൽ വിഷ്ണുഭഗവാൻ അവിടെ ഒരു വലിയ സംഗീതപ്രയോഗം നിശ്ചയിച്ചു. ആ സംഗീതസദസ്സിൽ പ്രധാനഗായകൻ ആ ഉത്തമബ്രാഹ്മണൻ തന്നെ അല്ലാതെ മററാരുമായിരുന്നില്ല. 'വളരെ ദിവ്യഗായകന്മാർ നിറഞ്ഞിട്ടുള്ള ആ സദസ്സിൽ സാക്ഷാൽ ലക്ഷ്മീഭഗവതിയും എഴുന്നെള്ളി. ആ എഴുന്നള്ളത്തിൽ അകമ്പടിക്കാരായ ഹരിക്കാരന്മാർ മുതലായ നിഷ്കണ്ടകപുരുഷന്മാർ ബ്രഹ്മാദിദേവകളിലും, തുംബുരു നാരദാദികളായ പഴയ ദിവ്യഗായകന്മാരിലും, ആളെ മാററുവാൻ അവൎക്കുള്ള അധികാരം നിസ്സംശയമായി കാണിച്ചുവെങ്കിലും ആയതു ഏററവും ഉചിതമാകയാൽ ആൎക്കും അത്ര വൈമനസ്യമുണ്ടായില്ല. പിന്നെ ശ്രീഭഗവതിയുടെ കല്പനപ്രകാരം ദിവ്യഗായകന്മാരിൽവച്ചു തുംബുരുവിനെ മാത്രം അകത്തേക്കു കൊണ്ടുപോയതു് ഭക്തനാണെന്നും, വീണ എടുത്തവരിൽ ഒന്നാമനാണെന്നും, തുംബുരുവിനേക്കാൾ അധികം സംഗീതവിദഗ്ദ്ധനാണെന്നും മററും അഭിമാനമുള്ള നാരദന് ഒട്ടും രസമായില്ലെന്നല്ലാ, കോപംവൎദ്ധിച്ചുമൂലം മതിമറന്നിട്ടു, ഇങ്ങിനെ പന്തിയിൽ പക്ഷപാതം കാണിച്ചതി

ാൽ ശ്രീദേവി രാക്ഷസിയായി ഭവിക്കട്ടെ' എന്നു ശപിക്കാൻപോലും ആ നാരദൻ ഒട്ടും മടിച്ചില്ല. ആ ശാപം കൊണ്ടു മഹർഷിമാരുടെ രക്തത്തിൽ മണ്ഡോദരിയുടെ ഗർഭത്തിലുണ്ടായ ലക്ഷ്മീദേവിയാണു സീതാദേവി എന്നുള്ള കഥ ഇവിടെ ചുരുക്കുന്നു.

പിന്നെ വിഷ്ണുഭഗവാൻതന്നെ എഴുന്നള്ളി നാരദനെ നല്ല നല്ല യുക്തികൾ പറഞ്ഞു സമാധാനപ്പെടുത്തിയകൂട്ടത്തിൽ "അങ്ങേയ്ക്കു അഭ്യാസവും കേൾവിയും തുംബുരുവിനോളമില്ല. മേരുപർവ്വതത്തിന്റെ ഗുഹയിൽ സംഗീതസർവ്വജ്ഞനായ ഒരു ഊമനിരിപ്പുണ്ടു. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു നല്ലവണ്ണം അഭ്യസിക്കൂ. എന്നാൽപിന്നെ തുംബുരുവിനോടു തുല്യനാകും" എന്നു ഉപദേശിച്ചുകൊടുത്തു.

നാരദനും അങ്ങിനെതന്നെ ആ ഊമന്റെ അടുക്കൽ ചെന്നു യഥാവിധി വളരെക്കാലമഭ്യസിച്ചു. കൃതാർത്ഥഭാവത്തോടുകൂടി മത്സരം സഫലീകരിപ്പാൻ തുംബുരുവിന്റെ ആശ്രമത്തിൽ ചെന്നു. അപ്പോൾ ആ ആശ്രമദ്വാരത്തിൽ കണ്ണില്ലാതേയും, കാതില്ലാതേയും, കയ്യൊടിഞ്ഞും, കാലൊടിഞ്ഞും എന്നുവേണ്ടാ പലമാതിരി അംഗവൈകല്യമുള്ള സ്ത്രീകളേയും, പുരുഷന്മാരേയും ഷണ്ഡന്മാരേയും കണ്ടിട്ടു 'നിങ്ങളാരാണു? എന്താണിവിടെനില്ക്കുന്നതു' എന്നു ചോദിച്ചു. 'ഞങ്ങൾ രാഗപുരുഷന്മാരും, രാഗസ്ത്രീകളും രാഗനപുംസകങ്ങളുമാണു. അങ്ങു പാടുമ്പോൾ പതിവായി ഇങ്ങിനെ ഞങ്ങൾക്കു അംഗവൈകല്യം വരികയും, തുംബുരു പാടി അതു തീൎക്കുകയും പതിവാണു. അതുകൊണ്ടു അദ്ദേഹത്തിന്റെ അവസരം കാത്തുനില്ക്കുകയാണു' എന്നു അവരുടെ മറുപടികേട്ടു ലജ്ജിച്ചു മത്സരംവിട്ടു തുംബുരുവിനെ കാണാതെതന്നെ വിഷ്ണുവിന്റെ അടുക്കൽ പോയി ഈ വിവരം അറിയിച്ചു.

ശ്രീനാരായണനാകട്ടെ, "ഇതുകൊണ്ടുമായില്ല. അ

കേരള സാഹിത്യ അക്കാദമി

ങ്ങു ഇനിയും കുറച്ചുകാലം അഭ്യസിക്കണം— ഞാൻതന്നെ അഭ്യസിപ്പിക്കാം; പക്ഷെ അതിനുള്ള യോഗ്യത ഇപ്പൊഴും വന്നുകഴിഞ്ഞിട്ടില്ലാ. അതുകൊണ്ടു പല പല ദിവ്യഗായകന്മാരുടെയും കൂടെ നടന്നു കേൾവി നന്നായി സമ്പാദിക്ക—അങ്ങിനെ കുറെ കഴിയട്ടെ; പിന്നെ ഞാൻ യദുകുലത്തിൽ ശ്രീകൃഷ്ണനായിട്ടു അവതരിച്ചു ഭൂഭാരം തീൎത്തു ദ്വാരകയിൽ വിശ്രമിക്കുന്ന കാലത്തു എന്റെ അടുക്കൽ വന്നു ഈ കഥ ഓൎമ്മപ്പെടുത്തു. അന്നു അഭ്യസിപ്പിക്കാം" എന്നു പറഞ്ഞയച്ചു. പിന്നേയും നാരദൻ ദിവ്യലോകങ്ങളിൽ സഞ്ചരിച്ചു സാമാന്യം കേൾവി സമ്പാദിച്ചു എന്നുള്ള ഭാവത്തോടുകൂടി ഭാരതയുദ്ധാദി കോലാഹലം കഴിഞ്ഞതിന്റെശേഷം ശ്രീകൃഷ്ണന്റെ സമീപത്തു ചെന്നു് ഇക്കാൎയ്യം ഓൎമ്മപ്പെടുത്തി. അപ്പോൾ ഭഗവാൻ ജാംബവതിയുടെ അടുക്കൽ ഒരുവൎഷം അഭ്യസിച്ചു വരുവാൻ കല്പിച്ചു. അങ്ങിനെ ഒരു വത്സരം കഴിഞ്ഞു ചെന്നപ്പോൾ, ഇനിയൊരു കൊല്ലം സത്യഭാമ അഭ്യസിപ്പിക്കും, എന്നായി. അതും കഴിച്ചു ചെന്നപ്പോൾ രുഗ്മിണിയുടെ അടുക്കലേക്കുവിട്ടു. അവിടെ ചെന്നപ്പോൾ പാടുന്ന സമയങ്ങളിൽ, 'നാരദ! താളം തെററിയല്ലൊ', അല്ലാ മഹൎഷിക്കു രാഗം ഭ്രമമില്ലെന്നുണ്ടൊ, എന്നും മററും രുഗ്മിണിയുടെ ശിഷ്യത്തികളുടെ പരിഹാസം കേൾക്കാറായി. എന്നിട്ടു രണ്ടുകൊല്ലം അവിടെ അഭ്യസിച്ചു. പിന്നെ ബാല്യത്തിൽതന്നെ ഓടക്കുഴലിൽ പേരുകേട്ടിട്ടുള്ള സംഗീതസാരസൎവ്വജ്ഞനായ വാസുദേവസ്വാമിയുടെ അടുക്കലും രണ്ടു് ആണ്ടു അഭ്യസിച്ചു. അപ്പോൾ കാമ, ക്രോധ, ലോഭ, മോഹ, മദ,മാത്സൎയ്യാദി സകല ദോഷങ്ങളും നീങ്ങി സംഗീതസൎവ്വസ്വവും നാരദനിൽ വിളങ്ങി. തുംബുരുവിനോടുള്ള മാത്സൎയ്യമശേഷം അടങ്ങി. അൎജ്ജുനൻ മുതലായവർ ഈ മഹൎഷിയുടെ പാട്ടുകേട്ടു കൊണ്ടാടിത്തുടങ്ങി. നാരദൻ പിന്നെ ബ്രഹ്മാനന്ദം അനുഭവിച്ചു പണ്ടത്തെ മട്ടൊക്കെ വിട്ടു ജീവന്മുക്തനായി നടന്നും തുടങ്ങി.

ഇങ്ങനെ അപാരമായിട്ടുള്ള സംഗീതശാസ്ത്രസമുദ്രത്തിന്റെ മറുകര കണ്ടവർ ദിവ്യലോകത്തുതന്നെ ഒന്നോ രണ്ടോ യോഗ്യന്മാരേയുള്ളു. ഇനി ഭൂലോകത്തിലെ കഥ പറവാനുണ്ടോ? എന്നാലും ഇപ്പോഴും ഇററലി, ജർമ്മനി, ഇംഗ്ലണ്ട് മുതലായ ദ്വീപാന്തരങ്ങളിൽ കാലാവസ്ഥാനുരൂപം ഈ വിദ്യയ്ക്കു പ്രചാരമുണ്ട്. നമ്മുടെ ഭാരതഖണ്ഡത്തിലും ഉത്തരദേശത്തും നല്ല നടപ്പുണ്ട്. മഹമ്മദീയന്മാരിലും നല്ല സംഗീതസമർത്ഥന്മാർ ആ ദിക്കിലുണ്ടെന്നു കേട്ടിട്ടുണ്ട്. ദക്ഷിണദേശത്തും 'തഞ്ചാവൂർ ശരഭോജി' രാജാവിന്റെ സംഗീതവിദ്യാപ്രചാരവൈദഗ്ദ്ധ്യം ഇന്നും സ്ത്രീകളിലും പുരുഷന്മാരിലും പ്രതിഫലിച്ചുതന്നെ കിടക്കുന്നു. മലയാളത്തിൽവച്ചു തിരുവനന്തപുരത്താണ് അധികം ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരുള്ളത്.

൧൦൨൨-ാമാണ്ടു നാടുനീങ്ങിയ മഹാരാജാവിന്റെ സംഗീതപ്രിയതയാണ് ഇതിനെ ഇങ്ങനെ രക്ഷിച്ചതെന്നു നിസ്സംശയം പറയാവുന്നതാണ്.

ഇനി കൊച്ചിസ്സീമയിലെ സ്ഥിതി ആലോചിക്കുന്നതായാൽ തൃശ്ശിവപേരൂരാണ് ഉള്ളതിൽ വച്ചു ഭേദം. ഇവിടെ വിദഗ്ദ്ധയുവതികളാണ് ഈ വിദ്യയിൽ പേരുനേടിയവരുള്ളതു്, എന്നതുകൊണ്ടു യന്ത്രവും കണ്ഠവും യോജിപ്പിച്ചു പാടി, കേൾക്കുന്നവരെ മോഹിപ്പിക്കുവാൻ ഇവൾക്കു പ്രയാസമില്ലെന്നു പലർക്കും അനുഭവംവന്നിട്ടുള്ളതാണല്ലോ.

മലയാളത്തിൽ ഈ സംഗീതം നാടനെന്നും ദേശികമെന്നും രണ്ടു മാതിരി നടപ്പുണ്ട്. അതിൽ 'നാടൻ' ആട്ടക്കഥയിലും, തിരുവാതിരക്കളികളിലും മററുമാണ് നടപ്പുള്ളത്.

ഓരോ രസങ്ങൾക്കു ഓരോജാതി രാഗങ്ങൾ യോജിക്കും. ശൃംഗാരത്തിനു തോടി, കാമോദരി മുതലായതും വീരത്തിനു ഭൈരവി തുടങ്ങിയതും, കരുണത്തിനു ആനന്ദഭൈരവി പ്രഭൃതിയും അത്ഭുതത്തിനു നവരസം മുതലായതും

ഹാസ്യത്തിന്നു പന്തുവരാളി തുടങ്ങിയതും ഭയാനകത്തിന്നു നാഥനാമക്രിയാദിയും ബീഭത്സത്തിന്നു അഠാണപ്രഭൃതിയും രൌദ്രത്തിന്നു ആഹരിതുടങ്ങിയതും ശാന്തത്തിന്നു മോഹനം മുതലായതും അധികം അനുരൂപങ്ങളാണെന്നു അനുഭവരസികന്മാൎക്കു് അറിയാവുന്നതാണല്ലോ.

നാടകമാതിരിയേക്കാൾ 'ദേശിക'മാതിരിയാണു് അധികം രസം കൊടുക്കുന്നതു്. ആയതുകൊണ്ടു് നാടകാഭിനയാദികളിൽ ദേശികവഴിക്കു് അതാതുരസങ്ങൾക്കു് അനുരൂപങ്ങളായ രാഗങ്ങളെ ഉപയോഗിക്കുന്നതായാൽ പിന്നത്തെക്കഥ പറയേണ്ടതില്ലല്ലോ.

വിസ്താരഭയംകൊണ്ടു എല്ലാം ചുരുക്കിപ്പിടിച്ചിട്ടുള്ള ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

വാണീനാരദമുഖസുര
വീണക്കാൎകളുടെ ഗാനരംഗത്തിൽ
ഫേണാന്തരുദ്രനടനം
കാണും കല്യാണി ഗൌരി തുണചെയ്യു.

വില

വില എന്നു പറയുന്നതു രണ്ടുപ്രകാരത്തിൽ വിചാരിക്കപ്പെടാവുന്നതാണു്. സാധാരണയായി വില എന്നു പറയുന്നതിന്റെ അൎത്ഥം ഒരു സാധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുമ്പോൾ അതിന്നു പകരം കൊടുക്കുകയോ വാങ്ങുകയൊ ചെയ്യുന്ന പണമെന്നാകുന്നു. എന്നാൽ ധനശാസ്ത്രത്തിൽ ഇതിന്നു കുറെ വ്യത്യസ്ഥമായ ഒരൎത്ഥവ്യംക്രുടിയുണ്ടു്. അതിൽ വില എന്നു പറയുന്നതു പദാൎത്ഥങ്ങളുടെ താരതമ്യമാകുന്നു. ഈ അൎത്ഥത്തിലുള്ള വില കണക്കാക്കുന്നതു് ഓരോ സാധനങ്ങളെ മറ്റോരോ സാധനങ്ങളോടു് ഒത്തുനോക്കുന്നതിനാലാകുന്നു. ഒരുപറ കോ

തമ്പു കൊടുത്താൽ മൂന്നു പറ നെല്ലു കിട്ടുമെങ്കിൽ ഒരു പറ കോതമ്പിന്റെ വില മൂന്നു പറ നെല്ലാണെന്നു പറയാവുന്നതാണ്. ഇപ്രകാരമുള്ള വിലയിൽ രണ്ടുവിധത്തിൽ ഭേദഗതികൾ വരാവുന്നതാണ്. ഒന്ന് ആന്തരസ്ഥമായ കാരണംകൊണ്ടും, മറേറതു ബഹിസ്ഥമായ കാരണംകൊണ്ടുമാണ് ഇങ്ങിനെ വരുന്നത്. ഒരു പറ കോതമ്പിന്റെ വില സാധാരണയായി ഏകദേശം മൂന്നു പറ നെല്ലാകുന്നു. എന്നാൽ ചിലപ്പോൾ ഇതിൽനിന്നു വളരെ ഭേദപ്പെട്ടു കാണുന്നുണ്ട്. ഒരു കൊല്ലത്തിൽ കോതമ്പു കൃഷിക്കു പ്രത്യേകമായി വളരെ ഗുണമോ ദോഷമോ ഉണ്ടായാലും നെൽകൃഷിക്ക് അപ്രകാരംതന്നെ ഉണ്ടായാലും കോതമ്പിന്റെ വിലയിൽ ഭേദഗതികൾ വരുന്നതാണ്. ഇതിൽ ആദ്യത്തേത് ആന്തരസ്ഥമായ കാരണംകൊണ്ടെന്നും രണ്ടാമത്തേതു ബഹിസ്ഥമായ കാരണംകൊണ്ടെന്നുമാണ് പറഞ്ഞുവരുന്നത്. വിലയുടെ അത്ഥം ഇങ്ങിനെയാകുമ്പോൾ എല്ലാ സാധനങ്ങൾക്കും ഈ ആണ്ടിൽ വില അധികമാണെന്നു പറഞ്ഞു കേൾക്കുന്നതു് അബദ്ധമാണെന്നു സ്പഷ്ടമാണല്ലൊ. നെല്ലു കൊടുത്താൽ കഴിഞ്ഞ കൊല്ലത്തേക്കാൾ അധികം കോതമ്പു കിട്ടുമെന്നും കോതമ്പു കൊടുത്താൽ കഴിഞ്ഞ കൊല്ലത്തേക്കാൾ അധികം നെല്ലു കിട്ടുമെന്നും ഏകകാലത്തിൽ വരുവാൻ പാടില്ലല്ലൊ.

വിലയുടെ ഈ അത്ഥത്തിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന അത്ഥവും ഉൾപ്പെടുന്നതാണ്. ഒരു പറ അരിക്ക് ഒരുറുപ്പിക വിലയാണെന്ന് പറയുമ്പോൾ അരിയെന്ന സാധനത്തേയും, ഉറുപ്പിക എന്ന സാധനത്തേയും സാദൃശ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിന് കോതമ്പും നെല്ലും കൂടി സദൃശപ്പെടുത്തുന്നതിൽനിന്ന് പറയത്തക്കതായ യാതൊരു വ്യത്യാസവും ഇല്ല. ഈ സംഗതി ഓമ്മ വച്ചാൽ നെല്ലുവില ഇപ്പോൾ പണ്ടത്തേക്കാൾ വളരെ അധികമാണെന്ന് പറഞ്ഞുവരുന്നതിന്റെ അത്ഥം കുറെ ഭേദപ്പെടുന്നതാണ്. നെല്ല് പണ്ടത്തെപ്പോലെ വി

ളയുന്നില്ലെന്ന് പറവാൻ യാതൊരു തെളിവുമില്ലെന്നുതന്നെയല്ല പണ്ടത്തേക്കാൾ വളരെ അധികം ദിക്കുകളിൽ ഇപ്പോൾ കൃഷിചെയ്തുവരുന്നുണ്ടെന്നും സ്പഷ്ടമാണ്. അതുകൊണ്ട് ഈ വ്യത്യാസത്തിന് ആന്തരസ്ഥകാരണമൊന്നുമുണ്ടാവാൻ പാടില്ല; ബഹിസ്ഥകാരണമാണുള്ളത്. അമ്പതുകൊല്ലമായിട്ട് ആകരങ്ങളിൽനിന്ന് സ്വൎണ്ണവും വെള്ളിയും അധികമായി എടുത്തുവരുന്നുണ്ട്. ഇതുകൾക്ക് മറ്റു ചില സാധനങ്ങളെപ്പോലെ നാശവുമില്ല. അതുകൊണ്ട് ഉറുപ്പികയുടെ വില കുറയുകയാണ് നെല്ലിന്റെ വില കൂടുകയല്ല ചെയ്തിട്ടുള്ളതെന്നു സ്പഷ്ടമാകുന്നു.

പദാൎത്ഥങ്ങൾക്ക് വിലയുണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന് ആലോചിപ്പാനുള്ളതാണ്. ഉപയോജ്യത, പ്രയത്നസാദ്ധ്യത, എന്നീരണ്ടു ലക്ഷണങ്ങളുമുണ്ടാകുന്നതിനാലാണ് പദാൎത്ഥങ്ങൾക്ക് വിലയുണ്ടാകുന്നത് എന്നാകുന്നു ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മനുഷ്യൎക്ക് ഒരു പ്രകാരത്തിലും ഉപയോഗപ്പെടാത്ത ഒരു പദാൎത്ഥത്തിന് ആരും വിലകൊടുക്കുന്നതല്ലെന്ന് സ്പഷ്ടമാണല്ലോ. എന്നാൽ ചില സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും അതുകൾക്ക് ആരും വിലകൊടുക്കുന്നതായി കാണുന്നില്ല. കാറ്റ്, വെള്ളം, തിയ്യ് മുതലായവ കൂടാതെ മനുഷ്യൎക്ക് ജീവധാരണം ചെയ്യുന്നതിനുകൂടെ അസാദ്ധ്യമാണെങ്കിലും അതുകളെ സാധാരണയായി ആരും വിലകൊടുത്തു വാങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ അവ വളരെ ഉപയോഗമുള്ള പദാൎത്ഥങ്ങളാണെങ്കിലും യാതൊരു പ്രയത്നവുംകൂടാതെ ആവശ്യമുള്ളടത്തോളം കിട്ടുന്നവയാകുന്നു. അതുകൊണ്ട് പദാൎത്ഥങ്ങൾക്ക് വിലയുണ്ടാകുന്നതിന് അതുകൾ ഉപയോജ്യങ്ങളായിരിക്കേണ്ടതിന്നു പുറമെ പ്രയത്നസാദ്ധ്യങ്ങളുമായിരിക്കണം.

വിലയുള്ള എല്ലാ പദാൎത്ഥങ്ങളിലും ഈ രണ്ടു ലക്ഷണങ്ങളുമുണ്ടായിരിക്കുമെങ്കിലും ചിലതിൽ ഒരു ലക്ഷണം പ്രധാനമായും മറ്റു ചിലതിൽ മറ്റേതു പ്രധാനമായും

കാണാവുന്നതാണ്. ഒരു വലിയ മാവിന്റെ നാരായക്കൊമ്പത്തുനിന്ന് പറിച്ച മാങ്ങയ്ക്ക് നിലത്തുനിന്ന് പറിച്ച ഒരു ചെറിയ മാവിന്റെ മാങ്ങയേക്കാൾ അധികം വില ആരും കൊടുക്കയില്ല. മുമ്പിലത്തേത് രണ്ടാമത്തതിനേക്കാൾ അധികം പ്രയത്നം ചെയ്ത് കിട്ടിയതാണെങ്കിലും ഇവിടെ ഉപയോഗം പ്രധാനമാകകൊണ്ട് അതു കിട്ടുന്നതിനുള്ള പ്രയത്നത്തെക്കുറിച്ച് ആരും അത്ര വിചാരിക്കുന്നതല്ല. വളരെ വിലപിടിച്ച ഒരു വൈരക്കല്ലുമോതിരംകൊണ്ടുള്ള ഉപയോഗം എല്ലാവർക്കും ഒരുപോലെ ആയിരിക്കാം. എന്നാൽ അതിന്റെ വില കൊടുക്കുന്നതിന്ന് വേണ്ട ധനം സമ്പാദിപ്പാൻ പ്രയത്നം ചെയ്യുന്നതിന് എല്ലാവരും ഒരുപോലെ ഒരുങ്ങീട്ടുള്ളവരല്ല. ഇവിടെ പ്രയത്നസാദ്ധ്യതയാണ് പ്രധാനമെന്നുതന്നെയല്ല പലരും ഇതിന്റെ ഉപയോഗ്യതയെക്കുറിച്ച് വിചാരിക്കുകതന്നെ ചെയ്യുന്നില്ല.

ഒരു പദാർത്ഥത്തിന്റെ വില സാധാരണയായി അതിന്റെ ഉല്പാദനത്തിന്ന് വേണ്ട വ്യയത്തെ അനുസരിച്ചിരിക്കും. ഉല്പാദനവ്യയം എന്തെല്ലാമാണെന്ന് ആലോചിപ്പാനുള്ളതാണ്. ഭൂമിയിൽ നിന്നുണ്ടാകുന്ന പദാർത്ഥമാണെങ്കിൽ അതിന്റെ ഉല്പാദനവ്യയം, ഭൂമിയുടമസ്ഥന്റെ ആദായമാകുന്ന പാട്ടവും വേലക്കാരുടെ കൂലിയും വിത്ത്, വല്ലി, കന്നുകാലി മുതലായതിന് വേണ്ട മൂലധനം മുൻകൂറായി ചിലവുചെയ്യുന്നവന്റെ ആദായവുമാകുന്നു. കൈത്തൊഴിലുകൊണ്ടുണ്ടാക്കുന്ന വസ്ത്രം മുതലായ സാധനങ്ങളുടെ ഉല്പാദനവ്യയത്തിൽ കൂലിയും മൂലധനക്കാരന്റെ ആദായവും മാത്രമേ പ്രധാനമായി ഗണിപ്പാനുള്ളു. പഞ്ഞിയുടേയും വസ്ത്രത്തിന്റേയും വിലകളുടെ അന്തരം വിചാരിക്കുമ്പോൾ ഭൂമിയുടമസ്ഥന്റെ ആദായം വളരെ തുച്ഛമാകുന്നു. ഇതുകൾക്കു പുറമേ അതാതു സാധനങ്ങൾ ആവശ്യമുള്ളിടത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചിലവും ക്രയവിക്രയം ചെയ്യുന്നവരുടെ ആദായവും കണക്കാക്കേണ്ടതാണ്. വി

ലയെന്നു പറയുന്നതു് ഇതെല്ലാം കൂടിയതാണെന്നു് സാമാന്യമായി പറയാം.

വിലയെന്നതു് ഉല്പാദനവ്യയത്തെ അനുസരിക്കുന്നതിനു പുറമെ ആവശ്യോല്പാദനങ്ങളേയുംകൂടി അനുസരിച്ചിരിക്കുന്നതാണു്. ആവശ്യത്തെ ഉല്പാദനത്തോടു് സമമാക്കുന്നവിധത്തിലായിരിക്കും പദാൎത്ഥങ്ങളുടെ വില. ഒരു പദാൎത്ഥത്തിന്നുള്ള ആവശ്യം വൎദ്ധിക്കുമ്പോൾ അതിന്റെ വില വൎദ്ധിക്കുകയും, ഉല്പാദനം വൎദ്ധിക്കുമ്പോൾ വില കുറയുകയുംചെയ്യും. അതുകൊണ്ടു് ആവശ്യം വൎദ്ധിക്കുമ്പോൾ വില വൎദ്ധിക്കുമെന്നു് മുൻപറഞ്ഞതു് ശരിയാണെങ്കിലും അവസാനത്തിൽ ആവശ്യവൎദ്ധനകൊണ്ടു് വിലയ്ക്കു കുറവാണു് ഉണ്ടാകുന്നതു്. ഒരു വിശേഷമായ പാത്രം ഒരുവൻ ഉണ്ടാക്കി എന്നും, അതിന്നു് ൧൦ ആവശ്യക്കാർ ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ തനിക്കു് കിട്ടണമെന്നുവച്ചു് എല്ലാപേരും അതിന്റെ വില കൂട്ടിക്കൂട്ടിവരുന്നതാണല്ലോ. ഒടുവിൽ ഒൻപതാളുകളും പിൻവാങ്ങി എല്ലാപേരെക്കാളും അധികം വിലകൊടുക്കുന്നതായ പത്താമത്തെ ആൾക്കു് അതു കിട്ടും. ഈ ഉദാഹരണത്തിൽനിന്നു് വില ആവശ്യത്തെ ഉല്പാദനത്തോടു് സമമാക്കുന്നു എന്നും, ആവശ്യം വൎദ്ധിക്കുമ്പോൾ വിലയും വൎദ്ധിക്കുമെന്നും സ്പഷ്ടമാകുന്നു. ഈ പാത്രം ഉണ്ടാക്കീട്ടുള്ളവന്നു് അതിലാഭം കിട്ടീട്ടുണ്ടെന്നു് നിസ്സംശയമാണു്. വേലക്കാർ എല്ലായ്പോഴും ലാഭമുള്ള വ്യാപാരം നോക്കിക്കൊണ്ടിരിക്കുന്നവരാകയാൽ പലരും ഈ പാത്രമുണ്ടാക്കുവാൻ യത്നിച്ചുതുടങ്ങുമെന്നു് പറയേണ്ടതില്ലല്ലോ. അപ്പോൾ ഉല്പാദനം വളരെ വൎദ്ധിക്കും. ഉല്പാദനം വൎദ്ധിക്കുമ്പോൾ ആവശ്യക്കാർ മത്സരിച്ചു് വിലകൂട്ടുകയില്ലെന്നുതന്നെയല്ല വേലക്കാർ താൻ ഉണ്ടാക്കിയതു് മുമ്പിൽ വില്ക്കണമെന്നു മത്സരിച്ചു വില കുറയ്ക്കുകയും ചെയ്യും. അതുകൊണ്ടു് ആവശ്യം വൎദ്ധിക്കുമ്പോൾ വില വൎദ്ധിക്കുമെന്നു പറയാമെങ്കിലും അവസാനത്തിൽ ആവശ്യവ

ദ്ധനംകൊണ്ട് വിലയ്ക്കു കുറവാണ് ഉണ്ടാകുന്നതെന്നു മുമ്പിൽ പറഞ്ഞതും ഈ ഉദാഹരണംകൊണ്ട് സ്പഷ്ടമാകുന്നു.

വിലയെ സംബന്ധിച്ചിടത്തോളം പദാർത്ഥങ്ങളെ മൂന്നുതരമായി ഭാഗിക്കാവുന്നതാണ് ൧. അനന്യസാധാരണമായും ഉല്പാദനം വർദ്ധിപ്പിപ്പാൻ വയ്യാത്തതുമായുള്ള സാധനങ്ങൾ ൨. ഉല്പാദനം വർദ്ധിക്കുന്നതിന്ന് ഉല്പാദനവ്യയവും വർദ്ധിക്കേണ്ടതായ സാധനങ്ങൾ ൩. ഉല്പാദനവ്യയം വർദ്ധിക്കാതെ ഉല്പാദനം വർദ്ധിപ്പിക്കാവുന്ന സാധനങ്ങൾ. ഇതിൽ മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഒന്നാമത്തതിന്റേയും, ഭൂമിയിൽനിന്നും ആകരങ്ങളിൽ നിന്നും ഉണ്ടാകുന്ന സാധനങ്ങൾ ൨-ാമത്തതിന്റേയും, കൈത്തൊഴിൽകൊണ്ടുണ്ടാകുന്ന വസ്ത്രാദിസാധനങ്ങൾ മൂന്നാമത്തതിന്റേയും ഉദാഹരണങ്ങളാകുന്നു. ഇതിൽ ഓരോന്നിന്റെ വിലയെ നിർണ്ണയിക്കുന്നതു താഴെ പറയുന്ന വിധത്തിലാണ്.

൧. ഒരു വസ്തുവിനുള്ള ആവശ്യം വർദ്ധിക്കുന്തോറും അതിന്റെ ഉല്പാദനവും വർദ്ധിക്കുമെന്ന് ഇതിനു മുമ്പിൽ പറഞ്ഞിട്ടുള്ളതു സാമാന്യമായി ശരിയാണെങ്കിലും എത്രതന്നെ ആവശ്യമുണ്ടായിരുന്നാലും ഉല്പാദനത്തെ വർദ്ധിപ്പിപ്പാൻ അസാദ്ധ്യമായ സാധനങ്ങളുമുണ്ട്. മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഇതിനുദാഹരണമാണ്. എന്നാൽ ഈ സാധനങ്ങളുടേയും വിലയെ ക്ലിപ്തപ്പെടുത്തുന്നതും ആവശ്യത്തെ ഉല്പാദനത്തോടു തുല്യമാക്കുന്നതിനാലാകുന്നു. ഇവിടെ ആവശ്യമെന്നുവച്ചാൽ വെറും ആഗ്രഹമെന്നല്ല കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹമെന്നാണ് അർത്ഥം. മേല്പറഞ്ഞമാതിരിയിലുള്ള ചിത്രം കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നവർ അനവധിയുണ്ടാകും. എന്നാൽ അതു കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹം ഒരുവനുമാത്രമേ ഉണ്ടാവാൻ പാടുള്ളു. അവൻ ആ ചിത്രത്തിന് മറ്റെല്ലാവരേക്കാൾ അധികം വില കൊടുപ്പാൻ തയ്യാറായിരി

ക്കം. അതുകൊണ്ട് ഉല്പാദനത്തെ വർദ്ധിപ്പിക്കുവാൻ വയ്യാത്ത സാധനങ്ങളുടെ വില ഉല്പാദനവ്യയത്തെ അനുസരിക്കാതെ ആവശ്യക്കാരുടെ ആഗ്രഹത്തേയും ശക്തിയേയും അനുസരിച്ചിരിക്കും. ആ ആഗ്രഹവും ശക്തിയും ഒരുവന് മറെറല്ലാവരെക്കാളധികമുണ്ടാകുന്നതായാൽ ഉല്പാദനവും ആവശ്യവും തുല്യമായി വരുന്നതാണല്ലോ. ഇങ്ങിനെയുള്ള സാധനങ്ങൾക്ക് കൊടുക്കുന്ന വിലയ്ക്കാകുന്നു സാധാരണയായി മോഹവിലയെന്നു പറയുന്നത്.

൨. ഉല്പാദനം വർദ്ധിക്കുന്നതിന് ഉല്പാദനവ്യയവും വർദ്ധിക്കേണ്ടതായ സാധനങ്ങളുടെ വിലയെക്കുറിച്ചാണ് ഇനി ആലോചിപ്പാനുള്ളത്. ഭൂമിയിൽനിന്നുണ്ടാകുന്ന ധാന്യാദികളും, ആകരങ്ങളിൽനിന്നുണ്ടാകുന്ന ലോഹങ്ങളും ഈ സാധനങ്ങൾക്ക് ഉദാഹരണങ്ങളാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ. ഒരു ഗ്രാമത്തിൽ അഞ്ഞൂറു ജനങ്ങളുണ്ടെന്നും, അവക്ക് വേണ്ടതിന്നുമാത്രമുള്ള നെല്ലുണ്ടാകുന്നതിന് ഫലവത്തായ ഭൂമി സമീപത്തിൽ തന്നെ ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ അവിടെയുണ്ടാകുന്ന നെല്ലിൻെറ വില ഭൂമിയുടമസ്ഥൻെറയും വിത്ത്, വള്ളി, മുതലായതിന്ന് ചിലവുചെയ്യുന്നവൻെറയും ആദായവും പ്രയത്നക്കാരുടെ കൂലിയും കൂടീട്ടുള്ള സംഖ്യയായിരിക്കും. ഇതുപ്രകാരം ഒരുപറ നെല്ലിന് കാൽ ഉറുപ്പിക വിലയാണെന്നിരിക്കട്ടെ. അങ്ങിനെ കാലാന്തരത്തിൽ ആ ഗ്രാമത്തിൽ ജനങ്ങൾ വർദ്ധിച്ചുവരുമ്പോൾ അവർ ഉപജീവനത്തിന് എന്തുചെയ്യും. ഫലവത്തായും സമീപത്തിലിരിക്കുന്നതായും ഉള്ള ഭൂമിയിൽ മുഴവൻ കൃഷി ചെയ്തുവരുന്നുണ്ട്. അതുകൊണ്ട് അവക്ക് വിളവു കുറഞ്ഞ ഭൂമിയിലോ കുറെ ദൂരത്തിലുള്ള ഭൂമിയിലോ രണ്ടിലുമോ കൃഷിചെയ്യേണ്ടിവരും. രണ്ടിലേതുവിധമായാലും മുമ്പിലുണ്ടായിരുന്നതിൽ ഇരട്ടി നെല്ലുണ്ടാകുന്നതിന്നു മുമ്പുണ്ടായിരുന്ന ഉല്പാദനവ്യയത്തിൽ ഇരട്ടിയിലധികം വേണ്ടിവരും. വിളവു കുറഞ്ഞ ഭൂമിയിലാണെങ്കിൽ വളരെ അധികം ദിക്കിൽ കൃഷി ചെയ്യേണ്ടിവരും. അപ്പോൾ ഉ

ല്പാദനവ്യയവും വളരെ വർദ്ധിക്കും. കുറെ ദൂരത്തിലുള്ള ഭൂമിയിലാണെങ്കിൽ നെല്ല് അവിടന്നു ഗ്രാമത്തിലേക്കു കൊണ്ടുവരുന്നതിനുള്ള ചിലവുകൂടി വേണ്ടിവരും. അതുകൊണ്ട് ഏതുവിധമായാലും അഞ്ഞൂറിൽ അധികമായി വർദ്ധിച്ച് ജനങ്ങൾക്കു വേണ്ട നെല്ലിന് ആദ്യമേ കൃഷിചെയ്തുവന്നിരുന്ന നിലത്തിലുണ്ടാകുന്ന നെല്ലിനേക്കാൾ അധികം വില കൊടുക്കേണ്ടിവരും. എന്നാൽ ഗ്രാമക്കാരിൽ ചിലർ അങ്ങിനെ അധികവിലകൊടുത്ത് നെല്ലുവാങ്ങുന്നതു കാണുമ്പോൾ മുമ്പിലത്തെ കൃഷിക്കാരും ആ അധികവിലയെ നിസ്സംശയമായി ആവശ്യപ്പെടുമെന്നു സ്പഷ്ടമാണല്ലോ. അപ്പോൾ ആ ഗ്രാമത്തിൽ വേണ്ട നെല്ലിനെല്ലാം പറയ്ക്കു കാലുറുപ്പികയിലധികം കൊടുക്കേണ്ടിവരും. അതുകൊണ്ട് ഒരു രാജ്യത്തേയ്ക്കു ആവശ്യമുള്ള നെല്ലിൽ ഏതു ഓഹരിക്കോ ഉല്പാദനവ്യയം അധികം വേണ്ടിവരുന്നു ആ ഓഹരിയുടെ വിലയായിരിക്കും അവിടെ ആവശ്യമുള്ള മുഴുവൻ നെല്ലിന്റേയും വില. മററു ധാന്യങ്ങളുടേയും സസ്യങ്ങളുടേയും ലോഹങ്ങളുടേയും വില ഇങ്ങിനെതന്നെ ഇരിക്കുന്നതാണ്.

മേല്പറഞ്ഞ സംഗതികളിൽനിന്ന് ജനവർദ്ധനം നെൽവില വർദ്ധിക്കുന്നതിനുള്ള കാരണങ്ങളിലൊന്നാണെന്നു സ്പഷ്ടമാകുന്നു. ഉല്പാദനം ആവശ്യത്തോട് തുല്യമാകയും ഉല്പാദനവർദ്ധനയ്ക്ക് ഉല്പാദനവ്യയം വർദ്ധിക്കുകയും ചെയ്യേണ്ടിവരുമ്പോൾ ജനങ്ങൾ വർദ്ധിക്കുന്നതുകൊണ്ട് നെൽവില വർദ്ധിക്കാതെ പാടില്ലല്ലോ. ഈ ദോഷത്തിന്റെ നിവാരണത്തിന് രണ്ടു മാർഗ്ഗമുണ്ട്. ൧. മററു രാജ്യങ്ങളിൽനിന്ന് ധാന്യങ്ങൾ കൊണ്ടുവരിക. ൨. കൃഷിപ്പണി സുകരമാകുന്നതിന്നു വേണ്ട പരിഷ്കാരങ്ങൾ ചെയ്യുക, മററു രാജ്യങ്ങളിൽനിന്ന് ധാന്യങ്ങൾ കൊണ്ടുവരുന്നതിന്നു പകരം കൊടുപ്പാൻ ഉപയുക്തസാധനങ്ങൾ ധാരാളമായുണ്ടായിരിക്കണം. അതില്ലാത്തതിനാൽ നമ്മുടെ രാജ്യത്തിൽ ആദ്യത്തെ മാർഗ്ഗം അസാദ്ധ്യമായിട്ടുള്ളതാണ്. അതുകൊണ്ടു ര

ത്തം രണ്ടാമത്തെ മാൎഗ്ഗമാണ് നോക്കേണ്ടതു്. രസശാസ്ത്രനിൎദ്ദിഷ്ടങ്ങളായ വളങ്ങൾ ചേൎക്കുകയും ആവിയന്ത്രങ്ങൾ ഉപയോഗിക്കുകയും മററും ചെയ്തു കൃഷികാൎയ്യത്തിൽ ഉല്പാദനവ്യയം കുറയ്ക്കുകയും വിളവു വൎദ്ധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു വളരെ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്.

ഇനി ആലോചിപ്പാനുള്ളതു് കൈത്തൊഴിലുകൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ വിലയെക്കുറിച്ചാകുന്നു. ഇതുകൾ ഉല്പാദനവ്യയം വൎദ്ധിക്കാതെ ഉല്പാദനം വൎദ്ധിപ്പിക്കാവുന്ന സാധനങ്ങളാകുന്നു. ഇതിന്റെ അൎത്ഥം എന്താണെന്നുവച്ചാൽ ഏതെങ്കിലും പത്തു പാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചിലവ് അഞ്ചു പാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചിലവിൽ ഇരട്ടിയിലധികം വേണ്ടിവരില്ല. എന്നുതന്നെയല്ല വളരെ അധികം ഉണ്ടാക്കുമ്പോൾ ആവിയന്ത്രങ്ങളും മററും ഉപയോഗിക്കാവുന്നതുകൊണ്ട് ശരാശരി ചിലവ് കുറവായിത്തുന്നതുമാണു്. കൃഷികാൎയ്യത്തിലിങ്ങിനെയല്ലെന്നു് മുമ്പിൽ കാണിച്ചിട്ടുണ്ടല്ലൊ. ഇതാണ് വിലയെ സംബന്ധിച്ചിടത്തോളം ഈ വക സാധനങ്ങളും ധാന്യാദികളും തമ്മിലുള്ള വ്യത്യാസം.

കൈത്തൊഴിൽകൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ ഉല്പാദനവ്യയത്തിൽ കാൎയ്യമായിട്ടു വേലക്കാരുടെ കൂലിയെ മാത്രമേ കണക്കാക്കുവാനുള്ളൂ. ഘടികാരത്തിൽ ഉപയോഗിക്കപ്പെടുന്ന ഇരിമ്പ് സ്പ്രിംഗ് ഒരു റാത്തലിന്നും സാധാരണ ഇരിമ്പ് നാലായിരം റാത്തലിന്നും വില ശരിയാണെന്നു് ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഈ സ്പ്രിംഗിന്റെ വില കണക്കാക്കുമ്പോൾ ഇരിമ്പിന്റെ വിലയെക്കുറിച്ചു് ആലോചിപ്പാനില്ലെന്നുതന്നെ പറയാം. അതുകൊണ്ട് ഈ വക സാധനങ്ങളുടെ ഉല്പാദനവ്യയത്തിന്റെ പ്രധാനാംശം കൂലിതന്നെയാണ്. മൂലധനത്തിന്റെ ആദായം അതിൽ വളരെ താണതായ ഒരു അംശവുമാകുന്നു. ഈ രണ്ട് ഇനങ്ങൾ കൂടിയതായിരിക്കും ഈവക സാധനങ്ങളുടെ വിലയെന്ന് ഏകദേശം പറയാവുന്നതാണ്.

ധ്രുവദീപ്തി.

ഭാരതഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ കാലം കഴിച്ചുകൂട്ടുന്ന കേരളീയൎക്ക് അവരവരുടെ വാസസ്ഥലത്തിന്നരികത്തുള്ള വിശേഷങ്ങളെങ്കിലും നടന്നു കണ്ടു സന്തോഷിക്കുവാൻ സാധിക്കുന്നില്ല. പിന്നെയുണ്ടോ അതിന്നപ്പുറമുള്ള കാഴ്ചകൾ അനുഭവിച്ചു രസിപ്പാൻ സംഗതിയാകുന്നു? പരിഷ്കാരം വൎദ്ധിച്ചിട്ടുണ്ടാവുന്ന കൃത്രിമമോടികൾ അന്യദിക്കുകളിലുള്ളതുപോലെ തന്നെ ഒരു കാലത്തല്ലെങ്കിൽ മറെറാരു കാലത്തു നമ്മുടെ നാട്ടിലും ഉണ്ടായേക്കാം. എന്നാൽ അതിമാനുഷശക്തിയാൽ പ്രയുക്തങ്ങളായും അത്യാശ്ചൎയ്യകരങ്ങളായുമുള്ള ചില കാഴ്ചകളുണ്ട്. അവയെ ഒരു കാലത്തും ദേശം പകൎന്നു കാണുവാൻ സാധിക്കുമെന്നു വിചാരിച്ചുകൂടാ. ശീമയിലുള്ളതുപോലെ നമ്മുടെ പുഴകളുടെ അടിയിൽ കൂടിയും തീവണ്ടി ഓടുന്ന കാലം വന്നേക്കാം. സിസിലി രാജ്യത്തുള്ള അഗ്നിപൎവ്വതം മദ്ധ്യകേരളത്തിൽ വന്നു പൊങ്ങുമെന്ന കാൎയ്യം അസാദ്ധ്യംതന്നെ. ഇമ്മാതിരി അത്ഭുതക്കാഴ്ചകൾ ഓരോ ദേശങ്ങൾക്കു പ്രത്യേകമായിട്ടുള്ളവയും അവിടെ ചെന്നു കണ്ടനുഭവിക്കുവാൻ തരമില്ലാത്തപക്ഷം കേട്ടനുഭവിക്കേണ്ടവയും ആകുന്നു. ആ കൂട്ടത്തിൽ ഒന്നാണ് പ്രകൃതലേഖനത്തിന്നു വിഷയമായിത്തീൎന്നിട്ടുള്ള 'ധ്രുവദീപ്തി.'

ഭൂഗോളത്തിന്റെ ഉത്തരദക്ഷിണധ്രുവങ്ങളിലും അയൽരാജ്യങ്ങളിലും ഉള്ള വായുമണ്ഡലത്തിൽ സാധാരണ കണ്ടുവരുന്ന ഒരു മാതിരി പ്രഭാപൂരത്തിന്നാകുന്നു ധ്രുവദീപ്തി എന്നു പറയുന്നത്. അവസ്ഥാന്തരംപോലെ ഈ പ്രകാശത്തിന്നു പല പേരുകളും പറയുന്നുണ്ട്. ദക്ഷിണഗോളാൎദ്ധത്തിലെ ദക്ഷിണദേശങ്ങളിലേക്കാൾ ഉത്തരഗോളാൎദ്ധത്തിലെ ഉത്തരദേശങ്ങളിൽ ഈ പ്രഭക്കു പ്രൌഢതയും തീക്ഷ്ണതയും കൂടുന്നതുകൊ

ണ്ടു് 'ഉത്തരദീപ്തി' എന്നും ചില സമയങ്ങളിൽ അതു കൊടിക്കൂറയുടെ ആകൃതിയിൽ കാണപ്പെടുന്നതുകൊണ്ടു 'ദീപ്തിപതാക' എന്നും അതിനെ വിളിച്ചുവരാറുണ്ടു്. ഈ ദീപ്തിവിശേഷത്തിൻെറ ആകൃതി പലവിധത്തിലും ഉണ്ടു്. ചില സമയങ്ങളിൽ അതിപ്രകാശത്തോടുകൂടിയ അനേകായിരം ഉൽക്കകൾ ഏകോപിച്ചു് അർദ്ധചന്ദ്രാകാരേണ ചക്രവാളത്തിൽ വന്നു വീഴുന്നപോലെയും, ചിലപ്പോൾ അച്ഛതങ്ങളിൽനിന്നു പുറപ്പെടുന്ന അരങ്ങളുടെ മാതിരിയിൽ ധ്രുവലയത്തിങ്കൽനിന്നു ലക്ഷോപലക്ഷം വർണ്ണങ്ങൾ കൊളുത്തിവിട്ടാലത്തെപ്പോലെയും, ചില കാലത്തു് ഉൽക്കകളും വർണ്ണങ്ങളും ഇടതൂന്നു കലന്നപോലെയും, അപൂർവ്വം ചിലപ്പോൾ മേഘത്തിൽനിന്നു ചിന്നിച്ചിതറുന്ന രശ്മികളോടുകൂടിയ സർപ്പത്തിൻെറ ആകൃതിയിൽ വളഞ്ഞുപുളഞ്ഞും മററു പലപ്രകാരത്തിലും ഭംഗ്യന്തരേണ കാണാവുന്നതാണു്. അതിൻെറ നിറം സാധാരണ അരുണോദയവർണ്ണത്തോടു തുല്യമാകുന്നു. എന്നാൽ അതിന്നും സമയഭേദംപോലെ അല്പാല്പം വ്യത്യാസം കാണുന്നുണ്ടു്. ധ്രുവദീപ്തി പ്രകാശിച്ചുതുടങ്ങുമ്പോൾ ആകാശത്തിൻെറ വടക്കുഭാഗത്തുള്ള ഒരു നേരിയ മേഘമൂടലിൽനിന്നു പുറപ്പെടുന്നപോലെയാണു് തോന്നുക. മേഘത്തിൻെറ മേലതിറ് അല്പം വെളുത്തും കീഴതിരു കനത്തും കറുത്തും ഇരിക്കും. ഉപരിഭാഗത്തിൽ കൂടിയാണു് രശ്മിക്കൂട്ടങ്ങൾ പൊട്ടിപ്പുറപ്പെടുന്നതു്. രശ്മികൾക്കു് ഒരു വിറയലും ചിലപ്പോൾ അടുത്തുള്ള വായുമണ്ഡലത്തിൽ പട്ടുശീലകൾ തമ്മിൽ ഉരസുമ്പോൾ ഉണ്ടാവുന്ന ശബ്ദംപോലൊരു ശബ്ദവും ഉണ്ടായിരിക്കും. സാധാരണ ആറേഴു നാഴിക രാച്ചെല്ലുമ്പോൾ പ്രകാശിക്കുവാൻ തുടങ്ങി ഒന്നുരണ്ടു യാമങ്ങളോളം ചിലപ്പോൾ രാവു മുഴുവനൊ ഈ ദീപ്തി നിലനില്ക്കാറുണ്ടു്. ശരൽക്കാലത്തും ഹേമന്തൎത്തുവിൻെറ ആദിയിലും ഇതു കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കും. ഇതു ഭൂമിയിൽനിന്നു ൫൦ മുതൽ ൪൦ നാഴിക ഉയരത്തിലാ

ണ് കാണുന്നത്. * മുഖ്യമായിട്ട് ഉത്തരഗോളാർദ്ധത്തിന്റെ ഉത്തരാക്ഷങ്ങളിലും || അപൂർവ്വമായിട്ട ദക്ഷിണഗോളാർദ്ധത്തിന്റെ ദക്ഷിണാക്ഷങ്ങളിലും അല്ലാതെ ക്രാന്തിവലയത്തിൽ § ധ്രുവദീപ്തി കാണുന്നതല്ല. സ്വീഡൻ, നോർവ്വെ, റഷ്യാ എന്നീ രാജ്യങ്ങളിൽ ഉത്തരാബ്ധിതീരത്തിൽ ഈ കാഴ്ച അതിവിശേഷമായിരിക്കും. ഒരേ ധ്രുവദീപ്തി ഒരേസമയത്തുതന്നെ റഷ്യാരാജ്യത്തിന്റെ പഴയ തലസ്ഥാനമായ മാസ്കോ പട്ടണത്തിലും റോമായിലും സ്പെനിലെ കാഡിസ് പട്ടണത്തിലും കണ്ടിട്ടുണ്ടത്രെ. ഉത്തരാബ്ധിസമീപത്തിൽ അനേകയോജന വിസ്താരമുള്ള ഒരു ഭൂമിയിൽനിന്നു നോക്കുമ്പോൾ കാണുന്ന പ്രഭാപൂരം ആർക്കാണ് കൌതുകത്തെയും ആശ്ചര്യത്തെയും തോന്നിക്കാത്തത്? ആറുമാസം മുഴുവൻ സൂര്യരശ്മി തട്ടാത്ത രാജ്യങ്ങളിൽ ഈ പ്രകാശത്തിന്റെ സഹായമില്ലെങ്കിൽ എങ്ങിനെയാണു കഴിഞ്ഞുകൂടുന്നത്?

അയനമാർഗ്ഗങ്ങളിൽ ധ്രുവദീപ്തി അപ്രത്യക്ഷമാണെന്നും വിഷുവദപത്തങ്ങളിൽ $ സുലഭമാണെന്നും പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ പതിനൊന്നുകൊല്ലം കൂടുമ്പോഴാണ് ഇതിന്റെ സംഖ്യ ഏറ്റവും വർദ്ധിച്ചുകാണുന്നത്. ഈ പതിനൊന്നു കൊല്ലത്തിനിടയ്ക്കു പൂർവ്വാർദ്ധത്തിൽ ക്രമത്തിനു ക്ഷയവും ഉത്തരാർദ്ധത്തിൽ വർദ്ധനയും ആകുന്നു. സൂര്യങ്കലുള്ള പുള്ളികളുടെ വർദ്ധനയ്ക്കും ഇതുതന്നെയാണ് കാലം. അതിനും പുറമെ അറുപതിറ്റുവർഷം കൂടുമ്പോൾ ധ്രുവദീപ്തിയുടെ സംഖ്യ അസാമാന്യമായി വർദ്ധിക്കുകയും ഭൂമിയുടെ അയസ്കാന്തഗുണത്തിനു ക്ഷോഭം സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഒരുകൊല്ലത്തിൽ ഇരുനൂറു ദിവസത്തിനിടയ്ക്കു നൂററി അൻപത്തു തവണ ധ്രുവദീപ്തിയുണ്ടായിട്ടുണ്ടത്രെ.

---

* ദക്ഷിണധ്രുവസമീപത്തിൽ രണ്ടു മൂന്നു് നാഴിക അടുത്തും കണ്ടിട്ടുണ്ട്

|| Latitude. § Tropics $ Higher Latitudes

യൂറോപ്പുഖണ്ഡത്തിന്റെ വടക്കെ അററത്തു ലാപ്പ്ലൻഡ് എന്ന രാജ്യത്തിലെ ബോസിക്കോഫ് എന്ന നഗരത്തിൽ ആയിരത്തിപ്പതിനാലാമാണ്ടു ധനുമകരംകാലത്തിലുണ്ടായ ഒരു ധ്രുവദീപ്തിയെപ്പററി ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു. വൈകുന്നേരം നാലു മണി കഴിഞ്ഞു ആറുമണിക്കുമുമ്പു ബോസിക്കോഫിന്റെ വടക്കുഭാഗത്തു കണ്ടുവരാറുള്ള ധൂമിക*യുടെ നിറം പകൎന്നു ആദ്യം ക്രമമില്ലാതിരുന്ന പ്രഭ ക്ഷണത്തിൽ ഒരു വില്ലിന്റെ ആകൃതിയിലായിതീൎന്നു. വില്ലിന്റെ വളവുഭൂമിക്കു അഭിമുഖവും നിറം മങ്ങിയ മഞ്ഞയും അതിന്റെ സ്ഥിതി, മദ്ധ്യാഹ്നരേഖയിൽനിന്ന് അല്പം എടത്തോട്ടു മാറി അയസ്കാന്തരേഖയോടു (കാന്തസൂചി നില്ക്കുന്ന രേഖ) സമാന്തരമായ രേഖയിലും ആയിരുന്നു. പ്രഭയ്ക്ക് ആകൃതി ലഭിച്ചതോടുകൂടി വൃത്തഖണ്ഡത്തിന്റെ ഇടയ്ക്കിടെ വരിവരിയായി മഞ്ഞരശ്മികളോടു ഇടകലൎന്നു രേഖാമാത്രങ്ങളായ നിഴലുകൾ വീഴുകയും ഈ മഞ്ഞരശ്മികളും നിഴലുംകൂടി ഭൂവലയത്തിൽ വന്നു യോജിച്ചു മദാമ്മമാരുടെ വിശറി നിവൎത്തിയാലത്തെ കൂട്ടത്തിലാകയും ചെയ്തു. ആ നിലയിൽ രശ്മികൾ അതി തീക്ഷ്ണമായ ചലനത്തോടുകൂടി തുടരെത്തുടരെ ചക്രവാളത്തിൽനിന്നു മേല്പോട്ടു വലിക്കയും ഉടനെ ചോട്ടിൽതന്നെ വന്നുകൂടുകയും ചെയ്തുകൊണ്ടു കുറെ നേരം നിന്നു. അതിന്റെ ശേഷം ആ പ്രഭാവിശേഷം വിശറിയുടെ ആകൃതിയിൽതന്നെ ആകാശമദ്ധ്യത്തിലേക്കു ക്രമേണ ഉയൎന്നു. ഉയരുംതോറും ചുളിവുകൾ തെളിയുകയും വൎദ്ധിക്കുകയും ചെയ്തിരുന്നു. കുറെ ചെന്നപ്പോൾ മട്ടാകെ മാറി, രാജകിരീടാകൃതിയിൽ ആകാശത്തു കിടന്നു തിളങ്ങുവാൻ തുടങ്ങി. രശ്മികളുടെ നിറവും പകൎന്നു. ഒരു നിമിഷത്തിനിടയിൽ അനേകവിധം വൎണ്ണങ്ങൾ മാറിമാറി വന്നു. ലക്ഷം നക്ഷത്രങ്ങൾ ചേൎത്തു പതിച്ചാലുണ്ടാകുന്ന പ്രകാശത്തിൽ ഒട്ടും കുറവല്ല.

§ Fog

അപ്പഴത്തെ രശ്മികൾക്കുണ്ടാകുന്ന പ്രകാശം, കാഴ്ച അല്പനേരം മാത്രമെ നിലനിന്നുള്ളൂ. അപ്പോഴെയ്ക്കും പരന്നുകിടന്നിരുന്ന കിരണങ്ങൾ ഒക്കെ അടുത്തുകൂടി കാററു കൊണ്ടാടുന്ന കൊടിക്കൂറയുടെമാതിരി ഒരുമിച്ചുകൊണ്ടു അതിവേഗത്തിൽ മേല്പോട്ടു പറന്നു. ഈ ദീപ്തി പാതകയുടെ വാലുചുവന്നും നടുപച്ചയും ബാക്കി ഒക്കെ കടുത്തമഞ്ഞയും ആയിരുന്നു. തലസ്ഥമിതെഎത്തുന്നതിനു മുമ്പായി അതിൻെറവലിപ്പം ചുരുങ്ങിനിറങ്ങൾ മാഞ്ഞു പ്രകാശംകുറഞ്ഞ് ഒടുവിൽ തീരെ കാണാതാവുകയും ചെയ്തു. ഈ ജഗന്മോഹനമായ ദീപ്തിവിശേഷത്തിനുള്ള കാരണത്തെക്കുറിച്ചു പലരും പല വിധത്തിലാണ് അഭിപ്രായപ്പെടുന്നത്. എന്നാൽ ഇതേവരെ പലരും പലപ്രകാരത്തിൽചെയ്ത പരീക്ഷകളിൽനിന്നു വിദ്യുച്ഛക്തിയാണ് ഇതിൻെറ മൂലമെന്നു മുക്കാലും തീൎച്ചപ്പെടുന്നുണ്ട്. വിദ്യുച്ഛക്തി രണ്ടുവിധമുണ്ട്: ഘനശക്തിയെന്നും ക്ഷയശക്തിയെന്നും; ഇതു രണ്ടുംകൂടി യോജിക്കുമ്പോഴാണ് ഇടി മിന്നൽ ഇവ ഉണ്ടാകുന്നത്. ചില മേഘങ്ങൾ ഘനശക്തിയോടുകൂടിയതും ചിലതു ക്ഷയശക്തിയോടുകൂടിയതും ആയിരിക്കും. ഈ മേഘങ്ങൾ അന്യോന്യം അടുത്തുവരുമ്പോൾ അവയിലുള്ള വിരുദ്ധശക്തികൾക്കു തമ്മിൽ യോജിക്കുവാനുള്ള വാസനയുള്ളതുകൊണ്ട് അവ തമ്മിൽ ചേൎന്നു പ്രകാശിക്കുകയും ചെയ്യുന്നു. ഇതുപോലെതന്നെ ഭൂമിയിലുള്ള ക്ഷയവിദ്യുച്ഛക്തി വായുമണ്ഡലത്തിലുള്ള ഘനവിദ്യുച്ഛക്തിയോടു യോജിക്കുമ്പോഴാകുന്നു ധ്രുവദീപ്തിയുണ്ടാവുന്നത് എന്നാണു വെച്ചിട്ടുള്ളത്. ഭൂമിയോടുകൂടി തിരിയുന്ന വായുമണ്ഡലത്തിൻെറ ഗതിയെ അനുസരിച്ചു ധ്രുവദീപ്തി സഞ്ചരിക്കുന്നതുകൊണ്ടും കാന്തസൂചിയിന്മേൽ വിദ്യുച്ഛക്തി പ്രവൎത്തിക്കുന്നതുപോലെ ധ്രുവദീപ്തിയും പ്രവൎത്തിക്കുന്നതുകൊണ്ടും ഈ ഊഹം അടിസ്ഥാനമില്ലാത്തതല്ല. എന്നാൽ മേഘങ്ങളിലെവിരുദ്ധവിദ്യുച്ഛക്തികൾതമ്മിൽ യോജിക്കുമ്പോൾ അന്തരാളിങ്കലുള്ള

വായുവിന്നു ക്ഷോഭംതട്ടി പുറപ്പെടുന്ന ഇടിനാദം ഈ സംഗതിയിൽ ഉണ്ടാവാത്തതിന്നുള്ളസമാധാനം കണ്ടുപിടിച്ചുകഴിഞ്ഞിട്ടില്ല. സൂര്യനിലുള്ള ഒരു പ്രത്യേകശക്തികൊണ്ടു ഭൂമിയുടെ അയസ്കാന്തഗുണത്തിന്നു ക്ഷോഭം സംഭവിക്കുമ്പോൾ ഭൂമിയിൽ ക്ഷയവിദ്യുച്ഛക്തിയുണ്ടാകുമെന്നും, ആ ശക്തി വായുമണ്ഡലത്തിൽ ലീനമായി കിടക്കുന്ന സംയുക്തവിദ്യുച്ഛക്തിയിൽനിന്നു ഘനവിദ്യുച്ഛക്തിയെ വേർപെടുത്തുമെന്നും, അപ്രകാരം ധ്രുവദീപ്തിക്കു ഹേതുഭൂതങ്ങളായ വിരുദ്ധവിദ്യുച്ഛക്തികൾ ജനിക്കുന്നു എന്നും, ഒരു വിദ്വാൻ പറയുന്നു. ഈ മതം സ്വീകരിക്കുവാൻ ആലോചിച്ചിട്ടു വേണമെന്നു മറ്റു ചിലരും പറയുന്നുണ്ട്. എങ്ങിനെയെങ്കിലും ലോസ്സർട്ട് എന്നൊരു ശാസ്ത്രജ്ഞൻ ഒരു കുന്നിൻെറ മുകളിൽ ധ്രുവദീപ്തി ഉണ്ടാക്കുവാൻ ശ്രമിച്ചിട്ട് ഏതാണ്ടു ഫലിച്ചു എന്നു കേട്ടിട്ടുണ്ട്. പക്ഷെ നിറംമാത്രം വന്നില്ല.

ആർ. വി.

സാഹിത്യവിരോചനം.

ഏതു ഭാഷയുടേയും അഭിവൃദ്ധിക്കും ശുദ്ധിക്കും മുഖ്യമായി ആവശ്യമായിട്ടുള്ളത് ആ ഭാഷയിലെ സാഹിത്യഗ്രന്ഥങ്ങളുടെ ഗുണാഗുണങ്ങളെ ചിന്തിക്കുന്നതിനു സഹായിക്കുന്നതായ സൂത്രങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളാകുന്നു. ഈ വക ഗ്രന്ഥങ്ങൾ ഇല്ലാഞ്ഞാൽ പുതുതായി ഉണ്ടായി വരുന്ന ഗ്രന്ഥങ്ങളെപ്പററി ഗുണമാകട്ടെ, ദോഷമാകട്ടെ, അഭിപ്രായം ഖണ്ഡിച്ചു പറവാൻ സാധാരണ ജനങ്ങൾക്കു സാധിക്കുന്നതല്ലാ. ഒരു സമയം സഹൃദയന്മാരായ വിദ്വാന്മാൎക്ക് അതു സാധിക്കുന്നതാണെങ്കിൽ തന്നെ പ്രമാണപുരസ്സരം പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്നതല്ലല്ലൊ. അതിനാൽ സ

ഹൃദയഹൃദയാഹ്ളാദകമായിരിക്കുന്ന ചമല്ക്കാരങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഉത്തമകാവ്യങ്ങൾക്കും 'ചവൈത്തുഹിചവൈത്തുഹി' എന്നും മറ്റും കുറെ വലിച്ചെഴുതിക്കൂട്ടിയ പൊട്ടക്കാവ്യങ്ങൾക്കും ഒരുപോലെ പ്രചാരം വന്നേക്കാമെന്നു മാത്രമല്ല ചിലപ്പോൾ കള്ളപ്പണം വെള്ളിപ്പണത്തേക്കാൾ വില പോയി എന്നും വന്നേക്കാം. ഈ വിധം ഉത്തമകവനകർത്താക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതായ സഹൃദയവിവേചനം ശൂന്യമായി വരുമ്പോൾ സൽകവനം ക്ഷയിക്കയും ദുഷ്കവനം വർദ്ധിക്കയും എന്നുവേണ്ടാ ഭാഷാഭിവൃദ്ധിയും ശുദ്ധിയും നശിച്ചുപോകയും ചെയ്യുന്നതാകുന്നു. ആയതുകൊണ്ടു ഭാഷാപോഷണതല്പരന്മാരായവർ ഒന്നാമതു ദൃഷ്ടിവയ്ക്കേണ്ടതു സാഹിത്യവിവേചനവിഷയത്തിലാകുന്നു.

നമ്മുടെ ഭാഷയിലാകട്ടെ ഈ വിഷയത്തിൽ ഒരു ഒറ്റ ഗ്രന്ഥം പോലും ഇപ്പോൾ ഇല്ലെന്നു വളരെ വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. കാവ്യലക്ഷണങ്ങളും ദോഷങ്ങളും സവിസ്തരം വർണ്ണിക്കുന്ന സാഹിത്യദർപ്പണം, മുതലായ ഗ്രന്ഥങ്ങൾ അനവധി സംസ്കൃതത്തിലും മാത്യു ആർണ്ണാൾഡ് മുതലായ പണ്ഡിതശ്രേഷ്ഠന്മാർ ഉണ്ടാക്കിയിട്ടുള്ളതായ ഗ്രന്ഥങ്ങൾ വളരെ ഇംഗ്ലീഷിലും ഉണ്ടാകകൊണ്ടു ആ ഭാഷകളിൽ സാമാന്യം അറിവുള്ള ഒരുത്തന് അവയിലുള്ള ഗ്രന്ഥങ്ങളെ വായിച്ചു രസിക്കുന്നതിനുള്ള ശക്തിയുണ്ട്. മലയാളഭാഷയിൽ ഈ വക യാതൊരു ഗ്രന്ഥവും ഇല്ലായ്കയാൽ ഇന്ന ഗ്രന്ഥത്തിന് ഇന്ന ഗുണങ്ങളോ ഇന്ന ദോഷമോ ഉണ്ടെന്നോ ഉത്തമകാവ്യങ്ങൾക്കു വേണ്ട ലക്ഷണങ്ങൾ ഇന്നിന്നവയാണെന്നോ കാവ്യദോഷങ്ങൾ ഇന്നിന്നവയെന്നോ കൢപ്തമായി അറിഞ്ഞിട്ടുള്ളവർ ചുരുക്കം. "കാവ്യം" എന്ന വാക്കിന്റെ അർത്ഥംപോലും ശരിയായി മനസ്സിലാക്കിട്ടുള്ളവർ നമ്മുടെ നാട്ടിൽ അധികം ഉണ്ടെന്നു തോന്നുന്നില്ല.

"കാവ്യം" എന്നുവച്ചാലെന്താണ് എന്ന് ആരോടെങ്കിലും ചോദിച്ചുനോക്കിയാൽ മിക്ക ആളുകളും 'ശ്രീരാമോ

ദന്തം' 'കൃഷ്ണവിലാസം' ഇതൊക്കെയാണ് എന്നാണ് പറയുക. മററു ചിലർ 'കാവ്യം' എന്നു വെച്ചാൽ ഗീർവ്വാണഭാഷയിൽ പുരാണകഥകളെ ശ്ലോകരൂപേണ വർണ്ണിക്കുന്ന ഗ്രന്ഥങ്ങളാകുന്നു എന്നു പറഞ്ഞേക്കാം. എന്നാൽ ശരിയായ അഭിപ്രായക്കാർ പത്തിലൊന്നുപോലും ഇല്ലെന്നു നിശ്ചയംതന്നെ. നമ്മുടെ കൂട്ടരിൽ മിക്കവരും 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട്' ഒരു കാവ്യമാണെന്നു പറയുമോ? നിശ്ചയമായും ഇല്ല. 'ഇന്ദുലേഖാ' ഒരു കാവ്യമാണെന്നു പറയുമോ? നിശ്ചയമായും ഇല്ല. 'വാക്യം രസാത്മകം കാവ്യം' എന്നു ധരിച്ചിട്ടുള്ളവർ വളരെ വളരെ ചുരുക്കം. പദ്യമാകട്ടെ, ഗദ്യമാകട്ടെ, സംസ്കൃതഭാഷയിലാകട്ടെ, വേറെ ഒന്നിലാകട്ടെ, കഥ പ്രാചീനമാകട്ടെ, നവീനമാകട്ടെ, എഴുതിയതു കടലാസ്സിലാകട്ടെ, ഓലയിലാകട്ടെ, ശൃംഗാരാദിരസങ്ങൾ അടങ്ങിയ എതു സാഹിത്യപ്രബന്ധവും കാവ്യമാകുന്നു. നാടകമാകട്ടെ, ആഖ്യായികയാകട്ടെ, കിളിപ്പാട്ടാകട്ടെ, മണിപ്രവാളമാകട്ടെ, പാനയാകട്ടെ, തുള്ളലാകട്ടെ, എന്നുവേണ്ട എല്ലാവക പ്രബന്ധങ്ങളും (ശൃംഗാരം മുതലായ രസങ്ങൾ അടങ്ങിയവയായിരുന്നാൽ) കാവ്യങ്ങളാകുന്നു. കേവലം രസശൂന്യങ്ങളായ കൊഴുവിറക്കാ പണയാധാരം, ഹൈക്കോടതിവിധി, ''എഴുത്തു കിട്ടി വസ്തുത വായിച്ചു മനസ്സിലാക്കി'' എന്നു തുടങ്ങിയ സന്ദേശപത്രങ്ങൾ ഇവയെല്ലാം പ്രബന്ധങ്ങളാണെങ്കിലും കാവ്യങ്ങളാകുന്നതല്ലാ എന്നു പറയേണ്ടതില്ലല്ലോ.

മേൽ കാണിച്ച പ്രകാരം നമ്മുടെ ഇടയിൽ സാഹിത്യവിവേചനവിഷയമായ അറിവും അറിവു സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഇല്ലായ്കകൊണ്ടു മലയാളഭാഷ വലിയ വലിയ കഷ്ടദശയിലായിരിക്കുന്നു. ഉത്തമകാവ്യങ്ങളെ വായിച്ചു രസിപ്പാനുള്ള ശക്തി മുഴുവനും മനുഷ്യനു പ്രകൃതിസിദ്ധമായിട്ടുള്ളതല്ലാ. പഞ്ചസാരയുടെ മാധുര്യവും, പനിനീർ പുഷ്പത്തിൻെറ സൌരഭ്യവും, അനുഭവിച്ചു രസിപ്പാൻ അക്ഷര

ജ്ഞാനംപോലും ഇല്ലാത്തവനും കഴിയുന്നതാണെങ്കിലും 'ഇന്ദുലേഖ' വായിച്ച് അതിലുള്ള രസങ്ങളെ പൂർണ്ണമായി അനുഭവിക്കേണ്ടതിനു ചുരുങ്ങിയ പഠിപ്പുകാരെക്കൊണ്ടു മതിയാകുന്നതല്ലെന്നു വിദ്വാന്മാർക്ക് അറിയാം. അതുകൊണ്ടു സാഹിത്യവിവേചനഗ്രന്ഥങ്ങൾ മലയാളത്തിൽ ഇല്ലാതെയിരിക്കെ വിവേചനശക്തി മലയാളികൾക്കു കുറെ കുറവായിക്കാണുന്നതുകൊണ്ട് ആശ്ചര്യപ്പെടുവാനില്ല. അച്ചടിച്ചുവരുന്ന പുസ്തകങ്ങൾക്കെല്ലാം (നല്ലതാകട്ടെ, ചീത്തയാകട്ടെ) ഒരുപോലെ പ്രചാരം ഉണ്ടായിക്കാണുന്നു. എന്നുതന്നെയല്ല കഷ്ടിച്ചു പുസ്തകത്തിന്റെ പേർ വായിപ്പാൻ കഴിയുന്ന ചില വിദ്വാന്മാർ ചാടിപ്പുറപ്പെട്ടു പുസ്തകം വളരെ സരളവും, ലളവും, മട്ടളവും, ചെണ്ടയും ആകുന്നു എന്നും മററും പറവാൻ മടിക്കുന്നതുമില്ല. 'ഇന്ദുലേഖ'യും സ്ത്രീയാണ്, 'മീനാക്ഷി'യും സ്ത്രീയാണ്. പിന്നെ എന്താണ് തമ്മിൽ വ്യത്യാസം എന്നാണ് ആളുകൾ പറയുക; മലയാളികളായ വായനക്കാർക്ക് ഗ്രന്ഥങ്ങളുടെ ഗുണദോഷം ചിന്തിപ്പാനുള്ള ശക്തി ജലദോഷം പിടിച്ച മൂക്കുപോലെയായിട്ടാണ് കാണുന്നത്. ഇതുകൊണ്ടാണ് മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും കഠിനമായ തരക്കേടു വന്നിരിക്കുന്നതെന്നോ വരുവാൻ പോകുന്നതെന്നോ ഞാൻ ഭയപ്പെടുന്നത്. വല്ല മുക്കിലോ മൂലയിലോ സഹൃദയന്മാരായവരാരെങ്കിലും ഉണ്ടെങ്കിൽ അവർ വല്ല പുസ്തകത്തെപ്പററിയും അഭിപ്രായപ്പെടുന്നതിൽ മുമ്പറഞ്ഞ വിദ്വാന്മാരോടു യോജിച്ചില്ലെന്നു വരികിൽ അതും അപകടം ആയി. സാഹിത്യവിവേചനഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള ഈ വക ദോഷങ്ങളെ കഴിക്കുന്നതു മലയാളഭാഷാപരിഷ്കാരതല്പരന്മാരുടെ ഒന്നാമത്തെ ചുമതലയാണെന്നും ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

ദുഷ്കവിതയുടെ പ്രചാരംകൊണ്ടുള്ള ദോഷങ്ങൾ എത്രത്തോളം ബലപ്പെട്ടവയാണെന്നും അവയെ കഴിക്കുന്നതിനു

വേണ്ടതു ഏൎപ്പാടു ചെയ്യുന്നതു് എത്ര ആവശ്യമാണെന്നും പ്രാചീനന്മാർ അറിഞ്ഞിരുന്നു എന്നു പലേ സംഗതികളാലും ദൃഷ്ടാന്തപ്പെടുന്നു. മുന്നൂറിൽ ചില്വാനം കൊല്ലം മുമ്പു ഇംഗ്ലാണ്ടിൽ ആരെങ്കിലും വല്ല പുസ്തകവുമെഴുതി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതല്ലായിരുന്നു. ഗവൎമ്മെന്റു നിശ്ചയിച്ചിരുന്ന ഒരു പണ്ഡിതസംഘം പരിശോധിച്ചു് അനുമതി കൊടുത്തല്ലാതെ യാതൊരു പുസ്തകവും പ്രസിദ്ധപ്പെടുത്തിക്കൂടായിരുന്നു. ഗ്രീക്കുരാജ്യത്തിൽ പണ്ടാരെങ്കിലും വല്ല പുസ്തകവുമുണ്ടാക്കിയാൽ നാട്ടുകാരെല്ലാവരും ഒത്തു കൂടുന്നതായ മഹോത്സവസ്ഥലങ്ങളിൽ കൊണ്ടുപോയി യോഗ്യന്മാരായ വിദ്വാന്മാരുടെ സദസ്സിൽവെച്ചു വായിച്ചു കേൾപ്പിക്ക പതിവായിരുന്നു. ആ വിദ്വാന്മാരുടെ അഭിപ്രായപ്രകാരമായിരുന്നു പുസ്തകത്തിന്റെ പ്രചാരവും. നമ്മുടെ ഇന്ത്യാരാജ്യത്തുതന്നെ പണ്ടത്തെക്കാലത്തു ഭോജപ്രഭൃതികളുടെ സദസ്സിലുണ്ടായ അഭിപ്രായത്തെ അനുസരിച്ചു ഏതു പുസ്തകത്തിനും പ്രചാരം ഉണ്ടായിരുന്നുള്ളൂ, എന്നു പലേ ലക്ഷ്യങ്ങളിൽനിന്നും തെളിവാകുന്നുണ്ടു്. ഇക്കാലത്തു നമ്മുടെ ഇടയിലുള്ളതുപോലെ നല്ല ഗ്രന്ഥങ്ങൾക്കും ചീത്ത ഗ്രന്ഥങ്ങൾക്കും ഒരുപോലെ പ്രചാരം ഉണ്ടാവുകയും സാഹിത്യവിവേചനം കേവലം ശൂന്യമാകയും ചെയ്യുന്നതു ലോകത്തിൽ യാതൊരുദിക്കിലും യാതൊരുകാലത്തും ഉണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണുവാൻ പ്രയാസം. സാഹിത്യരാജ്യത്തിലുള്ള ഈ വിധമായ അരാജകത്വത്തെ കഴിയുന്നതും വേഗത്തിൽ ദൂരീകരിച്ചു് ഈ വിധം ബാധകളും അഴിമതികളും മേലാൽ ഉണ്ടാകാതെയിരിപ്പാൻവേണ്ടി ആവശ്യമുള്ളതായ നിയമങ്ങളെ നിൎമ്മിക്കുന്നതു അത്യാവശ്യമാകുന്നു.

വിഷമുള്ള ഭക്ഷണപദാൎത്ഥങ്ങളുടെ പ്രചാരത്താൽ പ്രജകൾക്കു് ഏതുപ്രകാരം പ്രാണനാശം വരുന്നുവോ അതുപോലെ തന്നെ ദുഷ്കവിതയുടെ പ്രചാരം സാഹിത്യചമൽക്കാര

ങ്ങളെ ആസ്വദിക്കുന്നതിന്ന് അവക്കുള്ള ശക്തിയെ കെടുക്കുന്നു.

സാഹിത്യവിവേചനാഭാവം മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും ഇതുവരെ എത്രത്തോളം ബാധകമായി ഭവിച്ചിട്ടുണ്ടെന്നും ഈ ദോഷത്തെ നിവാരണം ചെയ്യുന്നതിന്നു വിവേചനവിഷയമായ അറിവു പൊതുവിൽ ജനങ്ങൾക്കുണ്ടാക്കിത്തീർപ്പാൻ ശ്രമിക്കുന്നത് എത്ര ആവശ്യമാണെന്നും ഇതിന്നു മുമ്പു കാണിച്ചിട്ടുണ്ടല്ലോ. ആകയാൽ മലയാളഭാഷാസാഹിത്യത്തിന്റെ പല പിരിവുകളേയും അവയുടെ ഉത്ഭവം, സ്വഭാവം മുതലായവയേയും വിചാരിക്കുന്നതു ഈ സന്ദർഭത്തിൽ ആവശ്യമായി തീർന്നിരിക്കുന്നു.

ലോകത്തിലുള്ള മിക്ക ഭാഷകളിലും ഉള്ളതുപോലെ മലയാളത്തിലും സാഹിത്യത്തിന്നു 'പദ്യം' 'ഗദ്യം' എന്നിങ്ങനെ രണ്ടു പിരിവുകൾ ഉണ്ട്. നമ്മുടെ ഭാഷയിൽ ഇതുവരെ ഉണ്ടാക്കിയതൊ ഇനി ഉണ്ടാക്കുന്നതൊ ആയ സകല കാവ്യങ്ങളും പദ്യമോ ഗദ്യമോ ആയിരിക്കുന്നതാണ്. പദ്യം എന്ന വാക്കുകൊണ്ടു പദങ്ങളെക്കൊണ്ടു രചിച്ചിട്ടുള്ളതെന്നു മാത്രമേ സിദ്ധിക്കുന്നുള്ളു എന്നു വരികിലും അതിന്റെ സാങ്കേതികാർത്ഥം ഇതിൽനിന്നു കുറെ ഭേദപ്പെട്ടിട്ടാണ്. മാത്രകളെ ഏതാനും ക്രമങ്ങളെ അനുസരിച്ചു വിന്യസിക്കുന്നതിനാൽ താളം ഏതുവിധം ഉണ്ടാകുന്നുവോ അതേപ്രകാരം ഗുരുലഘുക്കളായ അക്ഷരങ്ങളെ ചില ക്രമപ്രകാരം വിന്യസിച്ചു കർണ്ണാനന്ദപ്രദമാകുംവണ്ണം ഉണ്ടാക്കുന്നതാകുന്നു 'പദ്യം.' വിന്യാസഭേദംകൊണ്ടു പഞ്ചാരി, ത്രിപുട മുതലായ അനേകവിധ താളങ്ങൾ ഉണ്ടാകുന്നതുപോലെ കേക, കാകളി, കളകാഞ്ചി, മുതലായ പല മാതിരി വൃത്തങ്ങൾ പദ്യത്തിലുണ്ട്. ഗദ്യത്തിനാകട്ടെ, പദങ്ങൾ കൂട്ടിച്ചേർക്കുന്നതിൽ ഈ വക യാതൊരു ക്ലിപ്തവും ഇല്ല. അതിൽ അർത്ഥം വിശദമായി പുറപ്പെടണമെന്നല്ലാതെ പദ്യത്തിലുള്ളപോലെ മാത്രാസങ്കല

നം വേണമെന്നുള്ള നിബ്ബന്ധമില്ലാ. ഇതിൽനിന്നു പദ്യരചന ഗദ്യരചനയെക്കാൾ പ്രയാസമേറുന്നതാണെന്നു അറിയാമല്ലൊ. അതുകൊണ്ടു മലയാളത്തിൽ പ്രഥമമായി ഉണ്ടായതു ഗദ്യമാണെന്നും അതിൽപിന്നെ ഏറിയൊരുകാലം കഴിഞ്ഞശേഷം മാത്രമെ പദ്യം ഉണ്ടായിരിപ്പാൻ പാടുള്ളു എന്നും ചിലർ അനുമാനിച്ചേക്കാം. എന്നാൽ യഥാൎത്ഥം ഇങ്ങിനെയല്ലാ.

സാധാരണയായി ജനസമുദായത്തിന്റെയും, ഭാഷയുടേയും ആരംഭത്തിൽ പദ്യംതന്നെ പ്രധാനം എന്നു പലേ വിദ്വാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ പദ്യം ഏതു പ്രകാരത്തിലുത്ഭവിച്ചു വളൎന്നു വന്നു എന്നു നോക്കുക. പുരാതനകാലങ്ങളിൽ മനുഷ്യവൎഗ്ഗം മുഴുവനും പരിഷ്കാരലേശംപോലും ഇല്ലാതെ വേട്ടയാടിയൊ കാലിമേച്ചു നാടുതെണ്ടിയൊ നടക്കുന്ന പരിഷകളായിരുന്നു എന്നും ഈ പരിഷകൾ പരസ്പരവൈരത്തോടുകൂടി ഇരുന്നു എന്നും ചരിത്രഗ്രന്ഥങ്ങളിൽനിന്നു അറിയാമല്ലൊ. ഇങ്ങിനെ ഒരു പരിഷയിൽ അല്പം സരസ്വതിപ്രസാദം ഉള്ള വല്ലവനും തിന്നു പുളച്ചുകൊണ്ടിരിക്കുന്നതിന്മദ്ധ്യേ തന്റെ പരിഷക്കാർ എതിർപരിഷക്കാരുടെ കാലികളെ എത്ര സാമൎത്ഥ്യത്തോടെ കവൎന്നുകൊണ്ടുവന്നുകളഞ്ഞു എന്നൊ, തന്റെ പരിഷയുടെ നേതാവു് അതി ശക്തന്മാരായ എത്ര എതിരാളികളെ തന്റെ ഗദകൊണ്ടടിച്ചു കൊന്നു എന്നൊ മററൊ പാടുകയും കൎണ്ണാനന്ദപ്രദവും ഗ്രഹണധാരണാദികൾക്കു് ഏററവും എളുപ്പവും ജാത്യഭിമാനോദ്ദീപകവും ആയ ഈ പാട്ടു് മററുള്ളവർ കേട്ടു കൊണ്ടൊടി പഠിച്ചു ചൊല്ലി നടക്കുകയും കാലാന്തരംകൊണ്ടു് ഇതിനും പരിഷ്കൃതമായി വേറെ വിധത്തിലുണ്ടാകുന്ന പാട്ടുകൾക്കും പരക്കെ പ്രചാരമുണ്ടായി വരികയും ചെയ്തിരിക്കണം. ലോകത്തിലുള്ള മിക്ക ജനസമുദായങ്ങളുടെ ഇടയിലും പദ്യം ഇങ്ങിനെ ജനിച്ചു വളൎന്നതാണെ

ന്ന് ഓരോ ഗ്രന്ഥങ്ങളിൽ കാണുന്നതിനെ യുക്തിയും അനുഭവവും സ്ഥിരപ്പെടുത്തുന്നു. ഗ്രീക്ക, ലാററിൻ, സംസ്കൃതം, ഇംഗ്ലീഷ മുതലായ മഹാഭാഷകളിലെല്ലാം ആദ്യം ഉണ്ടായതു പദ്യമാണെന്നു മാത്രമല്ലാ അവയിലുള്ള പ്രധാന കവനങ്ങളും പദ്യരീതിയിലുള്ളവയാകുന്നു. ഇതുപോലെത്തന്നെ മലയാളത്തിലും ആദ്യം ഉണ്ടായ കവനങ്ങൾ പദ്യരീതിയിലാകുന്നു. പരദേശത്തുനിന്നു കേരളത്തിൽവന്നു കുടിയേറിയ നമ്മുടെ പൂൎവ്വന്മാർ ദുർദ്ദേവതാദിബാധകളെ നിവാരണംചെയ്യാൻവേണ്ടി ഭദ്രകാളി, ശാസ്താവു, മുതലായ ദൈവങ്ങളെ ഭജിക്കേണ്ടി വന്നതിൽ ഉപയോഗിപ്പാൻവേണ്ടി പലവിധ കീൎത്തനങ്ങൾ, തോററങ്ങൾ, ഇവയും, തച്ചോളി ഒതേനൻ മുതലായ പരാക്രമശാലികളുടെ ചരിതങ്ങളെ ഘോഷിക്കുന്ന പാട്ടുകളും, കൃഷിപ്പാട്ടുകൾ, കോലടിപ്പാട്ടുകൾ ഈ വക വിനോദകരങ്ങളായ ഗാനങ്ങളും ഉണ്ടാക്കീട്ടുണ്ടായിരിക്കണമെന്നു നിൎവ്വിവാദമാണ്. ഇങ്ങിനെ കീൎത്തനം, പാന, തുള്ളപ്പാട്ട്, കിളിപ്പാട്ട്, മണിപ്രവാളം മുതലായ പലവക ശാഖകളായി നാനാ വിഷയങ്ങളെയും പററി പദ്യകാവ്യങ്ങൾ എണ്ണത്തിലും വണ്ണത്തിലും വൎദ്ധിച്ചുവന്നു. ഗദ്യമാകട്ടെ മലയാളത്തിൽ നന്നാ കുറച്ചു മാത്രമേയുള്ളു. എന്നു മാത്രമല്ല, ഉള്ളതു നൂററിൽ തൊണ്ണൂററി ഒമ്പതും നൂതനകൃതികളും ആണ്. ആദ്യകാലം മുതൽക്കുതന്നെ മലയാളികളുടെ ഇടയിൽ കത്തിടപാടുകൾ ഉണ്ടായിരുന്നതിനാൽ ഒരുവിധം ഗദ്യം നടപ്പുണ്ടായിരുന്നു എന്നു തീൎച്ചയാണെങ്കിലും ചിറയ്ക്കൽ, തലശ്ശേരി, കോഴിക്കോട്, കൊച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ ഗ്രന്ഥവരികൾ എഴുതുവാൻ തുടങ്ങിയതുവരെ ഗദ്യപ്രബന്ധങ്ങൾ യാതൊന്നും ഉണ്ടായതായി കാണുന്നില്ല. ഇതിൽപിന്നെ തച്ചുശാസ്ത്രം, വ്യവഹാരം, വൈദ്യം, കാണജന്മമൎയ്യാദ ഇങ്ങിനെ പലവക വിഷയങ്ങളെപ്പററിയും ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിത്തുടങ്ങി. എന്നാൽ ഇ

വയൊന്നും കാവ്യം എന്നു പറഞ്ഞുകൂടത്തക്കവയല്ലല്ലൊ. ഗദ്യരീതിയിൽ ഉത്തമകവനം മലയാളത്തിലുണ്ടായതു് ശക്തൻ സാമൂതിരിപ്പാട്ടുതമ്പുരാന്റെ കാലത്തു മാത്രമാണു്. അക്കാലത്തുണ്ടായ മഴമംഗലം നമ്പൂരിയുടെ "ഭാഷാനൈഷധം," "പുനംനമ്പൂരിയുടെ പാഞ്ചാലീസ്വയംവരം" ഈ രണ്ടു ചമ്പുക്കളിലുള്ള ഗദ്യത്തിലുള്ള സംസ്കൃതപദങ്ങൾ കുറെ അധികമാണെന്നുണ്ടെങ്കിലും ഇതു രണ്ടും ചമല്ക്കാരസാഗരങ്ങളാണെന്നു സഹൃദയന്മാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ശുദ്ധമെ ഗദ്യരീതിയിൽ കാവ്യങ്ങൾ "കുന്ദലത" വരുന്നതിന്നു മുമ്പ് ഉണ്ടായിട്ടില്ലെന്നുതന്നെ പറയണം. അതിന്നിപ്പുറമാകട്ടെ ഗദ്യകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ അസാധാരണമായ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ടു്. എന്നാൽ ഇവയെല്ലാം ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിന്റെ പ്രധാന അംഗമായ 'നോവൽ' എന്ന കാവ്യരീതിയെ അനുകരിച്ചുള്ളതാകയാൽ മലയാളഭാഷ ഗദ്യത്തിനെ സംബന്ധിച്ചെടത്തോളം ഇംഗ്ലീഷ് സാഹിത്യത്തിന്നു മുഖ്യമായി കടപ്പെട്ടിരിക്കുന്നു എന്നു് പറയേണ്ടിയിരിക്കുന്നു.

മലയാളത്തിലുള്ള പദ്യങ്ങൾ കാകളി, അന്നനട, മുതലായ ചില വൃത്തങ്ങളിൽ എഴുതിയ കിളിപ്പാട്ട്, തുള്ളപ്പാട്ട് ഈ വക സംബന്ധിച്ചെടത്തോളം തമിഴ്മട്ടിനെ അനുസരിച്ചും സ്രഗ്ദ്ധരാ, ഗീതി ഈ വക വൃത്തങ്ങളിലുള്ള. ശ്ലോകങ്ങളെ സംബന്ധിച്ചെടത്തോളം സംസ്കൃതരീതിയെ അനുസരിച്ചും ഇരിക്കുന്നു. ഭാഷയുടെ ഉത്ഭവത്തെപ്പറ്റി ആലോചിക്കുമ്പോൾ വൃത്തങ്ങൾ തമിഴിൽനിന്നു കടം വാങ്ങുവാനാകുന്നു അധികം അവകാശമുള്ളതെന്നു വരികിലും തുഞ്ചത്തെഴുത്തച്ഛനല്ലാതെ ആരുംതന്നെ തമിഴ്സമ്പ്രദായങ്ങളിലുള്ള വൃത്തങ്ങളെ മലയാളത്തിൽ ഏൎപ്പെടുത്തിയതായി കാണുന്നില്ല. ഇതുകൊണ്ടാകുന്നു മലയാളത്തിൽ പദ്യരചന മിക്കതും സംസ്കൃതസമ്പ്രദായത്തെ അവലംബിച്ചിരിക്കുന്നത്. എ

നാൽ സംസ്കൃതവും മലയാളവും തമ്മിൽ ഈ സംഗതിയിൽ ചില സാരമായ വ്യത്യാസങ്ങൾ ഉള്ളത് മറന്നുകൂടുന്നതല്ല. ഒന്നാമത് സംസ്കൃതത്തിൽ ശബ്ദാലങ്കാരം ഉത്തമകവനങ്ങൾക്ക് അപരിത്യാജ്യമായ ഒരു ലക്ഷണമാണെന്നു വെച്ചിട്ടില്ല. എന്നാൽ മലയാളത്തിൽ പ്രാസം (ചുരുങ്ങിയപക്ഷം ദ്വിതീയാക്ഷരപ്രാസമെങ്കിലും) കൂടാത്തതു ശ്ലോകമാണോ എന്നുതന്നെ ചിലർ സംശയിച്ചേക്കും. ഈവക നിഷ്കർഷകൾ ഒരു അർത്ഥത്തെ കുറിക്കുന്ന അനവധി പര്യായശബ്ദങ്ങൾ അടങ്ങിയ സംസ്കൃതത്തിലുംകൂടി കവിയുടെ ഭാവനാശക്തിയുടെ അപ്രതിബന്ധമായ പാച്ചലിന്നും തന്മൂലം അർത്ഥകല്പനയ്ക്കും വളരെ ബാധകമായി വരുന്നു എന്നിരിക്കെ മലയാളത്തിലുള്ള പദദൌർല്ലഭ്യത്തിന്റെ അവസ്ഥക്ക് ഇതുകൊണ്ടുള്ള തരക്കേട് എത്ര അധികമുണ്ടാവേണമെന്ന് ഏവനും ആലോചിച്ചാലറിയാം. അറിയാത്തവരുണ്ടെങ്കിൽ അവർ ഉണ്ണായി വാരിയരുടെ 'നളചരിതം' ആട്ടക്കഥ ഒന്നു വായിച്ചുനോക്കട്ടെ. ഇങ്ങിനെയെല്ലാമിരിക്കെ ഈ നിഷ്കർഷ ഉണ്ടാവാൻ സംഗതി എന്താണിരിക്കുന്നതെന്ന് ആലോചിച്ചുനോക്കുമ്പോൾ ഇത് ഗീർവ്വാണഭാഷയിൽ അധികമായ താല്പര്യത്തോടും പച്ചമലയാളത്തിൽ കേവലം നിന്ദയോടുംകൂടിയ ചില പ്രാചീന വിദ്വാന്മാർ വെച്ച വെയ്പാണെന്നാണു തോന്നുന്നത്. മലയാളത്തിൽ കവിതാപക്ഷം ശബ്ദഭംഗിയല്ലാതെ എന്താണുള്ളത്? അർത്ഥഗാംഭീര്യം ഉണ്ടോ? ഉണ്ടാവാൻ പാടുണ്ടോ? എന്ന അഭിപ്രായം മുറുകെ പിടിച്ചും ഉദ്ദണ്ഡശാസ്ത്രികളുടെ

'ഭാഷാകവിനിവഹോയം
ദോഷാകരവദ്ഭാതി ഭുവനതലേ
പ്രായേണവൃത്തഹീനഃ
സൂര്യാലോകേനിസ്തേജോപ്രസരഃ'

എന്ന ശ്ലോകത്തെ ഉരുവിട്ടുകൊണ്ടും ഇരിക്കുന്ന സംസ്കൃതപണ്ഡിതന്മാർ ഇന്നും നമ്മുടെ കൂട്ടത്തിൽ അനേകം പേർ ഉ

ണ്ട്. മലയാളപദ്യരചനയിൽ അഭിവൃദ്ധി വരണമെങ്കിൽ മേൽ പറഞ്ഞ നിഷ്കർഷയെ ഒന്നാമത് തള്ളിക്കളയണം. എന്നാൽ പ്രാസം ദീക്ഷിക്കാതെ തല്ക്കാലം മലയാളത്തിൽ ശ്ലോകം ഉണ്ടാക്കുവാൻ തുടങ്ങിയാൽ അത് പൊതുജനങ്ങൾക്ക് അത്ര രുചിക്കയില്ല എന്നത് വസ്തുത തന്നെ. എങ്കിലും അൎത്ഥത്തിനു ബാധകമാകുംവണ്ണമുള്ള പ്രാസാപേക്ഷ ഒരു ദൂഷ്യമാണെന്നും അത് കാലക്രമേണ വിട്ടുകളയേണ്ടതാണെന്നും കവികളുടെ മനസ്സിൽ ഒരു ഓൎമ്മയുണ്ടായിരിക്കട്ടെ. 'പച്ച' മലയാളത്തിൽ ഉള്ള പരിഹാസം ഹേതുവായി പ്രാചീനവിദ്വാന്മാർ ഉണ്ടാക്കിട്ടുള്ള നിശ്ചയത്തെ ആസ്പദമാക്കി അൎത്ഥത്തെക്കൊന്നു ശബ്ദത്തിനു വലമിടുന്ന സമ്പ്രദായം ഒരു ദൂഷ്യമാണെന്ന് ആധുനികഭാഷാകവികൾക്കു നല്ല ബോദ്ധ്യം വന്നാൽത്തന്നെ വലിയ കാൎയ്യമായി.

രണ്ടാമതു വലിയൊരു വ്യത്യാസം സംസ്കൃതപദ്യത്തിൽ പദങ്ങൾ യാതൊരു ക്രമവും കൂടാതെ എവിടെയെങ്കിലും ചേൎക്കുന്നതിനു വിരോധമില്ല. മലയാളത്തിലൊ അങ്ങിനെ ചെയ്യുന്നത് അഭംഗിയായി തീരുമെന്നു തന്നെയല്ല, അതുകൊണ്ടു ക്ലിഷ്ടത, സന്ദിഗ്ദ്ധത മുതലായ കാവ്യദോഷങ്ങൾക്കിടയാകുന്നതുമാണ്. സംസ്കൃതത്തിൽ 'ഒന്നായ് ചേൎക്കയുമാം പദങ്ങളിടവിട്ടെങ്കിലും ചേൎത്തിടാം' എങ്കിലും കേരളഭാഷയിങ്കലതുപോലല്ല എന്നു ഘോഷിക്കുന്ന കവിതന്നെ,

'എന്നല്ലലുണ്ടാസ്സുരമന്ത്രരാമൻ
തന്നുത്ഭവേ കൌതുകമെത്രയുണ്ടോ'

"ഇന്ദിരൈസ്വരമഹോ കളിക്കുക ചിരിച്ചെന്നോതുമാളീജനം"
എന്നും മറ്റും പ്രസംഗിച്ചതു കാണുമ്പോൾ ആധുനികകവികൾ ഈ വിഷയത്തിൽ എത്ര അപരാധികളാണെന്നു ദൃഷ്ടാന്തപ്പെടുന്നതാണല്ലൊ. സംസ്കൃതത്തിലുള്ളതുപോലെ മലയാളത്തിൽ വിശേഷണവിശേഷ്യങ്ങൾ തമ്മിലും ആഖ്യാ-

ഖ്യാതങ്ങൾ തമ്മിലും പൊരുത്തം ഇല്ലാത്ത അവസ്ഥ അറിയുന്ന ഏവനും മലയാളത്തിൽ ദൂരാന്വയം തരക്കേടാകുന്നു എന്നറിയാം.

പിന്നെ മൂന്നാമത് ഒരു വ്യത്യാസം, പ്രയോഗിക്കുന്ന പദങ്ങളെപ്പററിയെടത്തോളമാകുന്നു. സംസ്കൃതശ്ലോകങ്ങളിൽ ഉപയോഗിക്കുന്ന പദങ്ങളുടെ ശുദ്ധി, സന്ധി, ഈ സംഗതികളെപ്പററി വലിയ നിഷ്കർഷയുണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മലയാളത്തിലാകട്ടെ സന്ധി ചേർക്കുന്നതിനെപ്പററിയും, മണിപ്രവാളശുദ്ധിയെപ്പററിയും വളരെ തെററായ ഒരു ധാരണ പരക്കെയുണ്ട്. പദങ്ങൾ (ഭാഷയാകട്ടെ സംസ്കൃതത്തിൽനിന്നും എടുത്തവയാകട്ടെ) കൂട്ടിച്ചേർക്കുന്നതിൽ എങ്ങിനെയെങ്കിലും തരംപോലെ ചെത്തിക്കൂർപ്പിക്കുകയോ തല്ലിവീട്ടുകയോ ചെയ്യാനും ഗുരു ലഘുവാക്കുകയും ലഘു ഗുരുവാക്കുകയും ചെയ്യാനും തങ്ങൾക്കു പൂർണ്ണാധികാരം ഉണ്ടെന്നാകുന്നു ഇപ്പോഴുള്ള പല കവികളുടേയും ധാരണ. ഈ വക പ്രയോഗങ്ങളാൽ അശ്രാവ്യത വരുന്നുണ്ടോ എന്നുള്ള ആലോചന അവർക്കു ലേശംപോലും ഇല്ല. 'വരിഷ്ഠമമ സോദരി' എന്നതിൽ 'വരിഷ്ഠാ' എന്നതിനു പകരം ആകാരാന്തം ലോപിച്ചു പ്രയോഗിച്ചതും 'ഉദയഗിരിചുകന്നു' എന്നതിലെ അന്ത്യസ്വരം ദീർഘിച്ചതും ഭാഷാരീതിക്ക് അനുസരിച്ചാണെന്നു മാത്രമല്ല അതുകൊണ്ടു അശ്രാവ്യത വരുന്നതും ഇല്ല. എന്നാൽ 'പൊന്നോലാ പലവിധഭൂഷണങ്ങളാലും' എന്നതിൽ 'ഓലാ' എന്ന അന്ത്യസ്വരം ദീർഘിച്ചതും "പാരിന്നധീശതവനന്ദനനല്ലേരാമൻ" എന്നു പ്രയോഗിച്ചതിൽ 'അല്ലേ' എന്ന പദത്തിലടങ്ങിയ 'ഏ' അവ്യയത്തെ വാനുമറിച്ചതും ചുരുങ്ങിയ കുററമല്ലെന്നു തന്നെയല്ല, അതു വായിക്കുമ്പോൾ കർണ്ണകഠോരമായി തോന്നുന്നു എന്നും സഹൃദയന്മാർ പറയാതിരിക്കയില്ല. 'പോയാരിടം' (=പോയാൽ+ഇടം) മുതലായ പുതിയ സന്ധികളും ഉണ്ണായിവാര്യരുടെ 'ചാമിവ'(=ചാ

കം+ഇവ) മുതലായ പ്രയോഗങ്ങളും അനുകരിക്കത്തക്കവയല്ല. മണിപ്രവാളശുദ്ധിയുടെ കാൎയ്യത്തിൽ വേണ്ടത്തക്ക നിഷ്കൎഷ ചെയ്യുന്നവരായി ആധുനിക ഭാഷാകവികളിൽ ചിലരുണ്ടെന്നു വരികിലും അനേകം ആളുകൾ അപൂൎവ്വങ്ങളായ സംസ്കൃതപദങ്ങളും അര നാഴിക നീളമുള്ള സമാസങ്ങളും ഒന്നോ, അരയോ മലയാളവാക്കുകളോടൊന്നിച്ചു തിലതണ്ഡുലന്യായേന കൂട്ടിക്കലൎത്തി മണിപ്രവാളമെന്ന പേരുമിട്ടു ചില ശ്ലോകങ്ങളുണ്ടാക്കുന്നവരാണ്. അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും, സുബന്തപ്രത്യയങ്ങളും, തിങന്തക്രിയകളും, സംസ്കൃതാവ്യയങ്ങളും മററും മലയാളത്തിൽ ഉപയോഗിച്ചുപോകരുതെന്നു് ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ഒരു വകുപ്പു ചേൎത്താൽ വേണ്ടില്ലെന്നു തോന്നുന്നു. കഴിഞ്ഞ എഫ്. ഏ. പരിക്ഷക്കു പഠിപ്പാൻ വച്ചിരുന്ന 'രുഗ്മിണിപരിണയം' എന്ന മണിപ്രവാളകാവ്യത്തിൽ പകുതിയോളം ശ്ലോകങ്ങൾ ശുദ്ധസംസ്കൃതം തന്നെയാണ്. ഈ വക ശുദ്ധ സംസ്കൃതശ്ലോകങ്ങൾ അടങ്ങിയ പുസ്തകങ്ങൾക്കു 'മണിപ്രവാളം' എന്നു പേരിടുന്നതു കാണുമ്പോൾ ഇതു് അറുപത്തഞ്ചാമത്തെ ഒരു അനാചാരമോ എന്നു ശങ്കിക്കേണ്ടിവരുന്നു

ഭൂകമ്പം.

മലയാളത്തിൽ ഭൂകമ്പം വളരെ അപൂൎവ്വവും വളരെക്കാലത്തിനിടയ്ക്കു് ഉണ്ടായിട്ടുള്ള ഭൂകമ്പങ്ങൾ എല്ലായിടത്തും ഒരുപോലെ വ്യാപിക്കാത്തവയും ആകകൊണ്ടു് അതിന്റെ സ്വഭാവം അനുഭവിച്ചറിഞ്ഞിട്ടുള്ളവർ മലയാളികളുടെ ഇടയിൽ വളരെ ചുരുക്കമായിരിക്കും. ൧൦൭൬-ൽ കോഴിക്കോട്ടും അതിന്റെ സമീപദേശങ്ങളിലും ഒരു ഭൂകമ്പമുണ്ടായി. അന്നു് ഇതെഴുതുന്നയാൾ അവിടെയുണ്ടായിരുന്നു. രാവിലെ ഏഴരയോ

ററു കിടക്കയിൽ ഇരുന്നു, കണ്ണുതുറക്കുമ്പോൾ ശരീരവും ഇരിക്കുന്നിടവും മററുമെല്ലാം മന്ദമായി ചലിക്കുന്നതുപോലെ തോന്നി. ആ ചലനം രണ്ടു മിനിട്ടുനേരം നിലനിന്നു. തലതിരിച്ചൽകൊണ്ടുണ്ടായ ഭ്രാന്തിയാണെന്നാകുന്നു ആദ്യം വിചാരിച്ചത്. കുറച്ചു കഴിഞ്ഞപ്പോഴേ ഭൂകമ്പം എന്നുള്ള ജ്ഞാനം ഉണ്ടായുള്ളൂ.

സാധാരണ ഭൂകമ്പങ്ങളെല്ലാം ഇങ്ങിനെ ഉപായത്തിൽ പോകുന്നവയല്ല. ചില ദിക്കുകളിൽ ഭൂകമ്പങ്ങൾ കൂടക്കൂടെ ഉണ്ടാകുമെന്നുതന്നെയല്ല, ഉണ്ടാകുന്നതെല്ലാം വളരെ ഉഗ്രമായും ഇരിക്കും. ഇവയുടെ ആധിക്യവും തീക്ഷ്ണതയും ജപ്പാൻ എന്ന രാജ്യത്തുള്ളതുപോലെ മററധികം സ്ഥലങ്ങളിലില്ല. ൧൮൮൮-ൽ അവിടെ പത്തൊമ്പതുപ്രാവശ്യം ഭൂകമ്പം ഉണ്ടായിപോൽ. അവ വളരെ നാശകരമായിരുന്നു എങ്കിലും ൯൧-ാമാണ്ട് അക്ടോബർമാസത്തിൽ ഉണ്ടായതിനോടൊത്തുനോക്കുമ്പോൾ മററതെല്ലാം വളരെ നിസ്സാരമെന്നുതന്നെ പറയാം. ഇരുപത്തയ്യായിരം ചതുരശ്രമൈത്സ് വിസ്താരത്തിനുള്ളിലെല്ലാം ഉറപ്പില്ലാത്ത ഭവനങ്ങൾ ഇടിഞ്ഞു വീഴത്തക്കവിധത്തിൽ ഇളക്കമുണ്ടായി. ഇതിൻെറ മദ്ധ്യഭാഗത്തിൽ ഏകദേശം നാലായിരം ചതുരശ്രമൈത്സ് വിസ്താരമുള്ള ദിക്കുകളിലുണ്ടായ ചലനം വിശേഷിച്ചും ഭയങ്കരമായിരുന്നു. അധികം പൊക്കമുള്ള കെട്ടിടങ്ങൾ എല്ലാം, പൊക്കം കുറഞ്ഞവയിൽ ഉറപ്പില്ലാത്ത കെട്ടിടങ്ങൾ, പാലങ്ങൾ, അണകൾ മുതലായവ ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും അതിനാൽ അസംഖ്യം ജനങ്ങൾ മരിക്കുകയും ചെയ്തു. ഏകദേശം തിരുവിതാംകൂർ രാജ്യത്തോളം വലുതായ ഒരു ഭൂഭാഗത്തിലാണ് ഇത്രയും നാശമുണ്ടായത് എന്നുകൂടി ഓർത്താൽ പ്രകൃതഭൂകമ്പത്തിൻെറ ഭയങ്കരസ്വഭാവം കുറേക്കൂടി സ്പഷ്ടമാകുന്നതാണ്.

ഈ ഭയങ്കരമായ സംഭവത്തിൻെറ കാരണമെന്താണെന്ന് അറിയുന്നതിൽ വായനക്കാർക്ക് രസമില്ലാതിരിക്കയില്ലേ

നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അതുണ്ടാകുന്നത് എങ്ങിനെ എന്ന് അനുഭവംകൊണ്ടു തെളിയിപ്പാൻ മാൎഗ്ഗമില്ല. സാദൃശ്യംകൊണ്ടും യുക്തികൊണ്ടും അനുമാനിപ്പാനെ തരമുള്ളു. ഈ വിഷയം നല്ലവണ്ണം മനസ്സിലാകുന്നതിനു ഭൂമി നാരങ്ങപോലെ ഒരു ഗോളമാണെന്നും അതിന്റെ ചുററളവ് ഇരുപത്തയ്യായിരം നാഴികയും വ്യാസദൈൎഘ്യം എണ്ണായിരം നാഴികയും ആണെന്നും നന്നായി ഓൎമ്മ വെയ്ക്കേണ്ടതാണ്

ഭൂമിയുടെ മേൽഭാഗം മുഴുവൻ മണ്ണും വെള്ളവും ആണല്ലോ. ഭൂമി ഒരു നാഴികയോളം മനുഷ്യർ കിളച്ചു താഴ്ത്തീട്ടുണ്ട്. അതു വരെ ഈ ബഹിൎഭാഗത്തിൽ കാണുന്ന ഈ സ്വഭാവത്തിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടു കണ്ടിട്ടില്ല. എന്നാൽ ഉള്ളിലേയ്ക്കു പോകുംതോറും ചൂടുമാത്രം അധികമായി കാണുന്നുണ്ട്. അയ്യായിരത്തിലധികം കോൽ താഴ്ചയുള്ള കുഴൽക്കിണറുകളിൽനിന്നു വരുന്ന ജലം മന്ദോഷ്ണമായി കാണുന്നു. അതുപോലെതന്നെ രണ്ടായിരംകോൽ താഴ്ത്തീട്ടുള്ള കല്ക്കരി എടുക്കുന്ന ആകരങ്ങളിൽ ബഹിൎഭാഗത്തിലുള്ളതിനേക്കാൾ ചൂടു വളരെ അധികമുണ്ടെന്ന് അനുഭവസിദ്ധമാണ്. ഇങ്ങിനെ ഉള്ളിലേയ്ക്കു പോകുന്തോറും ചൂടു വൎദ്ധിച്ചു വരികയാണെങ്കിൽ ഭൂമിയുടെ സ്വഭാവത്തിനും വളരെ വ്യത്യാസം ഉണ്ടാകാതിരിപ്പാൻ പാടില്ല. മുപ്പതു നാല്പതു നാഴികയ്ക്കധികം ഉള്ളിലേയ്ക്കു പോയാൽ അവിടെയെല്ലാം അഗ്നിമയമായി കാണുമെന്നു വിചാരിപ്പാൻ മാൎഗ്ഗമുണ്ട്. ലോഹങ്ങളും മററും ഉരുകി കുഴമ്പായി ജ്വലിച്ചു കിടക്കുകയാണെന്നാകുന്നു ശാസ്ത്രജ്ഞന്മാരുടെ ഊഹം.

എന്തെങ്കിലും ഒരു വസ്തുവിന്റെ അന്തൎഭാഗത്തിൽ ചൂടുള്ള വല്ല സാധനവും ഉണ്ടെങ്കിൽ ആ ചൂട് എന്നെന്നും അവിടെ നില്ക്കുകയല്ല ചെയ്യുന്നത്. അതു പുറത്തേയ്ക്കു പുറപ്പെടുകയും ക്രമേണ ബഹിൎഭാഗത്തിലെല്ലാം വ്യാപിക്കുകയും

കേരള സാഹിത്യ അക്കാദമി

ബഹിൎഭാഗത്തുനിന്ന് അനന്തമായ ആകാശത്തിൽ പ്രസരിക്കുകയും ചെയ്തു, സൂൎയ്യരശ്മിയിൽ ലയിച്ചുപോകുന്നു. ഇങ്ങിനെയുള്ള ഉഷ്ണപ്രസരത്തിൽ ആ സാധനത്തിന്റെ ബഹിൎഭാഗത്തിൽ എല്ലാ സമയവും ചൂടുണ്ടായിരിക്കും. എന്നാൽ അന്തൎഭാഗത്തിലേക്കു വരുന്തോറും ചൂടു വൎദ്ധിച്ചും ഇരിക്കും. ഇതുപോലെതന്നെ എല്ലായ്പോഴും ഭൂമിയുടെ അന്തൎഭാഗത്തുനിന്നു ബഹിൎഭാഗത്തേക്കും ബഹിൎഭാഗത്തുനിന്നു ആകാശത്തേക്കും ഉഷ്ണം പ്രസരിച്ചുകൊണ്ടിരിക്കയാണ് ചെയ്യുന്നത്.

മേൽ കാണിച്ച ഊഹങ്ങളും അനുമാനങ്ങളും ശരിയാണെങ്കിൽ ഭൂകമ്പത്തിന്റെ കാരണം സ്പഷ്ടമാണ്. സാധാരണയായി ഉഷ്ണം വസ്തുക്കളെ വലുതാക്കുകയും, ശീതം ചെറുതാക്കുകയും ചെയ്യുന്നത് അനുഭവസിദ്ധമാണല്ലോ. ഒരു ദ്വാരത്തിൽക്കൂടി തിക്കികടത്താവുന്ന ഒരു ഇരുമ്പുവടി നല്ലവണ്ണം ചൂടുപിടിപ്പിച്ചാൽ ആ ദ്വാരത്തിൽക്കൂടി കടത്തുവാൻ പാടില്ലാത്തവിധത്തിൽ വണ്ണംവെയ്ക്കും. വണ്ടിച്ചക്രത്തിന്റെ പട്ട ഇറക്കുന്നതു വായനക്കാർ പലരും കണ്ടിട്ടുണ്ടായിരിക്കാം. പട്ട നല്ലവണ്ണം പഴുപ്പിച്ചാണ് ഇറക്കുന്നത്. പിന്നെ അതു തണുക്കുമ്പോൾ ഊരിപ്പോകാത്തവിധത്തിൽ കുടുങ്ങിയിരിക്കും. അതുപോലെതന്നെ ഭൂമിയുടെ ഉൾഭാഗത്തുനിന്ന് എല്ലായ്പോഴും ഉഷ്ണം പോയിക്കൊണ്ടിരിക്കുമ്പോൾ ചിലഭാഗങ്ങൾ ക്രമേണ തണുത്തുവരികയും അങ്ങിനെ തണുക്കുമ്പോൾ ഒരു ദിവസം ആ ഭാഗങ്ങളിൽ പെട്ടെന്നു സങ്കോചം ഉണ്ടാവുകയും ചെയ്യുന്നതാണ്. ഉൾഭാഗങ്ങളിൽ ഒരേടത്തു സങ്കോചമുണ്ടാകുമ്പോൾ അതിനുനേരെ മേലെയുള്ള ഭാഗങ്ങൾക്കു ഒരു ചലനം ഉണ്ടാകുന്നതാണല്ലോ. ആ ചലനം ആകുന്നു ഭൂകമ്പം എന്നു പറയപ്പെടുന്നത്. സങ്കോചത്തിന്റെ അവസ്ഥപോലെ ഇരിക്കും ഭൂകമ്പത്തിന്റെ ഗൌരവം. കുറച്ചുഭാഗംമാത്രം ചുരുങ്ങിയാൽ ഭൂകമ്പം വളരെ ഉപായമായി കുറച്ചുഭാഗത്തുമാത്രമേ ഉണ്ടാകയുള്ളൂ. സങ്കോ

ചം അധികഭാഗത്തിൽ വല്ലചലനം ഉണ്ടായാലാണ് ൯൧-ൽ ജപ്പാനിൽ ഉണ്ടായതുപോലെയുള്ള ഭൂകമ്പം ഉണ്ടാകുന്നത്. ഈ ചലനം എപ്പോൾ ഏതുദിക്കിൽ ഉണ്ടാകുമെന്ന് കാലേ അറിയുവാൻ ഒരു നിവൃത്തിയുമില്ല. ചിലരാജ്യങ്ങളിൽ വളരെക്കാലം ഭൂകമ്പം ഇല്ലാതെ ഇരിക്കയും മറ്റു ചിലരാജ്യങ്ങളിൽ അതു കൂടെക്കൂടെ ഉണ്ടാകുകയും ചെയ്യുന്നതിനുള്ള കാരണം എന്തെന്ന് ഊഹിപ്പാൻ വഴി ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ഭൂമിയുടെ അന്തർഭാഗത്തിലുള്ള അഗ്നിജ്വലനം ബഹിർഭാഗത്തുണ്ടാകുന്ന മറ്റു ചില അത്ഭുതസംഭവങ്ങൾക്കും കാരണമാകുന്നുണ്ട്. ചിലഭാഗങ്ങളെ സമുദ്രം വന്നു മൂടിയതായും ചില ദിക്കുകളിൽ സമുദ്രം പിൻവാങ്ങി ഭൂമിപൊങ്ങിയതായും കേൾവിയുണ്ടല്ലോ. ഈ സംഭവങ്ങൾ ഭൂകമ്പംപോലെതന്നെ അന്തരഗ്നിജ്വലനംകൊണ്ടുണ്ടാകുന്ന ചേഷ്ടകളാണെന്നു സ്പഷ്ടമായി ഊഹിപ്പാൻ വഴിയുള്ളതാണ്. സമുദ്രത്തിനു സമീപത്തിലുള്ള ഭൂമി ഇടുങ്ങുമ്പോൾ ആ ഭാഗത്തെ സമുദ്രം വന്നു ആക്രമിക്കുകയും ഉള്ളിലുള്ള അഗ്നിയുടെ ശക്തികൊണ്ടു സമുദ്രത്തിന്റെ അടിയിലുള്ള ഭൂമി എകന്ന് ജലനിരപ്പിന്റെ മേലെ ആകുകയും ചെയ്യുന്നതിനാലാകുന്നു ഈ സംഭവം ഉണ്ടാകുന്നത്. കേരളം സമുദ്രത്തിന്റെ കീഴിൽ കിടന്നിരുന്ന ഭൂമിയാണെന്നും അന്തരഗ്നിയുടെ ചേഷ്ടകൊണ്ടു രണ്ടുനാലായിരം കൊല്ലത്തിനുമുൻപായി സമുദ്രം പിൻവാങ്ങി കരവച്ചതാണെന്നും സ്പഷ്ടമായി കാണ്മാനുണ്ടെന്ന് ഭൂപ്രകൃതിവിജ്ഞന്മാർ പറയുന്നു. ഭൂമിയിൽ ചിലദിക്കുകളിൽ അഗ്നിപർവ്വതങ്ങളുണ്ടെന്ന് വായനക്കാർ കേട്ടിട്ടുണ്ടായിരിക്കാം. അഗ്നിപർവ്വതമെന്ന് പറയുന്നത് ബഹിർഭാഗത്തുള്ള വൃക്ഷങ്ങളും മറ്റും തീപ്പിടിച്ചു കത്തുന്ന പർവ്വതമല്ല. ഭൂമിയുടെ ഒരുഭാഗം പെട്ടെന്ന് പൊട്ടിത്തുറന്നു വളരെ മഹത്തായ ഒരു അഗ്നിജ്വാല പുറത്തുകാണുന്നതിനെയാകുന്നു അഗ്നിപർവ്വതമെന്നു

പറയുന്നത്. അങ്ങിനെപൊട്ടിത്തുറക്കുമ്പോളുണ്ടാകുന്ന ദ്വാരത്തിൽനിന്നു പുറപ്പെടുന്ന ദ്രവവും മറ്റും അഗ്നിപവ്വതത്തിന്റെ നാലുപുറത്തും വ്യാപിക്കുന്നതിനാൽ വളരെ നാശം സംഭവിക്കാവുന്നതാണ്. യൂറോപ്പിൽ ഇററലി എന്ന രാജ്യത്തു ഇങ്ങിനെ ഒരു അഗ്നിപവ്വതത്തിന്റെ പൊട്ടൽ ഉണ്ടായതോടുകൂടി ചുററുമുള്ള നാടെല്ലാം മണ്ണുകൊണ്ടും വെണ്ണീറുകൊണ്ടും മറ്റും മൂടി വലുതായ രണ്ടു പട്ടണങ്ങളും വളരെ ഗ്രാമങ്ങളും അതിലുള്ള ജനങ്ങളും തീരെ നശിച്ചുപോയി. ഭൂമിയുടെ അന്തൎഭാഗത്തുള്ള ചൂടുകൊണ്ടാണ് അഗ്നിപവ്വതമുണ്ടാകുന്നതെന്നു പറഞ്ഞുവല്ലൊ. ഇങ്ങിനെ പൊട്ടുന്നനെ അഗ്നിപവ്വതം പൊട്ടുന്നത് അന്തൎഭാഗത്തിൽ മഹത്തായ ചൂടുണ്ടെന്നുള്ളതിനും ഒരു തെളിവാണ്. അഗ്നിജ്വാലയിൽ കൂടിവരുന്ന പദാൎത്ഥങ്ങളെ പരിശോധിച്ചുനോക്കിയതിൽനിന്നാണ് ഭൂമിയുടെ അന്തൎഭാഗത്തിൽ ലോഹങ്ങളും മറ്റും ഉരുകി കുഴമ്പായി ജ്വലിച്ചുകിടക്കുകയാണെന്നു ഊഹിക്കുന്നതെന്നുള്ളതിന്നു വേറെ ഒരു തെളിവുകൂടിയുണ്ട്. ഭൂമിയിൽ ചിലഭാഗങ്ങളിൽ ഉഷ്ണജലപ്രവാഹം കാണാറുണ്ട്. ഭൂമി പൊട്ടിത്തുറന്നു അഗ്നിപവ്വതം പുറപ്പെടുന്നതുപോലെ ഉറവായി വെള്ളം വളരെ പൊക്കത്തിൽ പുറത്തേക്കു ചാടുന്നു. ആ വെള്ളം സാധാരണ തിളച്ചവെള്ളംപോലെ ചൂടുള്ളതായി കാണുന്നതു ഭൂമിയുടെ അന്തൎഭാഗത്തിൽ ചൂടുണ്ടെന്നുള്ളതിന്നു വളരെ പ്രബലമായ തെളിവാണല്ലൊ.

നാണയം.

നാണയം എന്നുവച്ചാൽ വിശ്വാസ്യതയാകുന്നു. ഒരു കച്ചവടക്കാരനോ മററു വല്ല മുതലാളനോ അശേഷം നാണയക്കുറവില്ലാത്തവനാണെന്നു പറയുമ്പോൾ നാം മനസ്സി

ലാക്കുന്നത് അയാൾക്കു കടം വാങ്ങിയാൽ തിരിയെ കൊടുപ്പാനുള്ള ശക്തിയും സത്യവും ഉണ്ടെന്നാകുന്നു. നല്ല ബാങ്കുകളിലേക്കും നല്ല കച്ചവടക്കാൎക്കും ചുരുങ്ങിയ പലിശയ്ക്കു എത്രയെങ്കിലും ഉറുപ്പിക കൊടുപ്പാൻ ജനങ്ങൾ തയാറാണ്. അത് അവരുടെ നാണയം നല്ലതാകകൊണ്ടാകുന്നു. നാണയത്തിന് അല്പം കുറവുണ്ടെങ്കിൽ ജനങ്ങൾ അധികപ്പലിശ ആവശ്യപ്പെടും. നാണയം അശേഷം നന്നല്ലെങ്കിൽ കടം കൊടുക്കുകതന്നെ ചെയ്കയില്ല. ഇതുപോലെതന്നെ ഓരോ ഗവൎമ്മെണ്ടുകാരുടെ നാണയത്തിനും ഏറക്കുറച്ചിലുണ്ട്. ഇംഗ്ലീഷ് ഗവൎമ്മെണ്ടിലെ സത്യത്തിലും സമൃദ്ധതയിലും ജനങ്ങൾക്കു പൂൎണ്ണവിശ്വാസമുള്ളതുകൊണ്ടു ആണ്ടിൽ നൂറിന് ന -വീതം പലിശക്ക് ഉറുപ്പിക കൊടുപ്പാൻ ആളുകൾ ധാരാളം. എന്നാൽ തുൎക്കി മുതലായ ചില ഗവൎമ്മെണ്ടിലെ ദാരിദ്ര്യവും അവ്യവസ്ഥയും ഹേതുവായിട്ടു അവൎക്കു പന്ത്രണ്ടുവീതം പലിശക്കു കൂടി കടം കിട്ടുവാൻ പ്രയാസം. ഒരു നാട്ടിലുള്ള കച്ചവടക്കാരുടേയും മുതലാളന്മാരുടേയും വിശ്വാസ്യത വൎദ്ധിക്കുംതോറും ധനോല്പാദനത്തിന് ഉപയോഗപ്പെടുത്താവുന്ന മൂലധനവും ആ രാജ്യത്തിൽ വൎദ്ധിച്ചുവരും. ഒരാൾക്കു മാസംതോറും മുന്നൂറുറുപ്പിക ശമ്പളമൊ മറ്റുവല്ലവിധത്തിലുള്ള ആദായമൊ ഉണ്ടെന്നും അയാൾക്കു ചിലവു നൂറമ്പത് ഉറുപ്പികയെ ഉള്ളൂ എന്നും ഇരിക്കട്ടെ. ബാക്കി ഉറുപ്പിക ധനോല്പാദനത്തിനായി അയാൾക്കു തന്നെ ഉപയോഗിക്കുന്നതിനു സൌകൎയ്യമുണ്ടായിരിക്കയില്ല. എന്നാൽ ആ നാട്ടിൽ നല്ല വിശ്വസ്തന്മാരായ ബാങ്കുകാരോ, കച്ചവടക്കാരോ ഉണ്ടെങ്കിൽ ചിലവു കഴിച്ചു ബാക്കിയുള്ള സംഖ്യ ആവശ്യമുള്ളപ്പോൾ ഏതാനുമൊ മുഴുവനുമൊ തരത്തക്കവണ്ണം വച്ചു അവൎക്കു ചുരുങ്ങിയ പലിശക്കു കൊടുക്കാം. അവർ ആ സംഖ്യ ഉറപ്പുവാങ്ങി കച്ചവടത്തിലോ കൃഷിപ്പണിയിലോ മറ്റോ ഏൎപ്പെട്ടിട്ടുള്ളവൎക്കു കുറെ ജാസ്തി പലിശക്കു കൊടുക്കും. അങ്ങി

നെയാകുമ്പോൾ ആ സംഖ്യ ധനോല്പാദനത്തിന് ഉപയോഗപ്പെടുകയും എല്ലാ കക്ഷികൾക്കും ഉപകാരമാകയും ചെയ്യുന്നു. നാണയം അല്ലെങ്കിൽ വിശ്വാസ്യതകൊണ്ടുണ്ടാകുന്ന ഉപകാരങ്ങളിൽ ഇതാകുന്നു പ്രധാനമായിട്ടുള്ളത്.

നാണയംകൊണ്ടു മറെറാരു ഗുണമെന്തെന്നാൽ, അതുകൊണ്ടു കൂട്ടുമുതൽക്കമ്പനികളെ സ്ഥാപിപ്പാൻ കഴിയുന്നു. ഒരു നാട്ടിൽ പുകവണ്ടി നടപ്പാക്കുന്നതിന് അമ്പതുലക്ഷം ഉറുപ്പിക വേണ്ടിവരുമെന്നിരിക്കട്ടെ. ഈ സംഖ്യ മുഴുവൻ ചിലവുചെയ്യുന്നതിന് ശക്തന്മാരായിട്ടുള്ളവരില്ലെന്നു തന്നെ പറയാം. എന്നാൽ അതിൻെറ പ്രമാണികളായി പുറപ്പെടുന്നവർ നല്ല വിശ്വാസയോഗ്യന്മാരായ മുതലാളന്മാരായിരുന്നാൽ അതിൽ പണം ഇറക്കുന്നതിനു വളരെ ആളുകൾ തയാറായിരിക്കും. ഓഹരി ൧-ക്കു ൧൦൦-ഉറുപ്പികവീതം അമ്പതിനായിരം ഓഹരിയായി പണം പിരിച്ചാൽ ഓഹരികൾ മുഴുവനും എടുപ്പാൻ ആളുകൾ ഉണ്ടാവാനിടയുള്ളതാണ്. അങ്ങിനെയാകുമ്പോൾ ആദായത്തിന് ഉപയോഗപ്പെടുത്തുവാൻ തരമില്ലാതെ അല്പസംഖ്യകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവൎക്ക് ആദായത്തിന് ഒരു വഴിയുണ്ടാകയും ബഹുജനങ്ങളുടെ ഉപകാരത്തിനും നാട്ടിലെ ധനവൃദ്ധിക്കും കൊള്ളുന്നതായ ഒരു വലിയ ഉദ്യമം സാദ്ധ്യമാകയും ചെയ്യുന്നു. നാണയത്തിൻെറ ഗുണംകൊണ്ടാകുന്നു, നോട്ടുകൾ ഉപയോഗിപ്പാൻ സാദ്ധ്യമാകുന്നത്. നോട്ടെന്നു പറയുന്നത് അതു കൊണ്ടുവരുന്ന ആൾക്ക് ഇത്ര ഉറുപ്പിക കൊടുത്തുകൊള്ളാമെന്നു ഒരു ബാങ്കിൽനിന്നു എഴുതിക്കൊടുക്കുന്ന ഒരു ഉടമ്പടിപത്രമാകുന്നു. ആരെങ്കിലും അത് ആ ബാങ്കിൽ കൊണ്ടുകൊടുത്താൽ ഉടനെ ഉറുപ്പിക കിട്ടുമെന്നുള്ള പൂൎണ്ണവിശ്വാസം ജനങ്ങൾക്കുള്ളതിനാൽ നോട്ടുകളെ ജനങ്ങൾ നാണ്യങ്ങളെപ്പോലെ തന്നെ ശങ്കകൂടാതെ കൈമാററംചെയ്യുന്നു. ഒരു ബാങ്കിൽനിന്നു മുപ്പതുലക്ഷം ഉറുപ്പികക്കു നോട്ടുണ്ടാക്കിയാൽ

ആവശ്യക്കാൎക്ക് ഉറുപ്പികതന്നെ കൊടുക്കുന്നതിന്നു പത്തുലക്ഷം ഉറുപ്പിക മുടക്കിവച്ചാൽ മതിയെന്ന് അനുഭവസിദ്ധമാണ്. അതുകൊണ്ട് ആ നാട്ടിൽ മുമ്പുള്ളതിൽ ഇരുപതുലക്ഷം ഉറുപ്പികകൂടി വ്യാവൎത്തനത്തിന്ന് ഉപയോഗപ്പെടുന്നു. നാണയഗുണംകൊണ്ടു മേല്പറഞ്ഞ ഗുണങ്ങൾ സിദ്ധിക്കുന്നതാണ്. ഈ നാട്ടിൽ വ്യാപാരികളുടേയും മററും നാണയത്തിന്നു ഗുണം മതിയാകാത്തതുകൊണ്ട് ഈ വകയൊന്നും അത്ര സാദ്ധ്യമാകുന്നില്ല. നമ്മുടെ ഉണ്ടിയക്കച്ചവടക്കാർ നോട്ടുണ്ടാക്കിയാൽ അതു നാണ്യങ്ങളെപ്പോലെ കൈമാററം ചെയ്യത്തക്കവണ്ണം ജനങ്ങൾക്ക് അവരിൽ വിശ്വാസമുണ്ടാകയില്ലെന്നു നിശ്ചയംതന്നെ. അതുപോലെതന്നെ നാലഞ്ചാളുകൾ കൂടി ഒരു കൂട്ടുമുതൽകമ്പനി ഏൎപ്പെടുത്തുവാൻ ഉത്സാഹിച്ചാൽ ആകെയുള്ള സംഖ്യ വളരെ വലിയതാണെങ്കിൽ ഓഹരിയെടുപ്പാൻ അധികം ആളുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇതിന് ഒരു കാരണം സാധാരണ ജനങ്ങൾക്കു വ്യവസായസംബന്ധമായ ജ്ഞാനവും ധൈൎയ്യവും കുറവാണെന്നുള്ള സംഗതിതന്നെയായിരിക്കാം. എന്നാൽ അതിന്റെ പ്രധാനകാരണം നമ്മുടെ വ്യാപാരികളുടെ നാണയക്കുറവുതന്നെയാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. നാണയസംബന്ധമായി വളരെ സംഗതികൾ പറവാനുണ്ട്. എന്നാൽ അതുകൾ കുറെ കാഠിന്യമുള്ള വിഷയങ്ങളാകകൊണ്ടു ധനശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പ്രാഥമികഗ്രന്ഥത്തിൽ അതുകളെപ്പററി പ്രസ്താവിക്കുന്നത് ആവശ്യമാകുമെന്നു തോന്നുന്നില്ലാത്തതിനാൽ അത് ഇവിടെ നിറുത്തിവച്ചിരിക്കുന്നു.

൫൩ സ്വത്ത്

മനുഷ്യരുടെ മുഖ്യമായ പഠിപ്പ് മനുഷ്യവൎഗ്ഗത്തെപ്പററിതന്നെയാണെന്നു യോഗ്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അ

ത്തു യഥാൎത്ഥമാണ്. ആദ്യം അവനവനെ അറിഞ്ഞിട്ട് വേണമല്ലൊ മററുള്ളവരെപ്പററി അറിഞ്ഞുതുടങ്ങുവാൻ. എന്നാൽ ഈ പഠിപ്പ് പ്രയാസം ഇല്ലാത്തതാണെന്നൊ വേഗത്തിൽ കഴിക്കാവൊന്നാണെന്നൊ ആൎക്കും വിചാരിച്ചുകൂടാ. യോഗ്യന്മാരായ പലരും ഇപ്പോഴും ഇതിൽ പരിശ്രമിച്ചു പുതിയതായ പല സംഗതികളും കണ്ടുപിടിക്കുന്നുണ്ട്. അവയെ എല്ലാം വിസ്താരമായി എഴുതുവാൻ ഇപ്പോൾ കഴിയാത്തതിനാലും, ഇപ്പോൾ വിവരിപ്പാൻ പോകുന്ന സംഗതികൾ അവയിൽ മുഖ്യമായിട്ടുള്ളവയാകയാലും, കുറച്ചു കാലങ്ങൾക്കിപ്പുറമായി മലയാളത്തിൽ ഉണ്ടായ പല തൎക്കങ്ങളും തീൎച്ചപ്പെടുത്തുവാൻ ഇതിന്റെ അറിവ് മുഖ്യാവശ്യമായിട്ടുള്ളതാണെന്ന് എനിക്ക് തോന്നുകയാലും, ചുരുക്കമായ ഒരു വിവരണമെങ്കിലും ഇതിനെപ്പററി ചെയ്യേണ്ടതാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മനുഷ്യരുടെ ആദ്യകാലത്തിൽ അവർ ശുദ്ധമേ മൃഗപ്രായന്മാരായി ഗുഹകളിലും മററും താമസിച്ച് കണ്ണിൽ കാണുന്ന ജന്തുക്കളെ കൊന്നൊ, കായ്കനികൾ ശേഖരിച്ചൊ, ഭക്ഷണംകഴിച്ചുവന്നിരുന്നു എന്നും, അന്നു അവൎക്കു മരംകൊണ്ടും കല്ലുകൊണ്ടും ഉണ്ടാക്കാൻ കഴിയുന്നതായ ആയുധങ്ങൾ അല്ലാതെ വേറെ യാതൊന്നും ഉണ്ടായിരുന്നില്ലെന്നും, ഓരോരുത്തൻ അവനവന്റെ എടം മാത്രം നോക്കി നടന്നിരുന്നു എന്നും മററും ആണ്, ഈ വിഷയങ്ങളിൽ പരിശ്രമിച്ച യൂറോപ്പിലെ ആധുനികപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ഗുഹകളിലും മററു ചില സ്ഥലങ്ങളിലും മനുഷ്യരുടെ എല്ലുകളും അവർ ഉപയോഗിച്ചുവന്നിരുന്നവയായ എത്രയോ അപരിഷ്കൃതങ്ങളായ ആയുധങ്ങളും സാമാനങ്ങളും കന്നിച്ചു കിടക്കുന്നത് ഇപ്പോഴും പല ദിക്കിലും കാണാവുന്നതാണ്. ഇവയിൽനിന്നും വേറെ രേഖകളിൽനിന്നും വിശേഷിച്ച് ഇപ്പോഴും ഏതാദൃശമായ സ്വഭാവത്തോടുകൂടിയ മനുഷ്യരെ ഭൂമിയുടെ ചില ഭാഗങ്ങളിൽ കാണ്മാനുള്ളതിൽ

നിന്നും ആണ് ഇവർ ഇങ്ങിനെ തീൎച്ചപ്പെടുത്തിയിരിക്കുന്നത്. ഈ നിലയിൽ ഈ കൂട്ടർ ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗം തങ്ങളുടെ സ്വന്തമാക്കി വിചാരിച്ചു വന്നിരുന്നുവോ എന്നു സംശയമാണ്. ഇവരിൽ ഒരാൾ വല്ലദിക്കിലും ചെന്നിരുന്നാൽ അയാൾ അവിടെനിന്നും പോകുന്നതുവരെ വേറെ ആരും അവിടെനിന്ന് അയാളെ ആട്ടിക്കളഞ്ഞില്ലെന്നുവന്നേക്കാം. അയാളിലും ബലവാനായ മറെറാരാൾ ഒരു സമയം അയാളെ സ്ഥാനഭ്രഷ്ടനാക്കി എന്നും വന്നേക്കാം. "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്നുതന്നെയായിരുന്നു അക്കാലത്തെ മൎയ്യാദ. ഈ നിലയിൽ ആൎക്കെങ്കിലും ഭൂസ്വത്തുണ്ടെന്നു വിചാരിപ്പാൻ പാടുണ്ടോ? ഇല്ല.

മനുഷ്യവൎഗ്ഗം ആദ്യം ഇങ്ങിനെ ഇരുന്നിരുന്നതിൽ നിന്നു ക്രമേണ പരിഷ്ക്കാരത്തെ പ്രാപിച്ചു വന്നു. മേൽ വിവരിച്ചവരിൽ നിന്ന് അല്പം ഭേദപ്പെട്ടവരും പരിഷ്ക്കാരം കുറച്ചൊന്നു ലഭിച്ചവരും ആയ രണ്ടാമത്തെ തരക്കാരുടെ സമ്പ്രദായം ഇനിപ്പറയാം. ഇവർ ഓരോരോ സംഘക്കാരായിച്ചേൎന്നു പശു, ആടു മുതലായ ഇണക്കമൃഗങ്ങളെ ശേഖരിച്ച് ഓരോ ദിക്കിൽ താമസിച്ചും സഞ്ചരിച്ചും വന്നവരായിരുന്നു.

ഓരോരോ സംഘത്തിൽ വളരെ ആളുകൾ ഉണ്ടായിരുന്നു, എങ്കിലും അവരെല്ലാം ഒരാളുടെ പുത്രപൌത്രസൌദൎയ്യന്മാരാണെന്നാണ് വിചാരിച്ചിരുന്നത്. വാസ്തവം ഏതുവിധമായിരുന്നാലും അവരുടെ വിചാരം അങ്ങിനെയായിരുന്നു. ഭൂമിയിൽ സ്ഥലം അധികരിച്ചും ആളുകൾ കുറഞ്ഞും ആയിരുന്നതിനാൽ പടുമുളയായി ഉണ്ടാകുന്ന കായ്കനികൾ തന്നെ അന്നത്തെ കാലത്തെ ആളുകൾക്ക് ഭക്ഷണത്തിന് ധാരാളമായിരുന്നതുകൊണ്ട് വേറെവിധം ഉണ്ടാക്കേണ്ടുന്ന അദ്ധ്വാനം അവർ ചെയ്തിരുന്നില്ല.

ആ പ്രവൃത്തിശീലമുണ്ടായിരുന്നുവോ എന്നുതന്നെ വളരെ സംശയമാണ്. ഒരാൾ തനിച്ചുനടക്കുന്നതിനേക്കാൾ

യാതൊരു പിനൽകോട്ടം ഇല്ലാത്ത അന്നത്തെക്കാലത്തു കൂട്ടംകൂട്ടമായി നടക്കുകതന്നെ ആണ് നല്ലത് എന്നു വിചാരിച്ചായിരിക്കണം ഇവർ കൂട്ടംകൂട്ടമായി സഞ്ചരിച്ചുവന്നിരുന്നത് എന്നാണ് ഊഹിക്കേണ്ടത്.

ഒരു ദിക്കിൽതന്നെ വളരെക്കാലം താമസിക്കുന്നതായാൽ ഭക്ഷണത്തിനു പ്രയത്നംകൂടാതെ കിട്ടുവാൻ ഞെരുക്കമായിരുന്നതുകൊണ്ടായിരിക്കാം ഇവർ സഞ്ചാരവൃത്തിയെ അനുഷ്ഠിച്ചിരുന്നത്. ഇവർ കുറച്ചുകാലം ഒരു ദിക്കിൽ താമസിച്ചാൽ അവിടംവിട്ടു തങ്ങൾക്കും കാലികൾക്കും സൌകൎയ്യമായും അനായാസമായും ഭക്ഷണംകഴിപ്പാൻ തരമുള്ള പ്രദേശങ്ങളിലേക്ക് കെട്ടുകെട്ടും. അവിടെ കുറേക്കാലം താമസിക്കും. പിന്നെ വേറെ ഒരു സ്ഥലത്തേക്കു മാറും. ഇങ്ങിനെയായിരുന്നു കഴിച്ചുവന്നിരുന്നത്. കാട്ടുമൃഗങ്ങളും കായ്കനികളും തന്നെയായിരുന്നു ഇവരുടെ മുഖ്യ ഭക്ഷണം. എങ്കിലും അവ എപ്പോഴെങ്കിലും കിട്ടാതെ ബുദ്ധിമുട്ടിയാൽ അപ്പോഴത്തെ നിവൃത്തിക്കുവേണ്ടിയും തങ്ങളുടെ സാമാനങ്ങൾ ചുമക്കുവാനും ആയിരുന്നു അവർ എണക്കു മൃഗങ്ങളെ വളൎത്തി വന്നിരുന്നത്. ഇവർ ചെറിയ ചാളകളിലും കൂടാരങ്ങളിലും ആയിരുന്നു താമസിച്ചിരുന്നത്. ഈ തരത്തിലുള്ളവരെ ഇപ്പോഴും ധാരാളം കാണ്മാനുണ്ട്. എന്നാൽ ഭൂമിയെ സംബന്ധിച്ചേടത്തോളം ഇവരുടെ സ്ഥിതിയും മുൻ വിവരിച്ചവരുടേതുപോലെ തന്നെയായിരുന്നു എന്നാണ് ഊഹിക്കേണ്ടത്. ഓരോരോ കൂട്ടർ ഓരോ ദിക്കിൽ സ്ഥിരമായി താമസിക്കാതെ മാറിമാറി താമസിച്ചു വന്നിരുന്നതിനാലും, ഒരുത്തർ വിട്ട സ്ഥലം മറ്റൊരു കൂട്ടർ യാതൊരു ബുദ്ധിമുട്ടും കുറവും കൂടാതെ സ്വാധീനമാക്കി ഉപയോഗിച്ചു വന്നിരുന്നതിനാലും ഇവൎക്കു ഭൂസ്വത്ത് ഉണ്ടായിരുന്നു എന്നു വിചാരിപ്പാൻ പാടില്ല.

ഈ ദിക്കിൽ ഓരോരോ ഗോപുരങ്ങളിലും സത്രങ്ങളിലും വന്നു താമസിക്കുന്ന വൈരാഗിസംഘങ്ങൾക്ക് ഒരു വക

ഗോപുരങ്ങൾക്കും സത്രങ്ങൾക്കും അവകാശമുണ്ടെങ്കിൽ മാത്രമെ മേൽ വിവരിച്ച കൂട്ടക്കും ഭൂസ്വത്തുണ്ടായിരുന്നു എന്നു് വിചാരിപ്പാൻ പാടുള്ളു. എന്നാൽ ഇവക്കു മറ്റുള്ളവരേക്കാൾ ഒരു വിശേഷം ഉണ്ടു്. എന്തെന്നാൽ അന്നന്നു അദ്ധ്വാനിച്ചു് അന്നന്നു് കഴിഞ്ഞാൽ പോരാ എന്നും, ഒരു ദിവസം ഒരു സാധനവും കിട്ടീട്ടില്ലെങ്കിൽകൂടി കുടുങ്ങാതെ കഴിവാൻ ഒരു കരുതൽ ആവശ്യമാണെന്നുമുള്ള ബോദ്ധ്യവും ഒരാൾ തന്റെ സ്വന്തംകാര്യം മാത്രം നോക്കിയാൽ പോരാ എന്നും, ഭാര്യ, പുത്രൻ, പൌത്രൻ മുതലായവരെക്കൂടി താൻ രക്ഷിക്കേണ്ടതാണെന്നും, സംഘമാണു് ബലം എന്നുമുള്ള അഭിപ്രായങ്ങളും അവക്കു ഉണ്ടായിരുന്നു എന്നു നാം കാണുന്നു. ഇവക്കു ഭൂസ്വത്തു് ഉണ്ടായിരുന്നില്ലാ എങ്കിലും ജംഗമസ്വത്തു് ഉണ്ടായിരുന്നു എന്നു ദൃഷ്ടാന്തമാണല്ലോ. വേറെ പല കാര്യങ്ങളിലും കൂടി ഇവർ മുൻ വിവരിച്ച തരക്കാരേക്കാൾ എത്രയോ ഭേദമായിരുന്നു. ഇതു് പരിഷ്കാരവർദ്ധനയുടെ ആദ്യത്തെ നിലയാണു്. ഇങ്ങിനെയുള്ള ഓരോ സംഘങ്ങളിൽ ആളുകൾ വർദ്ധിച്ചു വർദ്ധിച്ചു വന്നു ഭൂമിയിൽ പ്രയത്നംകൂടാതെകണ്ടുണ്ടാകുന്ന ഭക്ഷണസാധനങ്ങളും കാട്ടുമൃഗങ്ങളും ഉപജീവനത്തിനു പോരാതെ വന്നപ്പോൾ ഈ സഞ്ചാരികൾ അവരവർ തല്ക്കാലം താമസിക്കുന്ന സ്ഥലം കൃഷി ചെയ്യുവാൻ തുടങ്ങി. ഉടനെ അതു വളരെ ആദായമുള്ള പ്രവൃത്തിയാണെന്നു കണ്ടു. കൃഷിക്കു മുഖ്യമായി വേണ്ടവ ഭൂമി, അദ്ധ്വാനിക്കുവാനാളുകൾ, മൂലധനം, ഇവകളാണല്ലോ (മൂലധനം എന്നു വെച്ചാൽ ഒരു തവണ വിളയിട്ടു അതു ഫലമായി അനുഭവിക്കാറാവുന്നതുവരെ അദ്ധ്വാനിക്കുന്നവക്കും വേറെ കൃഷിസാമാനങ്ങൾക്കും വേണ്ടി ചിലവഴിക്കാനുള്ള ധനം, വിത്തു, വല്ലി, കന്നുകാലികൾ മുതലായവ) ഇവ മൂന്നും അവക്കു ധാരാളമായി ഉണ്ടായിരുന്നു എന്നു സ്പഷ്ടമാണല്ലോ. ഭൂമി ധാരാളം, പ്രവൃത്തികൾ എടുപ്പാൻ തങ്ങളുടെ കൂട്ടത്തിൽതന്നെ

ആശാരി, തട്ടാൻ, എന്നുവേണ്ട കൃഷിക്കു വേണ്ട കാലികൾ അവരുടെ കൈവശം അനവധി. ഈ വക ആദായങ്ങൾ അവൎക്ക് ഉണ്ടായിരുന്നതിനാൽ കൃഷിപ്രവൃത്തിയിൽ അവൎക്കു വളരെ ഗുണം സിദ്ധിച്ചു.

നമ്മുടെ ഈ നാട്ടിലുള്ള കൃഷിക്കാൎക്ക് അധികമായ ആദായം എന്തുകൊണ്ടാണ് ഉണ്ടാകാത്തതു എന്ന് ഇതിൽനിന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. അവൎക്ക് പരിഷ്കാരം അധികം വൎദ്ധിച്ച ഇപ്പോഴത്തെ കാലത്തെ പണിആയുധങ്ങൾകൂടി ഉണ്ടായിരുന്നെങ്കിൽ എത്രയോ അധികമായിട്ടുള്ള ആദായം അനുഭവിക്കാമായിരുന്നു എങ്കിലും അവരുടെ അന്നത്തെ ആദായവും കട്ടും പോരാതെ ആയിരുന്നില്ല. അവരുടെ ആദായം കണ്ടാൽ ഭൂമിദേവി എത്രയോ ദയവുള്ള ഒരു അമ്മയായതിനാലും തന്റെ പുത്രന്മാർ കഠിച്ചു അദ്ധ്വാനിക്കുന്നതു കണ്ടപ്പോഴും ഇതിനുമുമ്പ് അങ്ങിനെ പതിവില്ലാതിരുന്നതിനാലും അവരെ ഉത്സാഹിപ്പിപ്പാനോ ഇത്ര നല്ലതായ സമ്മാനം അവൎക്കു കൊടുപ്പാൻ ആ ദേവി നിശ്ചയിച്ചത് എന്നു സംശയിപ്പാൻ ഇടയുണ്ട്.

നമ്മുടെ രാജാവുംകൂടി ഇപ്പോൾ അധികം പരിഷ്കാരം സിദ്ധിക്കാത്തവരുടെ ഉത്സാഹത്തിന്ന് അമിതമായ അനുഭവം കൊടുത്തുവരുന്നുണ്ടല്ലൊ. കാലംകൊണ്ട് ഈ സഞ്ചാരികൾ അവരുടെ സഞ്ചാരം നിറുത്തി എല്ലാം കൃഷിക്കാരായി തങ്ങൾക്കുള്ള മൃഗങ്ങളെ കൃഷിയിലേക്കു ഉപയോഗിച്ചും കൊന്നുകഴിയുന്ന വരെ ഭക്ഷണത്തിന്നു വേണ്ടുന്ന മാംസം, പാൽ, നെയ്യ് മുതലായവയും വസ്ത്രങ്ങൾക്കു തോൽ, രോമം മുതലായവയും അവയിൽനിന്ന് എടുത്തും അവയുടെ മലമൂത്രങ്ങൾ വളമായി ഉപയോഗിച്ചും കൃഷി തുടങ്ങി.

ഇങ്ങിനെ മനുഷ്യർ സഞ്ചാരവൃത്തിവിട്ട് ഓരോ ദിക്കിൽ സ്ഥിരതാമസക്കാരായി. ഇത് പരിഷ്കാരത്തിന്റെ രണ്ടാമത്തെ നിലയാണ്. ഭൂസ്വത്തിന്റെ ഉത്ഭവം ഇവിടെനിന്നാ

ണ്ണെന്നാണു വിചാരിക്കേണ്ടത്. ഒരു സംഘത്തിൽ ഉള്ളവരെല്ലാം ഒരാളുടെ സന്തതികൾ ആണെന്നായിരുന്നു ഇവരുടെ വിശ്വാസവും. ഈ നിലയിൽ ഓരോ സംഘത്തിലേക്കുള്ള മുതൽ ഒന്നായി ശേഖരിച്ചുവയ്ക്കയല്ലാതെ അതിലെ മെമ്പ്രന്മാൎക്കു ഭാഗിച്ചുകൊടുത്തിരുന്നില്ല.

അതിനാൽ കൃഷിസമ്മാനങ്ങളും മററും സമുദായസ്വത്താക്കിവെച്ചും, കൃഷിചെയ്തുണ്ടാവുന്ന മുതൽ എല്ലാവൎക്കും ഒപ്പൊപ്പം കൊടുക്കാതെ സംഘത്തിലെ തലവൻ സൂക്ഷിച്ചുവെച്ച് അതിലെ മെമ്പ്രന്മാൎക്കു ചിലവിനു കൊടുത്തും, ബാക്കി സമുദായസ്വത്താക്കിച്ചേൎത്തും, ആയിരുന്നു ഈ വൎഗ്ഗം കഴിഞ്ഞുവന്നിരുന്നത്. വളരെ മെമ്പ്രന്മാരുള്ള ഇപ്പോഴത്തെ ഒരു മലയാള തറവാട്ടിലെ അനന്തിരവന്മാരുടെ കയ്യിൽ സ്വകാൎയ്യസ്വത്തില്ലെന്നു വിചാരിക്കുക. അതിലെ കാരണവൻ അവരെ എല്ലാം പ്രയത്നംചെയ്യിച്ചു പുലൎത്തുകയും കൊല്ലത്താൽ ബാക്കി വല്ല മുതലുമുണ്ടെങ്കിൽ അതു തറവാട്ടുമുതലിൽ കൂട്ടിവെച്ചും തറവാട്ടിലെ സകല ആവശ്യങ്ങളും അന്വേഷിക്കുന്നുണ്ടെന്നു വിചാരിക്കുക. ഇതുതന്നെ ആയിരുന്നു അന്നത്തെ ഒരു സംഘക്കാരുടെ ഏകദേശം സമ്പ്രദായം.

എന്നാൽ തറവാട്ടിൽ മെമ്പ്രന്മാർ വൎദ്ധിക്കുമ്പോൾ അവൎക്ക് എല്ലാവൎക്കും കൂടി പാൎപ്പാൻ സാക്ഷാൽ തറവാട്ടുവീടു മതിയാകയില്ല. അപ്പോൾ അവർ പരതായപ്പുര, പടിപ്പുര, മാളിക, കളിപ്പുരമാളിക മുതലായതു പണിചെയ്യിപ്പിക്കയൊ അല്ലാത്തപക്ഷം ചിലർ കളങ്ങളിൽ പോയി താമസിക്കയൊ ചെയ്യും. എന്നാലും അവർ ആ തറവാട്ടിലെ മെമ്പ്രന്മാരല്ലാതെ ആകയൊ തറവാട്ടുസ്വത്തിന്നു അവകാശമില്ലാതെ ആവുകയൊ ചെയ്യുന്നില്ലെന്നു മാത്രമല്ല — തറവാട്ടുകാരണവൎക്ക് അവരുടെ മേലുള്ള സ്വവകാശം പൊയ്പോകുന്നതുമില്ല. അവൎക്ക് ആ തറവാട്ടിലെ കാരണവൻ

ചിലവിന്നു നീക്കിക്കൊടുക്കുകയും ചെയ്യും. ഇതുപോലെ മേൽ വിവരിച്ച സംഘക്കാരിൽ ആളുകൾ വൎദ്ധിച്ച് ഒരു ദിക്കിൽ താമസിപ്പാൻ സൌകൎയ്യമില്ലാതെ വന്നപ്പോൾ അവരിൽതന്നെ പലരും പല കുഡുംബക്കാരായി വെവ്വേറെ പാൎത്തുതുടങ്ങി. ഒരു മെമ്പറും തന്റെ ഭാൎയ്യയും കുട്ടികളും ഒരു വീട്ടക്കെട്ടും, ഇങ്ങിനെ അനേകം വീട്ടുകാരായി ഒരു കുഡുംബംതന്നെ ഭാഗിച്ചു എങ്കിലും അവൎക്ക സ്വകാൎയ്യസ്വത്തുണ്ടായിരുന്നില്ല. സംഘത്തിലെ വലിയ ആളുടെ കല്പനയനുസരിച്ച് എല്ലാവരും നടന്നും, കൃഷി മുതലായ പ്രവൃത്തികൾ ഒന്നായി യോജിച്ചു ചെയ്തും, സംഘത്തിൽ വലിയ ആൾ ശേഷം ഉള്ള ആളുകൾക്ക ഭക്ഷണത്തിന്നും മറ്റും ദിവസേന അളന്നുകൊടുത്തും, അദ്ദേഹം അവരെ എല്ലാവരേയും രക്ഷിച്ചും, അററകുററങ്ങൾ അന്വേഷിച്ചും വന്നിരുന്നു.

കുറച്ചു കാലങ്ങൾക്ക മുമ്പുകൂടി യൂറോപ്പിൽ റഷ്യാരാജ്യത്ത് ഈ നിലയിലുള്ള കുടുംബക്കാരെ കാണ്മാനുണ്ടായിരുന്നുപോൽ. ഇങ്ങിനെ അധികകാലം കഴിയുന്നതിന്നു മുമ്പായി അതാതുദിവസം അളന്നുകൊടുക്കുന്ന സമ്പ്രദായം മാറി ഒരു കാലത്തേക്ക് ഒന്നായി കൊടുത്തുതുടങ്ങി. ഇങ്ങിനെ കുറെ കാലം കഴിഞ്ഞതിന്നു ശേഷം ഓരോരുത്തൎക്ക വിധിതമായി കൊടുത്തുവന്നിരുന്ന നെല്ലു കിട്ടുവാനുള്ള സ്ഥലം ഭാഗിച്ചുകൊടുത്തു. ഓരോരുത്തർ അവനവനുള്ള ഭാഗം മാത്രം കൃഷിചെയ്തതന്നെ തുടങ്ങി. ഓരോരുത്തൎക്ക പാൎപ്പാൻ പ്രത്യേകം വീടുണ്ടായപ്പോൾ സ്വകാൎയ്യസ്വത്ത് ഉത്ഭവിച്ചു എങ്കിലും ഇപ്പോൾ അത് അധികം സ്പഷ്ടമായി കണ്ടുതുടങ്ങി. എല്ലാവരും എല്ലാസ്ഥലവും ഒരുപോലെ അനുഭവിക്കേണ്ടതാകകൊണ്ടു കൊല്ലംതോറും ഓഹരിസ്ഥലങ്ങൾ മാററി മാററി ഓരോ തറവാട്ടുകാൎക്ക കൊടുത്തുവന്നിരുന്നു. ഇങ്ങിനെയാവുമ്പോൾ കാലക്കേടുകൊണ്ടു നല്ല സ്ഥലങ്ങൾ എല്ലാവരുടേയും കൈവശത്തിലും വരുമല്ലോ.

ഇപ്രകാരമുള്ള ഗ്രാമങ്ങൾ യൂറോപ്പിൽ ധാരാളം ഉണ്ടായിരുന്നു. ഈ രാജ്യത്തും ഉണ്ടായിരുന്നു എന്ന് ഊഹിക്കുവാൻ കാരണങ്ങളുണ്ട്. പണ്ടത്തെ കൂട്ടുസ്വത്തുസമ്പ്രദായത്തിന്റെ ഒരു ചിഹ്നമായി ഭൂമി ഊഴമിട്ടു കൃഷിചെയ്യുന്ന സമ്പ്രദായം ഇപ്പോഴും തീരെ നശിച്ചിട്ടില്ലെന്നു വയിഗ്രാം സായ്പവർകൾ അദ്ദേഹത്തിന്റെ മലബാർ ലാ എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഈ നിലയിലുള്ള ഒരു ഗ്രാമസംഘത്തിന്റെ സ്ഥിതി ചുരുക്കത്തിൽ ഇവിടെ വിവരിക്കാം.

ഇങ്ങിനെ ഒരു ഗ്രാമസംഘം ഒരു ദിക്കിൽ പാൎപ്പായാൽ ആ സംഘം വകയായ ഭൂമി മുഴുവൻ, ൧. ഗ്രാമസ്ഥലം, ൨. കൃഷിസ്ഥലം, ൩. തരിശു ഇങ്ങിനെ മൂന്നായി ഭാഗിക്കും. ഗ്രാമസ്ഥലത്തിൽ ആ സംഘത്തിലുള്ള എല്ലാം തറവാട്ടുകാൎക്കും ഓരോരോ വീടുണ്ടാക്കുവാൻ അതിനെ ഒപ്പോപ്പം ഭാഗിക്കും. കൃഷിസ്ഥലം എല്ലാം വീട്ടുകാൎക്കും ഒപ്പം ഭാഗിക്കും. എന്നാൽ ഒരേ കൃഷിതന്നെ എല്ലാവരും ചെയ്യണമെന്നും, അത് ഒരേ സമയത്ത് ആയിരിക്കണമെന്നും നിൎബ്ബന്ധമുണ്ടായിരുന്നു. ഒരാൾക്കു കൊയ്യാൻ സമയമാവുമ്പോൾ മറ്റൊരാൾ വിതക്കുക മുതലായവ ഒന്നും പാടില്ല. തരിശുസ്ഥലത്തിൽ എല്ലാവരും തങ്ങടെ കാലികളെ മേക്കുക, വിറകുവെട്ടുക മുതലായവ ചെയ്യും. ഇങ്ങിനെ ആയിരുന്നു അവരുടെ പാൎപ്പിന്റെ സമ്പ്രദായം. വളരെക്കാലം ഇപ്രകാരം കഴിയുന്നതിനുമുമ്പായി ഇങ്ങിനെയുള്ള സംഘങ്ങളിൽ ആളുകൾ വൎദ്ധിച്ചുകൊല്ലംകൊല്ലം നിലം ഭാഗംചെയ്ത് എല്ലാവരേയും സമാധാനപ്പെടുത്തുവാനും മറ്റും വളരെ പ്രയാസമായിവന്നതിനാലും, സ്വകാൎയ്യസ്വത്തിന്റെ ഗുണം അനുഭവിച്ചു സ്വാദു കണ്ടതിനാൽ അത് അധികം ഉണ്ടാവാൻ ആളുകൾക്കു മനസ്സുവന്നുതുടങ്ങിയതിനാലും ആദ്യം ഭാഗം ചെയ്യുന്ന കാലം കുറെ നീട്ടിവെച്ചുതുടങ്ങി. ഒടുവിൽ ആ സമ്പ്രദായംതന്നെ ഇല്ലാ

തെയായി. ഓരോരുത്തർ കൈവശം വെച്ചിരുന്ന വസ്തുക്കൾ അവരവർ സ്വകാൎയ്യമാക്കി വെച്ചുതുടങ്ങി. ഇപ്രകാരം ഓരോരുത്തൎക്കു് പ്രത്യക്ഷമായി സ്വകാൎയ്യം ഭൂമിസ്വത്ത് ഉണ്ടായി.

ഏകദേശം മേൽ വിവരിച്ച മാതിരിയിൽ ആയിരിക്കാം എല്ലാ കൂട്ടരുടെ ഇടയിലും സ്വകാൎയ്യസ്വത്തുണ്ടായത് എന്നുള്ളതിന്നു ദൃഷ്ടാന്തവും രേഖയും ഉണ്ടെങ്കിലും അങ്ങിനെ ഉറപ്പായി പറവാൻ ശക്തി പോരാ എന്നും, എങ്കിലും ആൎയ്യന്മാരുടെ ഇടയിൽ ഇങ്ങിനെ വന്നതാണെന്നു തീൎച്ചയായും പറയാമെന്നും ഈ വിഷയങ്ങളിൽ വളരെക്കാലത്തോളം പരിശ്രമം ചെയ്ത യൂറോപ്പിലെ യോഗ്യന്മാർ അഭിപ്രായപ്പെടുന്നു.

കേരള സാഹിത്യ അക്കാദമി

കൂട്ടസ്വത്തിൽനിന്നു സ്വകാൎയ്യസ്വത്തു വരുവാൻ ഉള്ള വഴികളെ എളുപ്പമാക്കി ചെയ്തതു, ഓരോരോ തറവാട്ടുകാൎക്കു പ്രത്യേകം സ്ഥലങ്ങൾ ഗ്രാമസ്ഥലത്തും, കൃഷിസ്ഥലത്തും കൊടുത്തതും, കൃഷിസ്ഥലം മാററി മാററി കൊടുത്തിരുന്ന ചട്ടം ഇല്ലായ്മചെയ്തതും ആണെന്നും അങ്ങിനെ മാററി മാററി കൊടുത്തിരുന്നതിന്റെ ലക്ഷണങ്ങൾ ഇപ്പോഴും ആൎയ്യസംഘക്കാരുടെ ഇടയിൽ കാണ്മാനുണ്ടെന്നും റഷ്യാ, ഇംഗ്ലണ്ട്, ജൎമ്മനി മുതലായ രാജ്യങ്ങളിലും ഇവിടേയും ഈ സമ്പ്രദായത്തിൽ നിന്നുണ്ടായ പല നടവടികളും ഇപ്പോഴും ആചരിച്ചുവരുന്നുണ്ടെന്നും കാണുന്നു.

മേൽ വിവരിച്ചതിൽനിന്നു നാം അറിയുന്നത് ഭൂമിയെ കൂട്ടസ്വത്തായിട്ടാണ് ആദ്യം വിചാരിച്ചുവന്നിരുന്നത് എന്നും, കാലംകൊണ്ട് ആ നില വിട്ട് സ്വകാൎയ്യസ്വത്തായി വന്നതാണെന്നും, കൂട്ടസ്വത്തു സ്വഭാവത്തിന്നു അനുകൂലമായിത്തന്നെ ഉള്ളതാണെന്നും, എന്നാൽ ആദ്യംമുതൽക്കേ സ്വകാൎയ്യസ്വത്ത് ഉണ്ടാകുവാനുള്ള വാസന മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നും മററും ആകുന്നു.

എന്നാൽ ആൎയ്യന്മാരുടെ ഇടയിൽ ഇങ്ങിനെ വളൎന്നുണ്ടായതാണ് ഈ സ്വകാൎയ്യസ്വത്ത് എന്നു, പറയുമ്പോൾ ഒരു കൂട്ടത്തിൽനിന്നു മറ്റോരോരുത്തർ കണ്ടെടുത്തതാണൊ ഈ സമ്പ്രദായമെന്ന് ഊഹിപ്പാനിടയുണ്ട്. റഷ്യാ, ബിലാത്തി, ഇന്ത്യാ, ഇവിടങ്ങളിൽ ഒരേ മാതിരി നടവടി കാണുന്ന സമയം "ഇത് എങ്ങിനെ ഈ മൂന്നുദിക്കിലും നടപ്പായി, ഏതു ദിക്കിൽ ആദ്യം അതു കണ്ടുപിടിച്ചു, ഏതെല്ലാകൂട്ടർ അതിനെ പിന്തുടൎന്നു?" എന്നൊക്കെ ആലോചിപ്പാനിടയുണ്ട്. എന്നാൽ ഇതിന്റെ സ്വഭാവം അങ്ങിനെ ഒന്നും അല്ല. കൂട്ടസ്വത്തിന്റെ മൂലം ആൎയ്യന്മാർ ആദ്യം പിരിഞ്ഞു താവഴികളായി പോരുന്നതിന്നു മുമ്പായിത്തന്നെ അവരുടെ ഇടയിൽ നടപ്പായിരുന്നു എന്നും, പിന്നെ ഓരോരോ സംഘക്കാരുടെ ഇടയിൽ പ്രത്യേകം പ്രത്യേകം പരിഷ്കാരം വൎദ്ധിച്ച് ഈ നിലയിൽ വന്നതാണെന്നും, പരിഷ്കാരം വൎദ്ധിക്കുമ്പോൾ ഓരോരോ ജാതിക്കാരുടെ ഇടയിൽ ഇങ്ങിനെ വരുന്നത് അതിന്റെ സ്വഭാവമാണെന്നും, അതുകൊണ്ട് ഒരു കൂട്ടരെ മറ്റൊരു കൂട്ടർ പിന്തുടൎന്നു എന്നു വിചാരിപ്പാൻ പാടില്ലെന്നുമാണ് വിദ്വാന്മാർ പറയുന്നത്.

യൂറോപ്പിൽ ഭൂമിയേയും അതിന്മേൽ ഉള്ള അവകാശങ്ങളേയും പറ്റി ഓരോരോ അന്വേഷണങ്ങൾ നടത്തിവരുന്ന സമയം വസ്തുമുതൽ സ്വകാൎയ്യസ്വത്തായിട്ടാണ് ആദ്യം ഉത്ഭവിച്ചത് എന്നും പിന്നെ അതു കൂട്ടസ്വത്തായതാണെന്നും ആയിരുന്നു ആളുകൾ വിചാരിച്ചുവന്നിരുന്നത്. നാല്പതു കൊല്ലങ്ങൾക്കിപ്പുറമായി ഈ വിഷയത്തിൽ ചിലർ അതിയായി ചെയ്ത പ്രയത്നത്താൽ ഈ വിചാരം തെറ്റാണെന്നു ദൃഷ്ടാന്തപ്പെടുകയും നേരെ വിപരീതമായ അഭിപ്രായം ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തീരുകയും ചെയ്തു.

ഈ രാജ്യത്തിന്റെ വടക്കുപടിഞ്ഞാറുഖണ്ഡം പിടിച്ചു സ്വാധീനമാക്കിയതിന്നു ശേഷമാണ് ഇവിടെ ഗ്രാമസംഘങ്ങളും

യിട്ടാണ് ആളുകൾ പാൎത്തുവന്നിരുന്നത് എന്നു യൂറോപ്യന്മാൎക്ക മനസ്സിലായത്. അവിടെ ഇപ്പോഴും ഈ നിലയിൽ ആളുകൾ പാൎത്തുവരുന്നുണ്ട്. ഈ രാജ്യത്തിൽ വളരെ സ്ഥലങ്ങളിൽ അതിന്റെ ലക്ഷണങ്ങൾ മാഞ്ഞുപോയിരിക്കുന്നുവെങ്കിലും സൂക്ഷ്മമായി നോക്കിയാൽ ഈ കാൎയ്യം ദൃഷ്ടാന്തമാകുന്നതാണ്. ഈ സംഘക്കാരുടെ ഇടയിൽ അതാതു രാജ്യത്തെക്ക പ്രത്യേകം സംബന്ധിക്കുന്ന ചില ചില്ലറ നിയമങ്ങളിൽ വ്യത്യാസമുണ്ടാകുമെങ്കിലും പക്ഷെ ഉള്ളതും മുഖ്യമായതും ആയ നിയമങ്ങളിൽ വ്യത്യാസമില്ലാത്തതിനാലും അവയുടെ അറിവ് വളരെ ഉപയോഗമായിട്ടുള്ളതാകയാലും അവയെപ്പററി അല്പം ഇവിടെ പ്രസ്താവിക്കാം.

ഗ്രാമസംഘങ്ങളുടെ സ്ഥിതിയെപ്പററി മുമ്പ് വിവരിച്ചുതിൽ എല്ലാ തറവാട്ടുകാൎക്കും പ്രത്യേകം സ്ഥലം ഗ്രാമത്തിൽ കൊടുത്തുവന്നിരുന്നു എന്നു മുൻപു പറഞ്ഞുവല്ലൊ. എന്നാൽ ഓരോ തറവാട്ടിലുള്ള എല്ലാവൎക്കും രാജ്യത്തിലുള്ള അംഗങ്ങളുടെ അധികാരമുണ്ടായിരുന്നില്ല. ഓരോ തറവാട്ടിലെ കാരണവനെ മാത്രമെ അങ്ങിനെ വിചാരിച്ചുവന്നിരുന്നൊള്ളൂ. ഓരോ കാരണവന്നു അയാളുടെ തറവാട്ടിലെ മെമ്പ്രന്മാരുടെയും ആ തറവാട്ടിലെ സ്വത്തുക്കളുടേയും മേൽ സകല അധികാരങ്ങളും ഉണ്ടായിരുന്നു. രണ്ടു തറവാട്ടുകാർ തമ്മിലുള്ള തൎക്കങ്ങൾ അല്ലാതെ മെമ്പ്രന്മാർ തമ്മിലുള്ള തൎക്കങ്ങൾ അവരവരുടെ തറവാട്ടുകാരണവന്മാർ തീൎച്ചയാക്കുന്നതൊഴികെ സംഘക്കാർ തീൎച്ചയാക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല.

രാജാവ് — ഇവരുടെ ഇടയിൽ രാജ്യഭരണം നടത്തിവന്നിരുന്നതു പല പ്രകാരമായിരുന്നു. ചില സംഘങ്ങളിൽ അതാതുകളുടെ കാരണഭൂതന്മാരായ ആളുകളുടെ പ്രഥമപുത്രപാരമ്പൎയ്യത്തിൽ വരുന്നവൎക്ക് ആ കാരണവൎക്കുണ്ടായിരുന്ന സ്ഥാനമാനങ്ങൾ കൊടുത്ത് അവരെ രാജാക്കന്മാരാക്കി വന്നിരുന്നു. എന്നാൽ ഓരോ തറവാട്ടുകാരണവന്മാൎക്ക് അവരുടെ

അനന്തിരവന്മാരുടെ മേൽ ഉണ്ടായിരുന്ന പെടിയം പോലെ സ്ഥാണ്ട് എന്ന സർവ്വാധികാരം ഉണ്ടായിരുന്നില്ല. രാജാക്കന്മാർ, സംഘക്കാരുടെ അറാകാറങ്ങൾ അന്വേഷിച്ച് നേരെ നടത്തുവാൻ ഭാരവാഹിയാക്കി അവർ അധികാരം കൊടുത്തതോ, തങ്ങളുടെ കാരണവന്മാർ മരിക്കുമ്പോൾ അവരുടെ സ്ഥാനം ഏല്പിച്ചുകൊടുത്തു കിട്ടിയതോ ആയ ഒരു മാനേജരുടെ നിലയിലായിരുന്നു. കാരോരോ സംഘത്തിലെ രാജാവിനു സഹായിപ്പാനായി അതിലെ തറവാട്ടുകാർ എല്ലാവരും കൂടിയതോ ആ സംഘം സ്ഥാപിച്ച ആളുടെ അടുത്ത കുടുംബങ്ങളിൽനിന്നു ആളുകളെ തിരഞ്ഞു എടുത്തതോ ആയ ഒരു സഭയും ഉണ്ടായിരുന്നു. ചിലരുടെ ഇടയിൽ രാജാവിനെ തിരഞ്ഞ് എടുക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഒരു തലവൻ എങ്ങിനെ ആയാലും എല്ലാവരുടെ ഇടയിലും ഉണ്ടായിരുന്നു. എന്നാൽ തിരഞ്ഞെടുക്കുന്ന സമ്പ്രദായമുള്ള ദിക്കിലുംകൂടി ക്രമത്തിൽ പാരമ്പര്യക്രമമാവാനാണ് സംഗതി.

ഒരു സംഘത്തിലുള്ള തറവാട്ടുകാർക്ക് തങ്ങൾക്കു സംഘത്തിൽനിന്നു കിട്ടീട്ടുള്ള ഭൂസ്വത്തു ബോദ്ധ്യംപോലെ ആർക്കെങ്കിലും വില്പാൻ പാടില്ലായിരുന്നു. വില്പാൻതന്നെ സംഘക്കാരുടെ സമ്മതം വേണം. ആ ഗ്രാമക്കാർക്ക് ആർക്കും ആവശ്യം ഇല്ലെങ്കിൽമാത്രമെ വേറെ ഒരു ആൾക്കു കൊടുക്കാൻ പാടുള്ളൂ. വാങ്ങുന്ന ആളെ സംഘക്കാർക്ക് തങ്ങടെ കൂട്ടത്തിൽ എടുപ്പാൻ മനസ്സില്ലാത്തപക്ഷം വസ്തു അയാൾക്കു കൊടുപ്പാൻ പാടുള്ളതല്ല. വാങ്ങുന്നയാൾ അവരുടെ കൂട്ടത്തിൽ ചേർന്ന ഒരേ വംശ്യനാണെന്നുള്ള ഭാവത്തിൽ അവരുടെ നടപടികളെ അനുഷ്ഠിക്കയും ക്രിയാദികൾ, ഉത്സവങ്ങൾ മുതലായ അടിയന്തിരങ്ങളിൽ യോഗങ്ങൾ ചേരുകയും വേണം. കുറെക്കാലം കഴിഞ്ഞപ്പോഴക്ക് ഇതിൽ പലതും ലോപിച്ചുതുടങ്ങി.

കൃഷി, നെയിത്തു മുതലായത് എല്ലാവർക്കും ചെയ്യാൻ കഴിയാത്തതിനാലും അങ്ങിനെ ചെയ്യുന്നതായാൽ പ്രവൃത്തി

ക്കു ഗ്രന്നം പോരാതെയും മുതലും സമയവും അധികമായി ആവശ്യമായും വരികയാൽ ഓരോരുത്തരെ ഓരോന്നിലേക്കു പ്രത്യേകം അവകാശികളാക്കിയും, മറ്റവർ അവരെ സഹായിക്കണമെന്നും നിശ്ചയിച്ചു. ഒരു ഗ്രാമത്തിലെ ആശാരി, അതിൽ വേണ്ടവക്കെല്ലാം ആശാരിപ്പണിയും മൂശാരി, കരുവാൻ, ചാലിയൻ മുതലായവർ അവരവക്കു നിയമിച്ച പ്രവൃത്തിയും എടുത്തും അതിന്നുപകാരം കൃഷിചെയ്യുന്നവർ തങ്ങൾക്കുള്ള ലാഭത്തിൽനിന്ന് ഓരോ ഓഹരി ഇവക്കു കൊടുത്തും വന്നുതുടങ്ങി. ഇതുപോലെതന്നെ ഗ്രാമമുൻസിഫ്, കാവൽക്കാരൻ, കോൽക്കാരൻ മുതലായ ഉദ്യോഗസ്ഥന്മാക്കും അനുഭവം നീക്കിക്കൊടുത്തിരുന്നു. ഇപ്പോഴും പലദേശങ്ങളിൽ (മണിഘാരൻ) ചെട്ടി മുതലായ ഉദ്യോഗസ്ഥന്മാക്ക് അവരുടെ തറവാട്ടിലേക്കു പുരാതനമായി നീക്കിയ വസ്തുവും ഒന്നോ രണ്ടോ ഉറുപ്പികയും മാത്രമെ അനുഭവമുള്ളു.

കമ്മാളന്മാരുടെ സമ്പ്രദായവും ഇപ്പോഴും ഈ ദിക്കിൽ ഭേദപ്പെട്ടിട്ടില്ല. അവക്കു പണ്ടത്തെക്കാലത്തു നിയമിച്ചിട്ടുള്ള ഒരു കൂലിമാത്രമെ ഇപ്പോഴും ചിലദിക്കിൽ കൊടുക്കുന്നുള്ളു. അവർ അധികം ചോദിപ്പാൻതന്നെ മടിക്കും. അടിയന്തിരങ്ങൾക്കെല്ലാം ഇപ്പോഴും അവക്കു അനുഭവം വച്ചുകൊടുക്കുന്നുണ്ട്. ഈ രാജ്യത്തു പാട്ടം, സാമാനവില മുതലായവയെല്ലാം മുമ്പു നിശ്ചയിച്ച ഒരു തോതുപ്രകാരമാണ് ഇപ്പോഴും കെട്ടിവരുന്നത്. എന്നാൽ ഒരു ഗ്രാമത്തിലെ പ്രവൃത്തിക്കാർ വേറെ ഒരു ദിക്കിലത്തെ ആളുകൾക്കു പ്രവൃത്തിയെടുത്തുകൊടുത്താൽ അധികംകൂലിവാങ്ങുന്ന സമ്പ്രദായം അന്നുതന്നെ ഉണ്ടായിരുന്നു. അവർ ഒരു ഗോത്രക്കാരല്ലാത്തതിനാലായിരുന്നു ഇങ്ങിനെ ചെയ്തിരുന്നത്.

വൈഗ്രാംസായ്പവർകൾ അദ്ദേഹത്തിന്റെ മലബാർ ലാ, എന്ന പുസ്തകത്തിൽ ഈ കാൎയ്യത്തിൽ താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. തറ, എന്നതു ശൂദ്രരുടെ

സംഘമായിരുന്നു. അതിലെ കാരണവന്മാർ ഒരു സഭകൂടിയിരുന്നു. ബ്രാഹ്മണരുടെ യോഗവും ഇതിൽനിന്നു ഭേദപ്പെട്ടിരുന്നില്ലാ. അവരുടെ ഗ്രാമത്തിലെ അറ്റകുറ്റങ്ങൾ അന്വേഷിച്ചിരുന്നതു അതിലെ വയസ്സുമൂത്ത ആളുകൾചേൎന്ന സഭായോഗമായിരുന്നു. തറയിൽനിന്നു ചിന്നിപ്പോയതു കോവിലകങ്ങളാണ്. പിന്നെ ഓരോ കുടുംബങ്ങൾ വെവ്വേറെ തറവാടായി പാൎപ്പാൻതുടങ്ങി. ശൂദ്രരുടെ ഇടയിൽ ഗ്രാമസംഘംചിന്നി കൂട്ടസ്വത്തായി അനുഭവിക്കുന്ന ഓരോരൊ കുടുംബങ്ങളായപോലെ ബ്രാഹ്മണരുടെ ഇടയിലും ആയി.

ഈ വക സംഘങ്ങൾ ഈ ദിക്കിൽ ധാരാളം ഉണ്ടെങ്കിലും നമുക്കു ക്ഷണത്തിൽ അനുഭവമാവേണമെങ്കിൽ പാലക്കാട്ടെ സ്ഥിതി നോക്കിയാൽമതി. ഗ്രാമസ്ഥലം, കൃഷിസ്ഥലം, തരിശു മുതലായവയും മുൻവിവരിച്ച മറ്റുലക്ഷണങ്ങളും അവിടെ കാണാം. വടക്കന്തറ, കൊല്ലങ്കോടന്തറ മുതലായ വാക്കുകളും സംഘക്കാരുടെ കാൎയ്യാലോചനക്കുള്ള മന്ദു എന്ന സ്ഥലവും ഇതിനെ ദൃഷ്ടാന്തപ്പെടുത്തുന്നു. ഇതുവരെ വിവരിച്ച സംഗതികളിൽനിന്നു ഊഹിക്കാവുന്നതു പണ്ടത്തെ സമുദായങ്ങളിൽ ആളുകളെല്ലാം ഒരു പാൎശ്വരാണെന്നു വിചാരിച്ചുവന്നിരുന്നു എന്നും ഈ വംശസ്മരണയായിരുന്നു അവക്കു സ്നേഹത്തിനും ഒരുമക്കും കാരണമായിരുന്നതെന്നും ആണ്. എന്നാൽ ഇപ്പോഴത്തെ കാലത്ത് ഇതിനു സ്ഥലസ്നേഹമാണ് കാരണമായിട്ടു കാണുന്നത്. ബിലാത്തിക്കാക്കും മറ്റും ഒരുമയുണ്ടാവാൻ കാരണം അവരുടെ നാട് ഒന്നാകകൊണ്ടാണെന്നും മറ്റൊവിധമല്ലെന്നും സ്പഷ്ടമാണല്ലൊ. ഈ വ്യത്യാസം എങ്ങിനെ ഉണ്ടായി എന്നും, അതിൽ ഭൂമിസ്വത്തിന്റെ നിലയ്ക്കു എന്തെല്ലാം ഭേദഗതികൾ വന്നു എന്നും ആണ് ഇനി വിചാരിക്കേണ്ടത്.

ആദികാലത്തിൽ ഓരോരോ രാജാക്കന്മാർ അതാതു സംഘത്തിലെ മാനേജർമാത്രം ആയിരുന്നു എന്നു മുൻ പ്ര

സ്ഥാപിച്ചുവല്ലോ. എന്നാൽ സംഘംവകയായുള്ള തരിശുഭൂമികൾ കയ്വശമാക്കി പുതിയതായ വേറെ ചിലരെ അവയിൽ പാൎപ്പിച്ചും, അവൎക്കു സംഘക്കാൎക്കുള്ളപോലെ അധികാരം കൊടുക്കാതെ തങ്ങടെ ഇഷ്ടത്തിന്നു നടക്കുവാൻ തക്കനിലയിൽ സ്വാധീനിച്ചുവച്ചും, വല്ല യുദ്ധവും ഉണ്ടായാൽ ജയിച്ച രാജാക്കന്മാർ തോററവരെ തങ്ങൾക്കു യുദ്ധത്തിലും മററും സഹായിപ്പാനുള്ള കരാറോടുകൂടി കീഴടക്കിയും, വേറെ അനേകം കൌശലങ്ങളാലും അവർ നാട്ടുകാരുടെ പിടിയിൽനിന്നു വിട്ടു. അധികം പരിഷ്കാരം സിദ്ധിക്കാത്ത അന്നത്തെ കാലത്തു ആളുകൾ ര ംത്തിന്നു കൊള്ളയിട്ടു പണവും ഭൂമിയും സമ്പാദിപ്പാനും തമ്മിൽ കലശൽകൂടിയിരുന്നു എന്നും, ഓരോരോരാജാക്കന്മാർ തന്റെസംഘക്കാരോടുകൂടി മറെറാരുദിക്കിൽചെന്നു അവരെ യുദ്ധത്തിൽ തോല്പിച്ചുവന്നുവെന്നും കാണുന്നു. മേൽവിവരിച്ചവിധത്തിൽ ഒരുകരാറോടുകൂടിയൊ കപ്പത്തിന്മേലൊ തന്റെ കീഴിൽ നിൎത്തുകയൊ തന്റെ കൂട്ടൎക്കുതന്നെ മേൽപ്രകാരം ഭാഗം ചെയ്തു കൊടുക്കുകയോ ചെയ്തിരുന്ന പതിവു സാധാരണയായിരുന്നു എന്നും ചരിത്രപുസ്തകങ്ങളിൽ കാണ്മാനുണ്ടു.

ഇതിനാൽ ഒരു രാജാവും അദ്ദേഹത്തെ സഹായിപ്പാൻ കുറെ പ്രഭുക്കന്മാരും, അവൎക്കു ചില ഇടപ്രഭുക്കന്മാരും, അവൎക്കു അവരുടെ താഴെ ചില നാടുവാഴികളും ഉള്ളതായ ഒരു മാതിരി ഭരണം നടപ്പായി. രാജാവു തന്റെ രാജ്യം മുഴുവൻ പ്രഭുക്കന്മാൎക്കും, അവർ താന്താങ്ങളുടെ ഇടപ്രഭുക്കന്മാൎക്കും, അവർ അതിൽ താണവൎക്കും, ഇങ്ങിനെ ഭാഗിച്ചുകൊടുത്തും അതിന്നു പകരം പ്രഭുക്കന്മാർ രാജാവിന്നും ഇടപ്രഭുക്കന്മാർ പ്രഭുക്കന്മാൎക്കും ഇങ്ങിനെ താണതരത്തിലുള്ളവർ താന്താങ്ങളുടെ മേലെയുള്ളവൎക്കു മാത്രം യുദ്ധം മുതലായ അവസരങ്ങളിലും മററും ആവശ്യപ്പെടുമ്പോൾ ദേഹം, പണം, ആൾ ഇവകൾകൊണ്ടു സഹായിച്ചും മേലെമേലെയുള്ളവർ

താഴെത്താഴെയുള്ളവരുടെ നന്മയ്ക്കായി സകല അററകുററങ്ങളും അന്വേഷിച്ചും സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുത്തും വന്നു. ഇതു രാജാക്കന്മാൎക്ക് ആദ്യം ഗുണമായിത്തന്നെ തീൎന്നിരുന്നു. സദാ യുദ്ധമുണ്ടായിരുന്ന ആ കാലത്തു രാജാവുതന്നെ സൈന്യം മുതലായവ ശേഖരിക്കണമെങ്കിൽ വളരെ പ്രയാസമായിരുന്നു. ഇങ്ങിനെയുള്ള ചട്ടവും യൂറോപ്പിൽ പല ദിക്കിലും ബൎമ്മ, ജപ്പാൻ മുതലായ ദിക്കുകളിലും ആഫ്രിക്കായിൽ കാൺഗോ, അംഗ്ലിശാല, മുതലായ ദിക്കുകളിലും ഈ രാജ്യത്തും കാണ്മാനുണ്ട്. ഇതും പരിഷ്കാരം വൎദ്ധിച്ചു വരുമ്പോൾ എല്ലാ രാജ്യക്കാരുടെ ഇടയിലും സ്വാഭാവികമായി ഉണ്ടായി വരുന്ന ഒരു ചട്ടമാണെന്നാണ് ഓൎമ്മ വെക്കേണ്ടത്.

ആ കാലത്തു ഭൂസ്വത്തു വളരെ കാൎയ്യമാക്കി വിചാരിച്ചു വന്നിരുന്നതിനാൽ അധികം ഭൂമിയുള്ളവൻ വലിയ പ്രമാണിയായിരുന്നു. മേൽ വിവരിച്ച ചട്ടത്തിൽനിന്നു കാലം കൊണ്ടുണ്ടായ അനുഭവം എല്ലാവൎക്കും സംഘത്തിൽ ഒരുപോലെ അധികാരങ്ങൾ ഉണ്ടായിരുന്നത് ഇല്ലാതായതും, ഭൂമി ഓരോ പ്രവൃത്തികൾക്കു പ്രതിഫലമായി ഓരോരുത്തൎക്കു കൊടുത്തതാണെന്നുള്ള വിചാരം നാട്ടുകാരുടെ ഇടയിൽ ഉണ്ടാവാൻ സംഗതി വന്നതും ആകുന്നു. ഒരു പ്രഭുവിന്റെ കീഴിൽ ആരെല്ലാം ഭൂമി അനുഭവിക്കുന്നുവോ അവരെയെല്ലാം ആയാൾ രക്ഷിച്ചു ഒരുപോലെ വിചാരിച്ചു വന്നതിനാൽ അവരെല്ലാം വളരെ യോജിപ്പോടും സ്നേഹത്തോടും നിന്നിരുന്നു. ഇവൎക്ക് എല്ലാവൎക്കും തമ്മിൽ സ്നേഹമുണ്ടാവാൻ ഗോത്രം ഒന്നാവേണമെന്നു സിദ്ധാന്തം ഇല്ലാതായി. ക്രമത്തിൽ ഭൂമിബന്ധം മാത്രം സ്നേഹത്തിന്നു കാരണമായി വന്നു.

എന്നാൽ ആദിയിൽതന്നെ ഭൂമി ശാശ്വതമായി ഓരോരുത്തൎക്കു കൊടുത്തു എന്നു വിചാരിപ്പാൻ പാടില്ലെന്നും, ആദ്യം അവയെ രാജാവിന്റെ ബോദ്ധ്യംപോലെ കൊടുത്തും

കഴിപ്പിച്ചും വന്നിരുന്നു എന്നും, ഓരോ തറവാട്ടിലേയ്ക്കു കാലംകൊണ്ടു അവ സ്ഥിരമായി സിദ്ധിച്ചതാണെന്നും, അതല്ലാം യോദ്ധാക്കളായ അന്നത്തെ കാലത്തെ ആളുകൾക്ക് എത്രയൊ അസ്ഥിരമായ ഒന്നാമത്തെ മാതിരി കയ്യശം സിദ്ധിപ്പാൻ സംഗതിയില്ലെന്നും, അതിനാൽ ആദ്യം തന്നെ ശാശ്വതമായി കൊടുത്തിരുന്നുവെന്നും രണ്ടഭിപ്രായമുള്ളതിൽ ഒന്നാമതായി വിവരിച്ച മാതിരിയാണ്, ഈ മാതിരി കയ്യശം ഉണ്ടായി വന്നതെന്നാണ് എന്റെ പക്ഷം. യൂറോപ്പിൽ ഈ മാതിരി രാജ്യഭാരവും വസ്തു അനുഭവവും പതിനൊന്നാം നൂറ്റാണ്ടിലാണ് തുടങ്ങിയത് എന്നാണ് കാണുന്നത്.

ഈ ചട്ടത്തിൽ പ്രഭുക്കന്മാർ തങ്ങടെ രാജാവിനു കീഴടങ്ങി നില്ക്കണമെന്നു തീർച്ചപ്പെടുത്തീട്ടുണ്ടെങ്കിലും ഇടപ്രഭുക്കന്മാർ, നാടുവാഴികൾ, മുതലായവർ തങ്ങടെ നേരെ മേലെയുള്ളവക്കു ഒതുങ്ങി നില്ക്കണമെന്നല്ലാതെ എല്ലാവരും ഒരുപോലെ രാജാവിന്ന് ഓരോ സംബന്ധത്തോടുകൂടി നില്ക്കണമെന്നു കാണുന്നില്ല. അതുകൊണ്ട് ഒരു രാജ്യത്തിലുള്ള എല്ലാ പ്രഭുക്കന്മാരും അവിടത്തെ രാജാവിന്ന് ഒതുങ്ങി നില്ക്കുന്നപക്ഷം ആ രാജാവിന്നു വളരെ ബലമുണ്ടെങ്കിലും നാലൊ അഞ്ചൊ പ്രഭുക്കൾ വിപരീതമായാൽ ആ രാജാവിന്റെ ശക്തി ക്ഷയിച്ചു പോകുന്നതാണ്.

ഇങ്ങിനെയുള്ള പ്രവൃത്തികളാൽ പ്രഭുക്കന്മാർ രാജാക്കന്മാരെ ക്ഷീണിപ്പിച്ചും അവരുടെ ശക്തിയെ വദ്ധിപ്പിച്ചും, കോട്ടകൾ കെട്ടിച്ചു സൈന്യം ശേഖരിച്ചും, സഭകൾകൂടി തമ്മിൽ തമ്മിൽ മത്സരിച്ചും, തങ്ങൾ പ്രത്യേകം നാണ്യം അച്ചടിച്ചും, സ്വകാര്യമായ നിയമങ്ങൾ ഉണ്ടാക്കിയും ഗവ്വിഷ്ഠന്മാരായി അവനവന്റെ ദിക്കിൽ രാജാവായി പാർത്തുതുടങ്ങി. ഇങ്ങിനെ രാജാക്കന്മാരും പ്രഭുക്കന്മാരും തമ്മിൽ ശണ്ഠ തുടങ്ങി.

അപ്പോഴെക്ക നാട്ടുകാരുടെ ഇടയിൽ കൃഷി, കച്ചവടം മുതലായ വ്യാപാരങ്ങൾ ചെയ്ത് അനവധി ധനികന്മാരുണ്ടായി. രാജാക്കന്മാരും ഇവരും തമ്മിൽ യോജിച്ച് ഒരുവിധത്തിൽ പ്രഭുക്കന്മാരുടെ ശക്തിയെ നശിപ്പിച്ചു. യൂറോപ്പിൽ കഴിഞ്ഞ അവസ്ഥ ഇങ്ങിനെയാണ്. പതിമൂന്നാംനൂററാണ്ടിൽ ഈ ഭരണസമ്പ്രദായം ഇല്ലാതായിത്തുടങ്ങി. പതിനഞ്ചിന്റെ അവസാനമായപ്പോഴെക്ക് ഇതിന്റെ ലക്ഷണങ്ങൾ കൂടി തീരെ മാഞ്ഞുതുടങ്ങി. ഈ സമ്പ്രദായമുണ്ടായിരുന്ന ദിക്കിലെല്ലാം ഭൂമിസ്വത്തിന്മേൽ അവകാശമുള്ളവൎക്ക സകല അധികാരങ്ങളും ഉണ്ടായിരുന്നുള്ളു. ബിലാത്തിയിൽ ഇപ്പോഴും ഭൂമിയിന്മേലുള്ള ജന്മയവകാശം ഏകദേശം നമ്മുടെ മലയാളത്തിലെപ്പോലെ തന്നെയാണ്. എന്നാൽ ഈ ചട്ടത്തിൽനിന്ന് ഈ ഇൻഡ്യാരാജ്യത്തെക്ക് ഒട്ടുക്ക പാറിയിടത്തോളമുള്ള ഭേദഗതിയെ പറയാം. മഹമ്മദുകാരുടെ ഗവമ്മേണ്ടിന്നു മുമ്പായി ഈ രാജ്യത്തും ഏതദ്രൂപമായ ഒരു ഭരണനടപ്പുണ്ടായിരുന്നു എങ്കിലും ആ കാലത്ത് ഭൂമി മുഴുവൻ ഗവമ്മേണ്ടിന്റെയാണെന്നായിരുന്നു വിചാരിച്ചുവന്നത്. മഹമ്മദുകാർ നാട്ടുരാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചാണ് രാജ്യം കൈവശപ്പെടുത്തിയിരിക്കുന്നത് എന്നും അതിനാൽ ഭൂമിയിന്മേൽ ഉടമസ്ഥന്മാൎക്കുണ്ടായിരുന്ന സകല അവകാശങ്ങളും മഹമ്മദുരാജാക്കന്മാൎക്ക സിദ്ധിച്ചിരുന്നു എന്നും മററുമായിരുന്നു അവരുടെ വാദം. നാട്ടുകാരുടെ നില വെറും പാട്ടക്കാരുടേതുപോലെയായിരുന്നു. മലയാളത്തിൽ ഇവരുടെ രാജ്യഭരണം അധികം കാലത്തോളം ഉണ്ടാവാൻ ഇടവരാത്തതിനാലാണ് ജന്മമൎയ്യാദ ഇളകാതെ നിന്നുപോന്നത്. ബ്രിട്ടീഷുഗവമ്മേൻറു മഹമ്മദുകാരുടെ റിക്കാർട്ടുനോക്കിയാണ് ഇവിടെ ആദ്യം ഭരിപ്പാൻ തുടങ്ങിയത്. അതുകൊണ്ട് അവരുടെ പ്രവൃത്തിയെല്ലാം ഭൂമി ഗവമ്മേൻറിന്റെ ജന്മമാണെന്നുള്ള നിശ്ചയത്തിന്മേൽ ആയി. ഒന്നാമതായി വിവരിച്ച ഗ്രാ

മസംഘക്കാരുടെ നിലയിലൊ അതൊ രണ്ടാമത്തു വിവരിച്ച നിലയിലൊ എങ്ങിനെയാണ് ഭൂമിസ്വത്തിന്റെ സൂക്ഷ്മമായ സ്ഥിതി എന്ന് അറിയുവാൻ അന്ന് അവർ ബുദ്ധിമുട്ടിയില്ല. ഇതിന്റെ പരമാൎത്ഥം പിന്നെ അവൎക്ക മനസ്സിലായി എങ്കിലും അതിനാൽ യാതൊരു ഗുണവും ഉണ്ടായില്ല. എങ്കിലും ഏകദേശം യൂറോപ്പിലെ മാതിരി ജന്മികളും അതുമാതിരി രാജ്യഭരണവും നമ്മുടെ നാട്ടിൽ ഉണ്ടായിയെന്നതു പ്രത്യക്ഷമായി കാണാവുന്ന ഒരു അവസ്ഥയാണ്.

യൂറോപ്പിലെ രാജാക്കന്മാരെപ്പോലെ ആയിരുന്നു നമ്മുടെ പൊന്നുതമ്പുരാക്കന്മാരെന്നും, അവിടേയും ഇവിടേയും ഉണ്ടായിരുന്ന പ്രഭുക്കന്മാരുടെ നില ഒന്നുതന്നെ ആയിരുന്നുവെന്നും ഉള്ളതു പതിനായിരത്തിൽ നായര്, അയ്യായിരത്തിൽ പ്രഭു, കൎത്താവ് മുതലായ സ്ഥാനികളുടെ പേരുകളുടെ അൎത്ഥവും ഇപ്പോഴും നമ്മുടെ തമ്പുരാക്കന്മാരുടെ സ്ഥാനാരോഹണം മുതലായ അടിയന്തിരങ്ങൾക്ക് ഇവർ അന്നത്തെ മൎയ്യാദപ്രകാരം വന്ന് തങ്ങളുടെ ആദരവു കാണിക്കുന്ന സമ്പ്രദായവും നോക്കിയാൽ അറിയാവുന്നതാണ്. ഇതിനെപ്പററി കേരളപ്പഴമയിൽ അവിടവിടങ്ങളിൽ പ്രസ്താവിച്ചിട്ടുമുണ്ട്.

ഇങ്ങിനെയാണ് ഭൂമിയിന്മേലുള്ള അവകാശക്രമം ഇപ്പോഴത്തെ നിലയിൽ എത്തിയത്.

ഭൂമി ആദ്യം ഏതു നിലയിൽ കിടന്നിരുന്നു എന്നും, അന്നത്തെ ആളുകൾ ഏതു തരക്കാരായിരുന്നു എന്നും, എങ്ങിനെ അവർ ഭൂമി ഉപയോഗപ്പെടുത്തി എന്നും, അതിനു കാരണങ്ങൾ എന്തെല്ലാമായിരിക്കാമെന്നും, ഭൂമിസ്വത്തിന്റെ ഉത്ഭവം എവിടെയാണെന്നും, കൂട്ടസ്വത്ത് ഏതുപ്രകാരം സ്വകാൎയ്യസ്വത്തായി വന്നു എന്നും, ഗ്രാമസംഘങ്ങളുടെ മാതിരി ഇന്നതാണെന്നും, ഇപ്പോഴത്തെ ഓരോ അവകാശക്രമങ്ങളുടെ ആസ്പദം ഇന്നതാണെന്നും മററും സമഷ്ടിയായി ഇ

പ്പോൾ ഞാൻ പ്രസ്താവിച്ചുവല്ലോ. ഇക്കാലത്തെ അവകാശക്രമങ്ങളും നടപ്പുകളും എല്ലാവൎക്കും ഏറെക്കുറെ നിശ്ചയമുണ്ടാവാൻ സംഗതിയുള്ളതിനാൽ അവയെപ്പററി ഇവിടെ അധികം വിവരിക്കുന്നില്ല.

കച്ചവടം.

ധനശാസ്ത്രത്തിൻെറ പ്രധാനാംഗങ്ങളായ ധനോല്പാദനവിനിമയവ്യംശനങ്ങളെക്കുറിച്ചു സംക്ഷേപമായി ഇതിനു മുമ്പു പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ. ഈ ശാസ്ത്രത്തിൽ ഉൾപ്പെടേണ്ടവയായി വേറെ ചില സംഗതികൾകൂടിയുണ്ട്. അവ അന്യരാജ്യക്കാരോടുകൂടിയുള്ള ക്രയവിക്രയവും രാജാവ് കച്ചവടക്കാർ മുതലായവരുടെ നാണ്യവും നികുതി പിരിക്കുന്നതിൻെറയും ചിലവു ചെയ്യുന്നതിൻെറയും ക്രമങ്ങളും ആകുന്നു. ഇതുകൾ സൂക്ഷ്മത്തിൽ ധനവിനിമയഘട്ടത്തിൽ വരേണ്ടതാണ്. എന്നാൽ അങ്ങിനെ ചെയ്യുന്നതുകൊണ്ട് ആ ഘട്ടത്തിന് അധിക വിസ്താരവും അതിനാൽ വായനക്കാൎക്കു മുഷിച്ചലും വരുമെന്നു ശങ്കിച്ച് ആ സംഗതികളെ ധനശാസ്ത്രത്തിൻെറ ഒരു അനുബന്ധമായി ചേൎക്കുന്നു. അതിൽ ആദ്യത്തെ സംഗതിയെ കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്.

കച്ചവടം സ്വദേശീയമെന്നും, വിദേശീയമെന്നും രണ്ടു പ്രകാരത്തിലുണ്ട്. ഒരു രാജ്യത്തിലുണ്ടാകുന്ന പദാൎത്ഥങ്ങളെ അവിടെയുള്ളവർ തമ്മിൽതന്നെ ക്രയവിക്രയം ചെയ്യുന്നതു സ്വദേശീയ വാണിജ്യവും മററു രാജ്യക്കാരുമായി ചെയ്യുന്നതു വിദേശീയ വാണിജ്യവും ആകുന്നു. ഇതിൽ സ്വദേശീയ വാണിജ്യത്തെക്കുറിച്ചു ധനവിനിമയഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വിദേശീയവാണിജ്യം രണ്ടു സമ്പ്രത്തിലാണ് ഇ

പ്പോൾ നടന്നുവരുന്നത്. ചില രാജ്യങ്ങളിൽനിന്നും കൊണ്ടുവരുന്ന ചരക്കുകൾക്കു ചുങ്കമുണ്ട്. മററു രാജ്യങ്ങളിൽ അതില്ല. ഈ ചുങ്കം പിരിക്കുന്നതിന്റെ ഒരുദ്ദേശം സൎക്കാരിലേക്കുള്ള മുതലെടുപ്പാണെങ്കിലും പ്രധാനമായ ഉദ്ദേശം ആ രാജ്യത്തിലുള്ള മുതലാളന്മാരേയും വേലക്കാരേയും സഹായിക്കുകയാകുന്നു. ഒരു രാജ്യത്ത് ഒരു സാധനമുണ്ടാക്കുന്നതിന്നു സൌകൎയ്യം അധികമുണ്ടെങ്കിൽ ആ രാജ്യക്കാൎക്ക് അതിന്നു സൌകൎയ്യം കുറവായ രാജ്യത്തുണ്ടാക്കുന്നതിനേക്കാൾ ചുരുങ്ങിയ വിലക്കു വില്ക്കാവുന്നതാണ്. അങ്ങിനെയാകുമ്പോൾ ആ മറുരാജ്യങ്ങളിൽ ആ സാധനമുണ്ടാക്കുന്നതിൽ ഏൎപ്പെട്ടിരിക്കുന്ന മുതലാളന്മാൎക്കും വേലക്കാൎക്കും നഷ്ടത്തിന് ഇടയുണ്ടാകും. അതിനെ പ്രതികരിപ്പാനാണ് ഈ ചുങ്കം ഏൎപ്പെടുത്തിയിരിക്കുന്നത്. ആ ചുങ്കത്തോടു കൂടുമ്പോൾ എല്ലാ രാജ്യക്കാരുണ്ടാക്കുന്നതിന്റെയും വില ഏറെക്കുറെ ശരിയാകും. ഈ പറഞ്ഞത് വിശദമാകുന്നതിന് ഒരുദാഹരണം പറയാം: ബ്രിട്ടീഷ് മലയാളത്തിൽ ജനങ്ങളുടെ ഉത്സാഹംകൊണ്ടോ, സാമൎത്ഥ്യംകൊണ്ടോ, മണ്ണിന്റെ ഗുണംകൊണ്ടോ കൊച്ചിയിൽ ഉണ്ടാവുന്നതിലധികം കുരുമുളകുണ്ടാകുന്നുണ്ട്. അതുകൊണ്ട് അവിടെ കുരുമുളകിന്റെ വില കൊച്ചിയിലുണ്ടാവുതിനേക്കാൾ കുറവായിരിക്കണം. അതു യാതൊരു പ്രതിബന്ധവും കൂടാതെ കൊച്ചിക്കു കൊണ്ടുവരാമെങ്കിൽ കൊച്ചിയിൽ കുരുമുളക് കൃഷിചെയ്യുന്നവൎക്കു ദോഷമായിത്തീരും. മലയാളത്തിൽനിന്നും കൊണ്ടുവരുന്നതിനെ ഇവിടെ പറയ്ക്ക് അഞ്ചുറുപ്പികയായി വിററാൽ മുതലാകുമെന്നും ഇവിടെ ഉണ്ടാകുന്നത് ആറുറുപ്പികയായി വിററാലെ മുതലാവൂ എന്നും ഇരിക്കട്ടെ. അഞ്ചുറുപ്പികക്കു കിട്ടുമ്പോൾ സ്വദേശാഭിമാനംകൊണ്ട് ആറുറുപ്പിക കൊടുത്തു വാങ്ങുന്ന ജനങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. അപ്പോൾ ഇവിടെ ഉണ്ടാകുന്നതിനേയും അഞ്ചുറുപ്പികക്കു വില്ക്കേണ്ടി വരികയും അതിനാൽ ന

ഷ്ടത്തിനിടയാകയും ചെയ്യുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ മലയാളത്തിൽനിന്നും വരുന്ന മുളകിന്നു കൊച്ചിസൎക്കാരിൽനിന്നു പറയ്ക്കു് ഒരുറുപ്പികവീതം ചുങ്കം നിശ്ചയിച്ചാൽ ഇവിടത്തെ മുളകുകൃഷിക്കാൎക്കു് ഒരു രക്ഷയായല്ലൊ. ഇങ്ങിനെ അതാതു രാജ്യത്തുള്ള വ്യവസായികളെ സഹായിക്കുന്നതിന്നു സൎക്കാരിൽനിന്നും ചുങ്കം പിരിച്ചുവരുന്ന കച്ചവടത്തിന്നു രക്ഷിതവാണിജ്യമെന്നും മറ്റേതിന്നു് അരക്ഷിതവാണിജ്യമെന്നും പേരാകുന്നു.

രക്ഷിതവാണിജ്യം ഉപയുക്തസാധനങ്ങളുടെ ഉൽപാദകന്മാൎക്കു ഗുണകരമാണെങ്കിലും ജനസമുദായത്തിന്നു ദോഷകരമായിട്ടുള്ളതാണു്. കുരുമുളകിന്നു കൊച്ചിരാജ്യത്തു ചുങ്കം നിശ്ചയിക്കുന്നതുകൊണ്ടു് അവിടെയുള്ള കുരുമുളകുകൃഷിക്കാൎക്കു ഗുണമുണ്ടാകുമെന്നു നിശ്ചയംതന്നെ. എന്നാൽ അവിടെ കുരുമുളകിന്നു് ആവശ്യമുള്ളവൎക്കെല്ലാം കുറച്ചുജനങ്ങളുടെ ആദായത്തിന്നുവേണ്ടി പറയ്ക്കു് ഒരുറുപ്പികവീതം വെറുതെ അധികച്ചിലവു ചെയ്യേണ്ടതാണല്ലൊ. അതുപോലെതന്നെ അന്യരാജ്യത്തുനിന്നു വരുന്ന എല്ലാ സാമാനങ്ങൾക്കും ചുങ്കം നിശ്ചയിച്ചാൽ സാധാരണജനങ്ങൾക്കു ദിവസവൃത്തിക്കു ചിലവുകൂടിവരുന്നതാണു്. എന്നാൽ ഉല്പാദകന്മാൎക്കുള്ള ദോഷം താൽക്കാലികവും സ്ഥായിയായിനില്ക്കാത്തതുമാകുന്നു. കുരുമുളകുകൃഷിക്കാർ അവരുടെ പരിശ്രമം ആദായമില്ലാത്തതാണെന്നു കാണുമ്പോൾ അതിൽനിന്നു പിൻവാങ്ങി ആദായമുള്ള പരിശ്രമത്തിൽ പ്രവേശിക്കുമെന്നു് നിശ്ചയമല്ലേ? ഒരു പരിശ്രമം സ്വതെ ആദായമുള്ളതാകേണമെങ്കിൽ അതിന്നു് ആ ദിക്കിൽ പ്രത്യേകസൌകൎയ്യമുണ്ടായിരിക്കണം. അങ്ങിനെയാകുമ്പോൾ ഓരോരാജ്യത്തുള്ള ജനങ്ങൾ അതാതുരാജ്യത്തെ ഉല്പാദനത്തിന്നു് എല്ലാംകൊണ്ടും സൌകൎയ്യമുള്ള പദാൎത്ഥങ്ങളെ മാത്രമുണ്ടാക്കും. അപ്പോൾ എല്ലാരാജ്യങ്ങളിലുമുള്ള ജനങ്ങൾക്കു് ഒരുപോലെ ഗുണം സിദ്ധിക്കുന്നതാണു്. പ്രവൃത്തിവിഭജനം ധനോല്പാദനത്തിന്നു് ഒരു പ്രധാനകാരണമാ

ണെന്ന് ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. അരക്ഷിതവാണിജ്യം ഈ പ്രയത്നവിഭജനത്തെ ഉണ്ടാക്കുന്നതാണ്. ഒരു കസാലപണിയുമ്പോൾ കടച്ചിൽപണി, ചെത്തുപണി, ചൂരലിടുക, മുതലായതിൽ ഓരോന്നിന്ന് പ്രത്യേകവാസനയും പരിചയവും ഉള്ളവർ അതാത്തു പണിചെയ്യുന്നതായാൽ ആ കസാല ഉണ്ടാക്കുന്നതിന്ന വളരെ സൌകൎയ്യവും വേഗവും ഉണ്ടാകുന്നതുപോലെയും, കൃഷിക്കാർ മറ്റൊരുപണിനോക്കാതെ കൃഷിപ്പണിയിൽതന്നെ പരിശ്രമിക്കുകയും ചക്കാന്മാർ എണ്ണയാട്ടുന്നതിൽമാത്രം ശ്രദ്ധവയ്ക്കുകയും നെയ്ത്തുകാർഅവരുടെവേലയിൽതന്നെ മനസ്സുവയ്ക്കുകയും മററും ചെയ്താൽ അതാതുവേല സുകരവും ഫലവത്തുമായി തിരുന്നതുപോലെയും ഓരോരാജ്യങ്ങളിലുള്ളവർ അതാതു രാജ്യത്തു ഉല്പാദനസൌകൎയ്യമുള്ള പദാൎത്ഥങ്ങളെമാത്രം ഉണ്ടാക്കുന്നതിൽ പ്രവശിച്ചാൽ ഭൂമിയിൽഎല്ലാംഅധികമായ ധനോല്പാദനത്തിനും ജനസമുദായത്തിന്നു ക്ഷേമത്തിനും കാരണമാകുന്നതാണ്. അതുകൊണ്ട് എല്ലാരാജ്യങ്ങളിലും കച്ചവടത്തിന് ചുങ്കം മുതലായ ബാധകൾ ഇല്ലാതാക്കുന്നതിനാൽ ഭൂമിയിൽ ധനോല്പാദനവും എല്ലാനാട്ടുകാൎക്കും ജീവനസൌകൎയ്യവും വൎദ്ധിക്കുന്നതാണ്. എന്നിരിക്കെ താല്ക്കാലികമായി ഓരോരുത്തൎക്കുണ്ടാകുന്ന ദോഷങ്ങളെ നിസ്സാരങ്ങളായിട്ടല്ലേ ഗണിക്കേണ്ടത്?

കച്ചവടം ഒരുരാജ്യത്തിന്റെ അഭിവൃദ്ധിക്കുള്ള പ്രധാനകാരണങ്ങളിൽ ഒന്നാകുന്നു. കച്ചവടംകൊണ്ടു അന്യരാജ്യങ്ങളിൽ മാത്രമുണ്ടാകുന്നതും നമുക്കു ആവശ്യമുള്ളതുമായ സാധനങ്ങളെ ധാരാളമായി നമുക്കുകിട്ടുന്നതാണെന്നുള്ള ഒരു പ്രയോജനത്തെ മാത്രമെ സാധാരണ ജനങ്ങൾ ധരിച്ചിട്ടുള്ളു. എന്നാൽ അതിന്നു ഇതിൽ വലുതായ അനേകഗുണങ്ങൾ ഉണ്ട്. അവയിൽ ഈ ശാസ്ത്രത്തിൽ പ്രധാനമായി പറയേണ്ടതു കച്ചവടത്തിന്റെ ധനോല്പാദകശക്തിയാകുന്നു. ചുങ്കം

മുതലായ ബാധകൾ കൂടാതെ പലരാജ്യങ്ങൾതമ്മിൽ ക്രയവിക്രയം നടത്തുന്നതായാൽ ഓരോരോരാജ്യങ്ങളിൽ ഉല്പാദനത്തിന്നു പ്രത്യേകസൌകയ്യമുള്ള സാധനങ്ങളെ മാത്രമെ ഉണ്ടാക്കയുള്ളു. അങ്ങിനെയാകുമ്പോൾ എല്ലാ ഉപയുക്തസാധനങ്ങളുടേയും ഉല്പാദനം വദ്ധിച്ചുവരികയും ഉല്പാദനവ്യയം കുറഞ്ഞുവരികയും അതുനിമിത്തം ലോകത്തിലുള്ള ധനം അധികമായി വരികയും ചെയ്യുന്നതാണല്ലൊ. ഇതുകൂടാതെ കച്ചവടവഴിക്കു പല രാജാക്കന്മാർ തമ്മിലുണ്ടാകുന്ന സംമ്മേളനംകൊണ്ടു അവർ തമ്മിൽ ഐകമത്യവും പലപ്രകാരത്തിലുള്ള പരിഷ്കാരവും വദ്ധിക്കുകയും കലഹങ്ങളും മറ്റും കുറയുകയും ചെയ്യുന്നതാണ്. ഈ സംഗതികളെക്കുറിച്ച് ഈ പ്രകൃതത്തിൽ അത്ര വിസ്തരിക്കണമെന്നില്ല.

വിദേശവാണിജ്യം ഇരുകക്ഷികൾക്കും ഗുണകരമാവേണമെങ്കിൽ കയ്യറ്റം ചെയ്യുന്ന സാധനങ്ങളുടെ വിലയുടെ താരതമ്യം രണ്ടു രാജ്യത്തിലും ഒരുപോലെ ആയിരിക്കരുത്. മലയാളത്തിലും കോയമ്പത്തൂരും ഒരുപറ കുരുമുളകിന്റെ വില ആറുപറ തോരപ്പരിപ്പാണെങ്കിൽ കോയമ്പത്തൂരിൽനിന്നും ഇവിടേക്കു തോരപ്പരിപ്പു കൊണ്ടുവരികയും ഇവിടുന്ന് അങ്ങോട്ട് കുരുമുളകുകൊണ്ടുപോകയും ചെയ്യുന്നതുകൊണ്ടു ഇരുകക്ഷികൾക്കും ലാഭമുണ്ടാകുന്നതല്ല. ഒരുപറ മുളകിന്റെ വില ഇവിടെ ആറുപറപരിപ്പും കോയമ്പത്തൂർ എട്ടുപറപരിപ്പുമാണെങ്കിൽ കോയമ്പത്തൂക്കാർക്കു ആറരപ്പറപരിപ്പു മലയാളത്തിൽ കൊണ്ടുവന്നുകൊടുത്തു ഒരുപറ കുരുമുളകു വാങ്ങിയാലും തരക്കേടില്ല. ആറരപ്പറപ്പരിപ്പു ഇവിടെകൊണ്ടുവരുന്നതിന്നും ഒരുപറ കുരുമുളകുകൊണ്ടുപോകുന്നതിന്നുമുള്ള കൂലി ഒരുപറ പരിപ്പിന്റെ വിലയാണെങ്കിൽ ഈ കയ്യറ്റംകൊണ്ടു രണ്ടുകക്ഷികൾക്കും അരപ്പറപ്പരിപ്പിന്റെ വിലയോളമുള്ള ലാഭമുണ്ടാകുന്നതാണ്.

വിലയിൽ വ്യത്യാസമുണ്ടാകാനുള്ള കാരണം കുരുമുളകുകൃഷിക്കു മലയാളത്തിലും പരിപ്പുകൃഷിക്കു കോയമ്പത്തൂരുമുള്ള

പ്രത്യേകസൌകൎയ്യമാകുന്നു. കോയമ്പത്തൂക്കാർ ഒരുപറ മുളകിന്നു ആറരപ്പറപ്പരിപ്പുകൊടുപ്പാൻ തയ്യാറാണെന്നു കാണുമ്പോൾ മലയാളത്തിലെ പരിപ്പുകൃഷിക്കാർ അതു വെടിഞ്ഞു കുരുമുളക് ഉണ്ടാക്കുവാൻ തുടങ്ങും. അതുപോലെതന്നെ ഏഴരപ്പറ പരിപ്പിന്നു ഒരു പറ കുരുമുളകു കിട്ടിത്തുടങ്ങുമ്പോൾ കോയമ്പത്തൂരും മുളകുകൃഷിക്കാർ അതു വെടിഞ്ഞു പരിപ്പുകൃഷിക്കു ഉത്സാഹിച്ചുതുടങ്ങും. ഇതിൽ ഓരോന്നിന് ഓരോ രാജ്യത്തിൽ സൌകൎയ്യമധികമുള്ളതിനാൽ പരിപ്പും മുളകും രണ്ടു രാജ്യത്തും കൂടി ഉണ്ടാകുന്നതിലധികം ഉണ്ടായിത്തുടങ്ങുന്നതാണല്ലൊ.

ലാഭമില്ലാതെ ആരും കച്ചവടത്തിൽ പ്രവേശിക്കയില്ലെന്നു മേല്പറഞ്ഞതുകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. എന്നാൽ ഈ ലാഭം എത്രത്തോളമുണ്ടാകുമെന്ന് ആലോചിപ്പാനുള്ളതാണ്. പാണ്ടിയിൽനിന്ന് ആദ്യം ഈ ദിക്കുകളിൽ പാവുകൊണ്ടുവന്നപ്പോഴത്തെപ്പോലെ ആദ്യമായി പുതുചരക്കുകൾ കൊണ്ടുവരുന്നവൎക്ക് അധികലാഭമുണ്ടാകുന്നതാണ്. എന്നാൽ അങ്ങിനെ ലാഭം കാണുമ്പോൾ വളരെ ആളുകൾ ആ ചരക്കുകൊണ്ടുവന്നു തുടങ്ങും. ഉല്പാദനം അധികമാകുംതോറും വില കുറഞ്ഞുവരുമെന്നു മുൻപെ ഒരിക്കൽ പറഞ്ഞിട്ടുണ്ടല്ലൊ. അപ്പോൾ ആ ചരക്കു കൊണ്ടുവരുന്നതിനാലുള്ള ലാഭം കുറഞ്ഞുതുടങ്ങും. ഇവിടെ ആവശ്യമുള്ളതിലധികം ആ ചരക്കു കൊണ്ടുവന്നാൽ അശേഷം ലാഭമില്ലാതെ ആകുന്നതുകൊണ്ടു വരവിന്നു ഒരു അതിരില്ലാതെ വരാൻ പാടില്ല. എത്രത്തോളം ചുരുങ്ങിയ ലാഭംകൊണ്ടു തൃപ്തിപ്പെടാമോ ആ ലാഭമാകുന്നു വരവിന്റെ അതിര്. ആ ലാഭമെന്തായിരിക്കും? അതു കച്ചവടത്തിൽ ഇറക്കിയിരിക്കുന്ന ധനം ഉറപ്പുവാങ്ങി പലിശക്കു കൊടുത്താൽ കിട്ടുന്ന ആദായത്തിൽ കുറയാൻ പാടില്ലല്ലൊ. പിന്നെ പലിശക്കു കൊടുത്തിരിക്കുന്ന പണത്തിന്ന് ഉറപ്പ് അധികമുള്ളതിൽ കച്ചവടത്തിലെ നഷ്ടസംഭാവ്യതയു

ടെ അവസ്ഥയ്ക്കു തക്കതായി ഒരു പ്രതിഫലവും ഉണ്ടായിരിക്കണം. ഇതു രണ്ടും ചരക്കുകൾ കൊണ്ടുപോകുന്നതിനാലുള്ള കൂലിയുമാണ് കച്ചവടക്കാരുടെ ലാഭത്തിന്റെ അതിര്. അതിലധികമായി എത്രയെങ്കിലും കിട്ടിക്കൊള്ളട്ടെ. അതിൽ കുറഞ്ഞാൽ കച്ചവടം നടക്കുന്നതല്ല.

ഈ രാജ്യത്തുനിന്നു പുറത്തേക്കു പോകുന്ന ചരക്കുകളുടേയും ഇവിടേയ്ക്കു വരുന്ന ചരക്കുകളുടേയും വില ശരിയായിരിക്കും. ചില കാലങ്ങളിൽ ഒന്ന് അധികമായി എന്നു വരാം. എന്നാൽ ക്രമേണ രണ്ടും ശരിയായി വരുന്നതാണ്. കൊച്ചിയും തിരുവിതാംകൂറും തമ്മിൽ കച്ചവടം നടക്കുന്നുണ്ടെന്നും ഈ രാജ്യങ്ങൾക്കു മററു യാതൊരു രാജ്യവുമായി കച്ചവടമില്ലെന്നും ഇരിക്കട്ടെ. എന്നാൽ കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കു പോകുന്നതിനേക്കാൾ അധികം ചരക്കു തിരുവിതാംകൂറിൽ നിന്നു കൊച്ചിയിലേക്കു ചില കാലങ്ങളിൽ വന്നേക്കാം. അങ്ങിനെ ആകുമ്പോൾ ചരക്കു കൈമാററം കഴിച്ചു ബാക്കിയുള്ളതിന്റെ വില നാണ്യമായിത്തന്നെ കൊച്ചിയിൽനിന്നും തിരുവിതാംകൂറിലേക്കു പോകും. അപ്പോൾ നാണ്യം തിരുവിതാംകൂറിൽ വർദ്ധിക്കുകയും കൊച്ചിയിൽ നാണ്യം കുറയുകയും ചെയ്യും. മററു സാധനങ്ങളെപ്പോലെ നാണ്യവും വർദ്ധിക്കുന്തോറും വില കുറയുകയും കുറയുംതോറും വില വർദ്ധിക്കുകയും ചെയ്യും. നാണ്യത്തിന്റെ വില കുറഞ്ഞു വരുമ്പോൾ തിരുവിതാംകൂറിൽ ഒരു ഉറുപ്പികയ്ക്കു കിട്ടിയിരുന്ന പദാർത്ഥത്തിനു ഒന്നര ഉറുപ്പികയോ മറേറാ കൊടുക്കേണ്ടിവരും. കൊച്ചിയിൽ നേരെ മറിച്ചും ആവും. അപ്പോൾ തിരുവിതാംകൂറിൽ നിന്നും സാധനങ്ങളെ കൊച്ചിക്കു കൊണ്ടുവരുന്നതു നഷ്ടമായും കൊച്ചിയിൽനിന്ന് അങ്ങോട്ടു കൊണ്ടുപോകുന്നത് അതിലാഭമായും തീരുകയും അതിനാൽ കൊച്ചിയിൽനിന്നു ചരക്കുകളുടെ പോക്കു കൂടുകയും തിരുവിതാംകൂറിൽനിന്നു വരവു ചുരുങ്ങുകയും ചെയ്യും. അങ്ങിനെ

പോക്കുവരവുകൾ ശരിയായിത്തീരും. നമ്മുടെ രാജ്യത്തുനിന്നു കച്ചവടക്കാർ പണമധികമായി അന്യരാജ്യത്തേക്കു കൊണ്ടുപോകുന്നതിനാൽ ഇവിടെ ദാരിദ്ര്യം വർദ്ധിച്ചു വരുന്നു എന്നു നാം സാധാരണയായി ജനങ്ങൾ പറഞ്ഞുകേൾക്കാറുണ്ടല്ലൊ. എന്നാൽ ഇതു ഒരു തെററായ ആവലാധിയാണെന്നു മേൽപറഞ്ഞതുകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. ഒരു നാട്ടിൽനിന്നു ഉറുപ്പിക പോകുന്നതുകൊണ്ട് അവിടെ ദാരിദ്ര്യമുണ്ടാകുന്നതല്ല. മറുനാട്ടുകാരെപ്പോലെ പ്രയത്നംചെയ്യാതെയാകുമ്പോഴാണ് ദാരിദ്ര്യം വർദ്ധിക്കുന്നത്. ശുദ്ധ മലയാളികൾ മററു ജാതിക്കാരെപ്പോലെ പരിശ്രമശീലന്മാരല്ലെന്നു നമുക്ക് അനുഭവമല്ലേ? ഈ പരിശ്രമശൂന്യതയാകുന്നു മലയാളികളുടെ അഭിവൃദ്ധിയെ ദിവസംതോറും ക്ഷയിപ്പിച്ചുവരുന്നത്. ഇതിനുമുമ്പിൽ പറഞ്ഞിട്ടുള്ള സംഗതികളെയെല്ലാംകൂടി ആലോചിച്ചാൽ ഈ പറഞ്ഞതു യഥാർത്ഥമാണെന്നു വെളിപ്പെടുന്നതാണ്.

ധർമ്മപുത്രർ

ശ്രീമഹാഭാരതത്തിലെ കഥാനായകൻ ധർമ്മപുത്രരാണല്ലൊ. അദ്ദേഹത്തെക്കുറിച്ചു പ്രസ്താവിക്കാം. പാണ്ഡുമഹാരാജാവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശതശൃംഗപർവ്വതത്തിൽനിന്നു ഹസ്തിനപുരത്തിലെത്തിയതിൽപിന്നെ തന്റെ വലിയച്ഛനായ ധൃതരാഷ്ട്രരെ അച്ഛനെപ്പോലെയാണ് അദ്ദേഹം വിചാരിച്ചിരുന്നത്. ധൃതരാഷ്ട്രർ തന്റെ മക്കളോടൊന്നിച്ചു പാണ്ഡുപുത്രന്മാരായ ധർമ്മപുത്രാദികളേയും കൃപാചാര്യരുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. അക്കാലത്ത് ഒരനദ്ധ്യായത്തിൽ ഈ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ കളിസാമാനം കിണററിൽ വീണുപോയി.

അതെടുപ്പാൻ വയ്യാതെയിരിക്കുന്ന സമയം ഒരു ബ്രാഹ്മണൻ ഭാൎയ്യയോടും പുത്രനോടും കൂടി അവിടെ ചെന്നു. 'മൂന്നുദിവസമായിട്ടു ഭക്ഷണം കിട്ടാതെ വിശന്നു കിടന്നലയുന്ന ഞങ്ങൾക്കു ഭക്ഷണം തരാമെങ്കിൽ നിങ്ങളുടെ കളിസാമാനം എടുത്തു തരാ'മെന്ന് ആ ബ്രാഹ്മണൻ പറഞ്ഞപ്പോൾ അനുകമ്പയോടുകൂടി ഭക്ഷണം തരാമെന്നു ഏറ്റു പറയുവാൻ ധൎമ്മപുത്രർ മാത്രമെ ഉണ്ടായുള്ളു. പാഞ്ചാലരാജ്യത്തുനിന്ന് ഇച്ഛാഭംഗത്തോടുകൂടിവരുന്ന ദ്രോണാചാൎയ്യരായ ആ ബ്രാഹ്മണന്റെ നേരെ ധൎമ്മപുത്രർ കാണിച്ച ഔദാൎയ്യവും ദയയും പിന്നീടുകുരുപാണ്ഡവന്മാരുടെ ഉൽക്കൎഷത്തിനും പ്രസിദ്ധിക്കും കാരണമായിത്തീൎന്നു. കുരുകുലാചാൎയ്യനായിത്തീൎന്ന ദ്രോണാചാൎയ്യരുടെ അടുക്കൽ ഇവരുടെ ആയുധവിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം ധൃതരാഷ്ട്രൎക്ക ക്രമേണ തന്റെ പുത്രന്മാരിൽ പ്രതിപത്തി അധികമായി തോന്നിത്തുടങ്ങി. എന്നാൽ മററുള്ളവൎക്കെല്ലാം ധൎമ്മപുത്രരിലായിരുന്നു അധികം പ്രീതി. അതിന്നു കാരണം അദ്ദേഹത്തിന്റെ ദാക്ഷിണ്യാദി ഗുണങ്ങളാണ്. നാട്ടുകാൎക്കുള്ള പ്രതിപത്തി കുറയുന്നതിന്നുവേണ്ടി വാസ്തവത്തിൽ രാജ്യാവകാശിയായ ധൎമ്മപുത്രരെ ഉപായത്തിൽ വാരണാവതത്തിലേക്കു മാററിത്താമസിപ്പിക്കുവാൻ ധൃതരാഷ്ട്രർ ആലോചിച്ചു. തനിക്കു രാജ്യലാഭത്തിന്നു പ്രതിബന്ധകവും പക്ഷെ ജീവഹാനിക്കുകൂടി നിമിത്തവുമായ ഈ സ്ഥലമാററം ഗുരുഭക്തികൊണ്ടും സഹനശക്തികൊണ്ടും ധൎമ്മപുത്രർ നിസ്സംശയം സമ്മതിച്ചു. ഈ പ്രവൃത്തിതന്നെ പ്രജകൾക്കു അദ്ദേഹത്തിന്റെ പേരിലുള്ള പ്രതിപത്തിക്കു കാരണമായി. വാരണാവതത്തിൽവെച്ചു വഹ്നിവിഷാദികളെക്കൊണ്ടു പാണ്ഡവന്മാരെ നശിപ്പിക്കുവാൻ ചെയ്തതായ ദുൎയ്യോധനാദികളുടെ ചതിപ്രയോഗം ഗുരുക്കന്മാരുടെ പ്രസാദംകൊണ്ടും യാത്ര പുറപ്പെടുമ്പോൾ വിദുരർ 'യവനഭാഷ'യിൽ വളച്ചു പറഞ്ഞിട്ടുള്ള സൂചനമൂലം ധൎമ്മ

പുത്രർ ചെയ്ത മുൻകരുതലുകൊണ്ടും നിഷ്ഫലമായിത്തീൎന്നുവെങ്കിലും അദ്ദേഹത്തിന്നു കുറച്ചുകാലം അനുജന്മാരോടും അമ്മയോടുംകൂടി പ്രച്ഛന്നസഞ്ചാരം ചെയ്യേണ്ടിവന്നു. ഭീമസേനന്റെ ഹിഡുംബവധം, ഘടോൽകചോല്പാദനം, ബകവധം, ഇവയും, അൎജ്ജുനന്റെ ഗന്ധൎവ്വവിജയം, ലക്ഷ്യഭേദനം, ഇവയും ഈ പ്രച്ഛന്നസഞ്ചാരത്തിന്റെ ഫലമാണ്. പാഞ്ചാലീസ്വയംബരത്തിന്നുശേഷമാണ പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നു ജനങ്ങൾക്കു മനസ്സിലായത്.

ജ്യേഷ്ഠാനുജന്മാരഞ്ചുപേരും പാഞ്ചാലിയെ വിവാഹം ചെയ്തതു എത്രത്തോളം ന്യായമായിരിക്കുമെന്നാലോചിക്കുക. 'ഒരു യൂപത്തിൽ രണ്ടോ മൂന്നോ രജ്ജു കെട്ടാറുണ്ടെങ്കിലും ഒരു രജ്ജു പല യൂപത്തിന്മേൽക്കൂടി കെട്ടുന്നതിന്നു വിധിച്ചിട്ടില്ല' എന്നുള്ള അന്യാപദേശമായ വേദവാക്യംകൊണ്ടും സ്മൃതികളെക്കൊണ്ടുംഒരുസ്ത്രീക്കു അനേകംഭൎത്താക്കന്മാരുണ്ടാകുന്നതിനു നിഷിദ്ധമാണല്ലോ. അങ്ങിനെയിരിക്കെ ധൎമ്മപ്രവൎത്തകനായ ധൎമ്മപുത്രർ നാലനുജന്മാരോടുകൂടി പാഞ്ചാലിയെ വേട്ടതു വേദത്തിന്നും ധൎമ്മശാസ്ത്രങ്ങൾക്കുംലോകമൎയ്യാദക്കുംവിരോധമല്ലേയെന്നാണെങ്കിൽ ഇതിന്നുദൈവികമായിട്ടും ലൌകികമായിട്ടും സമാധാനമുണ്ട്. 'പ്രചേതസ്സുകൾ പത്തുപേരുംകൂടി ഒരു കന്യകയെ വിവാഹംചെയ്തിട്ടുള്ളതുപോലെ നിങ്ങളെല്ലാവരുംകൂടി പാഞ്ചാലിയെ വിവാഹംചെയ്യിൻ. അതു സദാചാരമാകാതിരിക്കയില്ല' എന്നു വേദവ്യാസൻ ധൎമ്മപുത്രരോടു വഴിക്കുവെച്ചുപദേശിച്ചിട്ടുണ്ട്. പാണിഗ്രഹണസമയത്തിങ്കൽ സംശയഗ്രസ്തനായദ്രുപദരാജാവിനോടും നാളായനീചരിതം അല്ലെങ്കിൽ പഞ്ചേന്ദ്രോപാഖ്യാനംകഥ പറഞ്ഞിട്ട് ആ അഞ്ചിന്ദ്രന്മാരാണ് പാണ്ഡവന്മാരെന്നും അവരുടെ ശക്തിയാണ് പാഞ്ചാലിയെന്നും വ്യാസൻ രാജാവിനെ പ്രത്യക്ഷത്തിലനുഭവപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്നും പുറമെ ഭാൎഗ്ഗവകൎമ്മശാലയിലിരുന്ന കുന്തീദേവിയോട് 'ഇന്നു ഞങ്ങൾ

ക്കൊരു ഭിക്ഷ കിട്ടീട്ടുണ്ട്' എന്നു പാഞ്ചാലിയെ ഉദ്ദേശിച്ചു ധമ്മപുത്രർ പറഞ്ഞപ്പോൾ 'അഞ്ചാളും കൂടി അനുഭവിക്കുവിൻ' എന്നു 'ഭിക്ഷ' കാണാതെ മറുപടിപറഞ്ഞതിന്നുശേഷം പാഞ്ചാലിയെക്കണ്ടപ്പോൾ 'ഇതേവരെ അസത്യം പറയാത്ത എന്റെ വാക്കു മിത്ഥ്യയാകുമല്ലോ'യെന്നു വ്യസനിക്കുന്ന അമ്മയുടെ വാക്കിനെ സത്യമാക്കുവാൻ വേണ്ടിയാകുന്നു ധമ്മപുത്രാദികളിപ്രകാരം ചെയ്തതെന്നു ലൌകികമായിട്ടും ഒരു തക്ക സമാധാനമുണ്ട്. ഗുരുവാക്യം തെററിക്കരുതെന്നുള്ളതിന്ന് അച്ഛന്റെ കല്പനപ്രകാരം അമ്മയുടെ തല വെട്ടിയ പരശുരാമൻ ദൃഷ്ടാന്തമാണല്ലോ. 'ഗുരോർദ്ദശഗുണാ മാതാ മാതുർദ്ദശഗുണഃ പിതാ' 'ദൈവേ രുഷ്ടേ ഗുരുസ്ത്രാതാ ഗുരൌ രുഷ്ടേ ന കശ്ചന', ഇത്യാദി പ്രമാണവശാൽ ഗുരുത്വംകൊണ്ട് അച്ഛനെ കഴിഞ്ഞാൽ അമ്മയാണ് വലുതെന്നും ഗുരുവാക്യം തെററിക്കരുതെന്നുമാണല്ലോ സാധിക്കുന്നത്. അതുകൊണ്ടു ധമ്മപുത്രരുടെ ഈ പ്രവൃത്തി അദ്ദേഹത്തിന്റെ ധമ്മനിഷ്ഠയെ ഒന്നുകൂടി ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. മാതുലപുത്രനായ ശ്രീകൃഷ്ണന്റെ സഹായത്തോടുകൂടി സകല രാജാക്കന്മാരേയും ഇണക്കീട്ടും പിണക്കീട്ടും കീഴടക്കി രാജസൂയയാഗം ചെയ്തിരിക്കുന്ന ഈ മഹാപുരുഷന്റെ മഹാഭാഗ്യം പ്രസിദ്ധമാണല്ലോ.

ചതിയന്മാരാണെന്ന് അറിഞ്ഞുകൊണ്ടു ദുര്യോധനാദികളോടു ഇദ്ദേഹം ചൂതു പൊരുതിയത് എന്തുകൊണ്ടാണ്? 'നാടും നഗരവും വീടും കുടികളും' കളിച്ചു കളഞ്ഞു; പിന്നെ അനുജന്മാരേയും തന്നെയും പാഞ്ചാലിയേയും പണയം വെച്ചതു മയ്യാദകേടും മൌഢ്യവുമല്ലേ? ദുശ്ശാസനൻ രാജസഭയിൽവെച്ചു ഭാര്യയുടെ വസ്ത്രാക്ഷേപം ചെയ്യുന്നതു കണ്ടുംകൊണ്ടു മിണ്ടാതിരുന്നതു പൌരുഷത്തിനു തക്കതായോ? എന്നു ചോദിക്കുകയാണെങ്കിൽ സമാധാനം പറയാം. 'ആ

ഹൂതോനനിവർത്തേയ ദ്യൂതായ ച രണായ ച' * എന്നു രാജസൂയത്തിൽ വെച്ചു ചെയ്ത ശപഥം നിമിത്തം പോരിന്നോ ചൂരിന്നോ വിളിച്ചാൽ ധർമ്മപുത്രർ പോകാതിരിപ്പാൻ നിവൃത്തിയില്ല. ഇടയ്ക്കുവെച്ചു പിൻവലിക്കുന്നതോ സത്യത്തിന്നും വീരധർമ്മത്തിന്നും പോരാത്തതാണല്ലോ. അതുകൊണ്ടു തന്റെ സകല മുതലുകളും അനുജന്മാരേയും തന്നേയും പണയംവെക്കേണ്ടി വന്നതാണ്. ജയാപജയങ്ങൾ ഈശ്വരാധീനമാണല്ലോ. എന്നാൽ പാഞ്ചാലിയെ പണയംവെച്ച കാര്യത്തിൽ ദ്യൂതമര്യാദയ്ക്കു സ്വത്തു ചൂണ്ടിക്കാണിച്ചു പണയം വെപ്പിക്കുന്നതു യുക്തമല്ലെന്നും വിശേഷിച്ചു പണയസ്വത്തിന്ന് അതായത് അടിമയായ ധർമ്മപുത്രർ പൂർവ്വസ്വത്തായ പാഞ്ചാലിയിലുള്ളവകാശം നശിച്ചുകൊണ്ടു പണയംവെയ്പാനുള്ളധികാരമില്ലെന്നും ഒരു ഭാഗക്കാരും, സർവ്വസ്വത്തുക്കളേയും പണയം വെച്ചപ്പോൾ തന്നെ പാഞ്ചാലി അതിലുൾപ്പെട്ടു പോയിട്ടുണ്ടെന്നും അഥവാ അതില്ലെങ്കിൽതന്നെ ഭാര്യ ഭർത്താവിന്ന് എപ്പോഴും അടിമയായതുകൊണ്ടു ധർമ്മപുത്രർ പാഞ്ചാലിയെ പണയം വെയ്പാനുള്ളധികാരമുണ്ടെന്നും മറുഭാഗക്കാരും വാദിക്കുന്നതായ ഈ വിഷയത്തിൽ ഭീഷ്മദ്രോണാദികൾക്കുപോലും ഒരു തീർച്ച ചെയ്വാൻ സാധിക്കാത്തതാണ്. അത് എങ്ങിനെയെങ്കിലും ഇരിക്കട്ടെ; ധർമ്മപുത്രരെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ പ്രവൃത്തി അനീതിയാവാൻ തരമില്ല. എന്തെന്നാൽ താൻ അടിമയായിരിക്കുന്നവസ്ഥയ്ക്ക് യജമാനൻ കല്പിക്കുന്ന പ്രകാരം ചെയ്യാതിരിപ്പാൻ നിവൃത്തിയുള്ളതല്ലല്ലോ. അസ്വതന്ത്രനാകയാൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും കണ്ടുനിന്നു സഹിക്കുകയല്ലേ തരമുള്ളു! 'ധർമ്മസ്യഗഹനാഗതിഃ' എന്നുണ്ടല്ലോ.

ചൂതുകളിയിൽ തോററു കാട്ടുകേറിയ ഉടൻ ഭീമസേനൻ കുരുവംശം നശിപ്പിപ്പാനുടനെ പുറപ്പെടുന്നമെന്നും മററും

* പോരും ദ്യൂതവും അന്നത്തെ കാലത്ത് ഒരുപോലെ വീരധർമ്മമായിട്ടാണു രാജാക്കന്മാർ വിചാരിച്ചു വരുന്നത്.

ചൊടിച്ചു പറഞ്ഞു ചാടിപ്പുറപ്പെട്ടപ്പോൾ ദുര്യോധനാദികളുടെ അജയ്യതയെ സയുക്തികമായി പറഞ്ഞു ബോദ്ധ്യപ്പെടുത്തി ക്ഷമിപ്പിച്ച് ഒതുക്കി നിറുത്തിയതിൽ ധർമ്മപുത്രരുടെ ക്ഷമയും, സത്യനിഷ്ഠയും, ധർമ്മബുദ്ധിയും, നീതിനൈപുണ്യവും, വാഗ്മിത്വവും വേണ്ടുവോളം വെളിപ്പെടുന്നതാണ്. വനവാസകാലത്തു പതിനെണ്ണായിരം ബ്രാഹ്മണർക്ക് അക്ഷയപാത്രംകൊണ്ടു മൃഷ്ടാന്നം കൊടുത്തു പോന്നതിൽ അദ്ദേഹത്തിന്റെ ദേവബ്രാഹ്മണഭക്തിയും, ഭരണശക്തിയും, ദയാലുത്വവും, ഔദാര്യവും, ആപൽക്കാലത്തുപയോഗിച്ചതാകയാൽ ഇരുട്ടത്തു വിളക്കുപോലെ അധികം പ്രകാശിക്കുന്നു. വനവാസത്തിൽ സർവ്വതത്വജ്ഞന്മാരായ അനേകം മഹർഷിമാരുടെ സംസർഗ്ഗത്തിന്നിടയാകയാൽ അദ്ദേഹത്തിന്നു വൈദികമായും ലൌകികമായുമുള്ള അറിവ് ഉരുക്കിവാർത്ത കാഞ്ചനംപോലെ അധികം ശുദ്ധിയും മാററും കൂടിയതാവാനിടയുണ്ട്. വനവാസത്തിലേക്കാൾ അജ്ഞാതവാസത്തിലാണ് അദ്ദേഹത്തിന്റെ സഹനശക്തി അധികം വെളിപ്പെട്ടിട്ടുള്ളത്.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപം കണ്ടു മിണ്ടാതിരുന്നതിനേക്കാളും കീചകന്റെ ചവിട്ടും കുത്തും ഇടിയും ഏററുസങ്കടപ്പെട്ടുവിരാടസഭയിൽ ചെന്ന് മുറവിളിപറയുന്ന പാഞ്ചാലിയുടെ സ്ഥിതികണ്ടു സഹിച്ചതാണ് അധികം അത്ഭുതം.

ഭാരതയുദ്ധത്തിന്നു വേണ്ടുന്ന സകല സന്നാഹങ്ങളും ഒരുക്കിയതിന്നുശേഷം ദുര്യോധനാദികളോടു വളരെത്താന്ന നിലയിലും സന്ധിക്കു സമ്മതിച്ചുകൊണ്ടു ഭഗവാനെ ദൂതിനയച്ചതിൽ അദ്ദേഹത്തിന്റെ വംശസ്നേഹവും, പ്രജാവാത്സല്യവും, ലോകമര്യാദയും ഏററവും തെളിയുന്നു. യുദ്ധത്തിന്ന് ഇരുകക്ഷിക്കാരും വ്യൂഹമുറപ്പിച്ചു, നിരന്നുനില്ക്കുന്നതിന്റെ മദ്ധ്യത്തിൽവെച്ച് ആതതായികളായ ഭീഷ്മദ്രോണാദിഗുരുക്കന്മാരോടു യുദ്ധത്തിന്നനുവാദവും ജയത്തിന്നനുഗ്രഹവും വാ

ഞ്ജിച്ചതിൽ അദ്ദേഹം കാണിച്ചിട്ടുള്ള നിഷ്കപടമായ ഗുരുഭക്തി ഏററവും പ്രശംസിക്കത്തക്കതു തന്നെ.

യുദ്ധത്തിൽ ധമ്മപുത്രക്ക ജയം കിട്ടിയെങ്കിലും യുദ്ധമയ്യാദവിട്ട ചില അക്രമങ്ങൾ ചെയ്കിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഗുരുനാഥനും ബ്രാഹ്മണശ്രേഷ്ഠനുമായ ദ്രോണാചായ്യരോട് അശ്വത്ഥാമാവിനെക്കൊന്നുവെന്നു ശുദ്ധം പൊളിപറഞ്ഞു വില്ലുവെപ്പിച്ച് അദ്ദേഹത്തിനെ കൊലപ്പെടുത്തിയതു കപടമാനുഷനായ ശ്രീകൃഷ്ണൻെറ നിബ്ബന്ധപ്രകാരമാണെങ്കിലും ധമ്മപുത്രക്ക എന്നെന്നേക്കും പശ്ചാത്താപത്തിന്നു കാരണമായും പ്രത്യക്ഷത്തിൽ ഭൂസ്പർശമില്ലാത്ത തൻെറ തേരു താന്നുപോകയാൽ അധഃപതനത്തിന്നു നിമിത്തമായും കഴിച്ചാലൊഴിയാത്തതായും ഉള്ള ഒരു വലിയ അധമ്മമാണെന്നു പറയാതെകഴിയില്ല. അധമ്മംചെയ്കിട്ടേ ശത്രുജയം സാധിക്കൂ എന്നായി വരുന്ന ധമ്മസങ്കടത്തിൽ അധമ്മവും ന്യായമാണെന്നുള്ള ദേവലോകനടവടിമാത്രമെ ഇവിടെ ശരണമായി കാണുന്നുള്ളൂ. ഇതുതന്നെയാണ് ധമ്മാധമ്മസ്വരൂപിയായ ഭഗവാൻ ശ്രീകൃഷ്ണൻെറ വിധി

എന്നാൽ ഇതുകൊണ്ടൊന്നും ധമ്മപുത്രക്ക മനസ്സമാധാനം വന്നില്ലെന്നു മാത്രമല്ല, മറെറാരു വലിയപശ്ചാത്താപത്തിന്നു കൂടി ഇടയായി. യുദ്ധംഅവസാനിച്ചതിൻെറശേഷം, പരേതന്മാരായ ബന്ധുക്കളുടെ ശേഷക്രിയ ചെയ്യാനാരംഭിച്ചപ്പോൾ, 'ആദ്യം ഉദകക്രിയചെയ്യേണ്ടതു കണ്ണനു വേണ്ടിയാണെ'ന്നും, 'ആ മഹാപുരുഷൻ കുന്തീദേവിയുടെ പ്രഥമപുത്രനാണെ'ന്നും, അമ്മ തന്നെ പറഞ്ഞറിയുവാനിടവന്നതോടുകൂടി, 'വാസ്തവത്തിൽ പാണ്ഡുമഹാരാജാവിൻെറ രാജ്യത്തിന്നു താനാണവകാശി' എന്നുള്ള വിചാരത്തിന്മേൽ 'ഇതേവരെ പ്രവത്തിച്ചതു മുഴവൻ തെററാണെ'ന്നുള്ള ദൃഢവിശ്വാസം ആ മഹാധാമ്മികൻെറ മനസ്സിൽ കടന്നുകൂടി.

'പാണ്ഡുമഹാരാജാവിന്ന് ഔരസപുത്രനില്ലാത്ത സ്ഥി

തിക്ക ക്ഷേത്രജന്മാരായ പുത്രന്മാരിൽവെച്ച താൻ ജ്യേഷ്ഠനാകയാൽ അദ്ദേഹത്തിന്റെ രാജ്യത്തിന്നു ന്യായമായ അവകാശം തനിയ്ക്കാണ്' എന്നായിരുന്നു ധർമ്മപുത്രക്ക് അന്നേവരെ ഉണ്ടായിരുന്ന വിചാരം. കുന്തിസുതന്മാരിൽ ജ്യേഷ്ഠൻ കർണ്ണനാണെന്നുള്ള ഗൂഢതത്വം അറിഞ്ഞപ്പോൾ, നേരായിട്ടു തനിയ്ക്കവകാശമില്ലാത്ത രാജ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നടത്തിയനടവടിയൊക്കെ തെററിപ്പോയി എന്നു തോന്നിയതിൽ അശേഷം അത്ഭുതപ്പെടുവാനില്ല.

'സ്വധർമ്മത്തെ രക്ഷിപ്പാൻവേണ്ടി ചില അധർമ്മങ്ങൾ ചെയ്താലും ദോഷമില്ല' എന്നുള്ള രാജധർമ്മതത്വത്തെ ശ്രീകൃഷ്ണഭഗവാൻ വ്യാഖ്യാനിച്ചു ചില ദൃഷ്ടാന്തങ്ങളും കാണിച്ചു എങ്കിലും അതൊന്നും തനിയ്ക്കു പറ്റുന്നതല്ല. തന്റെ സ്വധർമ്മം ജ്യേഷ്ഠനായ കർണ്ണന്റെ ആജ്ഞയിൻകീഴിൽ നടക്കുകമാത്രമാണ് എന്നിരിയ്ക്കെ, അതിധർമ്മിഷ്ഠനും, മഹാദാനശീലനും, ഗംഭീരാശയനും, 'അർജ്ജുനനെ ഒഴികെ മററു നാലു പാണ്ഡവന്മാരേയും എന്തുവന്നാലും ഞാൻ കൊല്ലുകയില്ല' എന്നു അമ്മയോടു വാഗ്ദാനം ചെയ്തിട്ടുള്ള ഭ്രാതൃവത്സലനും, കരുണാനിധിയും, ആദിത്യപുത്രനും, തന്റെ അടുത്ത അഗ്രജനുമായ ആ കർണ്ണനെ അനുജനായ അർജ്ജുനനെക്കൊണ്ടു നിർബ്ബന്ധപൂർവ്വം വീരമര്യാദക്കു വിരുദ്ധമായ വിധം വധിപ്പിച്ചതോർക്കുമ്പോൾ ഉള്ള പശ്ചാത്താപം ധർമ്മപുത്രരുടെ മനസ്സിൽ നിന്നെങ്ങിനെ മാഞ്ഞുപോകും? അതിന്നും പുറമെ, ഗുരുനാഥനായ ദ്രോണാചാര്യരെ അസത്യം പറഞ്ഞു വില്ലു വയ്പിച്ചു കൊല്ലിച്ചതും, പിതാമഹനും, തങ്ങളുടെ മേൽ അതിവാത്സല്യമുള്ളവനും, കുലവൃദ്ധനുമായ ഭീഷ്മരെ (അദ്ദേഹത്തിനോടനുവാദം വാങ്ങിട്ടാണെങ്കിലും)ശരശയനത്തിൽ കിടത്തി അതി ഘോരമായ ഇഹലോകനരകംഅനുഭവിപ്പിച്ചതും ധർമ്മപുത്രക്കു പശ്ചാത്താപവിഷവൃക്ഷത്തിന്റെ വലിയ ശാഖകളായിരുന്നു. സ്വന്തം കുരുകുലം മുടിച്ചതും,ബന്ധുക്കളും മററുമായ അനേകം രാജാക്കന്മാരുടെ വംശം നശിപ്പിച്ച

ളും, നാനാരാജ്യവാസികളായ വളരെ വളരെ വീരപുരുഷന്മാരെ ധ്വംസനംചെയ്തതും, ഇവരുടെയൊക്കെ അമ്മമാർ ഭാര്യമാർ മുതലായ അസംഖ്യം സ്ത്രീകളെ 'കണ്ണീരും കയ്യുമായി' ആജീവനാന്തം വ്യസനിപ്പിച്ചതും, പടച്ചിലവുനിമിത്തം പരക്കെ നാട്ടിൽ നഷ്ടദാരിദ്ര്യം പിടിപ്പിച്ചതും മററും തന്റെ ഒരുവന്റെ ധർമ്മവിരോധങ്ങളായ ആലോചനകൾകൊണ്ടു താൻതന്നെ വരുത്തിക്കൂട്ടിയ മഹാപാപങ്ങളാണെന്നു വിചാരിച്ചു വിചാരിച്ചു വിഷാദിച്ചു ദുഃഖസമുദ്രത്തിൽ മുങ്ങിയതല്ലാതെ ധർമ്മപുത്രർ വിജയംകൊണ്ടു ലേശമെങ്കിലും സന്തോഷിയ്ക്കുകയല്ലാ ഉണ്ടായത്. എന്തിനധികം പറയുന്നു? താൻ മഹാരാജാധിരാജനായി വാണുകൊണ്ടു രാജസൂയയാഗം മുതലായ പലവിധം പുണ്യകർമ്മങ്ങൾ ചെയ്തിട്ടുള്ളവപോലും തനിക്ക വിഹിതങ്ങളല്ലായ്കയാൽ വികർമ്മങ്ങളായതേയുള്ളു എന്ന് അദ്ദേഹത്തിനു തോന്നിപ്പോയി.

അനുജന്മാരും മററുള്ള ആപ്തജനങ്ങളും സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻതന്നെയും പലവിധം സമാധാനം പറഞ്ഞാശ്വസിപ്പിച്ചിട്ടും അദ്ദേഹത്തിന്റെ മനഃക്ലേശത്തിനു ലേശംപോലും ശാന്തിവന്നില്ല. ഇതാണ് ധർമ്മപ്രതിപത്തി എന്നു പറയുന്നത്. എന്നാൽ ഇവരെല്ലാവരുടേയും നിർബ്ബന്ധംകൊണ്ടും വലിയച്ഛനായ ധൃതരാഷ്ട്രരുടെ കല്പനകൊണ്ടും കാട്ടിൽപ്പോയി തപസ്സുചെയ്യേണ്ടാ എന്നുവെച്ചു ഹസ്തിനപുരത്തിൽ രാജ്യഭാരം കയ്യേററു വാഴുവാൻ കഷ്ടിച്ചു സമ്മതിച്ചു. രാജ്യം കയ്യേററ ഉടൻതന്നെ ധർമ്മവിഷയത്തിലുള്ള പല സംശയങ്ങളും തീർപ്പാൻവേണ്ടി ശ്രീകൃഷ്ണഭഗവാനെ മുമ്പിലാക്കിക്കൊണ്ട് അനുജന്മാരോടും മററുള്ള ബന്ധുക്കളോടും കൂടിപ്പുറപ്പെട്ടു യുദ്ധഭൂമിയിൽ ശരശയനത്തിന്മേൽ കിടക്കുന്ന ഭീഷ്മരുടെ അടുക്കൽച്ചെന്നു. ഈ അവസരത്തിൽ ധർമ്മശാസ്ത്രതത്വജ്ഞന്മാരായ അസംഖ്യം മഹർഷിശ്രേഷ്ഠന്മാരും അവിടെച്ചെന്നുകൂടിയിരുന്നു. ഈ സജ്ജനസദസ്സിൽവെച്ചു സർവ്വജ്ഞനായ

ഭഗവാന്റെ അനുവാദത്തോടുകൂടി ശരശയനശായിയായ ഭീഷ്മർ ധർമ്മപുത്രരുടെ സകല സംശയങ്ങൾക്കും സമാധാനം പറഞ്ഞുകൊടുത്തു. മഹാഭാരതത്തിലെ ഒരു വലിയ ഭാഗമായ ശാന്തിപർവ്വം മുഴുവൻ ഈ ഒരു വിപുലമായ വിഷയത്തെപ്പറ്റിയുള്ള ഭീഷ്മയുധിഷ്ഠിരസംവാദമാണെന്നുതന്നെ പറയാം. ഇതിൽ പ്രകൃതാനുപ്രകൃതമായിട്ടു മററനേകം ശാസ്ത്രങ്ങളുടെ തത്വങ്ങളും പ്രസ്താവിച്ചിട്ടുണ്ട്.

> ദാനധർമ്മാൻരാജധർമ്മാൻ
> മോക്ഷധർമ്മാൻവിഭാഗശഃ
> ശ്രീധർമ്മാൻഭഗവദ്ധർമ്മാൻ
> സമാസവ്യാസയോഗതഃ

എന്നു പറഞ്ഞപ്രകാരം അനേകവിധത്തിലുള്ള ധർമ്മവ്യവഹാരങ്ങളും വിസ്തരിച്ചു ദൃഷ്ടാന്തങ്ങളോടുകൂടി പറഞ്ഞു ഭീഷ്മർ അനുഭവപ്പെടുത്തിക്കൊടുത്തു. സർവ്വമുനിജനശ്ലാഘിതങ്ങളായ ആ ഭീഷ്മോപദേശങ്ങളെക്കൊണ്ടു ധർമ്മപുത്രരുടെ അറിവിന്നു വളരെ പരിശുദ്ധി വന്നു. മുമ്പുണ്ടായിരുന്ന മനഃക്ലേശവും ഒരുവിധം നീങ്ങി.

എന്നാൽ ശ്രീകൃഷ്ണഭഗവാൻ ദൂതു കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ കർണ്ണനെവിളിച്ചു തേരിൽക്കേററീട്ടു ചില ഗൂഢസംഭാഷണങ്ങൾ നടത്തിയതിൽ ആ മഹാപുരുഷൻ ഭഗവാനോടു പറഞ്ഞിട്ടുള്ള തത്വങ്ങൾ ഭഗവാൻ ധർമ്മപുത്രരെ അറിയിച്ചിരുന്നു എങ്കിൽ; 'ജ്യേഷ്ഠനായ കർണ്ണന്റെ ആന്തരമായ അനുവാദപ്രകാരമാണ് താൻ രാജ്യം ഭരിക്കുന്നത്' എന്നും, ഭൂഭാരം ശമിപ്പിപ്പാനുള്ള ഒരു ദിവ്യാവതാരപുരുഷനാണ് 'സൂര്യാംശഭൂതനായ കർണ്ണൻ' എന്നും മററും ധർമ്മപ്രതിഷ്ഠാപകനായ അദ്ദേഹത്തിന്ന് അറിയുവാനും തന്മൂലം മനഃക്ലേശം തീരെ നശിപ്പാനും ഇടയാകുമായിരുന്നു. പക്ഷെ, പശ്ചാത്താപത്തോടുകൂടി ചെയ്യുന്ന പ്രായശ്ചിത്തങ്ങൾക്കേ ഫലമുള്ളു എന്നു വിചാരിച്ചിട്ടോ എന്തു കരുതിട്ടോ ആവോ

ഭഗവാൻ ആ കഥയൊന്നും പുറത്തുപറയാതെ മറച്ചുവെച്ചുതേയുള്ളൂ.

എന്തെങ്കിലും സർവ്വപാപപ്രശമനമായ ഒരു മഹാപ്രായശ്ചിത്തം ചെയ്യേണമെന്നാലോചിച്ചു ധർമ്മപുത്രർ വേദവ്യാസമഹർഷിയോടു പ്രായശ്ചിത്തം വിധിച്ചു വേണ്ടവിധം ചെയ്യിച്ചു തരുവാൻ അപേക്ഷിച്ചു. മഹർഷി, അശ്വമേധയാഗം ചെയ്യണമെന്നാണു വിധിച്ചത്. 'പടച്ചിലവുകൊണ്ടും മററും നാടടച്ചു നഷ്ടദാരിദ്ര്യം പിടിച്ചിരിക്കുന്ന ഈ കാലത്തു വളരെ ദ്രവ്യം ചിലവുള്ള ഈ ക്രിയ എങ്ങിനെ നടത്തേണ്ടു? രാജഭണ്ഡാരങ്ങൾ മുഴുവനും ശൂന്യംപിടിച്ചിരിക്കുന്നു. ഇപ്പോഴത്തെ നില നോക്കുമ്പോൾ ഇതിലേയ്ക്കു വേണ്ടുന്ന ദ്രവ്യം നാട്ടുകാരിൽനിന്നു പിരിച്ചെടുക്കുന്നതും വലിയ കഷ്ടമായിത്തീരുമല്ലോ' എന്നു വിചാരിച്ചു ധർമ്മപുത്രർ വളരെ വിഷാദിച്ചു നില്പായി.

'ദ്രവ്യദുർഭിക്ഷംകൊണ്ടു വിഷാദിക്കുകയാണെങ്കിൽ അതു വേണ്ട; ദ്രവ്യത്തിനു വഴിയുണ്ട്'. പണ്ടു മരുത്തമഹാരാജാവു യാഗംചെയ്ത കാലത്ത് അസംഖ്യം ദ്രവ്യം ബ്രാഹ്മണർക്കു ദാനംചെയ്തതിൽ ബ്രാഹ്മണർ അവരവർക്കു വേണ്ടുവോളം വാരിക്കോരിക്കൊണ്ടുപോയിട്ടും ഒടുങ്ങാതെ വളരെ ദ്രവ്യം ഹിമവൽപാർശ്വത്തിലുള്ള ആ യാഗസ്ഥലത്ത് ഇന്നും കുന്നുപോലെ കിടക്കുന്നു. അതു കൊണ്ടുവന്നാൽ മതി. അശ്വമേധം ചെയ്യാനും അതുകൊണ്ടു സാധിക്കും' എന്നു വേദവ്യാസമഹർഷി പറഞ്ഞു എങ്കിലും ആ ദ്രവ്യം ബ്രഹ്മസ്വമാണെന്നുള്ള വിചാരംകൊണ്ടു ധർമ്മപുത്രർക്കു മനസ്സുവന്നില്ല. 'ആ ദ്രവ്യം ബ്രാഹ്മണർ ഉപേക്ഷിച്ചുപോയതാകയാൽ അവരുടെ സ്വത്തല്ലാതെയായി' എന്നും, 'കേവലം നിധിപോലെ കിടക്കുന്നതാകയാൽ രാജാവിനാണ് അതിന്മേലുള്ള അവകാശം' എന്നും വീണ്ടും മഹർഷി പറഞ്ഞപ്പോഴേ സമ്മതമായുള്ളൂ. പിന്നെ ഹിമവൽപാർശ്വത്തിൽ കിടക്കുന്ന ആ ധനനിക്ഷേപഭാരം

കൊണ്ടുവന്നിട്ടു മുറയ്ക്കു് അശ്വമേധയാഗത്തിന്നാരംഭിക്കുകയും ചെയ്തു.

അർജ്ജുനനെ രക്ഷകനാക്കി കല്പിച്ചിട്ടു് 'മേദ്ധ്യാശ്വവിസർജ്ജനം' ചെയ്തതും, പല രാജാക്കന്മാരും അശ്വത്തിനെപ്പിടിച്ചു് കെട്ടിയതും, അർജ്ജുനൻ യുദ്ധം ചെയ്തു വിടുവിച്ചതും, അർജ്ജുനപുത്രനായ പാണ്ഡ്യരാജാവു ബഭ്രുവാഹനൻ ഈ അശ്വം നിമിത്തമുണ്ടായ യുദ്ധത്തിൽ അർജ്ജുനനെ കൊന്നതും, പിന്നെ ഭഗവാന്റെ സഹായത്തോടുകൂടി വീണ്ടും ജീവിപ്പിച്ചതും, ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ലല്ലോ.

അശ്വവിസർജ്ജനം കഴിഞ്ഞാൽ ആ അശ്വം ഭൂപ്രദക്ഷിണം കഴിച്ചു തിരിയെ എത്തുന്നതിന്നുള്ള കാലം ഒരു സംവത്സരമാണു്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചുകൊണ്ടാണിരുന്നതു്. ഈ അസിധാരാവ്രതം എത്രതന്നെ ധീരന്മാരായ പുരുഷകേസരികൾക്കും അസാദ്ധ്യമായിട്ടുള്ളതാണെന്നു് അറിഞ്ഞിട്ടുള്ളവരാരും സമ്മതിക്കാതിരിക്കയില്ല. ഈ അതിദുസ്സാദ്ധ്യമായ അസിധാരാവ്രതം ഒരു സംവത്സരം മുഴുവൻ അനുഷ്ഠിച്ചതിൽ ധർമ്മപുത്രരുടെ ധൈർയ്യം, ഇന്ദ്രിയനിഗ്രഹം, കർമ്മത്തിങ്കലുള്ള ശ്രദ്ധ ഇവയെല്ലാം നല്ലവണ്ണം വെളിപ്പെടുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ.

അശ്വം തിരിച്ചു വന്നതിന്റെ ശേഷം വിധിയാംവണ്ണം യാഗം കഴിച്ചു. ഈ വലിയ പുണ്യകർമ്മത്തിൽ സകലദിവ്യലോകവാസികൾക്കെന്നു മാത്രമല്ല ആബ്രഹ്മചണ്ഡാലമുള്ള മനുഷ്യവർഗ്ഗത്തിന്നും പുറമെ മററുള്ള സമസ്തജീവജാലങ്ങൾക്കും തൃപ്തിവരുത്തി എന്നു മാത്രം ചുരുക്കിപ്പറയുവാനേ ഇവിടെ നിർവ്വാഹമുള്ളു.

ധർമ്മപുത്രരുടെ രാജ്യഭാരം മുപ്പത്താറു സംവത്സരകാലമാണുണ്ടായിട്ടുള്ളതു്. ആ കാലത്തു് അവരവരുടെ വർണ്ണാശ്രമധർമ്മങ്ങൾ വിധിപോലെ അനുഷ്ഠിയ്ക്കാതെകണ്ടു് അദ്ദേഹത്തിന്റെ പ്രജകളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. പ്ര

ജാക്ഷേമതല്പരനായി സകലജനങ്ങളുടേയും യോഗക്ഷേമം അന്വേഷിക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുന്ന ഇങ്ങിനെയുള്ള മഹാരാജാവ് പ്രത്യേകിച്ച ദൃഷ്ടിവെക്കുന്നുണ്ടെന്നു വരുമ്പോളാരാനും മര്യാദവിട്ടു നടക്കുമൊ? പിന്നെ സ്വധർമ്മാനുഷ്ഠാനത്തിന്നു പ്രതിബന്ധങ്ങളായ ദാരിദ്ര്യം, രോഗം, മുതലായവയുടെ ബാധയും ധർമ്മപുത്രരുടെ രാജ്യഭരണകാലത്തു നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ഇങ്ങിനെ അദ്ദേഹം രാജ്യംഭരിച്ചു വരുന്നതിന്റെ ഇടയിൽ ഒരിക്കൽ ഭീമസേനൻ തരത്തിൽ പ്രയോഗിച്ച മുള്ളുവാക്കു കേട്ട് നിർവ്വേദംവന്ന് ധൃതരാഷ്ട്രർ വിഷയവിരക്തനായി ചമഞ്ഞതിനാൽ കുന്തീദേവി, ഗാന്ധാരി, സഞ്ജയൻ, വിദുരർ ഇവരോടൊരുമിച്ച് അദ്ദേഹം കാട്ടിൽ പോയി തപസ്സും ചെയ്തു വാനപ്രസ്ഥവൃത്തിയിൽ ഇരിപ്പായി. ഇവരൊരുമിച്ചു ചക്രവർത്തിയായ ധർമ്മപുത്രരും പരിവാരസമേതം കാട്ടിൽ ചെന്നു ഗുരുശുശ്രൂഷയും ചെയ്തു കുറച്ചു നാൾ താമസിച്ചു. നോക്കു അദ്ദേഹത്തിന്റെ ഗുരുജനഭക്തിയുടെ ശക്തി! പിന്നെ അവരുടെ നിർബ്ബന്ധംകൊണ്ടു തന്നെയാണ് ഹസ്തിനപുരത്തിലേക്കു തിരിച്ചു പോന്നത്! എന്നാൽ ഇടക്കിടക്കു കാട്ടിൽ ചെന്നു ഗുരുശുശ്രൂഷ ചെയ്യാതിരിപ്പാൻ അദ്ദേഹത്തിന്റെ മനോവൃത്തി സമ്മതിച്ചിരുന്നില്ല. ഒരു കുറി കാട്ടിൽ ചെന്നപ്പോൾ യോഗശക്തികൊണ്ടു നിർമ്മിച്ചതോ മററൊ ആയ കാട്ടുതീയിൽ അവർ ദേഹത്യാഗം ചെയ്തിരിക്കുന്നതായി അദ്ദേഹം കണ്ടു. വിദുരർ മാത്രം കേവലം 'ജഡോന്മത്തപിശാചവൽ' എന്ന ഭഗവൽഭക്തനിലയിൽ കാട്ടിലെവിടേയൊ സഞ്ചരിക്കുന്നുണ്ടായിരുന്നു. ആ മഹായോഗ്യപുരുഷനെ പിന്തുടന്നു കുറച്ചു ദൂരംപോയി. ആരും കാണാതെയായപ്പോൾ ആ വിദുരൻ ധർമ്മപുത്രരുടെ ദേഹത്തിൽ ദിവ്യതേജോരൂപേണ ലയിക്കുകയാണുണ്ടായത്. അതു മുതൽ ധർമ്മപുത്രർ സാക്ഷാൽ ധർമ്മമൂർത്തി ആയി എന്നുതന്നെ പറയാം.

അത്ര പരിശുദ്ധമനസ്സായിത്തീൎന്നു. തിരിയെ ഹസ്തിനപുരത്തിൽ എത്തിയപ്പോൾ പല ദുൎന്നിമിത്തങ്ങളും കണ്ടു വിഷാദിച്ചുകൊണ്ടിരിക്കുമ്പോൾ യാദവവംശം മുഴുവൻ തമ്മിൽ തച്ചു നശിച്ചു എന്നും, ബലഭദ്രരും ശ്രീകൃഷ്ണനും സ്വൎഗ്ഗാരോഹണം ചെയ്തു എന്നും മററുമുള്ള വ്യസനവൃത്താന്തം, ദ്വാരകയിൽനിന്നു മടങ്ങിവന്ന വിഷയവിരക്തനായ അൎജ്ജുനൻ അറിയിച്ചു. ഇതോടുകൂടി പാണ്ഡവന്മാർ ഇഹലോകവാസം ഉപേക്ഷിപ്പാനൊരുങ്ങിയതിൽ എന്തത്ഭുതമാണ്? പാണ്ഡവൎക്കു സൎവ്വസ്വവും ഭഗവാൻ ശ്രീകൃഷ്ണൻതന്നെയായിരുന്നില്ലേ? സൎവ്വസ്വവും തന്നെ വിട്ടാൽ താൻ സൎവ്വസ്വവും വിട്ട ഫലമായില്ലേ?

പിന്നെ അഭിമന്യുപുത്രനായ പരീക്ഷിത്തിനെ രാജാവാക്കി വാഴിച്ചിട്ട് ധൎമ്മപുത്രൻ പാഞ്ചാലിയോടും അനുജന്മാരോടും കൂടി 'മഹാപ്രസ്ഥാനം' ചെയ്തു. സൎവ്വസംഗപരിത്യാഗം ചെയ്ത് നേരെ വടക്കോട്ടു നടക്കുകയാകുന്നു ഈ മഹാപ്രസ്ഥാനം. അപ്പോൾ ഒരു പുഴുത്ത പട്ടി ധൎമ്മപുത്രരുടെ പിന്നാലെ വിടാതെ കൂടിയിരുന്നു. ഈ യാത്രയിൽ വഴിക്കുവെച്ച് നകുലൻ, സഹദേവൻ, പാഞ്ചാലി, അൎജ്ജുനൻ ഭീമസേനൻ ഇവരൊക്കെ വീണു എന്നറിഞ്ഞിട്ടും ധൎമ്മപുത്രർ മനസ്സിന്നൊരു വികാരഭേദം കൂടാതെയും പിമ്പാക്കം തിരിഞ്ഞുനോക്കാതേയും നടന്നതേ ഉള്ളൂ. ഇതാണ് ശാന്തത എന്നു പറയുന്ന സത്വഗുണത്തിന്റെ പരമകാഷ്ഠ. പിന്നേയും പട്ടി മാത്രം തുണയായിട്ടു കൂടെ കൂടിയിരുന്നു.

ധൎമ്മപുത്രൎക്കു കയറുവാൻ ഒരു വിമാനവുംകൊണ്ടു ദേവദൂതൻ പ്രത്യക്ഷമായിട്ടു, 'കയറാം, ദേവേന്ദ്രൻ കല്പനയായിരിക്കുന്നു. സ്വൎഗ്ഗത്തിലേക്കെഴുന്നള്ളാം' എന്നറിയിച്ചു. 'ഈ പട്ടി മുമ്പിൽ കയറട്ടെ, പിന്നാലെ ഞാനും കേറുന്നുണ്ട്' എന്നായിരുന്നു ആ ധൎമ്മപുത്രരുടെ മറുപടി. 'രാജസൂയയാഗം ചെയ്തിട്ടുള്ള ഇവിടെക്കു സ്വൎഗ്ഗം അനശ്വരമായിട്ടുണ്ട് എന്നല്ലാതെ ഈ പുഴുത്ത പട്ടിക്കുണ്ടോ സ്വൎഗ്ഗം കിട്ടുന്നു' എന്നു

ദേവദൂതൻ ചിരിച്ചുംകൊണ്ടു പറഞ്ഞപ്പോൾ, 'എന്നാൽ എനിക്കും സ്വൎഗ്ഗം വേണ്ട. എന്നെ ഇതുവരെ ആശ്രയിച്ചുനിന്നിട്ടുള്ള ഇതിനെ ഉപേക്ഷിച്ചു ഞാൻ മാത്രം സ്വൎഗ്ഗത്തിൽ ചെന്നു സുഖിച്ചിരിപ്പാൻ വിചാരിക്കുന്നില്ല' എന്നു ധൎമ്മപുത്രർ തീൎച്ചയായ മറുപടി പറഞ്ഞു. അപ്പോൾ ആ പട്ടി സാക്ഷാൽ ധൎമ്മരാജാവിന്റെ സ്വരൂപത്തിൽ പ്രത്യക്ഷമായി നിന്നിട്ട്, 'മതി, സന്തോഷമായി. പലപ്പോഴും പല വേഷമായിട്ടും ഞാൻ അങ്ങയെ പരീക്ഷിച്ചു നോക്കി, ഒരിക്കലും ധൎമ്മത്തിൽനിന്നു തെററിക്കണ്ടില്ല. ഇനി സ്വൎഗ്ഗത്തിലേക്കു പോകാം' എന്നു പുത്രനെ അനുഗ്രഹിച്ചു മറകയും ചെയ്തു.

പിന്നെ വിമാനത്തിൽ കേറി ഉടലോടെ സ്വൎഗ്ഗത്തിൽ ചെന്നു. അവിടെ ചെന്നപ്പോൾ ഇന്ദ്രൻ വേണ്ടതുപോലെ സൽക്കരിച്ചിട്ടു സ്വൎഗ്ഗത്തിലുള്ള സകലൈശ്വൎയ്യങ്ങളും കണ്ടു വരുവാനായിട്ടു ദൂതന്മാരെ കൂട്ടിയയച്ചു. ഓരോ അത്യത്ഭുത വിഭവങ്ങളും കണ്ടു കണ്ടു സഞ്ചരിക്കുമ്പോൾ, ഒരേടത്തു ദുൎയ്യോധനാദികളെല്ലാവരും സ്വൎഗ്ഗപദവി അനുഭവിച്ചു സുഖിച്ചിരിക്കുന്നതും മറെറാരേടത്തു ഭീമാദികളായ അനുജന്മാരും പാഞ്ചാലിയും നരകത്തിൽക്കിടന്നു നിലവിളിക്കുന്നതും കാണുവാനിടയായി. അപ്പോൾ, തിരിഞ്ഞുനിന്നിട്ടു, 'ധൎമ്മാധൎമ്മങ്ങൾക്കു ശരിയായ ഫലം കൊടുക്കാത്ത സ്വൎഗ്ഗം! എനിക്കിതു വേണ്ടേവേണ്ട' എന്നു ദേവപരിചാരകന്മാരോടായിട്ടു പറഞ്ഞു. അപ്പോഴേക്കും ഇന്ദ്രൻ അവിടെ വന്നിട്ട് 'ഇതൊക്കെ മായയാണെ'ന്നും 'ദ്രോണരോടു ഭോഷ്കുപറഞ്ഞതിന്ന് അങ്ങയെ വ്യസനശിക്ഷ അനുഭവിപ്പിപ്പാൻ വേണ്ടി കാണിച്ചതാണെ'ന്നും, പറഞ്ഞു സമാധാനപ്പെടുത്തി.

ഇതുകൊണ്ടൊന്നാണ് നമുക്കു മനസ്സിലാക്കേണ്ടത്: കുററം ചെയ്താൽ അതിന്നു ശിക്ഷ കൊടുക്കുക എന്നത് എല്ലാവൎക്കും ഒരുപോലെയല്ല വേണ്ടത്. അവരവരുടെ മനോവൃത്തിയെ അനുസരിച്ചു ശിക്ഷ കൊടുത്താലേ മതിയാവൂ. ധൎമ്മതൽപരനായ ധൎമ്മപുത്രൎക്ക് അസത്യം പറഞ്ഞു എന്നു

കുററത്തിന്നു കുംഭീപാകനരകം കൊടുക്കുന്നതിനേക്കാട്ടിലും സങ്കടമായിട്ടുള്ളതു ധൎമ്മിഷ്ഠന്മാരെ നരകത്തിലും അധൎമ്മിഷ്ഠന്മാരെ സ്വൎഗ്ഗത്തിലും കാണിയ്ക്കുക മാത്രമാണ്. ഇതിലധികം വ്യസനം അദ്ദേഹത്തിന്നു മറെറാന്നിലും ഉണ്ടാവുന്നതല്ല, എന്ന് അദ്ദേഹത്തിൻെറ പ്രകൃതി അറിഞ്ഞിട്ടുള്ള ദേവേന്ദ്രൻ കണ്ടു കൊടുത്ത ശിക്ഷയാകുന്നു.

ഈവിധമുള്ള ശിക്ഷകൊണ്ടു പാപം നശിച്ചതിന്നുശേഷം ധൎമ്മപുത്രൎക്കു വാസ്തവസ്ഥിതിയും കാണിച്ചുകൊടുത്തു, ഭീഷ്മരെ വസുക്കളിലും, ദ്രോണരെ ബൃഹസ്പതിയിലും, ഭീമനെ വായുവിലും, അൎജ്ജുനനെ ഇന്ദ്രനിലും, നകുലസഹദേവന്മാരെ അശ്വിനീദേവകളിലും, ശക്തിസ്വരൂപിണിയായ പാഞ്ചാലിയെ ഇവരിലെല്ലാവരിലും, ദുൎയ്യോധനാദികളെ കലിമുതലായ അധൎമ്മവൎഗ്ഗത്തിലും, അഭിമന്യുവിനെ ചന്ദ്രനിലും, പാഞ്ചാലീപുത്രന്മാരെ വിശ്വേദേവകളിലും, കൎണ്ണനെ ആദിത്യനിലും, മററുമായിക്കണ്ടു സന്തോഷിച്ചു. ധൎമ്മപുത്രൎക്കു കൎണ്ണൻെറ തത്വം അപ്പോഴേ നല്ലവണ്ണം മനസ്സിലായുള്ളു. പിന്നെ ദിവ്യഗംഗയിൽ സ്നാനം ചെയ്തു ദിവ്യശരീരം സ്വീകരിച്ചു ഹരിശ്ചന്ദ്രാദി മഹാരാജാക്കന്മാരെപ്പോലെ ധൎമ്മപുത്രനായ യുധിഷ്ഠിരൻ ജ്യോതിഃസ്വരൂപനായി പ്രകാശിയ്ക്കുകയും ചെയ്തു.

കട്ടേററംനീണ്ടമൂക്കുംനെടിയമിഴികളും
ധീരമാംനോട്ടവുംപൊൻ-
മട്ടേന്തുംമെയ്യിണങ്ങുംതടിയുമുയരവും
വീതിയേറുന്നമാറും
മുട്ടോളംനീണ്ടകൈവീശിനഘനനടയും
മററുമത്രേപ്രസിദ്ധ-
പ്പെട്ടോരാധൎമ്മരക്ഷാവ്യസനധനികനാം
ധൎമ്മപുത്രൻെറരൂപം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

ചരിത്രാന്വേഷണവും

ശിലാലേഖനങ്ങളും.

ഇന്ത്യാചരിത്രാന്വേഷണത്തിലേപ്പെട്ടിട്ടുള്ളവക്ക് ഉപയോഗപ്രദമായി അനേകം വസ്തുക്കളുള്ളതിൽ ഏററവും പ്രധാനമായതു നമ്മുടെ നാട്ടിൽ പലേടത്തും തേഞ്ഞുമാഞ്ഞു കിടക്കുന്ന പ്രാചീനങ്ങളായ ശിലാലേഖനങ്ങളാകുന്നു. പുരാണഗ്രന്ഥങ്ങളിൽനിന്നു ചരിത്രസംബന്ധമായ ചില വാസ്തവങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാമെങ്കിലും അതിന്നുള്ള ക്ലേശം എത്രയെന്ന് അനുഭവിച്ചവക്കു മാത്രമെ അറിഞ്ഞുകൂടു. ഒരു പുരാണം പ്രാചീനന്മാർ എഴുതിയിട്ടുള്ളതും അതെഴുതിയ കാലം ശരിയായി നിണ്ണയിക്കുവാൻ സാധിക്കുന്നതുമാണെന്നിരിക്കട്ടെ. എന്നാൽതന്നെ അതിലുള്ള ദേവാസുരഗന്ധവ്വാദികളുടെ ശൌയ്യപരാക്രമങ്ങളും മററും വണ്ണിച്ചിട്ടുള്ളതിൻെറ ഇടയിൽ ലൌകികവും മാനുഷികവും ആയ സംഗതികളെപ്പററി അങ്ങുമിങ്ങും അല്പമാത്രം പ്രസ്താവിച്ചു കാണുന്നത് വിശ്വാസയോഗ്യമായിത്തോന്നണമെങ്കിൽ നമുക്കു അസാധാരണമായ "ഈശ്വരഭക്തി"തന്നെ വേണം.

അഷ്ടാദശപുരാണങ്ങളിൽ വിവരിച്ചിരിക്കുന്ന കഥകളെല്ലാം ഈ വിധമാണെങ്കിൽ, സ്ഥലമാഹാത്മ്യങ്ങൾ എന്നു പറയുന്ന മറെറാരുതരം ഐതിഹ്യങ്ങളുടെ സ്ഥിതിയെന്തായിരിക്കുമെന്ന് ഊഹിക്കാമല്ലൊ. എല്ലാസ്ഥലപുരാണങ്ങളും പഴയ പതിനെട്ടു പുരാണങ്ങളുടേയും ഓരോ അംശങ്ങളെന്നാണു പറഞ്ഞുവരാറുള്ളത്. പക്ഷെ അത്തരം പുരാണരചന ഇനിയും നിന്നുകഴിഞ്ഞിട്ടില്ല എന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണ്. ത്രിശ്ശിനാപ്പള്ളിക്കാരനും തമിഴ കവിതയെഴുതിയിട്ടുള്ള മഹാകവികളിൽ ഒടുക്കത്തെ ആളും പരേത

നുമായ ശ്രീ മീനാക്ഷിസുന്ദരംപിള്ള അവർകൾ അനേകം സ്ഥലപുരാണങ്ങൾ പലക്കും എഴുതിക്കൊടുത്തിട്ടുള്ളതായി കേട്ടിട്ടുണ്ട്. മാന്യനും വിദ്വാനുമായ കോട്ടയത്തുകാരൻ ഒരു വൈദ്യൻ അദ്ദേഹത്തിന്റെ കുലദൈവത്തെപ്പററി ഒരു മഹാപുരാണം സംസ്കൃതത്തിൽ എഴുതിവരുന്നതായി അറിയുന്നുവെന്നു പരേതനായ പ്രൊഫസർ സുന്ദരംപിള്ള അവർകൾ അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ പ്രസ്താവിച്ചു കാണുന്നു.

ചരിത്രാന്വേഷികൾക്കവലംബമായ മറെറാരു ഉപകരണം ഓരോ ദേശങ്ങളെപ്പററി തദ്ദേശീയർ പരമ്പരയായി പറഞ്ഞും വിശ്വസിച്ചും വരുന്ന ഐതിഹ്യങ്ങളും പഴയ സംഭവങ്ങളുമാണ്. ദക്ഷിണേന്ത്യയെസ്സംബന്ധിച്ചേടത്തോളം ഇവയെത്രയൊ അടിസ്ഥാനരഹിതങ്ങളാണെന്ന് അറിയുവാൻ വളരെ പ്രയാസമൊന്നും ഇല്ല. കേരളത്തിലെ ഏതെല്ലാം വനപ്രദേശങ്ങളും, ചോലകളും, നദികളും, ക്ഷേത്രങ്ങളും, ജീർണ്ണഗൃഹങ്ങളുമാണു മഹാഭാരതത്തിലേയും രാമായണത്തിലേയും പ്രധാനപ്പെട്ട പല സംഭവങ്ങളോടും ബന്ധിക്കപ്പെട്ടിട്ടുള്ളത്!

ചരിത്രാന്വേഷികൾക്കു സാധാരണയായിട്ടുള്ള മറെറാരു ജ്ഞാനോപലബ്ധിസ്ഥാനം സാഹിത്യമാണ്. ഭാരതവർഷത്തിലെ പ്രാചീനസാഹിത്യം മനുഷ്യനേയും പ്രകൃതിയേയും വിടാതെ അവലംബിച്ചിരുന്നതിനാൽ അക്കാലത്തെ സാഹിത്യത്തിൽനിന്നു ചരിത്രസംബന്ധമായി പലതും അറിയാൻ മാർഗ്ഗമുണ്ട്. സാഹിത്യത്തിന്റെ നില പ്രാരംഭദശയിൽ ഏവംവിധമായിരുന്നുവെങ്കിലും കാലക്രമേണ ആ സാഹിത്യത്തിലും, ദൈവികകഥകൾ കൂട്ടിച്ചേർത്തു വാസ്തവത്തേക്കാൾ അതിരുകവിഞ്ഞ അതിശയോക്തി പ്രയോഗിക്കയാൽ അതും ഇക്കാലത്തു വിശ്വസിക്കാൻ വളരെ പ്രയാസമായിത്തീർന്നിരിക്കുന്നു. ദക്ഷിണേന്ത്യയിൽ പ്രാധാന്യവും പ

ഴക്കവും ഉള്ള ഭാഷ തമിഴാണല്ലോ. ആ ഭാഷയിലെ സാഹിത്യവും പ്രാരംഭത്തിൽത്തന്നെ അതിശയോക്തിഗ്രസ്തമായിപ്പോയിരിക്കുന്നു. അതിനാൽ ചരിത്രാന്വേഷണത്തെ സംബന്ധിച്ചേടത്തോളം നമ്മുടെ കഥ ഉത്തരദേശീയരേക്കാൾ തുലോം പരിതാപകരമായിട്ടാണിരിക്കുന്നത്.

താമ്രശാസനങ്ങൾ, ക്ഷേത്രങ്ങളിലും കോവിലകങ്ങളിലും പ്രഭുകുടുംബങ്ങളിലും മററും സൂക്ഷിച്ചുവെച്ചിട്ടുള്ള രേഖകൾ, ഗ്രന്ഥവരികൾ മുതലായവ ചരിത്രമെന്ന ഗംഭീരസംജ്ഞയെ അൎഹിക്കുന്നില്ലെങ്കിലും ചരിത്രസംഗതികൾ പലതും നമുക്ക് അതുകളിൽനിന്നു ഗ്രഹിക്കാൻ കഴിയുന്നതാണ്. എന്നാലിവയേക്കാളധികം വിശ്വാസയോഗ്യമായിട്ടുള്ളതു സംഭവങ്ങൾ നടന്ന കാലത്തുതന്നെ കൊത്തിവെച്ചിട്ടുള്ളതും എപ്പോഴും ആൎക്കും പ്രവേശിക്കാൻ സ്വാതന്ത്ര്യസൌകൎയ്യങ്ങളുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമായ ശിലാലേഖനങ്ങളാണ്. താമ്രശാസനങ്ങൾ പ്രായേണ പ്രത്യേകം ചിലകുടുംബക്കാരുടേയോ സംഘക്കാരുടേയോ സ്വത്താകയാൽ അവ കൃത്രിമങ്ങളായിരിപ്പാൻ ഇടയുണ്ട്. മററുള്ള ലക്ഷ്യങ്ങളും ഗ്രന്ഥവരികളും താളിയോലകളിലും മററും പകൎത്തി സൂക്ഷിക്കുന്നവയാണ്. അവയിൽ പറയുന്ന സംഗതികൾ സാധൂകരിക്കുന്നതിന്നു മററു തെളിവുകളില്ലാത്തപക്ഷം അവ വിശ്വാസയോഗ്യമായിരിപ്പാൻ തരമില്ലല്ലോ. നേരെ മറിച്ചു ജനങ്ങൾക്കു പൊതുവെ പ്രവേശിക്കാവുന്ന സ്ഥലത്തു സംഭവം നടന്നകാലത്തുതന്നെ കൊത്തിവെച്ചിട്ടുള്ള ഒരു ശിലാലേഖനം വായിച്ചു മനസ്സിലാക്കുവാനും അതിന്റെ കാലം നിൎണ്ണയിക്കുവാനും സാധിക്കുന്നപക്ഷം ചരിത്രകാരന്ന് ഇതു ശരിയായി അടിസ്ഥാനമുറപ്പിക്കുന്നതിന്നു മറെറാരു വസ്തുവുമുണ്ടാകുന്നതല്ല. അത്തരം ശിലാലേഖനങ്ങൾ കേരളത്തിൽ പലേടത്തുമുണ്ട്. അവയിൽ നൂറിലധികമെണ്ണം പ്രസിദ്ധചരിത്രാന്വേഷിയായ പരേതനായ പ്രൊഫെസർ സുന്ദരംപിള്ള

അവർകൾ കണ്ടുപിടിച്ച് പകൎത്തെഴുതീട്ടുള്ളതിൽനിന്ന് ഒന്നു താഴെ ചേൎക്കുന്നു. പണ്ടു കേരളത്തിൽ പ്രചരിച്ചിരുന്ന വട്ടെഴുത്തുലിപിയിൽ എഴുതിയിട്ടുള്ള ആ ലേഖനം മലയാളലിപിയിലാണ് ഞങ്ങൾ ഇവിടെ പകൎത്തുന്നത്. മേൽ പറഞ്ഞ ശിലാലേഖനത്തിന്റെ ഭാഷ ഇപ്പോൾ നടപ്പുള്ള മലയാളമല്ലെങ്കിലും ഏതാണ്ട് അതിന്റെ ഒരു താല്പൎയ്യം വായനക്കാൎക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുമെന്നു വിചാരിച്ച് അതിന്റെ തൎജ്ജമ ഇവിടെ ചേൎക്കുന്നില്ല.

തിരുവല്ലത്തിൽ പിരമ്മതേവർ കോവിലമെക്ക് അസ്ഥിവാരച്ചുവരിലുള്ള ശിലാലിഖിതം.

സ്വസ്തിശ്രീ.

വിരിശ്ചികത്തിൽ വിയാഴം നിന്നയാണ്ട് കൊല്ലം 319_ാമാണ്ടു മകയരഞായറു ചെയ്ത കാരിയമാവിത്.

വേണാട്ടു വാഴ്ന്തരുളിൻറ ശ്രീ വീരകേരളവൎമ്മ തിരു (2) വടിക്കമഞെ അതികാരരുടയ തെങ്ങനാട്ട ചിരുതാൽ നികമത്തുരകത്തു ആൺടുവരെയും കടമയാൽ കൊള്ളു നെൽചേവത്തു മഴകെരുത്തും നെയ്യും തളൈക്കാണെമും, തിരുവല്ലത്തു മാതേവരക്കം തിരുക്കണപ്പുറം കണപതിക്കം നമസ്കാരത്തിനും നിത്യമും അത്താഴത്തിരുവമൃതു ചെയ്യുമാറു കല്പിച്ച അരിമടൈ എഴുനാഴിയും ഇരണ്ടിടങ്ങഴും തിരുവരൈവാതുക്കൽ ഓരൊ തിങ്കൾ — ഓരൊ തിലിചെയ്യുമാറു കല്പിച്ച ദീപമാലൈക്കും കൂട എഴുതിക്കൊടുത്ത അരതികാരർ.

ഇക്കാലമുതലാമാതേ വക്കരി ഇരുനാഴി, ഇരുകണ്ണപ്പന്നരി ഇരുന്നാഴി, ഗണപതിക്കരി നാഴി, നമസ്കാരത്തിന്നരി ഇരുനാഴി ഇതിനുമേൽ കാട്ടച്ചേരിയാർ കൂടിക്കൊടുത്ത അച്ച എട്ടിനും നേലിയാലുള്ള മുതലും കൂട നാരാണത്താതർ കൈക്കൊണ്ടു ചെലുത്തിതാം. വിലൈക്കൊണ്ട അരുവിയൂർ പുരയിടത്തിൽ തിരുനന്താവനമും ചമയിച്ച മൂൻറിടങ്ങഴും

ഈ രണ്ടു തിരുമാലയും ചാർത്തി ചോറുമെടുത്തുകൊണ്ടു വരുവിത്ത് നാരായണത്താതർ ഇപ്പരിചെ നികമത്തുക്കട മൈനേൻ..... മുമഴകെരുത്തു നൈതളെക്കൊണമുമച്ച് (8) നേലിയും നാരാണത്താതർ ആണുവരെ ആറുതാങ്കൾ മാരവും കൊണ്ടു കറിയും കൊടുത്തു ചെലവും ചെലുത്തു തിരുനന്താവനമും തിരുമാലയും ദീപമാലയും ചെലുത്തിവരുവിതു. നാരാണത്താതരി..... സഭയും പിരാടതിരുവടിയും ചോതികൾക്കും തിരുവുള്ളമായവരെക്കൊണ്ടു ഇവ്വണ്ണമെ ആചന്ദ്രതാരവൻ ചെല്ലു.

ഈ ശിലാലേഖനത്തിൽനിന്നു മലയാംകൊല്ലം ൩൧൯ മകരമാസത്തിൽ ശ്രീവീരകേരളവർമ്മ എന്ന നാമധേയമുള്ള ഒരു രാജാവു വേണാട്ടു രാജ്യത്തിന്റെ അധിപനായിരുന്നുവെന്നു പ്രത്യക്ഷമാകുന്നുണ്ട്. അദ്ദേഹം തെങ്കനാട് അഥവാ തെക്കംകൂർ എന്നു പറയുന്ന രാജ്യം വീണ്ടു എടുത്തുവെന്നു പറഞ്ഞുകാണുന്നു. ഇതിൽനിന്നു പ്രത്യക്ഷമാകുന്ന മറ്റു സംഗതികൾ. ൧. ഗ്രാമക്കാരുടെ വകയായി എന്തോ ഒരു സഭയുണ്ടായിരുന്നുവെന്നും, ക്ഷേത്രങ്ങളിൽ ചില അധികാരികളുണ്ടായിരുന്നുവെന്നുമാണ്. ഈ സഭയുടെ സ്വഭാവം എന്താണെന്നു വിശദമാകുന്നില്ല. ഭട്ടാരകത്തിരുവടി എന്നു പറഞ്ഞു കാണുന്നതാൾ ക്ഷേത്രത്തിലെ ഒരു അധികാരിയായിരിക്കേണമെന്നുള്ളതിന്നു സംശയമില്ല. ബൌദ്ധസന്യാസിമാരെ ഇങ്ങിനെ സംബോധനം ചെയ്യാറുണ്ടത്രെ. ഈ ഭട്ടാരകത്തിരുവടിയാണ് പിന്നീട്ട മാറിമാറി പിഷാരോടിയായതെന്നു ചില ഭാഷാഭിജ്ഞന്മാർ പറഞ്ഞുകാണുന്നു.

“തറിയേക്കാണ” ചുമത്തിയതായി പറഞ്ഞു കാണുന്നതുകൊണ്ടു വസ്ത്രം നെയ്യുന്ന സമ്പ്രദായം സാധാരണ ഒരു തൊഴിലായി അക്കാലത്തുതന്നെ പരിശീലിച്ചു വന്നിരുന്നുവെന്നൂഹിക്കാം.

ഒരൊററ ശിലാലേഖനത്തിൽനിന്നുതന്നെ ഇത്രയും ചരിത്രസംഗതികൾ വെളിപ്പെടുന്ന സ്ഥിതിക്കു ചരിത്രാന്വേ

ഷണ വിഷയത്തിൽ (ശിലാലേഖനങ്ങളുടെ) ഉദ്ദേശലബ്ധിക്ക് ശിലാലേഖനങ്ങൾ എത്രയും അനൎഘങ്ങളാണെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.

ജന്മകവികൾ.

മലയാളഭാഷയും സാഹിത്യവും ക്രമത്തിൽ ഉൽകൎഷം ഉന്നതസ്ഥിതിയെ പ്രാപിച്ചും വരികയാണെന്നും, അതല്ല അവ പൂൎവ്വാധികം ക്ഷയിച്ചുപോകയാണെന്നും രണ്ടുവിധത്തിൽ അഭിപ്രായപ്പെടുന്നവർ ഇപ്പോഴും ഉണ്ട്. ഭാഷയിൽ അതിൻെറ നിലനില്പിന്നു പ്രത്യേകം ആവശ്യങ്ങളായ വ്യാകരണഗ്രന്ഥങ്ങൾ, തൎക്കശാസ്ത്രം, സസ്യശാസ്ത്രം, കൃഷിശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ വിഷയങ്ങളെ കൂലങ്കഷമായി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ഇത്യാദികളുടെ ദൌൎല്ലഭ്യംപോലെതന്നെ സാഹിത്യത്തിൽ സാരഗൎഭങ്ങളും പ്രകൃതിദൎപ്പണങ്ങളും സദാചാരപാഠകങ്ങളുമായ ഗ്രന്ഥങ്ങളുടെ ദാരിദ്ര്യവും ധാരാളമുണ്ടെന്നു സമ്മതിക്കാതിരിപ്പാൻ നിൎവ്വാഹമില്ല. വാസനാശക്തിയും മനശ്ശക്തിയും ലോകപരിചയവും തികഞ്ഞ കവികളെക്കൊണ്ടാണ് ഒരു സാഹിത്യത്തിന്ന് ഈ വക ഗ്രന്ഥങ്ങളുടെ പോരായ്മയില്ലാതെ ആയിത്തീരുന്നതെന്നു നിൎവ്വിവാദമാകുന്നു. വായിക്കുന്തോറും മനസ്സിന്ന് ആഹ്ളാദമുണ്ടാക്കുന്നവയും ജീവിതാവശ്യത്തിന്നു പലപ്രകാരത്തിലും ഉപയുക്തങ്ങളുമായ ഗ്രന്ഥങ്ങളാണല്ലോ ഏതു സാഹിത്യത്തിൻെറയും അടിസ്ഥാനങ്ങളായിരിക്കേണ്ടത്. പഴയ കഥകളെ ചവച്ചു ചവച്ചു പലവിധ രൂപഭേദങ്ങളോടുകൂടി കുറെ അക്ഷരങ്ങളിൽ തിരിച്ചും മറിച്ചും വാൎത്തെടുത്തു നാടകങ്ങളെന്നോ തുള്ളലുകളെന്നോ കിളിപ്പാട്ടുകളെന്നോ വഞ്ചിപ്പാട്ടുകളെന്നോ പേരിട്ടു പുറത്തു വിടുന്ന പുസ്തകങ്ങൾ എനിമേൽ ഭാഷാസാഹിത്യത്തിന്നു വലിയ ശാപങ്ങളായിട്ടു മാത്ര

മേ വിചാരിപ്പാൻ പാടുള്ളു. സംസ്കൃതത്തിൽനിന്നു ഭാഷാന്തരപ്പെടുത്തുന്ന ഗ്രന്ഥങ്ങൾക്ക് ഈ അഭിപ്രായം സംബന്ധിക്കുന്നതല്ല. ശാപത്രുപങ്ങളായ ഈ വക ഗ്രന്ഥങ്ങളെ കഴിച്ചു വായിക്കുന്നവയും വായിക്കത്തക്കവയുമായ പുസ്തകങ്ങൾ ഭാഷാസാഹിത്യസമുദ്രത്തിൽ അത്യധികം വിളഞ്ഞിട്ടോ വിളയുന്നവയായിട്ടോ ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ വരുവാനുള്ള കാരണം മലയാളത്തിൽ ജന്മകവികൾ അല്ലെങ്കിൽ യഥാർത്ഥകവികൾ കുറഞ്ഞുപോയതോ, കുറച്ചുണ്ടായവർതന്നെ ലോകാനുഗ്രഹത്തിൽ അത്ര തൃഷ്ണ കാണിക്കാതിരുന്നിട്ടുള്ളതോ ആയിരിക്കണം.

കവികളെല്ലാം കവികളും കാവ്യങ്ങളൊക്കെ കാവ്യങ്ങളുമല്ലെന്നു പറയേണ്ടതില്ലല്ലൊ. സന്ദർഭസുന്ദരങ്ങളും ലളിതകോമളങ്ങളുമായ പദങ്ങളെക്കൊണ്ടും, നിർവ്വചിക്കുന്തോറും മനസ്സിനു മാധുര്യം തോന്നിക്കുന്നവയായ അർത്ഥങ്ങളെക്കൊണ്ടും വായിക്കുന്നവർക്കനുഭവവും ആഹ്ലാദവും കാവ്യം വഴിക്കു നൽകുകയാണു കവിധർമ്മം. ഇങ്ങിനെ ചെയ്യുന്നവരാണു യഥാർത്ഥകവികൾ അല്ലെങ്കിൽ ജന്മകവികൾ എന്ന പേരിനെ അർഹിക്കുന്നതു്. ഇവരുടെ കവിതകൾ മാത്രമാണു കവിതകൾ; ഇവർ മാത്രമാണ് സാഹിത്യനഭോമണ്ഡലത്തെ അലങ്കരിക്കുന്ന നക്ഷത്രങ്ങൾ. ശബ്ദത്തിന്നോ അർത്ഥത്തിനൊ യാതൊരു ചമൽക്കാരവും കൊടുക്കാതെ ഗദ്യമൊ പദ്യമൊ എഴുതുന്നവർ അക്ഷരങ്ങളെക്കൊണ്ടു് അമ്മാനമാടുന്ന ഒരുതരം കപികളും അവരുടെ കവിതകൾ ഒരുമാതിരി കപിതകളുമാകുന്നു. ജന്മകവികളെ ജനിപ്പിക്കുന്നതിൽ കേരളഭൂമി അത്ര വളരെ അനുഗ്രഹീതയല്ലായിരുന്നു എന്നു വിചാരിപ്പാൻ പാടില്ലെങ്കിലും അധികവും ജന്മകപികളെ ജനിപ്പിക്കുന്നതിന്നാണു പര്യാപ്തയായിട്ടുള്ളതെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടതാകുന്നു. ഏകദേശം ഒരമ്പതുകൊല്ലങ്ങൾക്കിപ്പുറവും അഞ്ഞൂറുകൊല്ലത്തിന്നിപ്പുറവുമുള്ള ഭാഷാസാ

ഹിത്യചരിത്രത്തെ തിരക്കിപ്പരിശോധിച്ചു നോക്കുകയാണെങ്കിൽ ലോകാനുഗ്രഹതല്പരന്മാരായ ജന്മകവികളുടെ അല്ലെങ്കിൽ യഥാൎത്ഥകവികളുടെ സംഖ്യ ഏററവും ശിഥിലമാണെന്നു കാണാം. ഉണ്ടായിട്ടുള്ളവർ ലോകത്തിലെ ഏതു സാഹിത്യയോദ്ധാക്കളുടേയും മുന്നണിയിൽ നിൽക്കത്തക്ക കരളുറപ്പും സാമൎത്ഥ്യവുമുള്ളവരായിരുന്നു എന്നു വിചാരിച്ചുമാത്രം അഭിമാനിക്കാവുന്നതാണ്. ഇവരിൽ ഏതുവിധത്തിലും പഴക്കവും പെരുപ്പും തികഞ്ഞ കവി ചെറുശ്ശേരി നമ്പൂരിതന്നെയാകുന്നു. അദ്ദേഹത്തിൻെറ കൃഷ്ണപ്പാട്ട് 'ആധുനികമലയാളത്തിൻെറ' ഒരു മാതൃകയല്ലെങ്കിലും ഭാഷാസാഹിത്യകലയിൽ അത് എന്നെന്നും മിന്നിത്തിളങ്ങുന്ന ഒരു വിശിഷ്ടനിക്ഷേപമായിരിക്കും. ഹാ! പ്രകൃതിചിത്രത്തിലെ ഓരോ ഭാഗങ്ങളേയും അദ്ദേഹം സ്വകവിതാപടത്തിൽ നയനാനന്ദകരങ്ങളും സന്ദർഭാനുരൂപങ്ങളുമായ ചായങ്ങൾ കൂട്ടിച്ചേർത്തിണക്കി എത്ര കോമളാകൃതിയിൽ വരച്ചുവെച്ചിരിക്കുന്നു.

അസ്തമാചലന്തന്നിൽമെത്തിയിരുന്നൊരു
പുത്തൻസിറമാണ്ടചെമ്പരുത്തി
ഒക്കെവിരിഞ്ഞുചമഞ്ഞകണക്കെയ-
ട്ടിക്കച്ചുവന്നുചമഞ്ഞിതപ്പോൾ
തിണ്ണന്നടന്നുടനക്കൻതൻതേരുമാ-
യണ്ണവന്തന്നിൽപതിക്കുന്നേരം
ബാഡവനാകിനപാവകന്തന്നിലെ
മന്ധതാവിട്ടങ്ങുവിണ്ണയാലെ
ജ്വാലകൾമാലയായ്ക്കത്തിയെഴുന്നിട്ടു
ചാലച്ചുവന്നിതങ്ങെന്നുതോന്നും
ചാലപ്പതിതനാംമാൎത്താണ്ഡന്തന്നോടു
കാലത്തുസംഗമമെത്തുകയാൽ
താരങ്ങളാകിനമുദ്രധരിച്ചിട്ടു
പോകത്തുടങ്ങിനാൾസന്ധ്യമെല്ലേ

സന്ധ്യയായുള്ളൊരു ബന്ധുരഗാത്രി താൻ
ചന്തമായ് നിന്നു മറഞ്ഞ നേരം
രാത്രിയായുള്ളൊരു താർത്തേന്മൊഴി വന്നു
ചീർത്തൊരു കേശമഴിച്ചു ചെമ്മെ
സുന്ദരമായുള്ളൊരിന്ദുവിത്തേമ്പാടു
മന്ദം വിതച്ചു ചമച്ചപോലെ
കോരകമായോരു താരകപൂരകം
നേരെ വിയത്തിൽ വിളങ്ങീതപ്പോൾ

ഇങ്ങിനെ ലളിതപദങ്ങളെ കഴിയുന്നതും ഉപയോഗിച്ചു സദാചാരപാഠങ്ങളേയും ലോകതന്ത്രജ്ഞാനത്തേയും എളുപ്പത്തിൽ ഉണ്ടാക്കിത്തരുന്ന ഈ വിശിഷ്ടഗ്രന്ഥകാരൻ കേരളീയജന്മകവികളുടെ പന്തിയിൽ പ്രാഥമ്യത്തെ അർഹിക്കാതിരിക്കുന്നതെങ്ങനെ?

ചെറുശ്ശേരിയുടെ ശവകുടീരം നമുക്കു വ്യസനമുണ്ടാക്കുമ്പോഴേക്കു തുഞ്ചത്തെഴുത്തച്ഛൻ കേരളീയ ജന്മകവികളുടെ അഗ്രാസനത്തിൽ ലോകത്തിനു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. എഴുത്തച്ഛന്റെ ജന്മകവിത്വം ശബ്ദഘടനയിൽ മാത്രമല്ല അർത്ഥവൈചിത്ര്യത്തിലും ഒരു പുതിയ പാതയെ തുറന്നിരിക്കുന്നു.

'മൃഷ്ടഭോജനം കഴിഞ്ഞിഷ്ടമായിരിക്കുമ്പോൾ
പുഷ്ടകൌതുകത്തോടും മട്ടോലും മൊഴിയാളും
തുഷ്ടനായിരിപ്പോരു ശിഷ്ടനാം യതിയോടു
കഷ്ടമെന്നിരിക്കിലും മട്ടലർബാണൻ ചൊല്ലാൽ.'
'വല്ലാതിവിടെ മറ്റെല്ലാവരുമൊക്കെ
ച്ചൊല്ലുന്ന വേലകളെല്ലാമൊരുക്കിനി
അല്ലലാസ്വാഴവാനില്ലൊരു കാരണം
ഫുല്ലാംബുജപ്രൌഢിവെല്ലും ലസന്മുഖി.'

ഇത്യാദിസരളലളിതങ്ങളായ പദങ്ങളെക്കൊണ്ടും—

ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു

നടുങ്ങീരാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലിമയിൽപേടപോലെസന്തോഷംപൂണ്ടാൾ:
വഹ്നിസന്തപ്ത,ലോഹസ്ഥാംബുവിന്ദുനാ
സന്നിഭമ്മർത്ത്യലോകംക്ഷണഭംഗുരം.

ഇത്യാദിയായ ആശയവിശേഷങ്ങളെക്കൊണ്ടും സദാചാരപാഠങ്ങളെക്കൊണ്ടും സ്വാഭാവികവർണ്ണനകളെക്കൊണ്ടും എഴുത്തച്ഛന്റെ കൃതികൾ അത്ഭുതപൂർവ്വമായ ഒരു മനോവികാരമത്രെ ഒരു ഭാഷാസാഹിത്യരസികന്റെ മനസ്സിൽ അങ്കുരിപ്പിക്കുന്നത്. എഴുത്തച്ഛനു ശേഷം നാം കാണുന്ന ഒരു ജന്മകവി കുഞ്ചൻനമ്പ്യാർതന്നെയാണ്. ഹസ്തിനപുരവും പാതാളവും സ്വർഗ്ഗവും ഒരുപോലെ തിരുവനന്തപുരവും അമ്പലപ്പുഴയുമാക്കി കാണിച്ചുതരുന്ന ഈ ഫലിതരസികന്റെ കവനചാതുര്യവും മണിപ്രവാളശുദ്ധിയും സർവ്വസമ്മതമായിട്ടുള്ളതാണല്ലോ. നമ്പ്യാരുടെ അർത്ഥനിഷ്കർഷയും ശബ്ദഘടനാപാടവവും ഭാഷാസാഹിത്യലോകത്തിൽ ഒരുകാലത്തും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാൻ തരമില്ലാത്തതുമായ ഒരു സമ്പ്രദായത്തിലാകുന്നു ആവിർഭവിച്ചിട്ടുള്ളത്.

പ്രാചീനകാലത്തിലെ ഭാഷാസാഹിത്യകാനനത്തിൽ ഇങ്ങിനെ മൂന്നു യഥാർത്ഥകവികേസരികൾ സ്വച്ഛന്ദവിഹാരം ചെയ്തിട്ടുള്ളതായി നാം കണ്ടുവല്ലോ. ചേലപ്പറമ്പുനമ്പൂരി, പൂന്താനത്തുനമ്പൂരി മുതലായവരും വാസ്തവത്തിൽ ജന്മകവികളുടെ ശേഖരത്തിൽ ഉൾപ്പെടുത്തുവാൻ യോഗ്യതയുള്ളവരായിരുന്നു. അടുത്തകാലത്തുണ്ടായിരുന്ന കവികളിൽ വെണ്മണി അച്ഛൻനമ്പൂരിപ്പാടും മഹൻനമ്പൂരിപ്പാടും ശബ്ദത്തിലും അർത്ഥത്തിലുമുള്ള നിഷ്കർഷകൊണ്ടും ഫലിതപ്രയോഗങ്ങളെക്കൊണ്ടും ജന്മനാകവികളായിരുന്നുവെന്നു സമ്മതിക്കേണ്ടി വരുന്നതാണ്.

“ഓടിക്രീഡിച്ചു വാടീടിന വദനകലാനാഥ ഘർമ്മാമൃതത്തെ” കൂടെക്കൂടെത്തുടയ്ക്കുന്നതും “പയോജ ബാണവിശിഖാംഭോധിയിൽ” ആറാടുന്നതും “നിധികാക്കുന്ന ഭൂതം ക

ന്നക്കെ" അച്ഛിക്കൊതിയെക്കാണുന്നതും "ചിന്തം വെ ലത്തു്വെച്ച പുതുവെണ്ണയതെന്നപോലെ" ഉരുകുന്നതും മ റ്റും അച്ഛൻ നമ്പൂരിപ്പാട്ടിലെ കവിതയ്ക്കുള്ള പ്രത്യേകാനുഗ്ര ങ്ങളാണ്.

"അത്തുപൊഴുതപരദിശാംഗനയണിയും
പുതിയൊരുകുങ്കുമമെന്നകന്നക്കെ."

ആദിത്യകിരണങ്ങൾ വിളങ്ങുന്നതും "എട്ടു ദിഗന്തരമതിലും നല്ലൊരു വെട്ടംവീണു കിഴക്കു ചുവന്നു"തും എന്നുവേണ്ട പ ലതും മഹൻ നമ്പൂതിരിപ്പാട്ടിലെ ആ ജന്മസിദ്ധമായ ക വിതാവിലാസത്തിനു ഉദാഹരണങ്ങളായി എടുക്കാവുന്നതാ ണല്ലോ.

ഇപ്പോൾ ജീവിച്ചിരിക്കുന്ന കവികളെക്കുറിച്ചാലോചി ച്ചാൽ ജന്മകവികൾക്കു മുമ്പിലത്തേപ്പോലെ ദാരിദ്ര്യമില്ലെ ന്നു തോന്നുന്നു.

ഇപ്പോഴത്തെ ജന്മകവികളിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്നതു കേരളകാളിദാസനെന്നു പ്രസിദ്ധനായ കോ യിൽത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തന്നെയാണ്. മനുഷ്യ പ്രകൃതിയുടെ ബാഹ്യാന്തരവികാരങ്ങൾ അവിടുന്നു മധുരമാ യ മയൂരസന്ദേശം 'മണിപ്രവാള'ംകൊണ്ടു വിശദീകരിച്ചിരി ക്കുന്നു. ജീവിതപാഠശാലയിലെ സാധനപാഠങ്ങളാകുന്ന അ നവധി പദ്യങ്ങൾ മയൂരസന്ദേശത്തിൽ കാണാം. ഇതിനു ദാഹരണങ്ങൾ ഇവിടെ എടുത്തു കാണിക്കേണ്ട ആവശ്യമു ണ്ടെന്നു തോന്നുന്നില്ല. കോയിൽത്തമ്പുരാൻ തിരുമനസ്സി ലെക്കഴിഞ്ഞാൽ ഏതൊരു ഭാഷാസാഹിത്യരസികൻേറയും അകൃത്രിമപ്രണയബഹുമാനങ്ങൾക്കു പാത്രീഭവിക്കുന്ന യഥാ ൎത്ഥകവി കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ തിരു മനസ്സുകൊണ്ടാണ്. പൂന്താനംനമ്പൂരി, നമ്പ്യാർ, പൂന്തോട്ടത്തു നമ്പൂരി, വെണ്മണി അച്ഛൻ മുതലായവരുടെ ശബ്ദപദ്ധതി യിൽനിന്നു കൊണ്ടു തന്നെ എഴുത്തച്ഛൻ മുതലായവരുടെ

അൎത്ഥപദ്ധതിയെ ബഹുമാനിച്ച ആവശ്യമുള്ള ദിക്കുകളിലൊക്കെ സ്വാനുഭവപ്രദങ്ങളായ ആശയങ്ങളെ വിതറി തുടച്ച വെടിപ്പാക്കി കട്ടും കറയും കളഞ്ഞു കവിതയുണ്ടാക്കുവാനുള്ള ശക്തിയും വാസനയും അവിടേയ്ക്കു സ്വതസ്സിദ്ധങ്ങളായ പ്രത്യേകഗുണങ്ങളാകുന്നു. കല്യാണിനാടകവും മധുരമംഗലവും അവിടുത്തേയ്ക്കുള്ള ജന്മകവിത്വത്തിനു സൎവ്വപ്രകാരത്തിലും സാക്ഷിയായി നില്ക്കുന്നുണ്ട്. കല്യാണിനാടകത്തിലെ കഥാവസ്തു കേരളത്തിലെ ഒരു വിധത്തിലുള്ള സാമുദായികരീതിയുടെ യഥാൎത്ഥചരിത്രമായിട്ടുള്ളപോലെ തന്നെ അതിലെ പദ്യങ്ങൾ മിക്കതും ചുരുങ്ങിയതുനുറുങ്ങി തികച്ചും സന്ദൎഭാനുരൂപങ്ങളും നിസൎഗ്ഗമധുരങ്ങളുമായിരിക്കുന്നു. പരിശോധിച്ചു നോക്കിയാൽ 'മധുരമംഗലം' ഈ വിഷയത്തിൽ കല്യാണിനാടകത്തെ ഒന്നുകൂടി കവിച്ചുവെച്ചിട്ടുണ്ടെന്നാണ് പറയേണ്ടത്.

സ്വൎല്ലോകംതോറ്റുമണ്ടുംവിധമഴകൊഴുകു-
ന്നീയ്യകംതന്നിലിപ്പോൾ
പുല്ലാൽനിൎമ്മിച്ചനൽപായയിൽനിജസഖിയാം
കൌമുദിയോടൊന്നിച്ചുകൊണ്ട്
മെല്ലെക്കല്യാണിമേവുന്നിതുമദനജയ-
ശ്രീയശോമാലപോലി-
ന്നുല്ലാസത്താൽതണുക്കുന്നിതുപരമിവളെ-
ക്കാൺകയാൽകണ്ണുരണ്ടും.

എന്നും മറ്റുമുള്ള പദ്യങ്ങൾ ഏതു സഹൃദയന്റെ ഹൃദയത്തിന്നാണ് ആഹ്ലാദമുണ്ടാക്കാതിരിക്കുന്നത്? നാടകങ്ങളിൽ മാത്രമല്ല കിളിപ്പാട്ടിലും, തുള്ളലിലും, മണിപ്രവാളത്തിലും അവിടുന്നു പ്രാചീനകവികളോട് അടുത്തു നില്ക്കുന്ന ഒരു ജന്മകവിയാണ്.

തുള്ളലുണ്ടാക്കുന്നതിനു അവിടേയ്ക്കുള്ള സാമൎത്ഥ്യം ഇയ്യിടെ കേരളകല്പദ്രുമം അച്ചുക്കൂടം വകയായി അച്ചടിച്ച സുന്ദര

കാണ്ഡംകൊണ്ടുതന്നെ വെളിപ്പെടുന്നതാണ്. കഥ രാമായണത്തിലെ സുന്ദരകാണ്ഡം തന്നെയാണെങ്കിലും; അവിടുത്തെ വിലപിടിച്ച തൂവൽ അതിനെ വിസ്തരിച്ചു വാസ്തവത്തിൽ ഒരു 'മഹാഭാരത'മാക്കിയിരിക്കുന്നു. ഓരോരോ ഘട്ടങ്ങളിലുള്ള വർണ്ണനകൾ അത്യന്തം ആഹ്ലാദകരങ്ങളും അസാധാരണങ്ങളായ ആശയവിശേഷങ്ങളെ പ്രകടിപ്പിക്കുന്നവയുമായിരിക്കുന്നു. അതാതു രസങ്ങളെ അതാതു വിധത്തിൽ അവശ്യാനുരൂപങ്ങളായ പദങ്ങളെക്കൊണ്ടും അർത്ഥങ്ങളെക്കൊണ്ടും വായനക്കാരുടെ ഹൃദയത്തിൽ വേണ്ടുംവണ്ണം സ്ഫുരിപ്പിക്കുന്ന വിദ്യ അവിടുത്തെപ്പോലെ മറ്റൊരു കേരളീയ കവികൾക്കും സാദ്ധ്യമല്ലെന്നു താഴെ കാണിക്കുന്ന വരികൾ വെളിപ്പെടുത്തുന്നതാണ്:—

'ഇപ്രകാരമുരച്ചുപവനജനപ്രമേയപരാക്രമൻ
ക്ഷിപ്രമങ്ങുമഹേന്ദ്രമലയിലനല്പബലമൊടുകേറിനാൻ
കാൽച്ചവിട്ടുകഠോരമേറ്റുവിറച്ചുപോയ്മലയൊക്കെയും
പാച്ചിൽപൂണ്ടുടനങ്ങുമിങ്ങുമലച്ചുമൃഗഗണമത്രയും'

* * *

പടുമരങ്ങൾപതിച്ചിടുമ്പൊഴു-
ളുടനചടുചടകടുരവം
കൊടിയകൊടുമുടിപൊട്ടിവീണൊരു
കടപടോൽകടനിസ്വനം.

* * *

ഹേമരശ്മികൾപോലെയുള്ളൊരു
രോമമൊക്കെയിളക്കിനാൻ.
ഭീമപുച്ഛമതിട്ടടിച്ചഥ
ഭൂമിയൊന്നുകുലുക്കിനാൻ.

* * *

മണ്ഡോദരിയെ സീതാദേവിയാണെന്നു തെറ്റിദ്ധരിച്ചു

ഹനുമാൻ കാട്ടുന്ന മർക്കടചാപല്യം എത്രമേൽ തന്മയത്വ ത്തോടു കൂടിയതാണെന്നു നോക്കുക:—

"പുളച്ചുപുച്ഛവുംനാററീട്ടിളിച്ചുപല്ലുകൾകാട്ടി
ത്തെളിച്ചുകയ്യുടൻചാടിക്കളിച്ചുകൈകളുംകൊട്ടി
തടിച്ചതൂണുകൾതന്നിൽപിടിച്ചുകേറിവേഗത്തിൽ
ഇടയ്ക്കുവീണുതാനേവംനടിച്ചുമർക്കടനാട്യം."

ഇങ്ങിനെ ഈ പുസ്തകത്തിൽ പല ഘട്ടങ്ങളിലും അവി ടേയ്ക്കുള്ള കവിതാസാമർത്ഥ്യവും മനഃപരിഷ്കാരവും നമുക്കു കാ ണാവുന്നതാണ്.

മണിപ്രവാളശ്ലോകങ്ങളിഃലയ്ക്കു തിരിയുന്നതായാൽ അ വിടുന്നു പ്രാചീനന്മാരായ സംസ്കൃതകവികളെ മലയാളഭാ ഷകൊണ്ടു നാണിപ്പിയ്ക്കാൻ പുറപ്പെട്ടിരിയ്ക്കയാണെന്നു തോ ന്നും. ആലോചനാമൃതങ്ങളായ മണിപ്രവാളപദ്യങ്ങളെ ക്കൊണ്ടു പുസ്തകനിർമ്മാണം ചെയ്യാൻ അവിടേയ്ക്കു ലവലേ ശം ക്ലേശമില്ല. ഒരു പച്ചമലയാളിയ്ക്കുകൂടി സുഗമമായിത്തോ ന്നുന്നവയും, ഒരു പഠിച്ച പണ്ഡിതന്നു ഗംഭീരവും പ്രൌഢവു മാണെന്നു സമ്മതിയ്ക്കത്തക്കവയുമായ പദ്യങ്ങളാണ് അവിടു ന്നു സാധാരണ മണിപ്രവാളരീതിയിൽ പ്രയോഗിയ്ക്കുന്നത്. ഇതിലേയ്ക്കു രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തിവന്നിരു ന്ന 'മലയാംകൊല്ലം' തന്നെ ഒരുത്തമദൃഷ്ടാന്തമായിരിക്കും.

"ലോകക്കുനല്ലസുഖമായിനിജേച്ഛപോലെ
പോകുന്നതിന്നുതടവില്ലതെളിഞ്ഞുമാർഗ്ഗം
ആകുന്നമട്ടുജലബാധയൊഴിച്ചുവെള്ള-
ക്കാർക്കൂട്ടമിട്ടുവിലസുന്നൊരുകാലമല്ലോ."

ഇതിലെ ശബ്ദഗുണംകൊണ്ടുണ്ടായ അർത്ഥഗാംഭീര്യം എ ത്ര സഹൃദയന്റെ ഹൃദയത്തിലാണ പരമാനന്ദമുണ്ടാക്കിത്തീ ക്കാതിരിക്കുന്നത്? വെള്ളക്കാർ എന്നുള്ള ശബ്ദം വെളുത്ത കാ റെന്നും വെള്ളക്കാരെന്നുമുള്ള അർത്ഥത്തെ ദ്യോതിപ്പിക്കുന്നതു

കൊണ്ടുള്ള മെച്ചം ഈ ശ്ലോകാൎത്ഥത്തെ സൂക്ഷ്മമായി ആലോചിക്കുന്നവൎക്കു ബഹുമാനകരമായിത്തീരാതിരിക്കയില്ല. ഇങ്ങിനെ മഹാകവിയായ ഇവിടുത്തെ കവിതയെക്കുറിച്ചുള്ള ഉദാഹരണങ്ങൾ കാണിച്ചുതുടങ്ങുന്നതിലും എളുപ്പമായിട്ടുള്ളത് എല്ലാം കൃതികളും ഒന്നിച്ചുചേൎത്തച്ചടിപ്പിക്കുന്നതാണെന്നാണ് എൻെറ വിശ്വാസം.

കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ കഴിഞ്ഞാൽ നമുക്കു പ്രത്യക്ഷപ്പെടുന്ന ജന്മകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെയാണ്. നമ്പൂരി മലയാളത്തിൽനിന്നു വിട്ടു കഴിയുന്നേടത്തോളം പുതിയ മലയാളപദങ്ങളെ ഉപയോഗിച്ചു സംസ്കൃതബാഹുല്യം കൂടാതെ കവിതയുണ്ടാക്കി നിറം പിടിപ്പിക്കുന്നതിന്ന് അവിടേക്കുള്ള പ്രത്യേകസാമൎത്ഥ്യം ഒന്നു വേറെതന്നെയാണ്. പുതിയ പുതിയ ആശയങ്ങളെ സൃഷ്ടിച്ചു രസാനുരൂപങ്ങളായ പദങ്ങളെ ഉണ്ടാക്കിത്തിരുത്തു തമ്മിൽ കൂട്ടിഘടിപ്പിച്ചു തള്ളിച്ചയോടുകൂടി കവിതയുണ്ടാക്കി വിടുന്നതിൽ അവിടേക്കു തെല്ലുപോലും ഞെരുക്കമില്ല. "ഇത്ര വേഗത്തിൽ അത്രനല്ല" കവിതയുണ്ടാക്കുവാൻ പ്രയാസം തന്നെയാണെന്നാണു പറയേണ്ടത്. ഇതിലെല്ലാം വിശേഷിച്ചു പറയുവാനുള്ളത് അവിടുത്തേക്ക് ഇന്നമാതിരിയിലേ കവിതയുണ്ടാക്കുള്ളു എന്നു നിർബ്ബന്ധമില്ലാത്തതാണ്. ചിലപ്പോൾ പൂന്തോട്ടത്തിൻെറയോ ചേലപ്പറമ്പിൻെറയോ കവിതയാണെന്നു തോന്നും. മററു ചിലപ്പോൾ അവിടുത്തെ അച്ഛനായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെയൊ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെയൊ ആണെന്നു ചിലർ അന്ധാളിക്കും. വേറെ ചില സമയം വല്ല ഇംഗ്ലീഷ കവികളും എഴുതിയതു ഭാഷാന്തരീകരിച്ചതാണെന്നു തോന്നത്തക്കവണ്ണം അത്ര വലിയ ആസ്വാദ്യതയോടും മാധുൎയ്യത്തോടും കൂടി എഴുതിത്തള്ളും. ഇങ്ങിനെ ഏതു വിധത്തിലും ഏതു രസത്തിലും ഏതാശയത്തിലും അവിടേക്കു ക

വിത എഴുതുവാൻ വശതയും കിടക്കുമുണ്ട്. തുറന്നു പറയുന്ന തായാൽ അവിടേക്കു മലയാളഭാഷയെ പലവലിയ അച്ചിലും ഇട്ടു കൊഴുപ്പും പഴപ്പും ചേൎത്തു മനോഗതിക്കനുസരിച്ചവണ്ണം വാൎത്തുമുറുക്കി എടുത്തു പുറത്തിടാൻ കഴിയുമെന്നു നാം സമ്മതിക്കേണ്ടിവരുന്നതാണ്. കുറച്ചുമുമ്പ് അവിടുന്നു നിൎമ്മിച്ചതും ഇന്നേവരെ പ്രസിദ്ധപ്പെടുത്താതെ വെച്ചിട്ടുള്ളതുമായ ശബ്ദാലങ്കാരം എന്ന ഗ്രന്ഥം അവിടേക്കു ഭാഷയിലുള്ള അസാധാരണമായ പാടവത്തേയും കവിതകൊണ്ടു കളിക്കുന്നതിനുള്ള കൌശലത്തേയും നമുക്കു ദൃഷ്ടാന്തപ്പെടുത്തിത്തരുന്നതാകുന്നു. ഏകാക്ഷരം ദ്വ്യക്ഷരം മുതലായ ശബ്ദാലങ്കാരപരീക്ഷകൾ അവിടുന്നു മലയാളഭാഷകൊണ്ടു കഴിച്ചു ജയിച്ചിരിക്കുന്നതു കാണേണ്ട കാഴ്ച തന്നെയാണ്. വെണ്മണി നമ്പൂരിപ്പാട്ടിലേയ്ക്കും കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലേക്കും അധികം സ്വാധീനമായ രസം ശൃംഗാരമാണെന്നു വല്ലവരും വാദിക്കുന്നുണ്ടെങ്കിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു വീരരസമാണ് പ്രധാനമായിട്ടുള്ളതെന്ന് ആ വക്കാർ ശപഥം ചെയ്തു സമ്മതിയ്ക്കേണ്ടിവരുമെന്നാണ് എനിക്കു തോന്നുന്നത്. പാലുള്ളി നമ്പൂതിരി എന്നു പേരായ ഖണ്ഡകാവ്യത്തിലെ ഈ ശ്ലോകം നോക്കുക:—

> ദേഹത്തിൽതൊലിപോലുമിത്തിരിമുറി-
> ഞ്ഞിടാതെയാമാപ്പിള-
> വ്യൂഹത്തെപ്പൊടിഭസ്മമാക്കിനിടിലം
> മാത്രം ചിയത്തങ്ങിനെ
> ആഹസ്തത്തിലരാതിരക്തമണിയും
> ഖഡ്ഗംധരിച്ചെത്തുമ-
> ദ്ദേഹത്തേമധുരാംഗിമാധവിമുദാ
> കണ്ടാശ്ലേകൊണ്ടാടിനാൾ.

ഇങ്ങിനെ പലതും എടുത്തുദാഹരിക്കുവാനുണ്ട്. എന്നാൽ അവിടെയ്ക്കു വീരരസത്തെപ്പോലെത്തന്നെ ശൃംഗാരവും സ്വാ

ധീനമാണെന്നു ചന്ദ്രികയിലെ താഴെ കാണിക്കുന്ന ശ്ലോകം വിശദീകരിക്കുന്നു:—

താരേശാസ്യത്തിലോമന്നുകിൽമുടിചെറുകാ-
റേററു ചിന്നിക്കരത്തിൽ
പേറുംനേര് പുസ്തകത്തെച്ചെറുമുലകളണി-
ച്ചട്ടമേൽച്ചേർത്തുവെച്ച്
നേരേനിൽക്കുന്നബാലത്തരുണികൾനടുവിൽ-
ബാലികാപാഠശാലാ-
ദ്വാരേ താണിച്ചുനിന്നോരഴകൊഴുകിനവെ-
ണ്ണെന്തതാളേതായിരിക്കും?

ശൃംഗാരംപോലെ അവിടേക്കു ഹാസ്യരസവും പ്രധാനം തന്നെയാണെന്നു കാണാം. താഴെ കാണിച്ച പദ്യം നോക്കുക:—

നേരേകേറിത്തിരിഞ്ഞെന്നുടെയരികിലിരു-
ന്നെന്തുമൊച്ചക്കരഞ്ഞ-
ച്ചാരേ! നീപല്ലിളിച്ചിട്ടിനിപ്പുരികമിള-
ക്കുന്നകാടന്റെദൂതാ!
ചാരേചെന്നിപ്രകാരം ദശമുഖനധികം
ഹാസ്യമായ്ച്ചൊല്ലിടുമ്പോൾ
ചേരേകക്ഷം തുറന്നീടിനമഹിമയെഴും
ശ്രീഹനൂമാൻസഹായം.

ആകപ്പാടെ പറഞ്ഞുവരുമ്പോൾ ഞാൻ മുമ്പു പറഞ്ഞ അഭിപ്രായംതന്നെ ഒരിക്കൽക്കൂടി ആവർത്തിക്കേണ്ട നിലയിലാണു കലാശിക്കുന്നത്. "കവിയിലാണു ശക്തി കഥയിലല്ല" എന്നു മഹാനായ താമസ് കാർലൈൽ പറഞ്ഞിരിക്കുന്നതു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെക്കുറിച്ചാണെങ്കിൽ വളരെ ശരിയായിരിക്കുമായിരുന്നുവെന്ന് എനിക്കു ചിലപ്പോൾ തോന്നിപ്പോകാറുണ്ട്. തർജ്ജമയിൽ അവിടേക്കുള്ള

പ്രത്യേകസ്വാതന്ത്ര്യവും വൈദഗ്ദ്ധ്യവും മഹാഭാരതംകൊണ്ടും ഹംസസന്ദേശംകൊണ്ടും ആശ്ചര്യചൂഡാമണിനാടകംകൊണ്ടും ഭാഷാഭിമാനികൾക്കു പരക്കെ മനസ്സിലായിട്ടുള്ളതാണല്ലൊ. 'സംസ്കൃതകവികിരീടമണി' എന്നു യഥാർത്ഥനാമധേയനായ ഈ മഹാകവി ആയുരാരോഗ്യസമൃദ്ധികളോടുകൂടി എനിയും വളരെക്കാലം ജീവിച്ചിരിക്കുന്നതിനു സർവ്വനിയന്താവായ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്നു മാത്രമാണ് കടുവിലെങ്കിലും ഒന്നാമതായി എനിക്കു പറവാനുള്ളത്.

നടുവത്തച്ഛൻനമ്പൂതിരി തിരുമനസ്സുകൊണ്ടാണ് എനി ഭാഷാസാഹിത്യരണത്തിലെ പടനായകന്മാരിൽ പറയപ്പെടുന്നതിനു ഒരു യഥാർത്ഥകവിശ്രേഷ്ഠൻ. പ്രസിദ്ധനായ വെണ്മണി നമ്പൂതിരിപ്പാട്ടിലേക്കുതന്നെ ശരിയായ മലയാളകവിതയുണ്ടാക്കിത്തീർത്തിരിക്കുന്നത് അവിടുന്നാണെന്നു പറഞ്ഞാൽ അവിടുത്തേക്കു ജന്മകവികളുടെ ഇടയിൽ എത്രമാത്രം കാരണവസ്ഥാനമുണ്ടെന്നു നല്ലപോലെ ഊഹിക്കാവുന്നതാണല്ലൊ. വാസ്തവത്തിൽ അവിടുന്ന് ഇപ്പോഴുള്ള മലയാളകവികളുടെ കാരണവൻ തന്നെയായിട്ടാണിരിക്കുന്നത്. ഭാഷക്കു പരിഷ്കാരവും ശക്തിയും സ്വാതന്ത്ര്യവും വർദ്ധിച്ചുവന്നിട്ടും, പഴയ മാമൂലിനെ പിടിച്ചു കവിതയുണ്ടാക്കി ജനസാമാന്യത്തെ രസിപ്പിക്കുവാനുള്ള സാമർത്ഥ്യം അവിടുത്തെ തൂവലിൽനിന്നു വിട്ടുമാറീട്ടില്ല. അവിടുത്തെ പദ്യങ്ങൾ മിക്കതും സാധാരണ സംസാരിക്കുന്ന രീതിയിലായിട്ടുള്ളതുകൊണ്ടു പൊതുജനങ്ങൾക്കു മനസ്സിൽ തട്ടുന്നതിനും അവക്കു വായിച്ചാസ്വദിക്കുന്നതിനും വളരെ എളുപ്പമുണ്ട്. ആലോചിച്ചുനോക്കുന്നതായാൽ അവിടുന്നു മലയാളപദ്യകാരനായിത്തീൎന്ന മറ്റൊരു 'വേർഡ്സ്‌വൎത്ത്' ആണെന്നു പറഞ്ഞുകൂടയൊ എന്നു ഞാൻ സംശയിക്കാറുണ്ട്. ആശയങ്ങളേയൊ പദാർത്ഥങ്ങളേയൊ മനസ്സിലാക്കുന്നതിനുവേണ്ടി അവിടുത്തെ കവിത രണ്ടുമൂന്നു വായിച്ചിട്ടുള്ള മലയാളികൾ

വളരെ ചുരുക്കമേ ഉണ്ടായിരിയ്ക്കയുള്ളു. അമാനുഷികങ്ങളായ അലങ്കാരങ്ങളോ കടിച്ചാൽ പൊട്ടാത്ത സംസ്കൃതപദങ്ങളോ അവിടുത്തെ കവിതയിൽ ഉണ്ടായിരിയ്ക്കയില്ല. ഇതൊരു നല്ല മെച്ചമാണുതാനും. സാധാരണ രുചിയറിഞ്ഞു ഭക്ഷിക്കുന്നവനു കുറുക്കിയ കാളനേക്കാളും സാമ്പാറിനേക്കാളും ചിലപ്പോൾ രുചികരമായിത്തീരുക വിശേഷപ്പെട്ട യോഗത്തിൽ ഉണ്ടാക്കിയ ഓലനാണെന്നാണ് എന്റെ പക്ഷം. ഫലിതങ്ങളും ചതുരോക്തികളും അവിടുത്തെ മിക്ക പദ്യങ്ങളിലും കാണാവുന്നതാണ്. മലയാളഭാഷയിൽ ചതുരോക്തികളെ സംഗ്രഹിക്കുന്നതിന്നു പുറപ്പെടുന്നവർ വല്ലവരുമുണ്ടായെങ്കിൽ അവർ ഒന്നാമതായി തിരയേണ്ടത് അച്ഛൻനമ്പൂതിരി തിരുമനസ്സിലെ പുസ്തകങ്ങളെയാണ്. അവിടുത്തെ കവിതാഗ്രന്ഥം ഭഗവദ്ദൂത് മുതലായ കൃതികൾ വഴിയായി മലയാളമാകെ പ്രചരിച്ചിട്ടുള്ളതാകയാൽ ഇവിടെ പ്രത്യേകം എടുത്തു കാണിക്കേണ്ട ആവശ്യമില്ലെന്നു വിശ്വസിക്കുന്നു.

വി. സി. ബാലകൃഷ്ണപ്പണിക്കർ.

തുഞ്ചത്തു
രാമാനുജനെഴുത്തച്ഛൻ.

ലോകനാടകത്തിലെ പ്രധാനങ്ങളായ രംഗങ്ങളിൽവെച്ച്, ഉത്തമസ്ഥാനത്തെ അർഹിക്കുന്നതു സാഹിത്യരംഗമാണല്ലോ. ഈ രംഗത്തിലെ നടന്മാർക്കു ജനങ്ങളെ രസിപ്പിക്കുന്നതിന്നു തങ്ങളുടെ പ്രകൃതിസിദ്ധമായ പ്രതിഭാവിലാസമല്ലാതെ, തിരശ്ശീലയുടെ പകിട്ടോ, വേഷത്തിന്റെ മോടിയോ, വിളക്കിന്റെ പ്രകാശമോ ആവശ്യമില്ലാത്തതാകുന്നു. അവർക്കു കിട്ടുന്ന സമ്മാനമോ, സാധാരണ നടന്മാർക്കെന്നപോ

ലെ, ഒരു വാച്ചോ, രണ്ടു വൈരമോതിരമോ, മൂന്നു പട്ടോ, നാലു തുപ്പട്ടയോ മാത്രമായിരിക്കയില്ല; പിന്നെയോ, അനർഘവും അനശ്വരവുമായ കീർത്തിമുദ്രയത്രേ അവക്കു നിഷ്പ്രയാസം ലഭിക്കുന്നതു്.

ഭാഷാസാഹിത്യരംഗത്തിൽ അനവധി നടന്മാർ ഇറങ്ങിക്കളിച്ചിരിക്കുന്നു. ഇപ്പോഴും ചിലർ കളിക്കുന്നു. ഇനി കളിക്കുവാനായി ചിലർ "അരയും തലയും മുറുക്കി" തിരശ്ശീലയുടെ ഉള്ളിൽ ഒതുങ്ങി പതുങ്ങി നില്ക്കയും ചെയ്യുന്നു. ഒന്നാമതായി രംഗാചാര്യനായി നിന്നു പ്രസ്തുതരംഗത്തിന്നു പല പരിഷ്കാരങ്ങളും വരുത്തി വെച്ചിരിക്കുന്ന മഹാൻ, ഈ ചരിത്രത്തിലെ നായകനായ "തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ" തന്നെയാകുന്നു. സഹൃദയഹൃദയങ്ങളിൽ പ്രതിഫലിക്കത്തക്കവണ്ണം അതാതു രസങ്ങളെ അവസരോചിതമായി പ്രകടിപ്പിയ്ക്കുന്നതിന്നു പ്രകൃതാചാര്യനുണ്ടായിരുന്ന സാമർത്ഥ്യം അന്യാദൃശമായിരുന്നു. പ്രവർത്തകന്മാരുടെ ഉദാസീനതകൊണ്ടോ, ഉപകരണങ്ങളുടെ വൈകല്യംകൊണ്ടോ, ഉൽക്കൃഷ്ടയുടെ ദുർഭിക്ഷംകൊണ്ടോ, ഉദ്ധതന്മാരായ വല്ലവരുടേയും ഉപദ്രവംകൊണ്ടോ ആദ്യകാലങ്ങളിൽ അലംകോലപ്പെട്ടു മങ്ങിമയങ്ങിക്കിടന്നിരുന്ന ഭാഷാസാഹിത്യരംഗം, ഇപ്പോഠം നാം കാണുന്ന നിലയിൽ പ്രസന്നവും പ്രസിദ്ധവുമായിത്തീരുന്നതിന്നു് ഈ മഹാമനസ്കന്റെ ആ സാമർത്ഥ്യം അത്യധികം ഉപകരിച്ചിട്ടുണ്ടു്.

ഓരോ കാലത്തു ജീവിച്ചിരുന്ന ഓരോ മഹാമനസ്കന്മാരുടേയും ജീവചരിത്രങ്ങഠം, അതാതു കാലത്തെ സമ്പ്രദായങ്ങളേയും പ്രകൃതിയന്ത്രത്തിന്റെ അവ്യാഹതമായ പരിവർത്തനംകൊണ്ടുണ്ടാകുന്ന പരിഷ്കാരത്തിന്റെ ക്രമോൽക്കർഷത്തേയും വിശദമായി കാണിച്ചുതരുന്ന ഓരോ ഒന്നാന്തരം കണ്ണാടികളെന്നു നിർവ്വിവാദമാകുന്നു. രസതന്ത്രത്തിന്റെ പരിജ്ഞാനം മുഢന്യസ്ഥിതിയെ പ്രാപിച്ചിട്ടില്ലാത്ത പുരാതന

കാലങ്ങളിലും ഈ വക ജീവചരിത്രക്കണ്ണാടികളെ നിർമ്മിക്കു ന്നതിന്നു കഴിവുണ്ടായിരുന്നു എങ്കിലും, ഈ വിഷയത്തിൽ ഭാരതീയക്ക് നിശ്ശേഷം ബാധിച്ചിരുന്ന ഔദാസീന്യശാപം— അല്ലെങ്കിൽ വാസ്തവജ്ഞാനവൈകല്യം—പാശ്ചാത്യപരി ഷ്കാരത്തിന്റെ പരിമളം നാലു പാടും വീശിക്കൊണ്ടിരിക്കുന്ന ഇക്കാലത്തിലെ ഏതു സഹൃദയന്നും ഹൃദയഃവേദനയെ ജനി പ്പിക്കുന്നതാണ്. ആംഗളസാഹിത്യത്തിൽ 'ചാസർ' എന്ന മഹാകവിയും, സംസ്കൃതസാഹിത്യത്തിൽ 'വാത്മീകി'യും ചെയ്തിട്ടുള്ളപോലെ, മലയാളസാഹിത്യത്തിന്നു ശാശ്വതങ്ങ ളും നവീനങ്ങളുമായ പല നന്മകളും ചെയ്തു തന്നിരിക്കുന്ന 'തുഞ്ചത്ത് രാമാനുജനെഴുത്തച്ഛ'ന്റെ ജീവചരിത്രം എഴുതു വാൻ പുറപ്പെട്ടപ്പോൾ, പലരും അനുഭവിച്ചിരിക്കാനിടയു ള്ള ആ വേദനയെത്തന്നെ ഞങ്ങളും അനുഭവിപ്പാൻ നിർബ്ബ ന്ധിതരായിട്ടുണ്ടെന്നു വ്യസനപൂർവ്വം പ്രസ്താവിക്കാതെ കഴിക യില്ല. വിശ്വാസയോഗ്യമായ യാതൊരു ലക്ഷ്യവും കൂടാതെ ഒരു മഹാന്റെ ജീവചരിത്രം എഴുതുവാൻ തുടങ്ങുന്നത് ആ യുധമില്ലാതെ ആയോധനത്തിന്നൊരുമ്പെടുന്നപോലെയാ ണെന്നു ഞങ്ങൾ നല്ലവണ്ണം ഓർമ്മിക്കുന്നുണ്ട്. എങ്കിലും, പ രമ്പരാഗതങ്ങളായ ഏതാനും കെട്ടുകഥകളേയും ചില അനു മാനങ്ങളേയും മാത്രം അടിസ്ഥാനപ്പെടുത്തി, ഒരു വിധം എഴുതപ്പെട്ടിരിക്കുന്ന ഈ ഉപന്യാസം, ആ മഹാത്മാവിനെ പ്പറ്റി ഞങ്ങൾക്കുള്ള അവ്യാജമായ കൃതജ്ഞതയും, ഭക്തി ബഹുമാനങ്ങൾക്കുമായി ബലികഴിക്കപ്പെട്ടതാണെന്നുള്ള ചാ രിതാർത്ഥ്യം ഒന്നു മാത്രമേ ഞങ്ങളെ ഈ സാഹസകൃത്യത്തിൽ പ്രേരിപ്പിക്കുന്നുള്ളൂ.

എഴുത്തച്ഛന്റെ ജന്മഭൂമി

പൊന്നാനി താലൂക്കിൽ പെട്ട വെട്ടത്തുനാട്ടിന്നു മദ്ധ്യ ത്തിലുള്ള തൃക്കണ്ടിയൂർ ക്ഷേത്രത്തിന്റെ അല്പം പടിഞ്ഞാറു വശത്തും, തിരൂർ റെയിൽവേസ്റ്റേഷന്ന് അല്പം തെക്കുവശത്തു

മായിട്ടാണ് ഇരിക്കുന്നത്. ഈ സ്ഥലത്തിന് ഇപ്പോഴും 'തുഞ്ചൻപറമ്പ്' എന്നു പേരു പറഞ്ഞു വരുന്നതു തന്നെ ഇതിലേയ്ക്കു തക്കതായ ഒരു ദൃഷ്ടാന്തമാകുന്നു. ചുററുമുള്ള പറമ്പുകളിൽനിന്ന് ഈ പുണ്യഭൂമിയെ വ്യത്യാസപ്പെടുത്തി കാണിക്കുന്നത് ഇതിൻെറ നടുവിലുള്ള എഴുത്തച്ഛൻ താമസിച്ചിരുന്ന കെട്ടിടത്തിൻെറ അവശിഷ്ടമെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന ഒരു പുരത്തറയും വിദ്യാരംഭകാലങ്ങളിൽ ഇന്നും ജനങ്ങൾ ഭക്തിപുരസ്സരം ആദരിച്ചുവരുന്ന പരിശുദ്ധങ്ങളായ മണൽത്തരികളും മാത്രമാകുന്നു. അത്യാവശ്യകങ്ങളായ കിണർ, കുളം എന്നിവയും ഇതിലുണ്ട്. ഏഴു ഖണ്ഡിൽ കുറയാതെ വിസ്താരമുള്ള ഈ പറമ്പ് കിഴക്കുപടിഞ്ഞാറ് ഉദ്ദേശം പതിന്നാലുഖണ്ഡ് ദീർഘമുള്ളതാകുന്നു. ഈ സ്ഥലം ഇപ്പോൾ ഇട്ടിക്കിലുള്ള 'ചേങ്ങോട്ടുകുന്നത്ത്' എന്ന വീട്ടുകാരുടെ കൈവശത്തിലാണ്. അന്യസ്ഥലങ്ങളെ അതിശയിക്കുന്ന എന്തോ ഒരു ചൈതന്യവിശേഷം ഈ സ്ഥലത്തിൽ ഇപ്പോഴും കളിയാടുന്നുണ്ടെന്നു കാണികൾ സാധാരണമായി പറഞ്ഞുവരുന്നതു പക്ഷേ ഭക്തിജന്യമായ ഒരുതരം ഭ്രമമായിരിക്കാമെങ്കിലും, ഇതു കാഴ്ചയിൽ ആൎക്കും ആഹ്ലാദജനകമായിരിക്കുന്നുവെന്നു സമ്മതിച്ചേ തീരൂ.

എഴുത്തച്ഛൻെറ ജനനദിവസത്തെപ്പററി ആൎക്കും ഒന്നും പറവാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ ജീവിതകാലംതന്നെ പലരുടേയും പല വിധത്തിലുള്ള സന്ദേഹസന്ദോഹങ്ങൾക്കു സങ്കേതമായിട്ടേ ഇരിക്കുന്നുള്ളു. ഡോക്ടർ ഗുണ്ടട്ട്മുതലായ വിദേശീയപണ്ഡിതന്മാർ, അദ്ദേഹം ജീവിച്ചിരുന്നതു പതിനേഴാം ശതവൎഷത്തിലാണെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. മിസ്റ്റർ ലോഗൻെറ 'മലബാർമാനുവൽ' എന്ന ചരിത്രഗ്രന്ഥം ഈ അഭിപ്രായങ്ങളെ കണ്ണുചിമ്മി അനുകരിക്കയേ ചെയ്തിട്ടുള്ളു. കൊല്ലവൎഷം അറുനൂറാമാണ്ടിനു മദ്ധ്യത്തിലാണ് എഴുത്തച്ഛൻെറ ജീവിതകാലമെന്നു കേരള

കൌമുദി സിദ്ധാന്തിച്ചിരിക്കുന്നു. ഈ വക അഭിപ്രായങ്ങളെ എല്ലാം ഖണ്ഡിച്ചുകൊണ്ടു മലയാളഭാഷാചരിത്രകാരൻ പറയുന്നതിങ്ങിനെയാണ്:—

"മേല്പുത്തൂർ നാരായണൻ ഭട്ടതിരിയുടെ കാലത്ത് എഴുത്തച്ഛനു മദ്ധ്യവയസ്സായിരുന്നു. ഈ ഭട്ടതിരിപ്പാട്ടിലെ പ്രധാനകവിതയായ 'നാരായണീയം' കഴിവുതിന്നത് ൭൬൨ വൃശ്ചികം ൨൮-ാംനു-യാകുന്നു എന്ന് അതിലെ ഒടുവിലത്തെ ശ്ലോകത്തിൽ 'ആയുരാരോഗ്യസൌഖ്യം' എന്ന കലികൊണ്ടു നിശ്ചയിക്കാം. ഉത്തരദേശത്തിൽനിന്ന് ഒരു വിരാഗിബ്രാഹ്മണൻ, അദ്ധ്യാത്മമൂലരാമായണം അമ്പലപ്പുഴ രാജാവിന്റെ അടുക്കൽ കൊണ്ടുചെന്നത് ൭൬൧-ാമതു കൊല്ലം തുടങ്ങുന്ന ചിങ്ങമാസത്തിലാണെന്നും അന്നത്തെ കലി 'പവിത്രകരഃ സൂര്യഃ' എന്നും അദ്ധ്യാത്മമൂലത്തിന്റെ വ്യാഖ്യാനം കുട്ടയാട്ടു ഗോവിന്ദമേനോൻ മലയാള അക്ഷരത്തിൽ തർജ്ജമചെയ്തിട്ടുള്ളതിൽ കാണുന്നു. അതിനാൽ എഴുത്തച്ഛന്റെ കാലം ൭൦൦-നും ൮൦൦-നും മദ്ധ്യേ ആയിരിക്കണം".

എഴുത്തച്ഛൻ ജനിച്ചതു കൊല്ലവർഷം എഴുനൂറിലൊ അതിനു വളരെ അടുത്ത കാലത്തിലൊ ആണെന്നും, അദ്ദേഹം അറുപതു വയസ്സിനു മേൽ ജീവിച്ചിരുന്നിട്ടേ ഉള്ളു വെന്നും 787-ാമതിൽ അമ്പലപ്പുഴരാജാവിന്റെ അപേക്ഷപ്രകാരം അദ്ധ്യാത്മരാമായണം പകൎത്തെഴുതിയ കൂട്ടത്തിൽ അതു കിളിപ്പാട്ടായി തർജ്ജമചെയ്തുവെന്നും 730-ാംവർഷത്തിനുമേൽജനിച്ചുവെന്നുപറയുന്ന മേല്പുത്തൂർനാരായണൻഭട്ടതിരിയുടെ യൌവനകാലത്ത് എഴുത്തച്ഛനു മദ്ധ്യവയസ്സായിരുന്നുവെന്നും പറഞ്ഞിട്ടുള്ളത് അന്യോന്യവിരുദ്ധമായ അനുമാനമായി തോന്നുന്നു. 'മലയാളസാഹിത്യത്തിന്റെ പ്രാഥമികപാഠം' (Primer of Malayalam Literature) എന്ന പുസ്തകത്തിൽ കാണിച്ച കണക്കും മലയാളഭാഷാചരിത്രത്തിലെ കണക്കും കൂട്ടി തട്ടിച്ചുനോക്കുമ്പോഴും അല്പം ചില വ്യത്യാസങ്ങളുണ്ടെന്നു ഊഹിക്കേണ്ടി വന്നിരിക്കുന്നു.

മലയാളഭാഷാചരിത്രകാരന്റെ അഭിപ്രായപ്രകാരം നോക്കുന്നതായാൽ എഴുത്തച്ഛന്റെ ജനനം എഴുനൂറാമാണ്ടിലൊ അതിന്നു വളരെ അടുത്ത കാലത്തൊ ആയിരിക്കണമെന്നു വരുന്നുണ്ട്. അദ്ധ്യാത്മരാമായണത്തിലെ മംഗളാചരണത്തിന്റെ സമ്പ്രദായവും സംസ്കൃതബാഹുല്യമായ കവിതാരീതിയും, എഴുത്തച്ഛൻ ആ ഗ്രന്ഥം ഉണ്ടാക്കിയത് വിദ്യാഭ്യാസം കഴിഞ്ഞ അടുത്ത അവസരത്തിൽ—ഏകദേശം മുപ്പതു വയസ്സിന്നുമേൽ—ആണെന്നു വിചാരിപ്പാൻ വഴി കാണിക്കുന്നുണ്ട്. 'പചിത്രകാഃസ്യൂഷ്യഃ' എന്ന കലിസംഖ്യയെ അനുസരിച്ച്, അമ്പലപ്പുഴ രാജാവിന്റെ കയ്യിൽനിന്ന് എഴുത്തച്ഛന്ന് അദ്ധ്യാത്മരാമായണം ഒന്നാമതായി കിട്ടിയത് എഴുനൂറ്റി എമ്പത്തേഴാമാണ്ടിലാണെന്നു സ്ഥാപിക്കുന്നപക്ഷം, എഴുത്തച്ഛൻ ജനിച്ചത് എഴുനൂറ്റി അമ്പതിലൊ അതിനടുത്ത കാലത്തൊ ആയിരിക്കേണമെന്നു തീർച്ചപ്പെടുത്താവുന്നതാകുന്നു. മഹാനായ മേപ്പത്തൂർനാരായണൻ ഭട്ടതിരിപ്പാടും എഴുത്തച്ഛനും സമകാലീനന്മാരും സുഹൃത്തുക്കളുമാണെന്നും അവർ ഒരുമിച്ചു കേരളത്തിലെ പല പ്രധാനഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും മറ്റുമുള്ള ലോകവാദങ്ങളെ സ്വീകരിക്കുന്നതായാലും ഈ അഭിപ്രായത്തെ ബലപ്പെടുത്തുവാനെ നിർവ്വാഹമുള്ളു. നാരായണൻഭട്ടതിരിപ്പാട്ടിൽനിന്നു ചെറുപ്പത്തിലുള്ള ചാപല്യങ്ങളെ ഒഴിച്ചു വിദ്യാഭ്യാസം ചെയ്വാനാരംഭിച്ച കാലം ഏകദേശം എഴുനൂറ്റി നാല്പത്തേഴാമാണ്ടിലാണെന്നു യുക്തിയുക്തമായി നിർണ്ണയിക്കുന്നതിന്നു പല ലക്ഷ്യങ്ങളുമുണ്ട്.

എഴുത്തച്ഛന്റെ മാതാപിതാക്കന്മാർ ആരായിരുന്നുവെന്നും, അവരുടെ സ്ഥിതി എന്തായിരുന്നുവെന്നും, അവർ ഏതു വംശക്കാരായിരുന്നുവെന്നും അനുമാനപദ്ധതിയെ അതിലംഘിച്ചു കൃത്യമായിട്ടു പറവാൻ പ്രയാസമായിട്ടുതന്നെ ഇരിക്കുന്നു. ഐതിഹ്യങ്ങൾതന്നെ പല മാർഗ്ഗങ്ങളിൽ കൂടിയും

പ്രവഹിച്ച വാസ്തവത്തെ കേവലം കലുഷമാക്കിത്തീൎക്കുകയാണു ചെയ്തിട്ടുള്ളത്. തിരുവനന്തപുരത്തുനിന്നു മുറജപം കഴിഞ്ഞു പോകുന്ന വഴിയ്ക്കു് ഒരു നമ്പൂതിരി വെട്ടത്തുനാട്ടിൽ എത്തി എന്നും നേരം അസമയമായിപ്പോകയാൽ വഴിക്ക് അടുത്തുള്ള ഒരു ചക്കാലവീട്ടിൽ കേറി കിടന്നുവെന്നും ആ ദിവസം രാത്രിയിൽ ആ വീട്ടിലുള്ള ഒരു യുവതിയിൽ അദ്ദേഹത്തിനുണ്ടായ സന്താനമാണ് എഴുത്തച്ഛനെന്നും മറ്റുമാണ് ഒരു പക്ഷമുള്ളത്. മറ്റൊരു പക്ഷമുള്ളതിൽ വലിയ വ്യത്യാസമൊന്നുമില്ല. ഈ കേരളബ്രാഹ്മണന്റെ സ്ഥാനത്ത് ഒരു പരദേശബ്രാഹ്മണൻ ആരോപിയ്ക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമേ ഉള്ളൂ. തിരുവനന്തപുരത്തുനിന്നു വഞ്ചിമാൎഗ്ഗമായി നേരിട്ട് ഒരു വഴിപോക്കന്നു തൃക്കണ്ടിയൂരെത്തുവാൻ അക്കാലത്തു യാതൊരുമാൎഗ്ഗവുമില്ല. തിരൂർ മുതലായ പ്രദേശങ്ങളിൽനിന്നു തെക്കൻദിക്കിലേക്ക് അനൎഗ്ഗളമായി വഞ്ചിയാത്ര ചെയ്വാൻ സൌകൎയ്യപ്പെട്ടത്, എഴുത്തച്ഛന്റെ അനന്തരകാലീനനായ കനോൽ സായ്പ് പൊന്നാനിയിൽനിന്നു ചാവക്കാട്ടേക്ക് ഒരു തോട് വെട്ടിച്ചതിന്നു ശേഷമാണ്. ആ തോടിന്ന് ഇന്നും 'കനോൽതോട്' എന്നു പേരുവിളിച്ചു വരുന്നതുകൊണ്ടുതന്നെ ഈ മാൎഗ്ഗം മറ്റൊരാളുടെ പരിശ്രമത്തിന്റെ ഫലമല്ലെന്ന് എവൎക്കും ഊഹിക്കാവുന്നതാണല്ലൊ. ആകയാൽ തിരുവനന്തപുരത്തുനിന്നൊ മറ്റൊ വരുന്ന ഒരു നമ്പൂതിരി വഞ്ചിമാൎഗ്ഗമായി തൃക്കണ്ടിയൂർ എത്തി എന്നും, അവിടെ ബ്രാഹ്മണഗൃഹങ്ങൾ ഏറ്റവും സന്നിഹിതങ്ങളായിരിക്കെ, ശൂദ്രജാതിയിൽതന്നെ നികൃഷ്ടമായി വിചാരിക്കപ്പെട്ടുവന്നിരുന്ന എഴുത്തച്ഛന്റെ ഗൃഹത്തിൽ കേറിക്കിടന്നുവെന്നും പറയുന്നത് ആകപ്പാടെ വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഭാഷകൊണ്ടും വേഷംകൊണ്ടും മറ്റും കേവലം വിലക്ഷണനായ ഒരു പരദേശബ്രാഹ്മണനെ മലയാളത്തിലെ ഒരു ശൂദ്രസ്ത്രീ സന്തത്യുല്പാദനത്തെ മാത്രം ഉദ്ദേശിച്ചു തൽ

സമയം കണ്ട പരിചയത്തിന്മേൽ ക്ലേശംകൂടാതെ അംഗീകരിച്ചുവെന്നു പറയുന്നതും, പശ്ചിമഘട്ടപർവ്വതനിരകൊണ്ടു വേർതിരിക്കപ്പെട്ട മലയാളത്തിൽ പരദേശികൾക്ക് അവ്യാഹതമായ പ്രവേശം അനുവദിക്കപ്പെടാത്ത ആ കാലസ്ഥിതിക്കും സ്വഭാവത്തിനും അത്ര അനുരൂപമായിത്തോന്നുന്നില്ല. എന്നാൽ ഇതിൽ നിന്നെല്ലാം കൂടി എഴുത്തച്ഛന്റെ പിതാവ് ഒരു ബ്രാഹ്മണനെന്നു സമ്മതിക്കുത്തക്ക മനഃപ്രവൃത്തികൾ ഞങ്ങൾക്കുണ്ടാകുന്നുണ്ട്. അതൊരു നമ്പൂതിരി ബ്രാഹ്മണനാണെന്നും തീർച്ചയാക്കാം. നിരാലംബമായ ഈ മാർഗ്ഗത്തിൽനിന്നു നിവർത്തിക്കുന്നതിനു മുമ്പേ, മേൽപറഞ്ഞ കഥയെത്തന്നെ സംഭാവ്യതയോടു കൂടെ അടുപ്പിച്ചു വെട്ടത്തുനാട്ടിൽ സാധാരണ പറഞ്ഞുവരുമാറുള്ള ഒരു വീട്ടുകഥ പറവാനുണ്ട്. അതും വായനക്കാരുടെ പരീക്ഷണത്തിന്നായി ഇവിടെ പകർത്തുന്നു:—

"ആകസ്മികമായി ഒരു ദിവസം ദിനാന്തത്തിൽ ഒരു പാന്ഥനായ നമ്പൂതിരി തൃക്കണ്ടിയൂരിൽ വന്നുചേർന്നു. ഊട്ടിൽ ഭക്ഷണം കഴിച്ചു രാത്രി അദ്ദേഹം അടുത്തുള്ള 'തട്ടാരമ്പറമ്പത്ത്' എന്ന ഒരു അമ്പലവാസിഗൃഹത്തിന്റെ ഭവനത്തിൽ കിടപ്പാൻപോയി. അദ്ദേഹം ഒരു ജ്യോതിശ്ശാസ്ത്രപണ്ഡിതനായിരുന്നു. യദൃച്ഛയാ അദ്ദേഹത്തിന് ഒരു വിശിഷ്ടമായ സന്താനോൽപാദനത്തിനുള്ള സമയം സന്നിഹിതമായതായി തോന്നി. തന്റെ ഇല്ലം പ്രസ്തുത സ്ഥലത്തു നിന്നു വളരെ ദൂരമായിരുന്നതിനാൽ അപ്രതീക്ഷിതമായിരുന്ന ആ സമയത്തെ സഫലമാക്കുവാൻ നിർവ്വാഹമില്ലാതെ അദ്ദേഹം വിഷണ്ണനായിത്തീർന്നു. ആകയാൽ അദ്ദേഹം കൂട്ടിലിട്ട മെരുവിൻകുട്ടിയെപ്പോലെ ഇടക്കിടെ എഴുന്നേൽക്കയും, മുററത്തിറങ്ങി ജ്യോതിർഗ്ഗോളങ്ങളെ വീക്ഷിക്കയും, ശയ്യമേൽത്തന്നെ വന്നിരിക്കയും, അധികം താമസിയാതെ വീണ്ടും മേൽപ്രകാരമെല്ലാം ആചരിക്കു

യും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ, അന്നവിടെ വൃഷളിയായി താമസിച്ചിരുന്ന 'തുഞ്ചത്ത്' എന്ന ശൂദ്രവീട്ടിലെ ഒരു സ്ത്രീ ഈ പരിഭ്രമമെല്ലാം കണ്ട് അടുത്തുവന്നു വർത്തമാനം ചോദിച്ചു. വിവരം അറിഞ്ഞപ്പോൾ ആ യുവതി ആ സത്സന്താനത്തിന്റെ അമ്മയെന്ന ഭാഗ്യം ദയവായി തനിക്കു തരേണമെന്ന് അപേക്ഷിക്കയും, ദയാലുവായ അദ്ദേഹം അതിന്നനുവദിക്കയും, അങ്ങിനെ എഴുത്തച്ഛന്റെ അവതാരത്തിന്ന് അവകാശം സിദ്ധിക്കയും ചെയ്തു."

ഈ ഏകദേശവ്യത്യസ്തമായ ഐതിഹ്യം, അതിന്റെ സംഭാവ്യതകൊണ്ടും സമ്പ്രദായംകൊണ്ടും മറ്റു തെളിവുകൾ കിട്ടുന്നതുവരെ വിശ്വാസ്യവിഷയത്തിൽ പ്രഥമഗണനീയമായിട്ടത്രേ ഞങ്ങൾ വിചാരിക്കുന്നത്. എഴുത്തച്ഛന്റെ മാതാപിതാക്കന്മാരുടെ പേരുകളെപ്പററി വിവരമായി യാതൊന്നും പറവാനില്ല. അച്ഛന്റെ പേർ നീലകണ്ഠനെന്നായിരിക്കാമെന്നു ഹരിനാമകീർത്തനത്തിലെ 'അമ്പേണമെന്മനസി ശ്രീനിലകണ്ഠഗുരു' എന്ന വരികൾകൊണ്ടു ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. സാംശയികമായ ആ ഒററ ലക്ഷ്യംകൊണ്ടു തൃപ്തിപ്പെടുവാൻ ഞങ്ങളുടെ മനസ്സാക്ഷി സമ്മതിക്കുന്നില്ല. ശങ്കരൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേരെന്നു മററുചിലരുടെ ഇടയിൽ ഒരു സാമാന്യബോധം ഉണ്ട്. എഴുത്തച്ഛന്റെ

പേരും ജാതിയും

പ്രായേണ മിക്കജനങ്ങൾക്കും അറിവാനിടവന്നിട്ടുള്ളതു സന്തോഷകരമായിരിക്കുന്നു. അദ്ദേഹത്തിന്നു ബാല്യത്തിൽ ഇട്ടിരുന്ന നാമധേയം ശങ്കരൻ എന്നായിരുന്നുവെന്നു പറയുന്നുണ്ട്. ഇതു പക്ഷേ അച്ഛന്റെ പേരിനെ പകർത്തിയതായിരിക്കാമോ എന്നു സംശയിപ്പാനവകാശമുണ്ട്. പിന്നീടു പ്രസിദ്ധമായിത്തീർന്നതു 'രാമാനുജൻ' എന്ന പേരാണെന്നു ന

കേരള സാഹിത്യ അക്കാദമി

ച്ചിവാദം തന്നെ. ഇതിൻെറ ആഗമത്തെക്കുറിച്ചും ഭിന്നങ്ങളായ പല അഭിപ്രായങ്ങളുമാണുള്ളത്. ഇതിൽ ഒന്ന് എഴുത്തച്ഛനു രാമൻ എന്നുപേരായ ഒരു ജ്യേഷ്ഠനുണ്ടായിരുന്നുവെന്നും അതുകൊണ്ടു സാക്ഷാൽ പേരുപറവാനുള്ള മടിനിമിത്തം ചില ശിഷ്യന്മാർ രാമാനുജൻ എന്നു പറഞ്ഞുവന്നിരുന്നുവെന്നുമാണ്. 'അഗ്രജന്മമ സതാം വിദുഷാമഗ്രേസരൻ മൽഗുരുനാഥനനേകാന്തേവാസികളോടും ഉൾക്കമലത്തിൽ വാഴ്ക രാമനാമാചാര്യനും മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും' എന്നുള്ള അദ്ധ്യാത്മരാമായണത്തിലെ വരികളെക്കൊണ്ടാണ് മുൻപറഞ്ഞ ഈ ഊഹം ഉണ്ടായിരിക്കുന്നത്. ഈവരികളെ ക്രമമായി അന്വയിച്ചും അൎത്ഥം ആലോചിച്ചും നോക്കുന്നതായാൽ രാമൻ എന്നു പറയുന്ന ആൾ എഴുത്തച്ഛൻെറ ഒരു ഗുരുനാഥനായിരുന്നുവെന്നല്ലാതെ ജ്യേഷ്ഠനായിരുന്നുവെന്നു യഥാകഥഞ്ചിൽ ഒരു അൎത്ഥം ഉണ്ടാക്കുന്നതു കുറെ സാഹസമായിത്തോന്നുന്നുണ്ട്. നമ്പൂരിമാരിൽ നിന്നുള്ള തടസ്ഥംകൊണ്ടോ മററോ കുറെ പഠിച്ചതിന്നു ശേഷം വിദ്യാഭ്യാസപൂൎത്തിക്കുവേണ്ടി എഴുത്തച്ഛൻ പരദേശത്തിലേക്കു പോയ കാലത്തു രാമാചാൎയ്യർ എന്നൊരാളുടെ ശിഷ്യനായിത്തീരുകയും അദ്ദേഹത്തിന്ന് എഴുത്തച്ഛനിലുണ്ടായ വാത്സല്യംനിമിത്തമോ അദ്ദേഹത്തെ അനുകരിക്കുന്നതിൽ എഴുത്തച്ഛനുണ്ടായിരുന്ന അത്യാദരമായ പാടവം നിമിത്തമോ രാമാചാൎയ്യർ തന്നെയോ അഥവാ അദ്ദേഹത്തിൻെറ ശിഷ്യന്മാരൊ മലയാളികളുടെ പേരിൽ നിന്നു വ്യത്യാസപ്പെട്ട 'രാമാനുജൻ' എന്ന പേർ എഴുത്തച്ഛനെ വിളിച്ചു വന്നതായും അതു ക്രമത്തിൽ ലബ്ധപ്രതിഷ്ഠമായിത്തീൎന്നതായും വിശ്വസിക്കുന്നതിന്നു വിരോധമില്ലായിരിക്കും. എങ്ങിനെയായാലും ആ ഒരു നാമധേയത്തിൽ എഴുത്തച്ഛന്ന ഏറെക്കുറെ പ്രസിദ്ധിയുണ്ടായിട്ടുള്ളതുകൊണ്ടു നമുക്കും ആ പേരിനെത്തന്നെ അംഗീകരിപ്പാനെ തരമുള്ളൂ.

എഴുത്തച്ഛന്റെ വിദ്യാഭ്യാസം

ഒന്നാമതുണ്ടായതു് അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ അരികത്തുനിന്നുതന്നെ ആയിരിയ്ക്കണം. അനേകാന്തേവാസികളോടുംകൂടി 'വിദുഷാമഗ്രേസര'നായ ഒരഗ്രജൻ ആ മഹാത്മാവിന്നുണ്ടായിരിയ്ക്കെ, അതു മറെറാരാളുടെ അരികത്തുനിന്നായിരിയ്ക്കുമോ എന്നു ശങ്കിപ്പാനവകാശമില്ല. 'രാമാചാൎയ്യൻ' എന്നു പേരായി വേറെ ഒരു ഗുരുവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇവിടെ വേറെ ഒരു ഗുരുവായിപറയുന്ന രാമാചാൎയ്യൻ തന്നെയാണു് അദ്ദേഹത്തിന്റെ അഗ്രജൻ എന്നു പലൎക്കും അഭിപ്രായമുണ്ടെന്നും, എന്നാൽ അതിനെ ശരിപ്പെടുത്തുവാൻ ശ്രമിയ്ക്കുന്നതു കുറെ സാഹസമാണെന്നും ഞങ്ങൾ മറെറാരേടത്തു പറഞ്ഞിട്ടുണ്ടല്ലോ. കാരണം, അങ്ങിനെയായിരുന്നെങ്കിൽ മൽഗുരുനാഥൻ എന്നും, ആചാൎയ്യൻ എന്നും ഒരേ അൎത്ഥത്തിൽ രണ്ടുശബ്ദങ്ങൾ എഴുത്തച്ഛൻ പ്രയോഗിയ്ക്കുയില്ലായിരുന്നു. ഇനി ആചാൎയ്യൻ എന്നതു കേവലം അദ്ദേഹത്തിന്റെ ഒരു ബിരുദമായിരുന്നു എന്നുവിചാരിയ്ക്കുന്നപക്ഷം അതു് എത്രമാത്രം അസംഗതവും അസംഭവ്യവുമാണെന്നു പറയാതെ തന്നെ ആൎക്കും അറിയാവുന്നതാണ്. 'രാമനാമാചാൎയ്യൻ' എന്നു കാണുന്ന ആൾ ഒന്നുവേറെതന്നെ. വൃത്തഗതിയനുസരിച്ചു രാമാചാൎയ്യൻ എന്നു് ഒന്നിച്ചുപറവാൻ നിൎവ്വാഹമില്ലാതെ വന്നതിനാൽ അങ്ങിനെ പ്രയോഗിച്ചതായിരിയ്ക്കണം. 'രാമനാമാചാൎയ്യനുമാവോളം തുണയ്ക്കേണം' എന്നു ദേവീമാഹാത്മ്യത്തിലും പറഞ്ഞുകാണുന്നുണ്ടു്, ഇവിടേയും ആചാൎയ്യൻ എന്നുതന്നെ പ്രയോഗിച്ചിട്ടുള്ളതു മേൽപറഞ്ഞ തീരുമാനത്തെ ബലപ്പെടുത്തുന്നു.

നിലത്തെഴുത്തുമുതൽ കാവ്യനാടകാലങ്കാരങ്ങളെല്ലാം എഴുത്തച്ഛൻ തന്റെ ജ്യേഷ്ഠന്റെ അരികത്തുനിന്നു പഠിച്ചു. പഠിയ്ക്കുന്നകാലത്തുതന്നെ അദ്ദേഹത്തിന്റെ ജന്മസിദ്ധമായി കവിതാവാസന ഓരോപ്രകാരത്തിൽ കുറേശ്ശയായി പ്രകാ

ശിപ്പാനും, അതു നേതൃവർഗ്ഗത്തിൻെറ സഹിഷ്ണുതയെ ഭഞ്ജിപ്പാനും, തന്മൂലം ഓരോ അപകടങ്ങൾ അദ്ദേഹത്തിനു നേരിടുവാനും സംഗതിയായിരിക്കണം. ആ സംഗതി എഴുത്തച്ഛൻെറ പ്രകൃതിസിദ്ധമായ പൌരുഷത്തെ പ്രകാശിപ്പിച്ചുവശിപിടിപ്പിക്കാതിരിക്കയില്ല. അതിനാൽ പിന്നേയും പഠിച്ചു താൻ ഒരു മഹാപണ്ഡിതനായി തീരേണമെന്നുള്ള ഉൽക്കണ്ഠയോടുകൂടെ ആ മഹാമനസ്കൻ ജ്യേഷ്ഠൻെറ നിര്യാണാനന്തരമോ മറോ പരദേശത്തേക്കു തിരിച്ചു. പരദേശത്തു, തന്നെ വേദാന്താദി ശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുന്നതിൽ പ്രധാനിയായിരുന്നതിനാലായിരിക്കാം, രാമാചാര്യനെ പ്രധാനമായി സ്മരിച്ചുകാണുന്നതു്. വേറെ ചിലരും ഓരോ വിഷയങ്ങളിൽ അദ്ദേഹത്തിനു ഗുരുഭൂതന്മാരായി സ്വദേശത്തും, പരദേശത്തുമുണ്ടായിട്ടുണ്ടെന്നുവേണം വിചാരിപ്പാൻ. ഈ ദേശാന്തരസഞ്ചാരത്തിൽ അദ്ദേഹത്തിൻെറ ജ്ഞാനത്തിനും, ലോകപരിചയത്തിനും, ബുദ്ധിവികാസത്തിനും അളവററ വർദ്ധനയ്ക്കിടയായി. ഇതിൽവെച്ചുതന്നെ ദ്രാവിഡഭാഷാകവികളും കവിതകളുമായുള്ള പരിചയവും അദ്ദേഹത്തിനു സിദ്ധിച്ചു.

ഇരുപതു വയസ്സിനു മേൽ മുപ്പതു വയസ്സിന്നുള്ളിൽ എഴുത്തച്ഛൻ തൻെറ ദേശസഞ്ചാരം കഴിച്ചു സ്വദേശത്തു തിരിച്ചു വന്നിരിക്കണം. മനക്കോട്ട 'ബാലരാമൻ എന്നുപേരായ ഒരു പ്രഭു എഴുത്തച്ഛൻെറ കൌമാരാവസ്ഥയിൽ അദ്ദേഹത്തിന്നു് ആശ്രയമായിരുന്നുവെന്നും, ഈ സഞ്ചാരത്തിൽ ആ പ്രഭുവിൻെറ സാഹായ്യം എഴുത്തച്ഛന്നു് ഉണ്ടായിരുന്നിരിക്കാമെന്നും മലയാളഭാഷാചരിത്രകാരൻ പറയുന്നു. ഇങ്ങിനെ പറയുവാനുള്ള കാരണം, 'ശിവപുരാണം' എഴുത്തച്ഛൻെറ കൃതിയാണെന്നുള്ള വിശ്വാസവും, ആ പുസ്തകത്തിൻെറ ഒടുവിൽ കാണുന്ന 'മനക്കോട്ടുവാഴും മഹാമാനശാലി മനക്കാമ്പിലേറും കൃപാവാരിരാശി എനിക്കാശ്രയം ബാല

രാമാഭിധാനൻ' എന്നാദിയായ ഏതാനും വരികളും മാത്ര മല്ലാതെ മറെറാന്നുമല്ലെന്നു തെളിയുന്നുണ്ട്. ആകയാൽ ഇതിൻെറ വാസ്തവസ്ഥിതി മനസ്സിലാക്കുവാൻ ശിവപുരാണം എഴുത്തച്ഛൻെറ കൃതിതന്നെയോ എന്നു പരിശോധിച്ചുനോക്കിയാൽ മതി

'പരദേശയാത്ര കഴിഞ്ഞു തിരിച്ചു വന്നതിൻെറ ശേഷം ഉണ്ടാക്കിയതാണ് ശിവപുരാണം കിളിപ്പാട്ട്' എന്നും അത് 'എഴുത്തച്ഛൻെറ ആദ്യകവിതയാണ്' എന്നും ഭാഷാചരിത്രകാരൻ പറയുന്നു. 'സാരമാംകഥാമൃതമിനിയും ചൊല്ലീടുന്നേൻ ഘോരമാമഘാമയംനീങ്ങുവാൻമഹൌഷധം' എന്നൊരു വരികൊണ്ടാണ് ശിവപുരാണത്തിൽ ഒന്നാമതായി ചേർത്തു കാണുന്ന 'ശനിപ്രദോഷമാഹാത്മ്യം' തുടങ്ങുന്നത്. പഞ്ചാക്ഷരമാഹാത്മ്യം ഒന്നാമത്തേതായി ഗണിക്കുന്ന പക്ഷം ഗ്രന്ഥത്തിൻെറ ആദിയിൽ തന്നെ മംഗളാചരണം ചെയ്യാതിരിക്കുന്ന സമ്പ്രദായം എഴുത്തച്ഛന് ഇല്ലെന്നുള്ള ആക്ഷേപത്തിനു നിവൃത്തിയുണ്ട്; എന്നാലും അതിൽ ഒരേടത്തും കിളിയെ വിളിച്ചു കഥ പറയിപ്പിച്ചു കാണാത്തതു ശങ്കാസ്പദം തന്നെയായി ശേഷിക്കുന്നു. വിശേഷിച്ചും ശിവപുരാണം എഴുത്തച്ഛൻെറ ഒന്നാമത്തെ കൃതിയാണെന്നുള്ളതിനെ മാത്രമല്ല, എഴുത്തച്ഛൻെറ കൃതിയാണെന്നുള്ളതിനെക്കൂടെ തീരെ സമ്മതിപ്പാൻ പാടില്ലാത്തവിധം അതിലെ കവിതാരീതി കുഞ്ചൻനമ്പ്യാരുടെ കവിതാരീതിയോടു യോജിച്ചിരിക്കുന്നുണ്ട്. താഴെ എഴുതുന്ന വരികൾ പരിശോധിക്കുക.

"തലമുടിയുമുടമയൊടുകുടിലകുനുചില്ലിയും
താരേശചാരുവാംവക്ത്രാരവിന്ദവും
തടമുലകൾകൊടിനടുവുമടിമലർദലങ്ങളും
താരുണ്യലാവണ്യസാരസ്യസാരവും.

(ശിവപുരാണം)

തടമുലകളോടിനടുവുമടിമലരുമാനനം
താമ്രാധരോഷ്ഠവുംതാടംകഭംഗിയും
തലമുടിയുമലസമിഴിതിലകമളകങ്ങളും
താരുണ്യലാവണ്യസൌഭാഗ്യലക്ഷ്മിയും."

(നളചരിതം)

മേൽ കാണിച്ച വൎണ്ണനകളുടെ അടുപ്പം അവ രണ്ടും ഒരാളുടേതാണെന്നു പ്രത്യക്ഷപ്പെടുത്തുന്നു. ഈ വൃത്തത്തിൽ ഒന്നാമത്തെ വരി കഴിവുള്ളേടത്തോളം ലഘ്വക്ഷരങ്ങളെക്കൊണ്ടുതന്നെ നിൎവ്വഹിക്കണമെന്നുള്ള നിൎബ്ബന്ധം നമ്പ്യാരുടേതാണ്. എഴുത്തച്ഛന് ആ നിൎബ്ബന്ധം അത്രതന്നെയില്ല. മാത്ര ശരിയാക്കേണമെന്നേ ഉള്ളൂ. 'മരണജനിമയവികൃതിബന്ധമില്ലാതോൎക്ക്' എന്നിങ്ങിനെ ഇടയിൽ ഗുരുക്കൾ വരുത്തി അക്ഷരം ചുരുക്കുന്ന സമ്പ്രദായം രാമായണം മുതലായ എഴുത്തച്ഛന്റെ കൃതികളിലുണ്ട്. ശിവപുരാണത്തിലാകട്ടെ നമ്പ്യാരുടെ നളചരിതത്തിലാകട്ടെ അങ്ങിനെ കാണുന്നില്ലെന്നുള്ളതും ഈ സംഗതിയിൽ മതിയായ തെളിവായി സ്വീകരിക്കാം.

"കുതിരകളുമെരുതുകളുമനവധിഖരങ്ങളും
കൂട്ടിഗ്ഗമിക്കുന്നചെട്ടികോമട്ടികൾ
മുടിയിലിരുമുടിയുമൊരുവടിയുമൊരുമാറാപ്പു
മുണ്ടിൽതിരിച്ചുടൻതോളിലിട്ടങ്ങിനെ
ഇരുപുറവുമുലയുമൊരുകടിതടവിലാസവു-
മിങ്ങിനെമണ്ടുന്നപാന്ഥവൃന്ദങ്ങളും".

എന്നാദിയായ ശിവപുരാണത്തിലെ വരികളും 'ഒട്ടുകൊണ്ടൊരുവിധംമാറാപ്പുംപേറിച്ചില ചെട്ടികൾ കോമട്ടികൾകുട്ടികൾവൃദ്ധന്മാരും താടിയുംതലപ്പാവുംകണക്കുംകുപ്പായവും' എന്നൊക്കെ ഗ്രന്ഥപ്രകൃതിവൎണ്ണനം സരസമായി എഴുതിഗ്ഗിലിച്ച ഒരെഴുത്താണിയുടെ പ്രയോഗഫലം തന്നെയാണെന്നുള്ളതിൽ സംശയിപ്പാനില്ല.

"സമരഭയമുടയവനുമതിചപലഹീനനും
'സർവ്വാധി'കാര്യംകൊടുത്തീടൊലാഭവാൻ.'

ഈ ഒരു പാഠംതന്നെ ശിവപുരാണം നമ്പ്യാരുടേതാണെന്നു വിളിച്ചു പറയുന്നുണ്ട്. ഇങ്ങിനെ നോക്കിയാൽ ഇനിയും ശിവപുരാണം എഴുത്തച്ഛന്റെ കൃതിയല്ലെന്നു തെളിയിപ്പാൻ പല സംഗതികളും സൂക്ഷ്മഗ്രാഹികൾക്കു കണ്ടുപിടിപ്പാൻ പ്രയാസമില്ല. ആകയാൽ എഴുത്തച്ഛനു കൌമാരാവസ്ഥയിലും, ദേശസഞ്ചാരത്തിലും മനക്കോട്ടു ബാലരാമൻ എന്നൊരാളുടെ സാഹായ്യമുണ്ടായിരുന്നു എന്നു ശിവപുരാണത്തെ അടിസ്ഥാനപ്പെടുത്തി ഊഹിക്കുന്നതു തീരെ ശരിയായിരിക്കുന്നില്ലെന്നും സ്പഷ്ടമാകുന്നു.

എഴുത്തച്ഛൻ ഒരസാമാന്യപണ്ഡിതനായി സ്വദേശത്തു തിരിച്ചെത്തിയപ്പോഴും നമ്പൂതിരിമാർ അദ്ദേഹത്തെ അനാദരഭരിതമായ കണ്ണുകൊണ്ടുതന്നെ നോക്കിക്കൊണ്ടിരുന്നു; എങ്കിലും മഹാത്മാവായ മേല്പത്തൂർ നാരായണൻഭട്ടതിരിപ്പാട്ടിലേക്ക് അദ്ദേഹത്തോടു വളരെ കൂട്ടുകെട്ടായിരുന്നു എന്ന കേൾവി നല്ലപോലെ വിശ്വസിക്കാവുന്നതാണ്. ഭട്ടതിരിപ്പാട് എഴുത്തച്ഛന്റെ യഥാൎത്ഥയോഗ്യതകളെ അറിവാൻ കഴിവുള്ള ആളാകയാലും, അവർ സമീപസ്ഥന്മാരായതിനാൽ പലപ്പോഴും തമ്മിൽ കണ്ടു പരിചയിപ്പാൻ ഇടയുള്ളതിനാലും അന്യോന്യം ദൃഢസ്നേഹത്തോടു കൂടെത്തന്നെ ഇരുന്നു എന്നു വിചാരിപ്പാനെ ന്യായമുള്ളൂ.

എതുവിധമായാലും കിളിപ്പാട്ട് എന്ന നവീനപ്രസ്ഥാനം ഭാഷയിലേപ്പെടുത്തിയും, രാമായണം ഭാരതം മുതലായ സംസ്കൃതഗ്രന്ഥങ്ങൾ ഭാഷാന്തരംചെയ്തും അക്കാലത്ത് ശൈശവാവസ്ഥയിലിരുന്ന ഭാഷയെ അഭിവൃദ്ധിയിൽ കൊണ്ടുവന്ന ഈ മഹാത്മാവ് കൊച്ചിരാജ്യത്തിന്റെ കിഴക്കുള്ള ചിറ്റൂരിൽ "ശോകനാശനീ"നദിയുടെ തീരത്തുവെച്ചു സമാധിയടഞ്ഞുവെന്നാണ് ചരിത്രത്തിൽ കാണുന്നത്. അതിന്ന

ടയാളമായി ആ "രാമായണഗാനഗന്ധപ്പ്"ന്റെ സ്മാരകമായ ഗുരുമഠം എന്ന ഒരു സ്ഥലം ഇന്നും അവിടെ ശോഭിക്കുന്നു. പ്രതിവത്സരം അവിടെ എഴുത്തച്ഛൻ സമാധിയടഞ്ഞ ദിവസത്തിന്റെ സ്മരണയ്ക്കായി ചില ആഘോഷങ്ങളിന്നും നടന്നുവരുന്നുണ്ട്.

രാജാ കേശവദാസൻ.

കേശവപിള്ള ദിവാൻജിയുടെ പ്രസിദ്ധി തിരുവിതാംകൂറിലല്ലാതെ മറെറങ്ങും വളരെ ഇല്ലെന്നുതന്നെ പറയാം. കൊച്ചിശ്ശീമയിലും ബ്രിട്ടീഷ് മലയാളത്തിലും അദ്ദേഹത്തിന്റെ പേരു കേട്ടിട്ടുള്ളവർക്കൂടി വളരെ ദുർല്ലഭമാണ്. എന്നാൽ അദ്ദേഹത്തിന്റെ വൃത്താന്തമറിഞ്ഞിട്ടുള്ളവർ, രണഭൂമിയിലുംരാജസഭയിലുംഒരുപോലെ ഇത്ര അഗ്രഗണ്യനായിട്ടു മറെറാരുമലയാളി ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ലെന്നു നിസ്സംശയമായിസമ്മതിക്കുന്നതാണ്. ദരിദ്രന്മാരായ മാതാപിതാക്കന്മാരുടെ സന്താനമായി ജനിച്ചു സേവയും ശിപാർശിയും കൂടാതെ തന്റെ ബുദ്ധിവൈഭവംകൊണ്ടും,സത്യംകൊണ്ടും സ്വാമിഭക്തികൊണ്ടും ക്രമേണ വലുതായി ഒടുവിൽ, ൯൭൨-ൽ നാടുനീങ്ങിയ മഹാരാജാവിന്റെ പ്രധാനമന്ത്രിയും പ്രധാനസേനാപതിയുമായി, അന്നത്തെ ബങ്കാള ഗവണ്ണർജനറലുടെ പക്കൽനിന്നും രാജാ കേശവദാസൻ എന്ന സ്ഥാനപ്പേര് സമ്പാദിച്ച ആൾ ഒരു അസാമാന്യനായിരുന്നു എന്നു പ്രഥമദൃഷ്ടിയിൽതന്നെ സ്പഷ്ടമാകുന്നതാണ്. ഇത്ര മഹാനായുള്ള ഒരു മലയാളിയുമായി പരിചയമാകുന്നതിന്നു സ്വദേശാഭിമാനികളായ എല്ലാ മലയാളികൾക്കും അഭിലാഷമുണ്ടാകുമെന്നുള്ള ഉത്തമവിശ്വാസത്തിന്മേലാണ് ഞങ്ങൾ ഈ വിഷയത്തെപ്പററി ഇവിടെ എഴുതുന്നത്. എന്നാൽ ഇംഗ്ലി

ഷ്കന്മാരുടേയും മറ്റും ഇടയിലുള്ളതുപോലെ മഹാന്മാരുടെ ചരിത്രങ്ങളെ വിസ്താരമായി എഴുതുന്ന സമ്പ്രദായം നമ്മുടെ പൂർവ്വികന്മാരുടെ ഇടയിൽ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ വൃത്താന്തം പൂർണ്ണമായി എഴുതുന്നതിന്നു തരമില്ലാതെ വന്നിരിക്കുന്നു എന്നു വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. താഴെ പറയുന്നിടത്തോളം സംഗതികളെ തിരുവനന്തപുരം പി. അയ്യപ്പൻപിള്ള അവർകൾ കേശവപ്പിള്ളയെപ്പററി ഇംഗ്ലീഷിൽ ഒരു ചെറിയ പുസ്തകം എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളതിൽ നിന്ന് എടുത്തിരിക്കുന്നതാണ്.

കേശവപ്പിള്ള ഏതുകൊല്ലത്തിൽ ജനിച്ചു എന്നു തിച്ചയായി പറയുന്നതിന്നു യാതൊരു രേഖയും ഉള്ളതായി ഞങ്ങൾ അറിയുന്നില്ല. എങ്കിലും അതു ൯൨൦-ാമാണ്ടിനു സമീപിച്ചായിരുന്നു എന്നു ഏകദേശം ഊഹിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ അമ്മ കുന്നത്തുക്കാരിയും ൧൭ വയസ്സുമുതൽ പത്മനാഭപുരം കൊട്ടാരത്തിൽ ഒരു തവണക്കാരിയുമായിരുന്നു. അങ്ങിനെ ദാസ്യപ്രവൃത്തിചെയ്തു താമസിക്കുമ്പോൾ ഒരു ജ്യോതിഷക്കാരൻ ആ സ്ത്രീക്ക് സംബന്ധമായി. ഉടനെ ഗർഭമുണ്ടായി. മേടമാസം ൧൦-ാംനു- ഒരു പുത്രനെ പ്രസവിച്ചു. അവനു കേശവൻ എന്നു പേരിട്ടു. കുട്ടിക്കു അഞ്ചുവയസ്സായപ്പോൾ അവന്റെ ബുദ്ധിയേയും സാമർത്ഥ്യത്തേയും കണ്ടു സന്തോഷിച്ചു സമീപത്തിലുണ്ടായിരുന്ന ഒരു എഴുത്തുപള്ളിയിലെ ആശാൻ അവനെ ധർമ്മമായി വിദ്യ പഠിപ്പിച്ചുതുടങ്ങി. ആ ആശാനു പഠിപ്പിക്കുവാനുള്ളതെല്ലാം അല്പകാലംകൊണ്ടു പഠിക്കയും ബാല്യത്തിൽതന്നെ കണക്കുകൂട്ടുന്നതിൽ അസാമാന്യനൈപുണ്യത്തെ പ്രകടിപ്പിക്കുകയുംചെയ്തു. അങ്ങിനെ ൧൨ വയസ്സായപ്പോൾ ആ കുട്ടി തന്റെ കുടുംബത്തിലെ ദാരിദ്ര്യാതിരേകംകൊണ്ടു ഉപജീവനത്തിന്നു വല്ല മാർഗ്ഗവും ഉണ്ടാകുമൊ എന്നു അന്വേഷിപ്പാൻ വേണ്ടി തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. പൂവാറ് എന്ന ദിക്കിൽ

എത്തിയപ്പോൾ അവിടെവച്ച് ഒരു വലിയ കച്ചവടക്കാരനെ കാണുകയും അയാൾ കുട്ടിയോടു വർത്തമാനങ്ങളും ചില കണക്കുകളും ചോദിച്ചതിന്ന് അവൻ മറുപടി പറഞ്ഞതു കേട്ട് സന്തോഷിച്ചു രണ്ടുറുപ്പിക ശമ്പളത്തിന്മേൽ തന്റെ ഒരു കണക്കെഴുത്തുകാരനായി അവനെ നിശ്ചയിക്കുകയും ചെയ്തു. കേശവൻ തന്റെ സത്യംകൊണ്ടും പ്രാപ്തികൊണ്ടും അല്പകാലത്താൽ അയാളുടെ വിശ്വാസത്തിന്നും ഇഷ്ടത്തിന്നും പാത്രമായിത്തീരുകയും തന്റെ സാമർത്ഥ്യംകൊണ്ടും നിഷ്കർഷകൊണ്ടും കച്ചവടത്തിനു വളരെ അഭിവൃദ്ധി വരുത്തുകയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പോൾ ഒരു രാത്രിയിൽ ആ കച്ചവടക്കാരൻ മഹാരാജാവിനെ മുഖം കാണിക്കാൻപോയപ്പോൾ കേശവനും കൊട്ടാരത്തിലേക്കു കൂടെ പോയിരുന്നു. മഹാരാജാവിനു കച്ചവടസംബന്ധമായി പല കാര്യങ്ങളും അയാളോടു സംസാരിപ്പാനുണ്ടായിരുന്നതിനാൽ മുഖം കാണിച്ചു പുറത്തുവന്നപ്പോഴേക്കു നേരം കുറെ അധികമായി. പള്ളിയറയുടെ പുറത്തു കിടന്നുറങ്ങിയിരുന്ന കേശവനെ വിളിക്കാതെ അയാൾ വീട്ടിലേക്കു പോയി. പിറേറന്നാൾ രാവിലെ രാജാവു പള്ളിക്കുറുപ്പുണർന്നു വാതിൽ തുറന്നു നോക്കിയപ്പോൾ നഗ്നനായി കിടന്നുറങ്ങുന്ന കേശവനെയാണ് കണികണ്ടത്. അദ്ദേഹം കോപിച്ചു ഈ അശുഭലക്ഷണമായ കണിക്കു കാരണഭൂതനായ യുവാവിനെ പാറാവിൽവെക്കുവാൻ കല്പിച്ചു. എന്നാൽ ദൈവഗത്യാ അന്നത്തെ ദിവസഫലം അദ്ദേഹം വിചാരിച്ചതിനു നേരെ വിപരീതമായിട്ടാണു കാണപ്പെട്ടത്. കേശവനെ പാറാവിൽ വെച്ചു ൨ നാഴികകഴിഞ്ഞപ്പോൾ അനവധി വാണിജ്യത്തോടുകൂടിയ ഒരു കച്ചവടക്കപ്പൽ തുറമുഖത്തു എത്തിയിരിക്കുന്നു എന്നു സന്തോഷകരമായവർത്തമാനം കേട്ടു. അദ്ദേഹം അതു കേട്ടു സന്തോഷിച്ചു കേശവനെ പാറാവിൽനിന്നു വിടുവാനും, അയാൾക്കു കൊട്ടാരത്തിൽത

ന്നെ ഒരു ജീവനം കൊടുക്കുവാനും കല്പിച്ചു. അന്നുമുതൽ കേശവൻ ക്രമേണ മഹാരാജാവിന്റെ പ്രീതിക്കു പാത്രമായിവരികയും, ഏറെ താമസിക്കാതെ കൊട്ടാരം സമ്പ്രതിയുടെ കീഴിൽ ഒരു ഗുമസ്തനായി നിശ്ചയിക്കപ്പെടുകയുംചെയ്തു. കാര്യാദികളിലുള്ള നൈപുണ്യംകൊണ്ടും, ജാഗ്രതകൊണ്ടും, തന്റെ സ്വഭാവഗുണംകൊണ്ടും, അയാൾ വേഗത്തിൽ എല്ലാവേക്കും സമ്മതനായിത്തീൎന്നു. കൊട്ടാരം സമ്പ്രതിയെന്നതന്നെയല്ല, ദിവാൻജികൂടിയും കേശവപിള്ളയോടു കാൎയ്യങ്ങൾ ആലോചിച്ചുതുടങ്ങി.

കേശവപിള്ളയുടെ അഭ്യുദയകാലത്തു രാജ്യഭാരംചെയ്തുകൊണ്ടിരുന്നതു ൯൨൨-ൽ തിരുമുല്പു കിട്ടി ൯൭൩-ൽ നാടുനീങ്ങിയ കാൎത്തിക തിരുനാൾ രാമവൎമ്മമഹാരാജാവാകുന്നു. അതിവിദ്വാനും നീതിമാനും രാജ്യതന്ത്രജ്ഞനും പ്രജാവത്സലനുമായ അദ്ദേഹത്തിന്റെ രാജ്യഭാരം വളരെ ക്ഷേമകരമായിരുന്നു എന്നു പ്രസിദ്ധമാണെല്ലാം. അക്കാലത്തു കച്ചവടം, കൃഷി മുതലായതിന്റെ വൎദ്ധനകൊണ്ട് രാജ്യത്തു ധനസമൃദ്ധിയും വിദ്വൽ സല്ക്കാരംകൊണ്ടു വിദ്യാപ്രചാരവും പ്രജകൾക്കു പല പ്രകാരത്തിലുള്ള ക്ഷേമവുമുണ്ടായിരുന്നു. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ മുതലായ കവിതക്കാരും വിദ്വാന്മാരും അദ്ദേഹത്തിന്റെ രക്ഷയിലിരുന്നു പ്രസിദ്ധന്മാരായവരാണ്. അതുകൊണ്ടു കേശവപിള്ള ക്രമേണ പ്രാപിച്ച ഉന്നതിയെക്കുറിച്ച് വ്യവഹരിക്കുമ്പോൾ ആ മഹാരാജാവിന്നു യോഗ്യത കണ്ടുപിടിക്കാനും സമ്മാനിപ്പാനും ഉണ്ടായിരുന്ന ശക്തികൂടി ഗണിക്കപ്പെടുവാൻ അവകാശമുള്ളതാണ്.

കേശവപിള്ള കൊട്ടാരത്തിൽ ഗുമസ്തനായിരിക്കുമ്പോൾ കച്ചവടസംബന്ധമായ കാൎയ്യങ്ങളിൽ ചില ഏൎപ്പാടുകൾചെയ്യാൻ അദ്ദേഹത്തെ നിയോഗിച്ചു ബുദ്ധിമാനായ അദ്ദേഹം കച്ചവടത്തിന്റെ അഭിവൃദ്ധികൊണ്ടു രാജ്യത്തേക്കു വള

രെ ക്ഷേമമുണ്ടാകുമെന്നു കണ്ടു അതിന്റെ പൂൎണ്ണമായും യഥാൎത്ഥമായുമുള്ള പരിജ്ഞാനം സമ്പാദിപ്പാൻ വേണ്ടി സമീപത്തിൽ കച്ചവടശാലകൾ കെട്ടി വ്യാപാരംചെയ്തുവന്നിരുന്ന ലന്തക്കാരോടും ഇംഗ്ലീഷുകാരോടും എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി. വളരെ കാലത്തെ പരിചയംകൊണ്ടു കച്ചവടകാൎയ്യത്തിൽ പ്രത്യേകനൈപുണ്യം സിദ്ധിച്ചിട്ടുള്ള ഈ യൂറോപ്യന്മാരുമായുള്ള സമാഗമംകൊണ്ടു നാട്ടിലേക്കു വളരെ ഗുണങ്ങളുണ്ടായി. തിരുവിതാംകൂറിൽ ധാരാളമായി ഉണ്ടാകുന്ന ചില സാധനങ്ങളെ കമ്പനിക്കാൎക്കു കൊടുക്കത്തക്കവണ്ണവും പകരം അവിടെ പ്രത്യേകം ആവശ്യമുള്ള സാധനങ്ങളെ അവർ വരുത്തിക്കൊടുക്കത്തക്കവണ്ണവും അദ്ദേഹം അവരുമായിട്ടു കരാറുചെയ്തു. ആ രാജ്യത്തുനിന്നും കൊടുക്കുന്നതു കുരുമുളക്, ഏലം, ഇലവങ്ങം മുതലായതും; പകരം അവർ തയ്യാർചെയ്തുകൊടുത്തിരുന്നതു ഇരുമ്പും, ചെമ്പും, പഞ്ചസാരയും പ്രത്യേകിച്ച് തോക്ക് വെടിമരുന്ന് മുതലായ യുദ്ധസാമഗ്രികളും ആയിരുന്നു. അന്നു മൈസൂരിലെ മഹാരാജാവായിരുന്ന ഹൈദർ ആലി വളരെ ശക്തനും അക്രമിയും ആയിരുന്നതിനാൽ തിരുവിതാംകൂർ രാജ്യരക്ഷയ്ക്കു നല്ലതായ ഒരു സൈന്യം ആവശ്യമായിരുന്നതുകൊണ്ട് ഈ ഏൎപ്പാടു വളരെ ഗുണപ്രദമായിരുന്നു എന്നു നിസ്സംശയമായി പറയാവുന്നതാണ്. ഈ ഏൎപ്പാടുകൊണ്ടു നല്ലപോലെ സന്നദ്ധന്മാരായ യോദ്ധാക്കളെ തയ്യാറാക്കുന്നതിന്നുള്ള മാൎഗ്ഗമുണ്ടായി.

അക്കാലത്തു തിരുവിതാംകൂറിലെ സേനാപതി ഡിനോയി എന്ന ഒരു യൂറോപ്യനായിരുന്നു. കേശവപിള്ള ചെറുപ്പത്തിൽത്തന്നെ അയാളുടെ ഇഷ്ടനായിത്തീൎന്നതിനാൽ അയാളുടെ സമാഗമംകൊണ്ട് അദ്ദേഹം നൂതനസമ്പ്രദായപ്രകാരമുള്ള യുദ്ധത്തിന്നുവേണ്ട നൈപുണ്യം സമ്പാദിച്ചു. അയാളുടെ കീഴിലുണ്ടായിരുന്ന ലന്തക്കാരുടേയും പറങ്കികളുടേ

യും അടുക്കൽനിന്നു് പാർസിഭാഷയും ഹിന്ദുസ്ഥാനിയും അദ്ദേഹം പഠിച്ചു. ഈ ഭാഷകളുടേയും യുദ്ധത്തിന്റേയും പരിജ്ഞാനം പിന്നീടു അദ്ദേഹത്തിനു വളരെ ഉപയോഗമായി വന്നു.

അക്കാലത്തു മൈസൂർ പട്ടാളത്തിൽ നായകനായി ക്രമേണ ഉന്നതിയെ പ്രാപിച്ചു്, ഒടുവിൽ തന്റെ മഹാരാജാവിനെ രാജ്യഭ്രഷ്ടനാക്കി ആ സ്ഥാനത്തിൽ കയറിയിരുന്നവനും ടിപ്പുവിന്റെ പിതാവുമായ ഹൈദർ ആലി ഉത്തരകേരളത്തെ ആക്രമിച്ചു കീഴടക്കുകയും, കൊച്ചി മഹാരാജാവിനെ കീഴടക്കി കപ്പം വാങ്ങുകയുംചെയ്തതിന്റെശേഷം തിരുവിതാംകൂർ രാജ്യത്തെ ആക്രമിപ്പാനായി പുറപ്പെട്ടു. എന്നാൽ അതിർത്തിയിങ്കൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി വ്യാപാരംചെയ്തുകൊണ്ടിരുന്ന ലന്തക്കാരുടെ തടസ്ഥംകൊണ്ടു രാജ്യത്തിന്റെ പുറത്തുനിന്നും കൊച്ചിരാജാവിനെപ്പോലെ കപ്പംകൊടുത്തു കീഴടങ്ങാൻ തിരുവിതാംകൂർ രാജാവിനോടു ആവശ്യപ്പെട്ടു. താൻ കർണ്ണാടകനവാബിന്റെ കീഴിലും കമ്പനിക്കാരുടെ സഖിയുമായിരുന്നതിനാൽ ഹൈദരുടെ അധീനത്തിലാകുവാൻ പാടില്ലെന്നു അയാളുടെ ദൂതനോടു മഹാരാജാവു മറുവടി പറഞ്ഞയച്ചു. അയാളുടെ അക്രമത്തെക്കുറിച്ചു് നവാബിനേയും കമ്പനിക്കാരേയും അറിയിക്കുകയും അതിർത്തിയിലുള്ള കോട്ടകളെ ബലപ്പെടുത്തുന്നതിന്നു കല്പനകൊടുക്കുകയും ചെയ്തു.

ഈ അവസരത്തിൽ ദളവാ മരിച്ചു. ആ പണിക്കു കൊട്ടാരം സമ്പ്രതിയേയും സമ്പ്രതിപ്പണിക്കു കേശവപിള്ളയേയും നിയമിച്ചു. ആ കാലങ്ങളിൽ കൊട്ടാരം സമ്പ്രതി രാജ്യത്തുള്ളഉദ്യോഗസ്ഥന്മാരിൽ മൂന്നാമനായിരുന്നു. പുതിയ ദളവായുടേയും സമ്പ്രതിയുടേയും സേനാധിപതിയുടേയും ഉത്സാഹത്തിന്മേൽ അസംഖ്യം ദ്രുപാ ചിലവുചെയ്തു അതിർത്തിക്കോട്ടകളെ വളരെ ഉറപ്പാക്കി. എന്നാൽ ഈ ശ്രമ

ങ്ങൾകൊണ്ടു തല്ക്കാലം ആവശ്യമൊന്നുമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ഇതു കഴിഞ്ഞ ഉടനെ ൯൪൪_ൽ ഹൈദരും ഇംഗ്ലീഷുകാരും കൂടിയുണ്ടായ സമാധാന ഉടമ്പടിയിൽ ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കാതിരിപ്പാൻ പ്രത്യേകം ഒരു വകുപ്പു ചേൎത്തിട്ടുണ്ടായിരുന്നു. എങ്കിലും ഈ ഉടമ്പടിയുടെ ശേഷവും മഹാരാജാവു ലന്തക്കാരുടേയും ഇംഗ്ലീഷുകാരുടേയും സഹായത്തോടുകൂടി അതൃത്തികൾ രക്ഷിക്കുന്നതിനു വേണ്ട ഉറപ്പുകൾ ചെയ്തുകൊണ്ടുതന്നെ ഇരുന്നു. ഇതുകൊണ്ടു ഉടനെതന്നെ ഫലം സിദ്ധിച്ചു. ഹൈദർ ഉത്തരകേരളത്തെ പിന്നേയും ആക്രമിച്ചു. സാമൂതിരിപ്പാട് മുതലായ രാജാക്കന്മാരെ രാജ്യഭ്രഷ്ടന്മാരാക്കി. അവർ തിരുവിതാംകൂറിലേക്കു ഓടിപ്പോരുകയും മഹാരാജാവ് അവരെ വളരെ സൽക്കാരത്തോടുകൂടി സ്വീകരിക്കുകയും അവൎക്കു അഭയം കൊടുക്കുകയും ചെയ്തു. അതു കേട്ടു കോപിച്ചു ഹൈദർ വലുതായ ഒരു സൈന്യത്തോടുകൂടി തിരുവിതാംകൂറിലേക്കു പുറപ്പെട്ടു. എന്നാൽ അയാൾ അവിടെ എത്തിയപ്പോഴയ്ക്ക്, ഉടമ്പടിലംഘനം ചെയ്തതിന്ന് ഇംഗ്ലീഷുകാർ അയാളുടെ നേരെ യുദ്ധത്തിനായി വട്ടംകൂട്ടിത്തുടങ്ങിയെന്നു കേട്ടു പിൻതിരിഞ്ഞു തന്റെ നാട്ടിലേക്കു പോന്നു. പിന്നെയുണ്ടായ യുദ്ധത്തിൽ ബ്രിട്ടീഷുപട്ടാളത്തെ തിരുവിതാംകൂറിലെ നായർസൈന്യം വളരെ സഹായിച്ചു എന്നും അതിന്റെ നേതാവായിരുന്ന കേശവപിള്ള ഒരു സേനാപതിയുടെ മുഖ്യചിഹ്നങ്ങളെ പ്രകടിപ്പിച്ചു എന്നും ഇംഗ്ലിഷ് സേനാനായകന്മാർ തന്നെ സമ്മതിച്ചിരിക്കുന്നു. മംഗലാപുരത്തുവച്ചുണ്ടായ ഉടമ്പടിയോടുകൂടി ഈ യുദ്ധം കലാശിച്ചു.

യുദ്ധം കഴിഞ്ഞതിന്റെ ശേഷം മഹാരാജാവ് രാമേശ്വരത്തേക്ക് എഴുന്നള്ളി. ആ എഴുന്നള്ളത്തിന്നു വേണ്ട വട്ടങ്ങൾ കൂട്ടിയതു കേശവപിള്ളയായിരുന്നു. തിരിച്ചെഴുന്നള്ളിയതിന്റെ ശേഷം ഒളുവായും കേശവപിള്ളയും ചെയ്ത യത്ന

ത്തെക്കുറിച്ചു സന്തോഷിച്ച് അവക്ക് എന്തു പ്രതിഫലമാണു വേണ്ടതെന്നു മഹാരാജാവു ചോദിച്ചു. ദളവാ മരണശേഷം തന്റെ ഭാൎയ്യാദികൾക്കു തന്റെ മുതലനുഭവിക്കുന്നതിനു യാതൊരുപദ്രവവും വരാതെ ഇരിക്കണമെന്ന് അപേക്ഷിച്ചു. ഈ അപേക്ഷ ആ കാലങ്ങളിലുള്ള രാജാക്കന്മാരുടെ അനീതിയെ വെളിവാക്കുന്നു. കേശവപിള്ള മഹാരാജാവ് ആയുരാരോഗ്യാദികളോടും അവിച്ഛിന്നഖ്യാതിയോടും വളരെക്കാലം പ്രജാപരിപാലനം ചെയ്യുമാറാകണമെന്നു മാത്രമേ തനിക്കു പ്രാൎത്ഥനയുള്ളു എന്നു പറഞ്ഞു.

൯൬൩-ൽ ദളവാ മരിച്ചു. സൎവീസ്സ്ക്രമപ്രകാരം ആ സ്ഥാനത്തേക്കു നിയമിച്ച ആൾ പ്രാപ്തനും ബുദ്ധിമാനും അല്ലായിരുന്നു എങ്കിലും സൎവ്വാധികാൎയ്യമായി കേശവപിള്ളയെ നിശ്ചയിച്ചതിനാലും അദ്ദേഹത്തിന്റെ ദൃഷ്ടി എല്ലായിടത്തും എത്തിക്കൊണ്ടിരുന്നതിനാലും രാജ്യത്തിനു യാതൊരു ദോഷവും സംഭവിച്ചില്ല. അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആ ദളവായും മരിച്ചു. ൯൬൪ കന്നി ൮-ാംനു കേശവപിള്ളയെ പ്രധാനമന്ത്രിയാക്കി നിശ്ചയിച്ചു. അന്നുമുതൽ ചില ഇംഗ്ലീഷുകാരുടേയും നവാബിന്റെ ഉദ്യോഗസ്ഥന്മാരുടേയും അഭിപ്രായപ്രകാരം ദളവാ എന്ന പേരുമാററി ദിവാൻ എന്നാക്കി.

കേശവപിള്ളയ്ക്കു ദിവാൻ പട്ടം കിട്ടിയതിൽപിന്നെ വളരെ താമസിയാതെ തിരുവിതാംകൂറിനു വലിയൊരു ആപത്തു നേരിട്ടു. അതിന്റെ നിവാരണത്തിന് അന്ന് ഇത്ര കേമനായ ഒരു മന്ത്രി ഉണ്ടായിരുന്നത് ആ നാട്ടിലെ ഭാഗ്യംതന്നെ. ൯൫൮-ൽ ഹൈദർ മരിച്ചു. ഈ ദിക്കുകളിൽ ഇപ്പോഴും വളരെ പ്രസിദ്ധിയുള്ള ടിപ്പു സിംഹാസനാരോഹണം ചെയ്തു. അയാൾക്കു തിരുവിതാംകൂർ രാജ്യം തന്റെ കീഴിലാക്കണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നു. അതിനു ഓരോ ഉപായങ്ങൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ

ശല്യം സഹിപ്പാൻ പാടില്ലാതെയായിട്ട് ഉത്തരകേരളത്തിൽ നിന്നു പല രാജാക്കന്മാരും തിരുവിതാംകൂറിലേക്കു പോയി. അപ്പോൾ ടിപ്പു അവരെ അയാളുടെ അധീനത്തിലേക്കു തിരിച്ചയയ്ക്കുന്നതിന്ന് ആവശ്യപ്പെട്ടതിനെ മഹാരാജാവു കൈക്കൊണ്ടില്ല. എന്നാൽ ഇംഗ്ലീഷുകാരുമായുള്ള ഉടമ്പടി ഹേതുവായിട്ടു തൽക്കാലം യുദ്ധത്തിന്നു പുറപ്പെടുന്നതിന്നും തരമില്ലായിരുന്നു. അതുകൊണ്ടു തന്റെ കീഴിലിരുന്ന കൊച്ചിരാജാവു മുഖാന്തിരം തിരുവിതാംകൂർ രാജാവുമായി സഖ്യമാകുന്നതിന്നു തനിക്കാഗ്രഹമുണ്ടെന്ന് അദ്ദേഹത്തെ അറിയിച്ചു. ഈ അഗ്രഹത്തെ അദ്ദേഹം സ്വീകരിച്ചില്ലെന്നു തന്നെയല്ല ആ വിവരമൊക്കയും ഇംഗ്ലീഷുകാരെ അറിയിക്കുകയുംകൂടി ചെയ്തു. അവർ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം സകല കാൎയ്യങ്ങളും ആലോചിക്കുന്നതിന്ന് ഒരു ഇംഗ്ലീഷുദ്യോഗസ്ഥനേയും രാജ്യരക്ഷയ്ക്കുവേണ്ടി രണ്ടുമൂന്നു ബ്രിട്ടീഷ് പട്ടാളത്തേയും അയച്ചുകൊടുത്തു. ഈ വൎത്തമാനങ്ങൾ എല്ലാം കേട്ടു ടിപ്പു രഹസ്യമായി യുദ്ധത്തിന്ന് ഒരുങ്ങിത്തുടങ്ങി. തിരുവിതാംകൂറിലെ അതിൎത്തിയിൽ ലന്തക്കാരുടെ വകയായി കൊടുങ്ങല്ലൂക്ക് സമീപം ജയക്കോട്ട എന്നും കൃഷ്ണൻകോട്ട എന്നും രണ്ടു കോട്ടയുണ്ടായിരുന്നതു അവരുടെ പക്കൽനിന്നും വാങ്ങുന്നതിന്ന് അയാൾ ഉത്സാഹിക്കുന്നുണ്ടെന്ന് കേട്ട ഉടനെ കേശവപ്പിള്ള ആ ക്രയംകൊണ്ട് രാജ്യരക്ഷയ്ക്കു വളരെ ദോഷം വരുമെന്നറിഞ്ഞു ആ കോട്ടകളെ തിരുവിതാംകൂറിലേക്കു വാങ്ങി. ഈ കോട്ടകൾ തന്റെ കീഴിലായിരുന്ന കൊച്ചി മഹാരാജാവിന്റെ വകയായിരുന്നതിനാൽ ലന്തക്കാൎക്ക് അതുകൾ കൊടുപ്പാനൊ തിരുവിതാംകൂറിലേയ്ക്കു അതു വാങ്ങുവാനൊ അവകാശമില്ലാതിരുന്നതിനാൽ ആ ക്രയം സാധുവല്ലെന്നുള്ള കാരണം പറഞ്ഞു ടിപ്പു യുദ്ധയാത്രയ്ക്കൊരുങ്ങി. അറുപതത്തേഴാമാണ്ടത്തെ പാളയമെന്നു ഇപ്പോഴും ഈ ദിക്കുകളിൽ ജനങ്ങൾ പറഞ്ഞുവരുന്നത് ഈ യുദ്ധയാത്രയിലുണ്ടായതാണ്.

ടിപ്പു ഒരു വലിയ സൈന്യത്തോടുകൂടി യുദ്ധത്തിന്നായി പുറപ്പെട്ടു മുമ്പിൽ കൂട്ടി ഒരു ദൂതനെ അയച്ച് ഉത്തരകേരളത്തിൽ നിന്ന് അവിടെ വന്നു താമസിക്കുന്നവരെ അയാളുടെ അധീനത്തിലേക്കു അയക്കണമെന്നും, തിരുവിതാംകൂർ സൈന്യത്തെ കൊടുങ്ങല്ലൂരിൽ നിന്നു പിൻവലിക്കണമെന്നും, അതിർത്തിക്കോട്ടകളിൽ ചിലതിനെ തകർത്തു കളയണമെന്നും മഹാരാജാവിനോടാവശ്യപ്പെട്ടു. അദ്ദേഹം അതിനെ സമ്മതിക്കാഞ്ഞതിനാൽ ടിപ്പു കുപിതനായി ആ കോട്ടകളെ ആക്രമിച്ചു. ഇതിന്നു കുറേദിവസം മുമ്പിൽ മഹാരാജാവ് കേശവപിള്ളയെ സേനാപതിയായി നിശ്ചയിച്ചിരുന്നതിനാൽ കോട്ടകളെ ആക്രമിച്ചപ്പോഠം അദ്ദേഹമായിരുന്നു ടിപ്പുവിനോടു നേരിട്ടത്. ആ യുദ്ധത്തിൽ അദ്ദേഹവും അദ്ദേഹത്തിന്റെ താഴെ ഉണ്ടായിരുന്ന നായർ സൈന്യവും വളരെ യുദ്ധസാമർത്ഥ്യത്തേയും പരാക്രമത്തേയും പ്രകടിപ്പിക്കുകയും, അതിനാൽ തല്ക്കാലം ടിപ്പുവിന്റെ സൈന്യം പിൻവാങ്ങേണ്ടിവരികയും ചെയ്തു. അങ്ങിനെ പിൻതിരിഞ്ഞു ഓടിപ്പോകുന്ന ലഹളയിൽ ടിപ്പുവിന്റെ വില പിടിച്ച വാളും പരിചയും ചില കൈമോതിരങ്ങളും മെയ്യാഭരണങ്ങളും പോർക്കളത്തിൽ നിന്നു കൊണ്ടുപോകുവാൻ കഴിഞ്ഞില്ല. അതുകളെ ജയചിഹ്നങ്ങളായി കേശവപിള്ള മഹാരാജാവിന്നു അയച്ചുകൊടുത്തു.

അന്യോന്യസഹായത്തിന്നായി തമ്മിൽ സഖ്യം ചെയ്തിരിക്കുന്ന രാജാവിന്റെ രാജ്യത്തെ ഇങ്ങിനെ ആക്രമിച്ച വർത്തമാനം കേട്ടിട്ട് മദ്രാശി ഗവൎണ്ണർ ടിപ്പുവിന്ന് ഇങ്ങിനെ ചെയ്തതു നന്നായില്ലെന്നു ഒരു എഴുത്തയച്ചതല്ലാതെ യാതൊന്നും ചെയ്തില്ല. ഇതു കണ്ട് ടിപ്പു ധൈൎയ്യപ്പെട്ട് മൈസൂരിൽ നിന്ന് പിന്നേയും സേനകളെ വരുത്തി രണ്ടാമതും കോട്ടകളെ ആക്രമിച്ചു. തിരുവിതാംകൂർ സൈന്യത്തിന്ന് ഈ പുതിയ സൈന്യത്തോടു നേരിടുന്നതിന്നു ശക്തി മതി

യാകയില്ലെന്നു കണ്ട് കേശവപിള്ള സൈന്യത്തോടുകൂടി പിന്തിരിഞ്ഞു. ഈ അവസരത്തിൽ ടിപ്പു തിരുവിതാംകൂർ രാജ്യത്തിൽ കടന്നു കാണുന്നവരെയെല്ലാം കൊല്ലുകയൊ മാൎഗ്ഗത്തിൽ കൂട്ടുകയൊ ചെയ്കയും ഭവനങ്ങളിൽ കടന്ന് കൊള്ളയിടുകയും തീ വയ്ക്കുകയും മററു പല പ്രകാരത്തിലുള്ള അക്രമങ്ങൾ നടത്തുകയും ചെയ്തു. ആലുവാവരെ എത്തിയപ്പോൾ വിചാരിക്കാത്തതായ ഒരു പ്രതിബന്ധമുണ്ടായി. മദ്രാസി ഗവൺമ്മെന്റുടെ ഉദാസീനത മനസ്സിലായപ്പോൾ ബംഗാളത്തെ ഗവൺമ്മെന്റർ ജനറൽ മദ്രാശിക്കു വരികയും ഗവൺമ്മെന്റുടെ പ്രവൃത്തി അതൃപ്തികരമാണെന്നു കണ്ട് അയാളെ പണിയിൽ നിന്ന് പിരിച്ചു വേറെ ഒരാളെ നിശ്ചയിക്കുകയും ടിപ്പുവിനോടു യുദ്ധത്തിന്നായി പുറപ്പെടുകയും ചെയ്തു. ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിലുണ്ടായ യുദ്ധത്തെക്കുറിച്ച് ഈ പ്രകൃതത്തിൽ വിസ്തരിക്കേണ്ട ആവശ്യമില്ല. എന്നാൽ ടിപ്പു ആ യുദ്ധത്തിൽ തോല്ക്കുകയും രാജ്യത്തിൽ പകുതി ഇംഗ്ലീഷുകാൎക്ക് കൊടുക്കേണ്ടിവരികയും ചെയ്തു എന്നും ഇംഗ്ലീഷുകാരുടെ സഹായത്തിന്നായി ഒരു നായർപട്ടാളത്തോടു കൂടി കേശവപ്പിള്ള മൈസൂരിലേക്കു പോയി വളരെ കീൎത്തിയേയും സമ്പാദിച്ച് തിരിച്ചു വന്നു എന്നും മാത്രം ഇവിടെ പറയുന്നു.

ഇപ്പോൾ മലയാളജില്ലയെന്നു പറയുന്ന ഉത്തരകേരളത്തെ ടിപ്പു ആക്രമിച്ചപ്പോൾ അവിടത്തെ നാടുവാഴികളും മററും തിരുവിതാംകൂറിൽ ശരണം പ്രാപിച്ചു എന്നു ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. അനാഥസ്ഥിതിയിൽ കിടന്നിരുന്ന ആ രാജ്യത്തെ കാൎയ്യങ്ങളെല്ലാം വഴിപ്പെടുത്തുന്നതിന്നു ഇംഗ്ലീഷുകാർ മഹാരാജാവിനേയും അദ്ദേഹം ആ ചുമതല കേശവപിള്ളയേയും ഏല്പിച്ചു. ടിപ്പു അവിടത്തെ ഭൂമിയെല്ലാം തന്റെ സേവകന്മാൎക്ക് ഭാഗിച്ചുകൊടുക്കയും മുമ്പിലുണ്ടായിരുന്ന അതിരുകളേയും ആധാരങ്ങളേയും നശിപ്പി

ച്ചുകളകയും ചെയ്തിരുന്നതിനാൽ ആവലാധി വരാത്ത വിധത്തിൽ യഥാക്രമമായി അതാതു ആളുകൾക്ക് അവരവരുടെ ഭൂമി തിരിച്ചുകൊടുക്കുന്നതിന് കേശവപിള്ള ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. അദ്ദേഹം ഏതെല്ലാം വിധത്തിലാണ് കാര്യങ്ങൾ നടത്തിയത് എന്നു ഇവിടെ പറയുന്നതിന്നു സ്ഥലമില്ല. എന്നാൽ അദ്ദേഹം എല്ലാവർക്കും സമ്മതമാകത്തക്കവണ്ണം അവരവരുടെ ഭൂമി അവരവർക്കു തിരിച്ചുകൊടുക്കുകയും കമ്പനിക്കാർക്കു വേണ്ട ഗുണങ്ങൾ സിദ്ധിക്കുന്നതിന്നു പല ഏർപ്പാടുകൾ ചെയ്കയും ചെയ്തു തിരിച്ചുപോന്നു എന്നു മാത്രം പറഞ്ഞാൽ മതിയല്ലോ.

യുദ്ധമെല്ലാം കഴിഞ്ഞതിന്റെ ശേഷം നാട്ടിലെ ക്ഷേമാഭിവൃദ്ധിക്കു വേണ്ട കാര്യങ്ങൾ ആലോചിപ്പാൻ സാവകാശമുണ്ടായപ്പോൾ കേശവപിള്ള അതിന്നുവേണ്ടി പല ഏർപ്പാടുകളും ചെയ്തു. നാട്ടിൽ ധനപുഷ്ടിയുണ്ടാകുന്നതിന്നു കച്ചവടം വർദ്ധിപ്പിപ്പാനാണ് അദ്ദേഹം പ്രധാനമായി യത്നിച്ചത്. കച്ചവടത്തിന്നു യോഗ്യതയുള്ളതും കപ്പലുകൾക്കും മററും നിർബാധമായി വന്നുനില്ക്കാവുന്നതുമായ സ്ഥാനങ്ങളെ തീർച്ചപ്പെടുത്തുന്നതിന്നുവേണ്ടി കന്യാകുമാരിമുതൽ വൈക്കംവരെയുള്ള സമുദ്രതീരത്തെ അദ്ദേഹം പരിശോധിപ്പിച്ച്, കൊളച്ചൽ വിഴിഞ്ഞം എന്ന സ്ഥലങ്ങളിൽ കച്ചവടസ്ഥലങ്ങളുണ്ടാക്കിയതിന്റെ ശേഷം ആലപ്പുഴ എന്ന പ്രദേശത്തെ പ്രധാന തുറമുഖമാക്കി. ആലപ്പുഴ അന്നു ഒരു കുറുങ്കാടായിരുന്നു. ആ സ്ഥാനം കച്ചവടത്തിന്നു വളരെ സൌകര്യമുള്ളതാണെന്നു കണ്ട് അവിടെ സർക്കാർ ചിലവിന്മേൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി ബോംബയിൽനിന്നും മററും കച്ചിക്കാരേയും വന്യന്മാരേയും തിരുനൽവേലിയിൽനിന്നു ബ്രാഹ്മണരേയും വ്യാപാരത്തിന്നായി കൊണ്ടുവന്നു പാർപ്പിക്കുകയും, അവിടെ കൊണ്ടുവന്ന്, കച്ചവടം ചെയ്യത്തക്കവണ്ണം കരാറുചെയ്തു നാട്ടിലെ മരമെല്ലാം പാറാഷിത്തരകനെ കുത്തകയായി ഏല്പിച്ചുകൊടുക്കയും ചെയ്തിരുന്നു. പുറമേ ആ സ്ഥലത്തിന്നു പ്രാധാന്യമുണ്ടാകുവാൻവേണ്ടി ഒരു അമ്പലവും കൊട്ടാരവും കച്ചേരിയും പണിയിച്ചു തമ്പുരാനും ദിവാൻജിയും കൂടക്കൂടെ അവിടെവന്നു താമസിക്കുകയും ചെയ്തുവന്നു. ഇങ്ങിനെയാണ്

ആലപ്പുഴ തുറമുഖമുണ്ടായത്. ഇപ്രകാരം തന്നെ കോട്ടാർ, തിരുവനന്തപുരം മുതലായ ദിക്കുകളിലും കച്ചവടം വർദ്ധിക്കുന്നതിന്നു പല ഏർപ്പാടുകൾ ചെയ്തു. ഇതിനുപുറമെ നാഞ്ചിനാട്ടിലും മററും കൃഷിപ്പണിക്കു സൌകര്യത്തിന്നുവേണ്ടി തോടുകളുണ്ടാക്കുകയും മററും ചെയ്കയും പ്രധാന പ്രചാരത്തിന്നു പുതിയ നാണ്യങ്ങൾ പലതുണ്ടാക്കുകയും ചെയ്തു.

ടിപ്പുവിനോടു യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ തിരുവിതാംകൂർ വടക്കേ അതൃത്തിയിങ്കൽ സ്ഥാപിച്ചിരുന്ന ഇംഗ്ലീഷ് സൈന്യത്തിന്റെ ചെലവ് യുദ്ധം കഴിഞ്ഞതിന്റെ ശേഷവും നടത്തുന്നത് അനാവശ്യവും പ്രയാസവുമാണെന്നു കണ്ട് കേശവപിള്ള ആ സൈന്യത്തെ പിൻവലിക്കുന്നതിന്നു മദ്രാശിഗവർണ്ണർക്ക് എഴുതി. എന്നാൽ അയാൾ അതു സമ്മതിച്ചില്ല. അപ്പോൾ ദിവാൻജി വിവരമെല്ലാം ഗവർണ്ണർ ജനറലിനേയും മററുയോഗ്യരേയും അറിയിക്കുകയും അദ്ദേഹത്തിന്റെ വാദത്തെ സമ്മതിച്ചു മേലിൽ നടക്കേണ്ട ക്രമങ്ങൾക്കു കമ്പനിക്കാർ ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. കേശവപിള്ളയുടെ പ്രയത്നംകൊണ്ടു സിദ്ധിച്ചതും തിരുവിതാംകൂർ, ബ്രിട്ടീഷ് എന്നീ ഗവർമ്മേണ്ടുകൾ തമ്മിലുള്ള സംബന്ധത്തെ നിർണ്ണയിക്കുന്നതുമായ ഈ ഉടമ്പടിപ്രകാരം തന്നെയാണ് ഈ രണ്ടു രാജ്യങ്ങളും തമ്മിൽ സഖ്യമായി ഇപ്പോഴും എല്ലാം പ്രധാന സംഗതികളും നടന്നുവരുന്നത്.

ഈ ഉടമ്പടി ഉണ്ടായത് ൯൭൦-ാമാണ്ടിലായിരുന്നു. അതിന്റെ ശേഷം മഹാരാജാവും കേശപിള്ളയുംകൂടെ മൂന്നു കൊല്ലമെ രാജ്യഭാരമുണ്ടായുള്ളു. ഇതിനു മുമ്പിലും പ്രത്യേകിച്ചും ഈ മൂന്നുകൊല്ലവും അദ്ദേഹം ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി രാപ്പകൽ ഒരുപോലെ യത്നിക്കുകയും ജനങ്ങളുടെ ബഹുമാനത്തിന്നും കൃതജ്ഞതയ്ക്കും പാത്രമാകയും ചെയ്തു. ബംഗാളത്തെ ഗവർണ്ണർ ജനറൽ അദ്ദേഹത്തിന്റെ രാജ്യഭരണകൌശലത്തേയും യുദ്ധസാമർത്ഥ്യത്തേയും കണ്ടു സന്തോഷിച്ച് "രാജാകേശവദാസൻ" എന്ന സ്ഥാനം കൊടുത്തു. അവരവരുടെ മാഹാത്മ്യത്തെ ഉൽഘോഷിക്കുന്നതിന്നും ഇംഗ്ലീഷ് അധികാരികളുടെ സേവ പിടിക്കുന്നതിന്നും വളരെ സൌക

ഷ്ടമുള്ള ഈ കാലങ്ങളിലും വളരെ ദുർല്ലഭമായ ഈ സ്ഥാനം അന്നത്തെക്കാലത്ത് അദ്ദേഹത്തിനു സിദ്ധിച്ചതുതന്നെ അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു പ്രബലമായ ഒരു തെളിവാകുന്നു. മഹാരാജാവും അദ്ദേഹത്തിനുവേണ്ടി എന്തുചെയ്യുന്നതിനും തയ്യാറായിരുന്നു എന്നുതന്നെയല്ലാ വളരെ ഭൂമി കരമൊഴിവായി കൊടുപ്പാനും തീച്ചയാക്കി. എന്നാൽ അദ്ദേഹം തന്റെ അഭ്യുദയത്തെക്കാൾ അധികം കാംക്ഷിച്ചിരുന്നതു തന്റെ സ്വാമിയുടെ യശസ്സിനേയും നാട്ടിന്റെ ക്ഷേമത്തേയും ആയിരുന്നതിനാൽ ആ സമ്മാനത്തെ സ്വീകരിച്ചില്ല. മേല്പറഞ്ഞ സംഗതികൾ ആലോചിക്കുമ്പോൾ, അദ്ദേഹത്തെ തിരുവിതാംകൂറിലുള്ളവർ നന്ദിപൂർവ്വം ഇപ്പോഴും വിചാരിക്കുന്നതിനേയും ഇപ്പോഴും അദ്ദേഹത്തെ "വലിയ ദിവാൻജി" എന്നു വിളിച്ചുവരുന്നതിനേയും കുറിച്ചു ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ലല്ലോ.

൯൭൩-ാമാണ്ടിൽ മഹാരാജാവു നാടുനീങ്ങി. ഈ സംഭവം കേശവപ്പിള്ളയ്ക്കു വളരെ ദോഷകരമായിരുന്നു. മഹാരാജാവിനു അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പ്രവൃത്തികളുടേയും ഗുണങ്ങളെ അറിഞ്ഞ് അദ്ദേഹത്തിന്റെ ആലോചനകളെ അനുസരിക്കുന്നതിനും സഹായിക്കുന്നതിനും ഉള്ള ഗുണവും ബുദ്ധിയും ഉണ്ടായിരുന്നതിനാലാകുന്നു കേശവപ്പിള്ളയ്ക്കു് ഇത്രത്തോളം രാജ്യത്തിന്ന് അഭിവൃദ്ധിയുണ്ടാക്കുവാൻ സാധിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം സിംഹാസനാരോഹണം ചെയ്ത ബാലരാമവർമ്മ മഹാരാജാവു [illegible] വയസ്സായ ഒരു യുവാവും കുറെ മന്ദബുദ്ധിയും ആയിരുന്നതിനാൽ അദ്ദേഹം സ്വാത്ഥപരന്മാരും ദുർവൃത്തന്മാരുമായ സേവകന്മാരുടെ പാട്ടിലായി. ഈ സേവകന്മാരിൽ പ്രധാനി ശങ്കരൻനമ്പൂതിരി എന്നൊരാളായിരുന്നു. അദ്ദേഹത്തിന്നു കേശവപ്പിള്ളയുടെ അഭ്യുദയം നശിപ്പിച്ച് ആ സ്ഥാനത്തു കയറണമെന്നായിരുന്നു മോഹം. ഇതുനിമിത്തം അദ്ദേഹം ഓരോ ദുർബ്ബോധനകൾ ചെയ്തു മഹാരാജാവിനെ ദിവാൻജിയുടെ പരമ ശത്രുവാക്കിത്തീർക്കുകയും അദ്ദേഹം കൊട്ടാരത്തിൽ കടക്കുവാൻതന്നെ പാടില്ലെന്നു വരുത്തുകയും ചെ

സ്സു. അങ്ങിനെ കുറെനാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം അദ്ദേഹത്തെ പണിയിൽനിന്നു തിരെ പിരിച്ചു എന്നുതന്നെയല്ല കൊട്ടാരത്തിൽ പാറാവിൽ വെക്കുകയും കൂടി ചെയ്തു. അവിടുന്നു ൧൦ ദിവസം കഴിഞ്ഞപ്പോൾ കേശവപ്പിള്ള കാരാഗൃഹത്തിൽ കിടന്നു മരിച്ചു എന്നു നമ്പൂതിരി ജനങ്ങളെ അറിയിച്ചു. എന്നാൽ അതു കാലമൃത്യു അല്ലെന്നും ഈ ദുഷ്ടനമ്പൂതിരിയുടെ കല്പനപ്രകാരം പരിചാരകന്മാർ അദ്ദേഹത്തെ വിഷംകൊടുത്തു കൊന്നതാണെന്നുമാകുന്നു ഇപ്പോഴും ജനങ്ങളുടെ വിശ്വാസം. അദ്ദേഹം മരിച്ച ഉടനെ മഹാരാജാവു നമ്പൂതിരിയെ ദിവാൻജിയാക്കി. ദിവാൻപട്ടം കിട്ടിയതിന്റെ ശേഷം അദ്ദേഹം മുമ്പിൽ ചെയ്ത പ്രവൃത്തി കേശവപിള്ളയുടെ സകല മുതലിനേയും സർക്കാരിലേക്കു അടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ നിത്യം ധരിച്ചിരുന്ന ആഭരണങ്ങളേയുംകൂടി പിടിച്ചുപറിച്ചു എന്നല്ലേ പറയേണ്ടു!

തന്റെ സ്വാമിയുടേയും നാട്ടുകാരുടേയും ഐശ്വര്യത്തിന്നും ഖ്യാതിക്കും വേണ്ടി സ്വാത്മചിന്ത കൂടാതെ രാപ്പകൽ പ്രയത്നം ചെയ്തതിനുണ്ടായ ഈ പ്രത്യുപകാരത്തെപ്പററി എന്താണു പറയേണ്ടത്?

ഇതുകൊണ്ട്,

"മൂർച്ചയുള്ളോരുകത്തി ലേഹനംചെയ്തീടാമൊ
മൂർഖപ്പാമ്പിന്റെമുഖം ചുംബനംചെയ്തീടാമൊ
സിംഹത്തെച്ചെന്നു പരിരംഭണംചെയ്തീടാമോ
സിദ്ധമാമിതെങ്കിലും സിദ്ധിയാനൃപാച്ഛനം"

എന്നു പറഞ്ഞിട്ടുള്ളത് ഒരു അതിശയോക്തിയല്ലെന്നു സ്പഷ്ടമാകുന്നു. ഈ സംഗതിയെപ്പററി പ്രസിദ്ധമായ ഒരു ശ്ലോകമുള്ളതിനെ ഇവിടെ എഴുതി ഇതിനെ അവസാനിപ്പിക്കുന്നു.

ക്ഷോണീകോണശതാംശപാലനകലാദുർവ്വാരഗർവ്വാനല-
ക്ഷുഭ്യല്ക്ഷുദ്രനരേന്ദ്രചാടുരചനാം ധന്യാം ന മന്യാമഹേ
ദേവംസേവിതുമേവനിശ്ചിനുമഹേയോസൌദയാലുഃപുരാ
ധാനാമുഷ്ടിമുചേകുചേലമുനയേ ദത്തേസ്മ വിത്തേശതാം.

ദിവാൻ ശങ്കുണ്ണിമേനോൻ

ഇന്ത്യയിൽ സർവ്വപ്രകാരേണയും വിശ്രുതമായ കൊച്ചി രാജ്യത്തിൽ വളരെക്കാലം ദിവാൻപണി നോക്കി സകലജനങ്ങളുടെയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായ ഒരു മഹാപുരുഷനാകുന്നു ശ്രീമാൻ തോട്ടക്കാട്ട ശങ്കുണ്ണിമേനോൻ.

സ്വപ്രയത്നംകൊണ്ടും ദൈവഭക്തികൊണ്ടും ലോകത്തിലാക്കും ഉയന്നപദവിയിലെത്താമെന്നു് വ്യക്തമാക്കിയ ഒരു മഹാമനസ്കനായ ഏടക്കുന്നി ശങ്കരവാരിയരവർകളുടെ മൂത്തമകനായിരുന്നു ഇദ്ദേഹം. ശങ്കുണ്ണിമേനോൻ ൯൯൨-മേടമാസം ൨൦-ാംനു- ശനിയാഴ്ച ഭൂജാതനായി. ബാല്യകാലത്തെ ചരിത്രങ്ങളെന്തെല്ലാമെന്നു വിശ്വാസയോഗ്യമായ തെളിവുകളൊന്നും ഇതേവരെ കിട്ടീട്ടില്ല. പഴയ നാട്ടുനടപ്പനുസരിച്ചു ഇദ്ദേഹം അഞ്ചാമത്തെ വയസ്സിൽ നിലത്തെഴുത്തുപഠിക്കാനാരംഭിക്കയും, അതിനെ തുടന്നുള്ള മററുപാഠങ്ങളും അഭ്യസിക്കയും ചെയ്തു.

ഇദ്ദേഹത്തിൻെറ പിതാവായ ദിവാൻ ശങ്കരവാരിയക്കു തിരുവനന്തപുരത്തുള്ള ബ്രിട്ടീഷ് റസിഡൻറാഫീസിൽ ഒരു ഉദ്യോഗം ലഭിച്ചതോടുകൂടി ശങ്കുണ്ണിമേനോൻ അച്ഛനൊന്നിച്ചു തിരുവനന്തപുരത്തേക്കുപോയി. അതിനുശേഷം അദ്ദേഹം അവിടത്തെ ഇംഗ്ലീഷു സ്കൂളിൽചേന്നു പഠിപ്പുതുടങ്ങി. ശങ്കുണ്ണിമേനോൻ ക്ലാസിൽ എല്ലാപരീക്ഷകളിലും ഒന്നാമനായി വിജയംപ്രാപിച്ചിരുന്നു. അക്കാലത്തു് ശങ്കുണ്ണിമേനോൻെറ ഉപാദ്ധ്യായനായിരുന്ന "റോബർട്സ്" എന്നമഹാൻ തനിക്കു് ശങ്കുണ്ണിമേനോനെക്കുറിച്ചുള്ള അപാരസ്നേഹത്തെ പല അവസരത്തിലും അദ്ദേഹത്തിൻെറ അച്ഛനയച്ച എഴുത്തുകളിൽ പ്രകാശിപ്പിച്ചിരുന്നു.

ശങ്കുണ്ണിമേനോനു് ഒന്നാമതായി ലഭിച്ച ഉദ്യോഗം പോലീസ് സൂപ്രണ്ടാഫീസിൽ ഒരു ഗുമസ്തൻെറ സ്ഥാനമായിരുന്നു. ഈ മഹാനുഭാവൻ ബ്രിട്ടീഷിൽ ഉദ്യോഗം ഭരിച്ചിരിക്കുന്ന കാലത്തു് കൊച്ചിയിൽ രാജ്യകാര്യങ്ങളെല്ലാം വലി

യ കുഴപ്പത്തിൽപ്പെട്ടു കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുൻഗാമിയായ ദിവാൻ വെങ്കിട്ടരാവുനിമിത്തം രാജ്യകാര്യങ്ങൾക്കു ഒരു വ്യവസ്ഥയും ഉണ്ടായിരുന്നില്ലെന്നുമാത്രമല്ല രാജ്യത്തിൽ ജനങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടേയും ഇടയിൽ ആഭ്യന്തരകലഹങ്ങളും അന്തരാന്തരാ ഉണ്ടായിക്കൊണ്ടിരുന്നു. ഈ വക പലപല തകരാറുകളും ഒതുക്കി രാജ്യം ശരിയായനിലയിൽ ഭരിക്കാൻ താനശക്തനാണെന്നറിഞ്ഞു വെങ്കിട്ടരാവു പെൻഷൻ വാങ്ങി ഉദ്യോഗത്തിൽ നിന്നുപിരിഞ്ഞു. ആ സ്ഥാനത്തേക്കു നമ്മുടെ ശങ്കുണ്ണിമേനോനെത്തന്നെ തിരഞ്ഞെടുത്തു.

അക്കാലത്തെ ബ്രിട്ടീഷ് റസിഡണ്ടായ "ജനറൽ കള്ളൻ" കൊച്ചിക്കും തിരുവിതാംകൂറിനും തൃപ്തികരങ്ങളായ പലനിയമങ്ങളും നടപ്പാക്കുകയും ജനങ്ങൾക്കു ഉപദ്രവകരമായി പലതും പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടു ഇന്ത്യാ ഗവർമ്മേണ്ട് അയാളെ ഉദ്യോഗത്തിൽനിന്നു ഒഴിവാക്കി അയാൾനിമിത്തം രാജ്യത്തേക്കു വന്ന നഷ്ടകഷ്ടങ്ങളുടെ വാസ്തവം അന്വേഷിച്ചറിവാൻ മദ്രാസ് ഗവർമ്മേണ്ടിനോടാവശ്യപ്പെട്ടതു കണ്ടപ്പോൾ ഇത് നല്ല തഞ്ചമാകയില്ല എന്നുകരുതി സായ്പ് ഉടനെ ഉദ്യോഗം രാജികൊടുത്തു. ഈ സ്ഥാനം മിസ്റ്റർ മാൾട്ടബി കയ്യേറ്റു. മാൾട്ടബി ശങ്കുണ്ണിമേനോനെ ദിവാനാക്കി നിശ്ചയിച്ചു. ഇങ്ങിനെയാണ് ശങ്കുണ്ണിമേനോൻ കൊച്ചിരാജ്യത്തിൽ ഉദ്യോഗം സ്വീകരിച്ചത്.

ഉദ്യോഗാർത്ഥം ആധുനികകാലത്തെപ്പോലെ സർവ്വകലാശാലാബിരുദധാരികളുടെ ബഹളം അക്കാലത്ത് വളരെ കുറവായിരുന്നതിനാൽ ശങ്കുണ്ണിമേനോനു ബ്രിട്ടീഷിൽതന്നെ ഒരു വലിയ ഉദ്യോഗംകിട്ടി, ഈ രാജ്യത്തു ലഭിച്ചതിലുമധികം വലിയ വിഖ്യാതി സമ്പാദിക്കാൻ കഴിയുമായിരുന്നു. പക്ഷെ ഈ രാജ്യത്തുകാർക്ക് അദ്ദേഹംമൂലമുണ്ടാകാൻപോകുന്ന ഗുണങ്ങൾ ഈ വിധമായാൽ ഇല്ലാതെവരുമായിരുന്നുവെന്നു സംശയമില്ലല്ലൊ.

൧൨ന്നാം മാർച്ചുമാസം ൧-ാംനു-ശങ്കുണ്ണിമേനോൻ കൊച്ചിരാജ്യത്തെ മന്ത്രിസ്ഥാനം കയ്യേറ്റു. അക്കാലത്ത് ഒരു

സംഗതിക്കും ക്ലിപ്തമായ ഒരു നിയമം ഈ രാജ്യത്തുണ്ടായിരുന്നില്ല. കോടതികളിൽ നിയമപരിജ്ഞാനം തീരെ ഇല്ലാത്ത പലരും വക്കീൽപ്രവൃത്തി നോക്കിയിരുന്നു. ആ സമ്പ്രദായം മാററി വക്കീൽപരീക്ഷ ഏൎപ്പെടുത്തി. ഇങ്ങിനെയിരിക്കെ സമാധാനരക്ഷയ്ക്കു വേണ്ട കോടതികൾ രാജ്യത്തിൽപലേടത്തും സ്ഥാപിച്ചു എല്ലാററിനും ഒരു പ്രത്യേകവ്യവസ്ഥ അദ്ദേഹം ഉണ്ടാക്കി. അതുമുതൽക്കാണ് നീതിന്യായപരിപാലനം ക്രമമായി നമ്മുടെ രാജ്യത്തു ആരംഭിച്ചത്.

ശങ്കുണ്ണിമേനോൻ ദിവാൻപദം കയ്യേററ് അധികകാലം കഴിയുന്നതിന്നുമുമ്പുതന്നെ എളയ തമ്പുരാനും പാലിയത്തച്ചനും തമ്മിൽ ഒരു ക്ഷേത്രകാൎയ്യത്തെ സംബന്ധിച്ച് പല വഴക്കുകളും ഉണ്ടായി. കലഹം വൎദ്ധിച്ച് ക്ഷേത്രത്തിൽ ഒരു ഉത്സവദിവസം ഇവർതമ്മിൽ അടികലശൽ നടന്നു. എളയ തമ്പുരാനെ ഇത്തരം അനാവശ്യമായ ദുൎമ്മാൎഗ്ഗങ്ങളിലേക്കു പ്രേരിപ്പിച്ചിരുന്നു. കുപ്രസിദ്ധനായ പരമേശ്വരപട്ടരെ തൃപ്പൂണിത്തുറെനിന്നു ചിറൂൎക്കു നാടുകടത്തി. അടികലശൽ ഉണ്ടാക്കിയ തമ്പുരാന്റെയും പാലിയത്തച്ചന്റെയും ആൾക്കാരെ കോടതിയിൽനിന്നു കഠിനമായി ശിക്ഷിച്ചു. എന്നാൽ റസിഡേണ്ടിന്റെ ശുപാൎശിപ്രകാരം അവരെ മാപ്പുകൊടുത്തു വിട്ടയക്കുകയും ചെയ്തു. ഇങ്ങിനെ പല കുഴപ്പങ്ങളും ശങ്കുണ്ണിമേനോൻ മന്ത്രിപദം കയ്യേററ കാലത്തുണ്ടായെങ്കിലും അസാധാരണ ബുദ്ധിമാനും പ്രതിഭാശാലിയുമായ ആ മന്ത്രിപുംഗവൻ അവയെല്ലാം സൎവ്വസമ്മതമായ നയത്താൽ ശരിപ്പെടുത്തി രാജ്യത്തിൽ നിരന്തരം സമാധാനത്തെ നിലനിൎത്തിക്കൊണ്ടുപോന്നു.

അദ്ദേഹം മന്ത്രിപദം കയ്യേററ കാലത്തു രണ്ട് ഇംഗ്ലീഷ് സ്കൂളുകളെ ഈ രാജ്യത്തിൽ ആകെ ഉണ്ടായിരുന്നുള്ളു. അതിലൊന്നു തൃശ്ശിവപേരൂരും, മറേറതു എറണാകുളത്തുമായിരുന്നു. ൧൮൭൫-ൽ എറണാകുളം ഹൈസ്കൂളിനെ അദ്ദേഹം ഒരു രണ്ടാംഗ്രേഡ് കോളേജാക്കി ഉയൎത്തി. ഗവൎമ്മെണ്ടു കാൎയ്യങ്ങളെ ഗസററിൽ പ്രതിവാരം പ്രസിദ്ധംചെയ്തുതുടങ്ങി. ജനങ്ങൾക്കു പരസ്പരം വൎത്തമാനങ്ങളറിയാൻ ഏററവും സൌകൎയ്യമായ അഞ്ചലേപ്പാടു നടപ്പിൽ വരുത്തി.

ശങ്കുണ്ണിമേനോൻ ഇപ്രകാരം അനന്യസാധാരണനൈപുണ്യം പ്രദർശിപ്പിച്ച് ഈ രാജ്യം സമാധാനസന്തോഷസമേതം ഭരിച്ചുകൊണ്ടിരിക്കെ ൧൮൭൭-ൽ അദ്ദേഹത്തിന്ന് അല്പാല്പമായ ചില സുഖക്കേടുകൾ പിടിപെട്ടുതുടങ്ങി. ൧൮൭൮-ൽ അദ്ദേഹത്തെ ഭയങ്കരമായ ഹൃദ്രോഗം ബാധിച്ചു. ൧൮൭൯-നു ശേഷമുള്ള അദ്ദേഹത്തിന്റെ ഡയറിയിൽ ഈ രോഗം എത്ര കണ്ട് അദ്ദേഹത്തെ അസഹ്യപ്പെടുത്തിയിരുന്നുവെന്നു വിശദമായി വിവരിച്ചിട്ടുണ്ട്. ഇങ്ങിനെ ഭയങ്കരമായ രോഗം ബാധിച്ചിട്ടും ഈ അസാധാരണബുദ്ധിശാലി തന്റെ ജോലികൾക്ക പറയത്തക്ക ന്യൂനതയൊന്നും കൂടാതെതന്നെ നാലഞ്ചുകൊല്ലം രാജ്യഭാരം ശരിയായിത്തന്നെ നടത്തിപ്പോന്നു. ഒടുവിൽ നിർവ്വാഹമില്ലാത്ത നിലയിലെത്തിയപ്പോൾ ൧൮൭൯-ൽ അദ്ദേഹം ഉദ്യോഗത്തിൽനിന്നു ഒഴിഞ്ഞു. വലിയതമ്പുരാൻ അദ്ദേഹത്തിന്നു തക്കതായ പെൻഷൻ അനുവദിച്ചുകൊടുത്തു. ക്രമേണ അദ്ദേഹത്തിന്റെ രോഗം മൂർച്ഛിച്ചുകൊണ്ടുതന്നെ വന്നു. ൧൮൮൧ ആഗസ്റ്റുമാസം ൨൧-ാം൹ അദ്ദേഹം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിൻമദ്ധ്യേ, അപ്രതീക്ഷിതമായി ബാധിച്ച പക്ഷവാതരോഗത്താൽ ആ മഹാമനസ്കൻ ൫൭-ാംവയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

സ്വാർത്ഥം ലേശം ബാധിക്കാതെ സ്വരാജ്യഗുണം ഒന്നു മാത്രം ഉദ്ദേശിച്ച് അതിന്നായി ത്രിവിധകരണങ്ങളാലും അശ്രാന്തപരിശ്രമം ചെയ്തിരുന്ന ആ മഹാപുരുഷനെപ്പോലെ ഒരാളെ പിന്നെ കൊച്ചി രാജ്യത്തിൽ ദിവാന്റെ സ്ഥാനത്തേയ്ക്കു കിട്ടിയിട്ടില്ലാത്തതാലോചിക്കുമ്പോൾ ആ പുരുഷകേസരിയിൽ ഭരണതന്ത്രനൈപുണ്യവും മഹാമനസ്കതയും രാജഭക്തിയും ഭരണീയജനസ്നേഹവും കൃത്യനിഷ്ഠയും എത്രമാത്രമുണ്ടായിരുന്നുവെന്നു നമുക്ക് ഏറെക്കുറെ അനുമാനിക്കാവുന്നതാണല്ലൊ.

൧൭ മുതൽ ൧൯൪ കൂടിയുള്ള ഭാഗങ്ങൾ
തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചതാകുന്നു.

കേരള സാഹിത്യ
അക്കാദമി